ശ്രീരാമവൎമ്മഗ്രന്ഥാവലി.

ചിന്താമണിപാഠമാല

(അഞ്ചാം ഫാറം)

കേരള സാഹിത്യ
അക്കാദമി

ശ്രീരാമവൎമ്മഗ്രന്ഥാവലി.

ചിന്താമണിപാഠമാല

(അഞ്ചാം ഫാറം)

കൊച്ചി ഗവൎമ്മെണ്ടു കല്പനപ്രകാരം,
മലയാളഭാഷാപരിഷ്കരണക്കമ്മിററിയിൽനിന്നു
തയ്യാറാക്കിയതു്.

മംഗളോദയമുദ്രാലയം പ്രസ്സിൽ അച്ചടിപ്പിച്ചതു്.
തൃശ്ശിവപേരൂർ.
൧൧൦൦.

[വില ൧൦ അണ.

(പകൎപ്പവകാശം കമ്മിററിക്കു്)

വിഷയവിവരം.

വിഷയം.	ഗദ്യം.	ഭാഗം.
൧. സാഹിത്യവിവേചനം.	സി. അച്ചുതമേനോൻ, ബി. ഏ.	൧
൨. കവിത.	പട്ടം എൻ. ഗോപാലകൃഷ്ണപിള്ള. ബി. ഏ	൧൩
൩. നാടകം.	പി. ശങ്കരൻനമ്പ്യാർ, എം. ഏ., ഓണേഴ്സ്.	൩൬
൪. വില.	സി. അച്ചുതമേനോൻ, ബി. ഏ.	൪൫
൫. ആദ്യപുരാതനന്മാർ.	സി. എസ്സ്. ഗോപാലപ്പണിക്കർ, ബി. ഏ.	൫൪
൬. ആചാരഭാഷ.	കുന്നേഴത്തു പരമേശ്വരമേനോൻ	൬൨
൭. ശൃംഗാരതിലകം.	കുഞ്ഞിക്കുട്ടൻതമ്പുരാൻ	൭൦
൮. ഭാഷാപരിഷ്കാരം.	ഏ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ എം. ഏ. എം. ആർ. ഏ. എസ്സ്.	൮൧
൯. ഭൂകമ്പം.	വിദ്യാവിനോദിനി	൯൩
൧൦. അറിയുക (മനസ്സിലാവുക).	കുന്നേഴത്തു പരമേശ്വരമേനോൻ	൯൯
൧൧. തുഞ്ചത്തെഴുത്തച്ഛൻ.	ആർ. ഈശ്വരപിള്ള, ബി. ഏ.	൧൦൮

വിഷയവിവരം.

വിഷയം.	പദ്യം.	ഭാഗം.
൧. വിദുരവാക്യം.	എഴുത്തച്ഛൻ	൧൨൯
൨. ഹേമന്തം.	ചേലപ്പറമ്പുനമ്പൂരി	൧൩൪
൩. ഒരു പരിദേവനം.	കുഞ്ഞായിവൈദ്യർ.	൧൩൬
൪. കേരളത്തിലെ പഴയ വിദ്യാഭ്യാസം.	കുഞ്ഞിക്കുട്ടൻതമ്പുരാൻ.	൧൩൮
൫. കൊല്ലം.	കേരളവൎമ്മ വലിയ കോയിത്തമ്പുരാൻ, സി. എസ്സ്. ഐ.	൧൪൦
൬. ദമയന്തീപരിത്യാഗം.	മഴമംഗലം നമ്പൂരി	൧൪൩
൭. ഉരസ്സും കപടവട്ടവും.	കണ്ണൂർ നാരായണമേനോൻ. ബി. ഏ.	൧൪൫
൮. ഹിമവാൻ.	ഏ. ആർ. രാജരാജവൎമ്മ കോയിത്തമ്പുരാൻ എം. ഏ., എം. ആർ. ഏ. എസ്സ്.	൧൪൭
൯. പരിത്യക്തയായ സീത.	എഴുത്തച്ഛൻ	൧൪൯
൧൦. കദളീവനം.	കുഞ്ചൻനമ്പ്യാർ	൧൫൧

ശുദ്ധപത്രം

ഭാഗം	വരി	അശുദ്ധം	ശുദ്ധം
൨	൨	ദൃഷ്ടിചെയ്യു	ദൃഷ്ടിവയ്യു
,,	൮	അനവനി	അനവധി
,,	൧൭	ക്ലുപ്തമായി	ക്ലിപ്തമായി
൩	൨൩	രസ്സിപ്പാൻ	രസിപ്പാൻ
൪	൨൪	ഖനപ്പെട്ട	ഘനപ്പെട്ട
൬	൧൬	സംകേതികാ	സാങ്കേതികാ
,,	൨൫	ക്ലുപ്തവും	ക്ലിപ്തവും
,,	൩൦	ഗദ	ഗദ്യ
൭	൨൦	ഗത	ഗദ
,,	൨൨	ജാത്യാലി	ജാത്യലി
൮	൧൮	നന്നാക്കുറച്ചു	നന്നാകുറച്ചു
,,	൨൭	കാണ്ണം, ജന	കാണജന
൯	൧൪	മലയാളഭാഷ	മലയാളഭാഷ,
൧൧	൧൬	ഇതുബൊദ്ധ്യം	ബോദ്ധ്യം
,,	൨൨	സന്നിശ്ചത	സന്ദിശ്ചത
൧൨	൨൨	ഏന്നതിനാൽ	ഏന്നതിൽ
൧൫	൨൨	കപ്തത	ക്ലിപ്തത
൧൬	൧൮	സാകലാൽ	സാകല്ലാൽ
൧൭	൨൫	നാധിഷ്ഠ	സാധിഷ്ഠ
൨൦	൧൦	ക്രമത്തിലൊയോ	ക്രമത്തിലോ
൨൧	൧൯	അനപലപനീയ	അനപലപനീയ
൨൨	൧൭	കാര്യ	കാമ
൨൯	൧൦	ഉദ്ഗ:	ഉദ്ഗം
൩൦	൨൮	അക്ലിപ്ത	അക്ലപ്ത
൩൧	൨൦	നടക്കന്ന	നടിക്കന്ന
൪൨	൭	സ്ഥായിയായി	സ്ഥായിയായ
,,	,,	ഭക്തിയുള്ള	ഭക്തിയുമുള്ള
,,	൧൨	നായികനായക	നായികാനായക
൪൪	൧൨	'ഭാരതവാക്യ'	'ഭരതവാക്യ'
,,	൧൨	കപ്ത	ക്ലിപ്ത

ഭാഗം	വരി	അശുദ്ധം	ശുദ്ധം
൪൩	൩൦	ഒരു പ്ര	ഒരു
൪൬	൧൦ ൧൧	വിയത്തിൽ	വിഷയത്തിൽ
൫൧	൨	ഇന	ഇനി
൫൧	൨൫	പ്രധാനപ്പെട്ടതും	പ്രധാനപ്പെട്ടത്
൫൫	൨൦	സങ്കേതനത്തിൽ	സങ്കേതത്തിൽ
൬൧	൪	കൊട്ടിയിരുന്നു	കെട്ടിയിരുന്നു
൬൪	൨൩	കാര്യത്തിൽ	വാക്യത്തിൽ
൬൫	൨൭	പ്പിക്കപെട്ട	പ്പിക്കപ്പെട്ട
൬൩	൧൪	അസംഗമായ	അസംഗതമായ
൭൧	൩൦	സാമസങ്ങളിൽ	സമാസങ്ങളിൽ
൭൪	൧൫	ഇവടെ	ഇവയുടെ
൧൦൧	൭	പ്രവൃത്തിക്കുന്നി	പ്രവർത്തിക്കുന്നി
൧൦൪	൧൧	പ്രവർത്തിപ്പാ	പ്രവർത്തിപ്പിപ്പാ
൧൧൨	൧൫	അദ്വൈദത്തെ	അദ്വൈതത്തെ
൧൧൪	൫	ന്ദം	ആനന്ദം
,,	൬	ഹിത	രഹിത
൧൧൫	൧൩	ജീവധാതു	ജീവാതു
൧൨൬	൭	പരിഹരിയ്ക്കുന്നതിന	പരിഹരിയ്ക്കുന്നതിനും
,,	൧൦	പ്രതിഫലപ്പിയ്ക്കുന്നതിന്	പ്രതിഫലിപ്പിയ്ക്കുന്നതിനും
൧൨൭	൨൫	ശിഖാമണേ!	ശിഖാമണേ!
൧൩൪	൨൯	വന്നതിപ്പോൾ	വന്നിതപ്പോൾ
൧൪൩	൩	സ്ഥലത്തന്നെ	സ്ഥലംതന്നെ
൧൪൪	൨.	കൊതിച്ചില്ലയോ	കൊതിച്ചുല്ലയോ
൧൪൩	൨൯	ബുവാൻ	ബ്ബാൻ

ചിന്താമണിപാഠമാല

ഒമ്പതാം പാഠം

ഗദ്യം.

൧. സാഹിത്യവിവേചനം.

ഏതുഭാഷയുടെയും അഭിവൃദ്ധിക്കും ശുദ്ധിക്കും മുഖ്യമായി ആവശ്യമായിട്ടുള്ളതു് ആ ഭാഷയിലെ സാഹിത്യഗ്രന്ഥങ്ങളുടെ ഗുണാഗുണങ്ങളെ ചിന്തിക്കുന്നതിന്നു സഹായിക്കുന്നതായ സൂത്രങ്ങൾ അടങ്ങിയ ഗ്രന്ഥങ്ങളാകുന്നു. ഈവക ഗ്രന്ഥങ്ങൾ ഇല്ലാഞ്ഞാൽ പുതുതായി ഉണ്ടായിവരുന്ന ഗ്രന്ഥങ്ങളെപ്പററി ഗുണമാകട്ടെ, ദോഷമാകട്ടെ, ഒരഭിപ്രായം ഖണ്ഡിച്ചുപറവാൻ സാധാരണ ജനങ്ങൾക്കു സാധിക്കുന്നതല്ലാ ഒരു സമയം സഹൃദയന്മാരായ വിദ്വാന്മാൎക്കു് അതു സാധിക്കുന്നതാണെങ്കിൽതന്നെ പ്രമാണപുരസ്സരം പറഞ്ഞു ബോദ്ധ്യപ്പെടുത്തുവാൻ കഴിയുന്നതല്ലല്ലോ. അതിനാൽ സഹൃദയഹൃദയാഹ്ലാദകരമായിരിക്കുന്ന ചമല്ക്കാരങ്ങളെക്കൊണ്ടു ശോഭിക്കുന്ന ഉത്തമകാവ്യങ്ങൾക്കും 'പകവെളുക്കി ചിമവെളുക്കി' എന്നും മററും കുറെ വലിച്ചെഴുതിക്കൂട്ടിയ പൊട്ടക്കാവ്യങ്ങൾക്കും ഒരുപോലെ പ്രചാരം വരുന്നതാണെന്നുമാത്രമല്ലാ ചിലപ്പോൾ കള്ളപ്പണം വെള്ളിപ്പണത്തേക്കാൾ വിലപോയി എന്നും വന്നേക്കാം. ഈ വിധം ഉത്തമകാവ്യകൎത്താക്കന്മാരെ പ്രോത്സാഹിപ്പിക്കുന്നതായ സഹൃദയവിവേചനം ശൂന്യമായി വരുമ്പോൾ സൽകവനം ക്ഷയിക്കയും ദുഷ്കവനം വൎദ്ധിക്കയും എന്നുവേണ്ടാ ഭാഷാഭിവൃദ്ധിയും ശുദ്ധിയും നശിച്ചുപോകയും ചെയ്യുന്നതാകുന്നു. അതുകൊണ്ടു ഭാഷാപോഷണതല്പരന്മാരായവർ

ഒന്നാമത്തു ദൃഷ്ടിവെയ്ക്കേണ്ടതു സാഹിത്യവിവേചനവിഷയത്തിലാകുന്നു.

നമ്മുടെ ഭാഷയിലാകട്ടെ ഈ വിഷയത്തിൽ ഒരു ചെറുഗ്രന്ഥംപോലും ഇപ്പോൾ ഇല്ലെന്നു വളരെ വ്യസനത്തോടെ പറയേണ്ടിയിരിക്കുന്നു. കാവ്യലക്ഷണങ്ങളും ദോഷങ്ങളും സവിസ്തരം വൎണ്ണിക്കുന്ന സാഹിത്യദൎപ്പണം മുതലായ ഗ്രന്ഥങ്ങൾ അനവധി സംസ്കൃതത്തിലും മാത്യു ആർണോൾഡ് മുതലായ പണ്ഡിതശ്രേഷ്ഠന്മാർ ഉണ്ടാക്കീട്ടുള്ളതായ ഗ്രന്ഥങ്ങൾ വളരെ ഇംഗ്ലീഷിലും ഉണ്ടാകകൊണ്ടു് ആ ഭാഷകളിൽ സാമാന്യം അറിവുള്ള ഒരുത്തനു് അവയിലുള്ള ഗ്രന്ഥങ്ങളെ വായിച്ചു രസിക്കുന്നതിനുള്ള ശക്തിയുണ്ടു്. മലയാളഭാഷയിൽ ഈവക യാതൊരു ഗ്രന്ഥവും ഇല്ലായ്കയാൽ ഇന്ന ഗ്രന്ഥത്തിന്നു് ഇന്നഗുണങ്ങളോ ദോഷങ്ങളോ ഉണ്ടെന്നോ ഉത്തമകാവ്യങ്ങൾക്കു വേണ്ട ലക്ഷണങ്ങൾ ഇന്നിന്നവയാണെന്നോ കാവ്യദോഷങ്ങൾ ഇന്നിന്നവയെന്നോ ക്ലിപ്തമായി അറിഞ്ഞിട്ടുള്ളവർ ചുരുക്കം. "കാവ്യം" എന്നവാക്കിന്റെ അൎത്ഥംപോലും ശരിയായി മനസ്സിലാക്കീട്ടുള്ളവർ നമ്മുടെ നാട്ടിൽ അധികം ഉണ്ടെന്നു തോന്നുന്നില്ല.

"കാവ്യം" എന്നുവച്ചാലെന്താണു് എന്നു ആരോടെങ്കിലും ചോദിച്ചുനോക്കിയാൽ മിക്ക ആളുകളും 'ശ്രീരാമോദന്തം' 'കൃഷ്ണവിലാസം' ഇതൊക്കെയാണു് എന്നാണു പറയുക. മററു ചിലർ 'കാവ്യം' എന്നുവച്ചാൽ ഗീൎവ്വാണഭാഷയിൽ 'പുരാണകഥകളെ ശ്ലോകരൂപേണ വൎണ്ണിക്കുന്ന ഗ്രന്ഥങ്ങളാകുന്നു എന്നു പറഞ്ഞേക്കാം. എന്നാൽ ശരിയായ അഭിപ്രായക്കാർ പത്തിലൊന്നുപോലും ഇല്ലെന്നു നിശ്ചയം തന്നെ. നമ്മുടെ കൂട്ടരിൽ മിക്കവരും 'അദ്ധ്യാത്മരാമായണം കിളിപ്പാട്ടു്' ഒരു കാവ്യമാണെന്നു പറയുമോ? നിശ്ചയമായും ഇല്ല. 'ഇന്ദുലേഖാ' ഒരു കാവ്യമാകുന്നു

പറയുമോ? നിശ്ചയമായും ഇല്ല. 'വാക്യം രസാത്മകം കാവ്യം' എന്നു ധരിച്ചിട്ടുള്ളവർ വളരെ വളരെ ചുരുക്കം. പദ്യമാകട്ടെ ഗദ്യമാകട്ടെ സംസ്കൃതഭാഷയിലാകട്ടെ, വേറെ ഒന്നിലാകട്ടെ, കഥ പ്രാചീനമാകട്ടെ, നവീനമാകട്ടെ, എഴുതിയതു കടലാസിലാകട്ടെ, ഓലയിലാകട്ടെ, ശൃംഗാരാദി രസങ്ങൾ അടങ്ങിയ ഏതുസാഹിത്യപ്രബന്ധവും കാവ്യമാകുന്നു. നാടകമാകട്ടെ, ആഖ്യായികയാകട്ടെ, കിളിപ്പാട്ടാകട്ടെ, മണിപ്രവാളമാകട്ടെ, പാനയാകട്ടെ, തുള്ളലാകട്ടെ, എന്നുവേണ്ട എല്ലാവകപ്രബന്ധങ്ങളും (ശൃംഗാരം മുതലായ രസങ്ങൾ അടങ്ങിയവയായിരുന്നാൽ) കാവ്യങ്ങളാകുന്നു. കേവലം രസശൂന്യങ്ങളായ കൊഴുവിറക്കം പണയാധാരം, ഹൈക്കോടതിവിധി, "എഴുത്തുകിട്ടി വസ്തുത വായിച്ചു മനസ്സിലാക്കി" എന്നു തുടങ്ങിയ സന്ദേശപത്രങ്ങൾ ഇവയെല്ലാം പ്രബന്ധങ്ങളാണെങ്കിലും കാവ്യങ്ങളാകുന്നതല്ലാ എന്നു പറയേണ്ടതില്ലല്ലോ.

മേൽ കാണിച്ചപ്രകാരം നമ്മുടെ ഇടയിൽ സാഹിത്യവിവേചനവിഷയമായ അറിവും അറിവു സമ്പാദിക്കുന്നതിനുള്ള മാർഗ്ഗങ്ങളും ഇല്ലായ്കകൊണ്ടു മലയാളഭാഷ വലിയ വലിയ കഷ്ടദശയിലായിരിക്കുന്നു. ഉത്തമവാക്യങ്ങളെ വായിച്ചു രസിപ്പാനുള്ള ശക്തി മുഴുവനും മനുഷ്യനു പ്രകൃതിസിദ്ധമായിട്ടുള്ളതല്ലാ. പഞ്ചസാരയുടെ മാധുര്യവും, പനിനീർ പുഷ്പത്തിന്റെ സൌരഭ്യവും, അനുഭവിച്ചു രസിപ്പാൻ അക്ഷരജ്ഞാനംപോലും ഇല്ലാത്തവനും കഴിയുന്നതാണെങ്കിലും 'ഇന്ദുലേഖ' വായിച്ച് അതിലുള്ള രസങ്ങളെ പൂർണ്ണമായി അനുഭവിക്കേണ്ടതിനു ചുരുങ്ങിയ പഠിപ്പുകാരെക്കൊണ്ടു മതിയാകുന്നതല്ലെന്നു വിദ്വാന്മാക്ക് അറിയാം. അതുകൊണ്ടു സാഹിത്യവിവേചനഗ്രന്ഥങ്ങൾ മലയാളത്തിൽ ഇല്ലാതെയിരിക്കെ വിവേചനശക്തി മലയാളികൾക്കു കുറെ കുറവായിക്കാണുന്നതുകൊണ്ട് ആശ്ചര്യപ്പെടുവാ

നില്ലാ. അച്ചടിച്ചുവരുന്ന പുസ്തകങ്ങൾക്കെല്ലാം (നല്ലതാകട്ടെ ചീത്തയാകട്ടെ) ഒരുപോലെ പ്രചാരം ഉണ്ടായിക്കാണുന്നു. എന്നുതന്നെയല്ല കഷ്ടിച്ചു പുസ്തകത്തിന്റെ പേർ വായിപ്പാൻകഴിയുന്ന ചില വിദ്വാന്മാർ ചാടിപ്പുറപ്പെട്ടു പുസ്തകം വളരെ സരളവും, മധുരവും, മട്ടുവും, ഗുണാഢ്യം ആകുന്നു എന്നുംമററും പറവാൻ മടിക്കുന്നതുമില്ല. 'ഇന്ദുലേഖ'യും സ്ത്രീയാണു, 'മീനാക്ഷി'യും സ്ത്രീയാണു്. പിന്നെ എന്താണു തമ്മിൽ വ്യത്യാസം എന്നാണു് ആളുകൾ പറയുക. മലയാളികളായ വായനക്കാർ ഗ്രന്ഥങ്ങളുടെ ഗുണദോഷം ചിന്തിപ്പാനുള്ള ശക്തി ജലദോഷംപിടിച്ച മൂക്കുപോലെയായിട്ടാണു കാണുന്നതു്. ഇതുകൊണ്ടാണു മലയാളഭാഷയുടെ അഭിവൃദ്ധിക്കു് ഇത്രധികം കഠിനമായ തരക്കേടു വന്നിരിക്കുന്നതെന്നോ വരുവാൻ പോകുന്നതെന്നോ ഞാൻ ഭയപ്പെടുന്നതു്. വല്ല ദിക്കിലോ മൂലയിലോ സഹൃദയന്മാരായവരാരെങ്കിലും ഉണ്ടെങ്കിൽ അവർ വല്ല പുസ്തകത്തെപ്പററിയും അഭിപ്രായപ്പെടുന്നതിൽ മുമ്പറഞ്ഞ വിദ്വാന്മാരോടു യോജിച്ചില്ലെന്നു വരുകിൽ അതും അപകടം ആയി. സാഹിത്യവിവേചനഗ്രന്ഥങ്ങൾ ഇല്ലാത്തതുകൊണ്ടുള്ള ഈവക ദോഷങ്ങളെ കഴിക്കുന്നതു മലയാളഭാഷാപരിഷ്കാരതല്പരന്മാരുടെ ഒന്നാമത്തെ ചുമതലയാകുന്നെന്നും ഞാൻ ഇവിടെ പറഞ്ഞുകൊള്ളുന്നു.

ദുഷ്കവിതയുടെ പ്രചാരം കൊണ്ടുള്ള ദോഷങ്ങൾ എത്രത്തോളം ഭയപ്പെട്ടവയാണെന്നും, അവയെ ഒഴിക്കുന്നതിനു വേണ്ട ഏർപ്പാടുചെയ്യുന്നതു് എത്ര ആവശ്യമാണെന്നും പ്രാചീനന്മാർ അറിഞ്ഞിരുന്നു എന്നു പല സംഗതികളാലും ദൃഷ്ടാന്തപ്പെടുന്നു. മുന്നൂററിൽ ചില്വാനം കൊല്ലം മുമ്പു് ഇംഗ്ലാണ്ടിൽ ആരെങ്കിലും വല്ല പുസ്തകവുമെഴുതി പ്രസിദ്ധപ്പെടുത്തുവാൻ സാധിക്കുന്നതല്ലായിരുന്നു. ഗവൎമ്മെൻറു നിശ്ചയിച്ചിരുന്ന ഒരു പണ്ഡിതസംഘം പരിശോ

ധിച്ച് അനുമതി കൊടുത്തല്ലാതെ യാതൊരു പുസ്തകവും പ്രസിദ്ധപ്പെടുത്തിക്കൂടായിരുന്നു. ഗ്രീക്കരാജ്യത്തിൽ പണ്ടാരെങ്കിലും വല്ല പുസ്തകവുമുണ്ടാക്കിയാൽ നാട്ടുകാരെല്ലാവരും ഒത്തു കൂടുന്നതായ മഹോത്സവസ്ഥലങ്ങളിൽ കൊണ്ടുപോയി യോഗ്യന്മാരായ വിദ്വാന്മാരുടെ സദസ്സിൽവച്ചു വായിച്ചു കേൾപ്പിക്ക പതിവായിരുന്നു. ആ വിദ്വാന്മാരുടെ അഭിപ്രായപ്രകാരമായിരുന്നു പുസ്തകത്തിന്റെ പ്രചാരവും. നമ്മുടെ ഇൻഡ്യാരാജ്യത്തുതന്നെ പണ്ടത്തെ കാലത്തു ഭോജപ്രഭൃതികളുടെ സദസ്സിലുണ്ടായ അഭിപ്രായത്തെ അനുസരിച്ചു ഏതു പുസ്തകത്തിനും പ്രചാരം ഉണ്ടാണ്ടായിരുന്നുള്ളു, എന്നു പല ലക്ഷ്യങ്ങളിൽനിന്നും തെളിവാകുന്നുണ്ട്. ഇക്കാലത്തു നമ്മുടെ ഇടയിലുള്ളതുപോലെ നല്ല ഗ്രന്ഥങ്ങൾക്കും ചീത്ത ഗ്രന്ഥങ്ങൾക്കും ഒരുപോലെ പ്രചാരം ഉണ്ടാവുകയും സാഹിത്യവിവേചനം കേവലം ശൂന്യമാകയും ചെയ്യുന്നതു ലോകത്തിൽ യാതൊരു ദിക്കിലും യാതൊരു കാലത്തും ഉണ്ടായിട്ടുള്ളതായി ചരിത്രത്തിൽ കാണ്മാൻ പ്രയാസം. സാഹിത്യരാജ്യത്തിലുള്ള ഈവിധമായ അരാജകതയെ കഴിയുന്നതും വേഗത്തിൽ ദൂരീകരിച്ച് ഈവിധം ബാധകളും അഴിമതികളും മേലാൽ ഉണ്ടാകാതിരിപ്പാൻ വേണ്ടി ആവശ്യമുള്ളതായ നിയമങ്ങളെ നിർമ്മിക്കുന്നതു് അത്യാവശ്യമാകുന്നു.

വിഷമുള്ള ഭക്ഷണപദാർത്ഥങ്ങളുടെ പ്രചാരത്താൽ പ്രജകൾക്ക് ഏതുപ്രകാരം പ്രാണനാശം വരുന്നുവോ അതുപോലെതന്നെ ദുഷ്കവിതയുടെ പ്രചാരം സാഹിത്യചമൽക്കാരങ്ങളെ ആസ്വദിക്കുന്നതിനു് അവർക്കുള്ള ശക്തിയെ കെടുക്കുന്നു.

സാഹിത്യവിവേചനാഭാവം മലയാളഭാഷയുടെ അഭിവൃദ്ധിക്കും ശുദ്ധിക്കും ഇതുവരെ എത്രത്തോളം ബാധകമായി ഭവിച്ചിട്ടുണ്ടെന്നും ഈ ദോഷത്തെ നിവാരണം

ചെയ്യുന്നതിന്ന വിവേചനവിഷയമായ അറിവു പൊതുവിൽ ജനങ്ങൾക്കുണ്ടാക്കിത്തീൎപ്പാൻ ശ്രമിക്കുന്നതു് എത്ര ആവശ്യമാണെന്നും ഇതിന്നുമുമ്പു കാണിച്ചിട്ടുണ്ടല്ലോ. ആയതുകൊണ്ടു മലയാളഭാഷാസാഹിത്യത്തിന്റെ പല പിരിവുകളെയും അവയുടെ ഉത്ഭവം, സ്വഭാവം മുതലായവയെയും വിവരിക്കുന്നതു് ഈ സന്ദൎഭത്തിൽ ആവശ്യമായിത്തീൎന്നിരിക്കുന്നു.

ലോകത്തിലുള്ള മിക്ക ഭാഷകളിലും ഉള്ളതുപോലെ മലയാളത്തിലും സാഹിത്യത്തിന്ന 'പദ്യം' 'ഗദ്യം' എന്നിങ്ങനെ രണ്ടു പിരിവുകൾ ഉണ്ടു്. നമ്മുടെ ഭാഷയിൽ ഇതുവരെ ഉണ്ടാക്കിയതോ ഇനി ഉണ്ടാക്കുന്നതോ ആയ സകല കാവ്യങ്ങളും പദ്യമോ ഗദ്യമോ ആയിരിക്കുന്നതാണ്. പദ്യം എന്ന വാക്കുകൊണ്ടു പദങ്ങളെക്കൊണ്ടു രചിച്ചിട്ടുള്ളതെന്നു മാത്രമേ സിദ്ധിക്കുന്നുള്ളു എന്നുവരികിലും അതിന്റെ സങ്കേതികാൎത്ഥം ഇതിൽനിന്നു കുറെ ഭേദപ്പെട്ടിട്ടാണ്. മാത്രകളെ ഏതാനും ക്രമങ്ങളെ അനുസരിച്ചു വിന്യസിക്കുന്നതിനാൽ താളം ഏതുവിധം ഉണ്ടാക്കുന്നുവോ അതുപ്രകാരം ഗുരുലഘുക്കളായ അക്ഷരങ്ങളെ ചില ക്രമപ്രകാരം വിന്യസിച്ചു കൎണ്ണാനന്ദപ്രദമാകുംവണ്ണം ഉണ്ടാക്കുന്നതാകുന്നു 'പദ്യം'. വിന്യാസഭേദംകൊണ്ടു പഞ്ചാരി, ത്രിപുട മുതലായ അനേകവിധ താളങ്ങൾ ഉണ്ടാകുന്നതുപോലെതന്നെ, കാകളി, കളകാഞ്ചി മുതലായ പലമാതിരി വൃത്തങ്ങൾ പദ്യത്തിലുണ്ടു്. ഗദ്യത്തിനാകട്ടെ, പദങ്ങൾ കൂട്ടിച്ചേൎക്കുന്നതിൽ ഇതുവക യാതൊരു ക്ലിപ്തവും ഇല്ല. അതിൽ അൎത്ഥം വിശദമായി പുറപ്പെടണമെന്നല്ലാതെ പദ്യത്തിലുള്ളപോലെ മാത്രാസങ്കലനം വേണമെന്നുള്ള നിൎബ്ബന്ധമില്ല. ഇതിൽനിന്നു പദ്യരചന ഗദ്യരചനയെക്കാൾ പ്രയാസമേറുന്നതാണെന്നു് അറിയാമല്ലോ. അതുകൊണ്ടു മലയാളത്തിൽ പ്രഥമമായി ഉണ്ടായതു ഗദ്യ

മാണെന്നും അതിൽപ്പിന്നെ ഏറിയൊരുകാലം കഴിഞ്ഞ ശേഷം മാത്രമേ പദ്യം ഉണ്ടായിരിപ്പാൻ പാടുള്ളൂ എന്നും ചിലർ അനുമാനിച്ചേക്കാം. എന്നാൽ യഥാർത്ഥം ഇങ്ങനെയല്ല.

സാധാരണയായി ജനസമുദായത്തിൻെറയും, ഭാഷയുടെയും ആരംഭത്തിൽ പദ്യംതന്നെ പ്രധാനം എന്നു പല വിദ്വാന്മാരും അഭിപ്രായപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ പദ്യം ഏതുപ്രകാരത്തിലുത്ഭവിച്ചു വളൎന്നുവന്നു എന്നു നോക്കുക. പുരാതനകാലങ്ങളിൽ മനുഷ്യവൎഗ്ഗം മുഴുവനും പരിഷ്കാരലേശംപോലും ഇല്ലാതെ വേട്ടയാടിയോ കാലിമേച്ചു നാട്ടുതെണ്ടിയോ നടക്കുന്ന പരിഷകളായിരുന്നു എന്നും ഈ പരിഷകൾ പരസ്പരവൈരത്തോടുകൂടി ഇരുന്നു എന്നും ചരിത്രഗ്രന്ഥങ്ങളിൽനിന്നു് അറിയാമല്ലോ. ഇങ്ങനെ ഒരു പരിഷയിൽ അല്പം സരസ്വതീപ്രസാദം ഉള്ള വല്ലവനും തിന്നു പുളച്ചുംകൊണ്ടിരിക്കുന്നതിന്മദ്ധ്യേ തൻെറ പരിഷക്കാർ എതിർപരിഷക്കാരുടെ കാലികളെ എത്ര സമൎത്ഥതയോടെ കവൎന്നു കൊണ്ടുവന്നുകളഞ്ഞു എന്നോ, തൻെറ പരിഷയുടെ നേതാവു് അതിശക്തന്മാരായി എത്ര എതിരാളികളെ തൻെറ ഗദകൊണ്ടടിച്ചു കൊന്നു എന്നോ മററോ പാടുകയും, കല്യാണപ്രദവും ഗ്രഹണധാരണാദികൾക്കു ഏററവും എളുപ്പവും ജാത്യാഭിമാനോദ്ദീപകവും ആയ ഈ പാട്ടു മററുള്ളവർ കേട്ടു കൊണ്ടാടി പഠിച്ചു ചൊല്ലി നടക്കുകയും കാലാന്തരംകൊണ്ടു് ഇതിനും പരിഷ്കൃതമായി വേറെവിധത്തിലുണ്ടാകുന്ന പാട്ടുകൾക്കും പരക്കെ പ്രചാരമുണ്ടായി വരികയും ചെയ്തിരിക്കണം. ലോകത്തിലുള്ള മിക്കജനസമുദായങ്ങളുടെ ഇടയിലും പദ്യം ഇങ്ങനെ ജനിച്ചു വളൎന്നതാണെന്നു് ഓരോ ഗ്രന്ഥങ്ങളിൽ കാണുന്നതിനെ യുക്തിയും അനുഭവവും സ്ഥിരപ്പെടുത്തുന്നു. ഗ്രീക്ക്, ലാററിൻ, സംസ്കൃതം, ഇംഗ്ലീഷ് മുതലായ മഹാഭാഷകളി

ലെല്ലാം ആദ്യം ഉണ്ടായതു പദ്യമാണെന്നു മാത്രമല്ലാ അവയിലുള്ള പ്രധാനകവനങ്ങളും പദ്യരീതിയിലുള്ളവയാകുന്നു. ഇതുപോലെതന്നെ മലയാളത്തിലും ആദ്യം ഉണ്ടായ കവനങ്ങൾ പദ്യരീതിയിലാകുന്നു. പരദേശത്തുനിന്നു കേരളത്തിൽ വന്നു കുടിയേറിയ നമ്മുടെ പൂർവ്വന്മാർ ദുർദ്ദേവതാബാധകളെ നിവാരണംചെയ്യാൻവേണ്ടി ഭദ്രകാളി, ശാസ്താവു്, മുതലായ ദൈവങ്ങളെ ഭജിക്കേണ്ടിവന്നതിൽ ഉപയോഗിപ്പാൻ വേണ്ടി പലവിധ കീർത്തനങ്ങൾ, തോററങ്ങൾ, ഇവയും, തച്ചോളി ഒതേനൻ മുതലായ പരാക്രമശാലികളുടെ ചരിത്രങ്ങളെ ഘോഷിക്കുന്ന പാട്ടുകളും, കൃഷിപ്പാട്ടുകൾ, കോലടിപ്പാട്ടുകൾ ഈവക വിനോദകരങ്ങളായ ഗാനങ്ങളും ഉണ്ടാകീട്ടുണ്ടായിരിക്കണമെന്നു നിശ്ചിതമാണ്. ഇങ്ങനെ കീർത്തനം, പാന, തുള്ളപ്പാട്ട്, കിളിപ്പാട്ട്, മണിപ്രവാളംമുതലായ പലവക ശാഖകളായി നാനാവിഷയങ്ങളെയും പററി പദ്യകാവ്യങ്ങൾ എണ്ണത്തിലും വണ്ണത്തിലും വർദ്ധിച്ചുവന്നു. ഗദ്യമാകട്ടെ മലയാളത്തിൽ വളരെ കുറച്ചുമാത്രമെയുള്ളു. എന്നുമാത്രമല്ല, ഉള്ളതു നൂററിൽ തൊണ്ണൂററിൽപരം നൂതനകൃതികളും ആണ്. ആദ്യകാലം മുതൽക്കുതന്നെ മലയാളികളുടെ ഇടയിൽ കത്തിടപാടുകൾ ഉണ്ടായിരുന്നതിനാൽ ഒരുവിധം ഗദ്യം നടപ്പുണ്ടായിരുന്നു എന്നു തീർച്ചയാണെങ്കിലും ചിറക്കൽ, തലശ്ശേരി, കോഴിക്കോട്ട, കൊച്ചി, തിരുവിതാംകൂർ ഇവിടങ്ങളിലെ ഗ്രന്ഥവരികൾ എഴുതുവാൻ തുടങ്ങിയതുവരെ ഗദ്യപ്രബന്ധങ്ങൾ യാതൊന്നും ഉണ്ടായതായി കാണുന്നില്ല. ഇതിൽപിന്നെ തച്ചുശാസ്ത്രം, വ്യവഹാരം, വൈദ്യം, കാണം, ജന്മമര്യാദ ഇങ്ങനെ പലവക വിഷയങ്ങളെപ്പററിയും ഗദ്യഗ്രന്ഥങ്ങൾ ഉണ്ടായിത്തുടങ്ങി. എന്നാൽ ഇവയൊന്നും കാവ്യം എന്നു പറഞ്ഞുകൂടുന്നവയല്ലല്ലോ. ഗദ്യരീതിയിൽ ഉത്തമകവനം മലയാളത്തിലുണ്ടായതു

ടെകാൻ സാമൂതിരിപ്പാട്ട തമ്പുരാന്റെ കാലത്തു മാത്രമാണ്. അക്കാലത്തുണ്ടായ മഴമങ്ഗലം നമ്പൂരിയുടെ 'ഭാഷാനൈഷധം' 'പുനം നമ്പൂരിയുടെ പാഞ്ചാലീസ്വയംബരം' ഈ രണ്ടു ചമ്പുക്കളിലുള്ള ഗദ്യത്തിൽ സംസ്കൃതപദങ്ങൾ കുറെ അധികമാണെന്നുണ്ടെങ്കിലും ഇതു രണ്ടും ചമല്ക്കാരസാഗരങ്ങളാണെന്നു സഹൃദയന്മാരെല്ലാവരും ഐകകണ്ഠ്യേന സമ്മതിക്കുന്നതാകുന്നു. ശുദ്ധമെ ഗദ്യരീതിയിൽ കാവ്യങ്ങൾ 'കുന്ദലത' വരുന്നതിനുമുമ്പ് ഉണ്ടായിട്ടില്ലെന്നു തന്നെ പറയണം. അതിന്നിപ്പുറമാകട്ടെ ഗദ്യകാവ്യങ്ങൾ നമ്മുടെ ഭാഷയിൽ അസാധാരണമായ പുഷ്ടിയെ പ്രാപിച്ചിട്ടുണ്ട്. എന്നാൽ ഇവയെല്ലാം ഇംഗ്ലീഷു ഗദ്യസാഹിത്യത്തിന്റെ പ്രധാന അംഗമായ 'നോവൽ' എന്ന കാവ്യരീതിയെ അനുകരിച്ചുള്ളതാകയാൽ മലയാളഭാഷ ഗദ്യത്തിനെ സംബന്ധിച്ചേടത്തോളം ഇംഗ്ലീഷ് സാഹിത്യത്തിന്നു മുഖ്യമായി കടപ്പെട്ടിരിക്കുന്നു എന്നു പറയേണ്ടിയിരിക്കുന്നു.

മലയാളത്തിലുള്ള പദ്യങ്ങൾ കാകളി, അന്നനട മുതലായ ചില വൃത്തങ്ങളിൽ എഴുതിയ കിളിപ്പാട്ട്, തുള്ളൽപ്പാട്ട് ഈ വകകളെ സംബന്ധിച്ചേടത്തോളം തമിഴ്മട്ടിനെ അനുസരിച്ചും സ്രഗ്ദ്ധര, ഗീതി ഈവക വൃത്തങ്ങളിലുള്ള ശ്ലോകങ്ങളെ സംബന്ധിച്ചേടത്തോളം സംസ്കൃതരീതിയെ അനുസരിച്ചും ഇരിക്കുന്നു. ഭാഷയുടെ ഉത്ഭവത്തെപ്പറ്റി ആലോചിക്കുമ്പോൾ വൃത്തങ്ങൾ തമിഴിൽ നിന്നു കടം വാങ്ങുവാനാകുന്നു അധികം അവകാശമുള്ളതെന്നു വരികിലും ഇങ്ങനെയുള്ളതല്ലാതെ ആരുംതന്നെ തമിഴ് സമ്പ്രദായങ്ങളിലുള്ള വൃത്തങ്ങളെ മലയാളത്തിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. ഇതുകൊണ്ടാകുന്നു മലയാളത്തിൽ പദ്യരചനയിലും സംസ്കൃതസമ്പ്രദായത്തെ അവലംബിച്ചിരിക്കുന്നതു്. എന്നാൽ സംസ്കൃതവും മലയാളവും തമ്മിൽ ഈ സംഗതിയിൽ ചില സാരമായ വ്യത്യാ

സങ്ങൾ ഉള്ളതു മറന്നുകളയത്തക്കതല്ലാ. ഒന്നാമതു സംസ്കൃതത്തിൽ ശബ്ദാലങ്കാരം ഉത്തമകവനങ്ങൾക്ക് അപരിത്യാജ്യമായ ഒരു ലക്ഷണമാണെന്നു വച്ചിട്ടില്ലാ. എന്നാൽ മലയാളത്തിൽ പ്രാസം (ചുരുങ്ങിയപക്ഷം ദ്വിതീയാക്ഷരപ്രാസമെങ്കിലും) കൂടാത്തതു ശ്ലോകമാണോ എന്നുതന്നെ ചിലർ സംശയിച്ചേക്കും. ഈവക നിഷ്കർഷകൾ ഒരേ അർത്ഥത്തെ കുറിക്കുന്ന അനവധി പര്യായശബ്ദങ്ങൾ അടങ്ങിയ സംസ്കൃതത്തിലുംകൂടി കവിയുടെ ഭാവനാശക്തിയുടെ അപ്രതിബന്ധമായ പാച്ചലിന്നും തന്മൂലം അർത്ഥകല്പനയ്ക്കും വളരെ ബാധകമായി വരുന്നു എന്നിരിക്കെ മലയാളത്തിലുള്ള പദദൗർല്ലഭ്യത്തിന്റെ അവസ്ഥയ്ക്ക് ഇതുകൊണ്ടുള്ള തരക്കേട് എത്ര അധികമുണ്ടാകണമെന്ന് ഏവനും ആലോചിച്ചറിയാം. അറിയാത്തവരുണ്ടെങ്കിൽ അവർ ഉണ്ണായിവാരിയരുടെ 'നളചരിതം' ആട്ടക്കഥ ഒന്നു വായിച്ചുനോക്കട്ടെ. ഇങ്ങനെയെല്ലാമിരിക്കെ ഈ നിഷ്കർഷ ഉണ്ടാവാൻ സംഗതി എന്തായിരിക്കണമെന്ന് ആലോചിച്ചുനോക്കുമ്പോൾ ഇതു ഗീർവ്വാണഭാഷയിൽ അധികമായ താല്പര്യത്തോടും പച്ചമലയാളത്തിൽ കേവലം നിന്ദയോടുംകൂടിയ ചില പ്രാചീനവിദ്വാന്മാർ വച്ച വഴക്കാണെന്നാണ തോന്നുന്നതു്. മലയാളത്തിൽ കവിഞ്ഞപക്ഷം ശബ്ദഭംഗിയല്ലാതെ എന്താണുള്ളതു്? അർത്ഥഗാംഭീര്യം ഉണ്ടോ? ഉണ്ടാവാൻ പാടുണ്ടോ? എന്ന അഭിപ്രായം മുറുകെ പിടിച്ചും ഉദ്ദണ്ഡശാസ്ത്രികളുടെ

"ഭാഷാകവിനിവഹോയം
ദോഷാകരവദ്വിഭാതിഭുവനതലേ
പ്രായേണാവൃത്തഹീനഃ
സൂർയ്യാലോകേനിമഗ്നഗോപ്രസരഃ".

എന്ന ശ്ലോകത്തെ ഉതവിട്ടുകൊണ്ടും ഇരിക്കുന്ന സംസ്കൃത പണ്ഡിതന്മാർ ഇന്നും നമ്മുടെ കൂട്ടത്തിൽ അനേകംപേർ ഉണ്ടു്. മലയാളപദ്യരചനയിൽ അഭിവൃദ്ധി വരണമെങ്കിൽ ശ്ലോകത്തെ നിശ്ശേഷമായി ഒന്നാമതു തള്ളിക്കളയണം. എന്നാൽ പ്രാസം ശിക്ഷിക്കാതെ തല്ക്കാലം മലയാളത്തിൽ ശ്ലോകം ഉണ്ടാക്കുവാൻ തുടങ്ങിയാൽ അതു പൊതുജനങ്ങൾക്കു അത്ര രുചിക്കയില്ല എന്നതു വസ്തുതതന്നെ. എങ്കിലും അർത്ഥത്തിനു ബാധകമാകുംവണ്ണമുള്ള പ്രാസാപേക്ഷ ഒരു ദൂഷ്യമാണെന്നും അതു കാലക്രമേണ വിട്ടുകളയേണ്ടതാണെന്നും കവികളുടെ മനസ്സിൽ ഒരു ഓർമ്മയുണ്ടായിരിക്കട്ടെ. 'പദ്യ' മലയാളത്തിൽ ഉള്ള പരിഹാസം ഹേതുവായി പ്രാചീനവിദ്വാന്മാർ ഉണ്ടാക്കീട്ടുള്ള നിശ്ചയത്തെ അസ്ഥിരമാക്കി അർത്ഥത്തെ കൊന്നു പദ്യത്തിനു വളമിടുന്ന സമ്പ്രദായം ഒരു ദൂഷ്യമാണെന്നു് ആധുനികഭാഷാകവികൾക്കു് ഇതു ബോദ്ധ്യം വന്നാൽതന്നെ വലിയ കാര്യമായി.

രണ്ടാമതുള്ള വലിയൊരു വ്യത്യാസം, സംസ്കൃതപദ്യത്തിൽ പദങ്ങൾ അതതിന്റെ ക്രമവും കൂടാതെ എവിടെയെങ്കിലും ചേർക്കുന്നതിനു വിരോധമില്ല. മലയാളത്തിലൊ അങ്ങനെ ചെയ്യുന്നതു് അഭംഗിയായിത്തീരുമെന്നു തന്നെയല്ലാ, അതുകൊണ്ടു ക്ലിഷ്ടത, സന്ദിഗ്ദ്ധത മുതലായ കാവ്യദോഷങ്ങൾക്കിടയാകുന്നതുമാണു്. സംസ്കൃതത്തിൽ 'ഒന്നായ് ചേർക്കുമാം പദങ്ങളിടവിട്ടെങ്കിലും ചേർത്തിടാം' എന്നിലും 'കേരളഭാഷയിലതുപോലല്ല' എന്നു ഘോഷിക്കുന്ന കവിതന്നെ,

"എന്നല്ലല്ലണ്ടാസ്തുതമത്താരാമൻ
തന്നതനേവക്കേഴുമിക്കതെത്രയൊന്നോ"

"ഇന്നിതെസാമരാജകില്ലിക്കംറിതച്ചുനൊരുതുന്നിജനം"
എന്നും മററും പ്രയോഗിച്ചതു കാണുമ്പോൾ ആധുനിക

കവികഠം ഈ വിഷയത്തിൽ എത്ര അപരാധികളാണെന്ന ധ്യാനപ്പെടുന്നതാണല്ലോ. സംസ്കൃതത്തിലുള്ളതുപോലെ മലയാളത്തിൽ 'വിശേഷണവിശേഷ്യങ്ങഠം തമ്മിലും ആഖ്യാഖ്യാതങ്ങഠം തമ്മിലും പൊരുത്തം ഇല്ലാത്ത അവസ്ഥ അറിയുന്ന ഏതു ബാലനും മലയാളത്തിൽ ഉദാസീനപ്രായം തരക്കേടാകുന്നു എന്ന് അറിയാം.

പിന്നെ മൂന്നാമത് ഒരു വ്യത്യാസം, പ്രയോഗിക്കുന്ന പദങ്ങളെപ്പറ്റിയുള്ളതാകുന്നു. സംസ്കൃതശ്ലോകങ്ങളിൽ ഉപയോഗിക്കുന്ന പദങ്ങളുടെ ശുദ്ധി, സന്ധി, ഈ സംഗതികളെപ്പറ്റി വലിയ നിഷ്കർഷയുണ്ടെന്ന പറയേണ്ടതില്ലല്ലോ. എന്നാൽ മലയാളത്തിലാകട്ടെ സന്ധി ചേൎക്കുന്നതിനെപ്പറ്റിയും, മണിപ്രവാളശുദ്ധിയെപ്പറ്റിയും വളരെ തെറ്റായ ഒരു ധാരണ പരക്കുന്നുണ്ട്. പദങ്ങഠം (ഭാഷയാകട്ടെ സംസ്കൃതത്തിൽനിന്നു എടുത്തവയാകട്ടെ) കൂട്ടിച്ചേൎക്കുന്നതിൽ എങ്ങനെയെങ്കിലും തരംപോലെ ചെത്തിക്കുറയ്ക്കുകയോ നീട്ടുകയോ ചെയ്യാനും ഇതു ഉപവാദികയും ചാതുര്യമാക്കുകയും ചെയ്യാനും തങ്ങഠംക്കു പൂൎണ്ണാധികാരം ഉണ്ടെന്നാകുന്നു ഇപ്പോഴുള്ള പല കവികളുടെയും ധാരണ. ഇതുവക പ്രയോഗങ്ങളാൽ അശ്രാവ്യത വരുന്നുണ്ടൊ എന്നു ഇവർ ആലോചിക്കാറില്ലെന്നുപോലും ഇല്ല. 'പതിവ്രതമന്ദസാരഥി' എന്നതിനാൽ 'പതിവ്രതാ' എന്നതിന്റെ പകരം ആകാരത്തെ ലോപിച്ചു പ്രയോഗിച്ചതും 'ഉദയഗിരിചുകന്നു' എന്നതിലെ അനുസ്വാരം ദീൎഘിപ്പിച്ചും ഭാഷാരീതിയ്ക്ക് അനുസരിച്ചുതന്നെ മാത്രമല്ലാ അതുകൊണ്ട് അശ്രാവ്യത വരുന്നതും ഇല്ല. എന്നാൽ 'പൊന്നോല പോലവിധ ശംഖങ്ങളോലും' എന്നതിൽ 'ഓലം' എന്ന അനുസ്വാരം ദീൎഘിപ്പിച്ചതും "പാരിന്നധീശതവ നന്നല്ല ഭവാൻ" എന്ന പ്രയോഗിച്ചതിൽ അതല്ല, എഴുത്തിലടങ്ങിയ ഏ, അവ്യയത്തെ വാൎന്മുറിച്ചതും

ച്ചതുങ്ങിയ കുററമല്ലെന്നുതന്നെയല്ല, അതു വായിക്കുമ്പോഠം കണ്ണുകഠോരമായി തോന്നുന്നു എന്നും സഹൃദയന്മാർ പറയാതിരിക്കയില്ല. 'പോയാലിടം' (=പോയാൽ+ഇടം) മുതലായ പുതിയ സന്ധികളും ഉണ്ണായിവാരിയരുടെ 'ചാമിവ' (=ചാകം+ഇവ) മുതലായ പ്രയോഗങ്ങളും അനുകരിക്കത്തക്കവയല്ല. മണിപ്രവാളഗ്രന്ഥങ്ങളുടെ കാൎയ്യത്തിൽ വേണ്ടതിലധികം നിഷ്കൎഷ ചെയ്യുന്നവരായി ആധുനികഭാഷാകവികളിൽ ചിലരുണ്ടെന്നുവരികിലും അനേകം ആളുകഠം അപൂൎവ്വങ്ങളായ സംസ്കൃതപദങ്ങളും അനാവശ്യക നീളമുള്ള സമാസങ്ങളും ഒന്നോ, അരയോ മലയാളവാക്കുകളോടൊന്നിച്ചു തിലതണ്ഡുലന്യായേന കൂട്ടിക്കലൎത്തി മണിപ്രവാളമെന്ന പേരുമിട്ടു ചില ശ്ലോകങ്ങളുണ്ടാക്കുന്നവരാണ്. അപ്രസിദ്ധങ്ങളായ സംസ്കൃതപദങ്ങളും, സ്വന്ത പ്രത്യയങ്ങളും തിങന്തക്രിയകളും, സംസ്കൃതാൎയ്യങ്ങളും മററും മലയാളത്തിൽ ഉപയോഗിച്ചുപോകരുതെന്ന് ഇൻഡ്യൻ ശിക്ഷാനിയമത്തിൽ ഒരു വകുപ്പു ചേൎത്താൽ വേണ്ടില്ലെന്നു തോന്നുന്നു. കഴിഞ്ഞ എഫ്. ഏ. പരീക്ഷയ്ക്കു പഠിപ്പാൻ വച്ചിരുന്ന 'അഗ്നിനീപരിണയം' എന്ന മണിപ്രവാളകാവ്യത്തിൽ പകുതിയോളം ശ്ലോകങ്ങഠം ശുദ്ധ സംസ്കൃതം തന്നെയാണ്. ഈ വക ശുദ്ധ സംസ്കൃതശ്ലോകങ്ങഠം അടങ്ങിയ പുസ്തകങ്ങഠംക്കു 'മണിപ്രവാളം' എന്നു പേരിടുന്നതു കാണുമ്പോഠം ഇതു് അറുപത്തഞ്ചാമത്തെ ഒരു അനാചാരമോ എന്നു ശങ്കിക്കേണ്ടിവരുന്നു.

---

൨. കവിത.

'കവിത' എന്ന പദത്തിന്റെ അൎത്ഥത്തിനും പ്രയോഗത്തിനും വളരെ വ്യാപകത ഉണ്ടു്. പ്രാചീനന്മാരെന്നു

പോലെ അർവ്വാചീനന്മാരും ഗദ്യകവിത, പദ്യകവിത എന്നു രണ്ടു പിരിവുകളും ഉൾപ്പെടുത്തിക്കൊണ്ടാണ 'കവിത' എന്ന പദത്തെ വ്യവഹരിക്കുന്നതു്. പ്രാചീനന്മാർ ഈ രണ്ടു ഭാഗങ്ങളെയും ഗണിച്ചിരുന്നുവെന്നുള്ളതിനു 'ഗദ്യം കവീനാം നികഷം വദന്തി' എന്ന ആപ്തവാക്യവും, 'കാവ്യം ഗദ്യം പദ്യഞ്ച' എന്ന വാമനസൂത്രവും ലക്ഷ്യങ്ങളാണു്. കവിതാശബ്ദത്തിനു് അല്പംകൂടി വ്യാപകത ഉണ്ടെന്നു തോന്നമാറു് അത്യന്തപരിഷ്കാരികൾ അതിനെ സംഭാഷണഭാഷയിൽ വേറൊരുതരത്തിലും പ്രയോഗിക്കാറുണ്ടു്. ഈ പ്രയോഗം പാശ്ചാത്യവിദ്യാഭ്യാസംകൊണ്ടു വന്നിട്ടുള്ളതായിരിക്കണം. 'ഈ ചെടിയുടെ വളർച്ചയിൽ കവിത ഇല്ല; ആ നോക്കിൽ കവിതയുണ്ടു്' എന്നിങ്ങനെ ഇംഗ്ലീഷുവിദ്യാഭ്യാസം ചെയ്തിട്ടുള്ള ചിലർ ചില അവസരങ്ങളിൽ പറയുന്നതു പലരും കേട്ടിരിക്കാനിടയുണ്ടു്. എല്ലാ ശാസ്ത്രങ്ങളുടെയും മുഖത്തു കവിത സ്ഫുരിക്കുന്നുണ്ടാവും എന്നു ആംഗ്ലേയമഹാകവി വേർഡ്സ്വർത്ത് (Wordsworth) അഭിപ്രായപ്പെട്ടിട്ടുള്ളതിനെ പ്രസ്തുതപ്രയോഗം സൂചിപ്പിക്കുകയും, ആ അഭിപ്രായത്തിലടങ്ങിയ സൂക്ഷ്മതത്വത്തെ അതു പ്രത്യക്ഷപ്പെടുത്തുകയും ചെയ്യുന്നതായിട്ടു വ്യാഖ്യാനിക്കാവുന്നതാണു്. മനുഷ്യന്റെ എല്ലാ ചേഷ്ടാവിശേഷങ്ങളിലും ഏതാണ്ടു 'കവിത' ഉള്ളതായി ഹാസ്ലിററ് (Hazlitt) എന്ന മഹാൻ പ്രസ്താവിച്ചിരിക്കുന്നു. ഇതംപ്രഥമമായി ഒളിച്ചുകളിയിൽ രസിക്കുന്ന കുട്ടിയും, മഴവില്ലിനെക്കണ്ടു പര്യവേക്ഷണം ചെയ്തുനിൽക്കുന്ന നാട്ടുപുറത്തുകാരനും, കാട്ടുപൂക്കൾകൊണ്ടുണ്ടാക്കിയ മാലയെ തന്റെ പ്രിയതമയ്ക്കു സംഭാവനം ചെയ്യുന്ന ഇടയനും, എന്നുവേണ്ട സ്വപ്നസൃഷ്ടമായ മനോരാജ്യത്തിൽ സുഖവാസം ചെയ്യുന്ന എല്ലാ മനുഷ്യരും ഏറക്കുറെ കവിത്വം ഉള്ളവരാണെന്നും, ഇത്രമാത്രം വ്യാപ്തിയുള്ള കവിതയെ പുച്ഛിക്കുന്നവർ സ്വാഭിമാനംപോലും

ഇല്ലാത്തവരാണെന്നും ഹാസ്‌ലിററു സിദ്ധാന്തിക്കുന്നു. എന്നാൽ ഈ വ്യാപകാർത്ഥം ഉള്ള കവിതയെയോ, ഗദ്യപദ്യങ്ങളെ ഒരേ സമാനകക്ഷ്യയിൽ പരിഗണനംചെയ്യുന്ന കവിതയെയോ അല്ല ഇതിനിടയിൽ വിചിന്തനംചെയ്യാൻ പോകുന്നതു്. പദ്യകവിതയെമാത്രമേ ഈ ഉപന്യാസത്തിനു വിഷയമായി സ്വീകരിക്കുന്നുള്ളു. കാരണം വഴിയേ വ്യക്തമാകും.

'കാവ്യം' എന്നുവച്ചാൽ 'രമണീയാർത്ഥപ്രതിപാദകമായ ശബ്ദസമുച്ചയമാണെ'ന്നു പണ്ഡിതരാജനും, ഈ പക്ഷത്തെത്തന്നെ അനുസരിച്ചുകൊണ്ടു 'രസാത്മകമായ വാക്യമാകുന്നു കാവ്യ'മെന്നു സാഹിത്യദർപ്പണകാരനും, 'ലോകോത്തരമായ വർണ്ണനയിൽ നിപുണനായ കവിയുടെ കൃതി കാവ്യ'മാകുന്നുവെന്നു കാവ്യപ്രകാശകാരനും, 'ഗുണാലങ്കാരസംസ്കൃതമായ ശബ്ദാർത്ഥങ്ങളിലാണു കാവ്യശബ്ദം പ്രതിഷ്ഠാപിതമായിരിക്കുന്ന'തെന്നു വാമനനും അഭിപ്രായപ്പെട്ടിരിക്കുന്നു. ഈ ഓരോ മഹാന്മാരുടെയും നില ശരിയായി മനസ്സിലാക്കുന്നതായാൽ മേൽ കാണിച്ച അഭിപ്രായങ്ങളിൽ ഇന്നതുമാത്രം സ്വീകാര്യമെന്നും, ശേഷം ഉള്ളവ അസാധുവാണെന്നും വാദിക്കാൻ അധികംപേർ ഒരുങ്ങുമെന്നു തോന്നുന്നില്ല. കവിതയുടെ വെളിപാടു് അത്ര ഭിന്നവേഷങ്ങളിലാണു്. അതിന്റെ സ്വരൂപത്തിനു ക്ലിപ്തത ഇല്ലാത്തതിനാൽ ഒന്നോ രണ്ടോ വാചകങ്ങൾക്കുള്ളിൽ കവിതയെ മുഴുവൻ പ്രതിബിംബിപ്പിച്ചു കാട്ടുന്നതും സുകരമാവില്ല. ഒരു കാഴ്ച കാണുമ്പോഴോ ഒരു സംഭവത്തെപ്പററി ഓർക്കുമ്പോഴോ ഹൃദയം സ്വതേ ആർദ്രീകൃതമായി, അക്കാഴ്ചയുടെയോ സംഭവത്തിന്റെയോ ഉദ്ദീപകതകൊണ്ടു ഭാവനാശക്തി ഉജ്ജ്വലിച്ചു മനോഹരങ്ങളായ ഹൃദ്യമായ ഭാവജന്യവികാരങ്ങളുടെ ഫലമായി, അന്തർഗ്ഗതപ്രകടനത്തിൽ സ്വരത്തിനോ ശബ്ദത്തിനോ നിയതമായ ലയം അല്ലെങ്കിൽ

സംക്രമം ഉണ്ടാകുമ്പോൾ കവിത പ്രത്യക്ഷമാകുന്നുവെന്നു സമഷ്ടിയായിപ്പറയാം. സ്വരശബ്ദങ്ങൾക്കു നിയന്ത്രിതമായ ലയസംക്രമങ്ങൾ ഗദ്യത്തിൽ ഉണ്ടായിരിക്കണമെന്നു നിർബ്ബന്ധമില്ലാത്തതിനാൽ ഈ വിവരണം ഗദ്യകവിതയെ പരാമർശിക്കുന്നില്ല. ഭാവനാശക്തിക്കു ധാരാളം പ്രസരിപ്പുള്ള ഒരു കവിയുടെ ഹൃദയം ഇങ്ങനെ ഉദ്ദീപിതമായി ചമൽകൃതമാകുമ്പോൾ എന്തോ ആവേശം ഉണ്ടായപോലെ ചമത്തൃവശാവുകയും, പ്രാപഞ്ചികസ്ഥിതി മുഴുവൻ ഒരു മിന്നൽപോലെ അയാളുടെ മനസ്സിൽകൂടി കടന്നു പോവുകയും ചെയ്യുന്നു. ആ കവി, ഷേക്സ്പിയർ പറയുമ്പോലെ, പരബ്രഹ്മത്തെ ഏകാഗ്രമാക്കിക്കാണിക്കുന്നതിന്നും, കല്പിതസംഭവങ്ങൾക്കു സ്ഥലനിർദ്ദേശം ചെയ്യുന്നതിന്നും സമർത്ഥനാകുന്നു. ആ കവിയുടെ ദൃഷ്ടി ഈ ലോകത്തെ അതിക്രമിച്ച് ഈരേഴുലോകത്തിലും സഞ്ചരിക്കുന്നു. സങ്കല്പരാജ്യത്തെ അധിവാസയോഗ്യമാക്കി പരമാനന്ദപ്രദമായ അതിൽ ആയിരം മനുഷ്യഹൃദയത്തെ ലയിപ്പിക്കുന്നു. വർണ്ണ്യവിഷയങ്ങളെ ഇങ്ങനെ സാക്ഷാൽകരിച്ചു മാനസോല്ലാസം തരുന്ന കൃതിയാണു യഥാർത്ഥകവിത എന്നു പറയപ്പെടുന്നതു്.

ഗദ്യപദ്യങ്ങൾക്കു തമ്മിൽ വളരെ അന്തരമുണ്ടെന്നു മുമ്പു സൂചിപ്പിച്ചുവല്ലോ. പദ്യത്തിനുള്ള ഛന്ദോമയത്വം മാത്രമല്ല ഈ അന്തരത്തിനു കാരണം. മനസ്സിനെ ഇളക്കുന്നതിന്നും വശീകരിക്കുന്നതിന്നും പദ്യത്തിനോളം ശക്തി ഗദ്യത്തിനില്ല. ഗദ്യം വാദാന്തവാദരൂപമായിട്ടുള്ളതാകയാൽ കാര്യങ്ങൾ മനസ്സിലാക്കുന്നതിനുള്ള അതിന്റെ ശക്തി പ്രവർത്തിക്കുന്നതു ബുദ്ധിരേഖയിലാണെന്നു പറയാം. പദ്യത്തിന്റേതു് അങ്ങനെ അല്ല. നല്ല പദ്യങ്ങൾ മനസ്സിൽ പതിയുന്നതു ചിത്രം ചിത്രമായിട്ടാണു്. ചില പ്രത്യേകപദങ്ങളുടെ പ്രയോഗവിശേഷംകൊണ്ടു ഭാവനാശക്തി പ്രവർത്ത

ഭാനമായി ആദ്യം ഒരു ചിത്രം മനോരംഗത്തിന്മുമ്പിൽ പ്രത്യക്ഷമാകുന്നു. പിന്നെ ഈ ചിത്രം മനസ്സിൽ പതിയുകയും, അതുവഴിയായിട്ടു പദ്യത്തിൽ വൎണ്ണിക്കപ്പെടുന്ന സംഗതിയെപ്പററിയുള്ള ജ്ഞാനം പരിപൂൎണ്ണമായി ജനിക്കയും ചെയ്യുന്നു. ഗദ്യം വായനക്കാരന്റെ മനസ്സിലേക്കു നേരെ കടന്നുചെല്ലുകയാണു്; പദ്യമാകട്ടെ സ്പഷ്ടമായ ചിത്രത്തിന്റെ സഹായത്തോടുകൂടി സൎവ്വതോമുഖമായിട്ടാണു മനസ്സിൽ പതിയുന്നതു്. ഇതാണു ഗദ്യപദ്യങ്ങൾക്കു തമ്മിലുള്ള മുഖ്യമായ വ്യത്യാസം. പുഷ്പത്തെ 'ഉദ്യാനഹൃദ്യാങ്ഗന' എന്നും, ഇളകിമറിയുന്ന കടലിനെ 'ആടോപവാനാമലയാഴിവീരൻ' എന്നും, വിലാസഭംഗിയുള്ള തരുണീമണിയെ 'കണ്ണിണകൊണ്ടു കട്ടുവരുക്കുന്നവൾ' എന്നും മററും കവികൾ പറഞ്ഞുകേൾക്കുമ്പോൾ മനസ്സിൽ ഉണ്ടാകുന്നതായ ചിത്രത്തെപ്പററി പൎയ്യാലോചിച്ചാൽ ഈ വ്യത്യാസം സ്പഷ്ടമാകുന്നതാണു്. മറെറാരുപ്രകാരംകൊണ്ടു ഭാവനാശക്തി മുമ്പറഞ്ഞരീതിയിൽ പ്രവൎത്തിക്കുന്നതിനു് ഒരു ഉദാഹരണം എടുക്കാം. ശകുന്തളാദുഷ്യന്തന്മാരുടെ വാഗ്വാദഘട്ടത്തിൽ:—

'സാധിഷ്ഠപ്രിയവാക്യമന്നിതുവിധം
    ചൊന്നപ്പോഴന്നിന്മതം
സാധിക്കാ നടകൊള്ളുകെന്നു പറയും
    ഭർത്താവിനോടായവൾ
ബോധിക്കേൻ മകനൂഴിവാഴുമൊരുനാൾ
    നീകണ്ടുകൊൾകിന്നു ഞാൻ
സാധിക്കുന്നു; സരോഷമിങ്ങനെ പറ-
    ഞ്ഞങ്ങോട്ടിറങ്ങീടിനാൾ."

ശകുന്തള ഗൎവ്വത്തോടും കോപവ്യാകുലതയോടും പുറപ്പെടുന്നരീതിയെ 'ആടക്കോട്ട്' എന്നു സൂചനിൎദ്ദേശം

കൂടാതെ പ്രയോഗിച്ചിട്ടുള്ള പദം, ഗമനം പ്രത്യക്ഷമായി കാണുന്നപോലെ മനസ്സിൽ വ്യഞ്ജിപ്പിക്കുന്നു. ഈ പദംകൊണ്ടു കിട്ടുന്ന ചിത്രത്തെ സ്വഭാവോക്തിയിലുള്ള വൎണ്ണനകൊണ്ടുകൂടി നിൎമ്മിക്കുന്നതു ക്ലേശസാദ്ധ്യമാണ്.

രൂപകാദ്യലങ്കാരങ്ങളുടെ സഹായംകൊണ്ടും കവികൾ ചിലപ്പോൾ മേൽപറഞ്ഞരീതിയിൽ ചിത്രനിൎമ്മാണം സാധിക്കാറുണ്ടു്. ഉദാഹരണം:-

ദീനത്വമുള്ളതൊരു വൎത്തമാനം
ശ്രുതം ഭവിഷ്യത്തിവ യോൎത്തനേരം
മാതംഗയാനയ്ക്കുളവാം വികാര-
ഭൂതവ്രജം നാക്കു പിടിച്ചു താഴ്ത്തി!

കഠിനമായ മനഃക്ഷോഭത്തിന്റെ ആധിക്യംകൊണ്ടു വളരെ നേരം യാതൊന്നും സംസാരിക്കാൻ വയ്യാതെ മൗനം ദീക്ഷിക്കുന്ന ഒരാളുടെ പതങ്ങൾ ഇതുമാത്രം ആയിരിക്കുമെന്നു മേലെഴുതിയ ശ്ലോകത്തിൽ കീഴ്‌വരയിട്ടിട്ടുള്ള ഭാഗംകൊണ്ടു ധാരാളം ഊഹ്യമായിരിക്കുന്നു. മനോവികാരങ്ങളെ പ്രത്യക്ഷപ്പെടുത്തുവാൻ ഇങ്ങനെ ചിത്രനിൎമ്മാണം ചെയ്യുന്നതിനുപുറമെ വ്യംഗ്യാൎത്ഥംകൊണ്ടും മാനസോല്ലാസം തരുന്നതിനു പദ്യങ്ങൾക്കു ശക്തിയുണ്ടു്.

"ഉടലുടെ വിലസുന്നീപ്പൂവിനച്ചുള്ള വേനൽ-
ച്ചൂടുവെയിലുടൽവാട്ടും ശുഷ്കമെന്നോൎത്തയാലേ
കട്ടകളെയിതാ! മഞ്ഞിൻതുള്ളിയെന്നുള്ള കള്ള-
ത്തൊട്ടുവിടപികളെല്ലാം ബാഷ്പപൂരം പൊഴിപ്പൂ".

വാച്യാൎത്ഥം സ്പഷ്ടമായിരിക്കുന്ന ഈ ശ്ലോകത്തിൽ വ്യംഗ്യമായും ഒരു മാനസചിത്രം ഉണ്ടാകുന്നുണ്ടു്. ഉടലുടെ വിലസുന്ന എന്ന പദങ്ങൾ യൗവനാവസ്ഥയേയും, ഉടൽവാട്ടും, ബാഷ്പപൂരം പൊഴിപ്പൂ എന്നിവ മനുഷ്യസ്ഥിതിയെ

യും വ്യഞ്ജിപ്പിക്കുന്നു. ഇത്രയുംകൊണ്ടു കിട്ടുന്ന ചിത്രത്തെ ഭാവനാശക്തിയാണ് പൂർത്തിയാക്കുന്നത്. വേനൽച്ചൂടുവെയിലിനെ സന്താപഹേതുകമായ ഒരു സംഭവമായും വിടപിയെ പ്രായാധിക്യംകൊണ്ടു ലോകപരിചയം സിദ്ധിച്ചുള്ള ഒരു മഹാന്റെ സ്ഥാനത്തിലും സഹൃദയന്മാർ പെട്ടെന്നവെ സങ്കല്പിച്ചുപോകും. ഇവയെല്ലാററിന്റെയും ഫലമായിട്ട്, നവയൌവനാരൂഢയായ ഒരു സ്ത്രീയുടെ ക്ഷണഭംഗുരമായ സൌന്ദര്യാതിരേകത്തെ ആലോചിച്ചു തത്വജ്ഞാനിയായ ഒരു മഹാൻ അനുകമ്പാപരവശനായി വ്യസനിക്കുന്ന ഒരു ചിത്രം സ്ഫുടമായി നമ്മുടെ മനസ്സിൽ പതിയുന്നു.

പദ്യങ്ങൾക്കുള്ള ഈവിധമാഹാത്മ്യങ്ങളെപ്പററി പര്യാലോചിക്കുന്ന ഏതൊരുവനും കവിത പദ്യരൂപത്തിലായിരിക്കണമെന്നും വാദിക്കുന്നതാണ്. കാവ്യഗുണങ്ങൾ പലതും ഗദ്യലേഖനങ്ങളിൽ വരാമെന്നുള്ളതുകൊണ്ടു ഗദ്യകവിത എന്നൊരു പിരിവുണ്ടായി എന്നല്ലാതെ, കവിത ഗദ്യത്തിലായാലും പദ്യത്തിലായാലും ഫലം ഒന്നുതന്നേ എന്ന മതം സാധുവാണെന്നു തോന്നുന്നില്ല. ഛാന്ദസസ്വരൂപത്തെ കവിതയുടെ വസ്ത്രമായിമാത്രം വിചാരിക്കുന്നതു അബദ്ധം ആണ്. ഗദ്യമായി എഴുതിയാൽ യാതൊരു വിശേഷവും തോന്നിപ്പിക്കാത്ത സംഗതികൾ പദ്യരൂപം സ്വീകരിക്കുമ്പോൾ (യഥാർത്ഥകവിയുടെ ഹൃദയത്തിൽനിന്നു വരുമ്പോൾ) മനസ്സിളക്കുന്നതിന് അവയ്ക്കുള്ള ശക്തി അത്യധികമായിരിക്കും.

"വൈദേഹി! പോരേണ്ട പോരേണ്ട ബാലേ!
പൈദാഹശാന്തിക്കുപായങ്ങളില്ലേ!
ഹേ! ദേവി! കല്ലുണ്ടു മുള്ളുണ്ടു കാട്ടിൽ
പാദവ്യഥയ്ക്കുണ്ടു ശ്രീരാമരാമ!!"

സാധാരണ വർത്തമാനത്തിൽ പറയാനുള്ള സംഗതി

കളേ ഈ ശ്ലോകത്തിൽ പ്രസ്താവിച്ചിട്ടുള്ളു. ആശയവിശേഷമോ നല്ലൊരുല്ലേഖമോ ഒന്നും ഇതിലില്ല. സ്വഭാവോക്ത്യലങ്കാരംകൊണ്ടാണു മെച്ചംവരുത്തീട്ടുള്ളതെന്നു പറയാനും പാടില്ല. എന്നാൽ ശ്ലോകമാകട്ടെ, "ചേതസ്സമാകർഷക"മായിട്ടുള്ളതാണു്. സൂക്ഷ്മം ആലോചിച്ചാൽ, ഇതിനുള്ള കാരണം ഛന്ദോമയത്വം മാത്രമാണു്. സാക്ഷാൽ പദ്യത്തിനു സ്വതേതന്നെ എന്തോ ഒരു ദിവ്യശക്തിയുണ്ടു്. അതിനുള്ള വശീകരണപ്രഭാവം, പദങ്ങളെ വേർതിരിച്ചു് അന്വയക്രമത്തിലായോ ഗദ്യരീതിയിലൊ വായിക്കുന്നതായാൽ ഉടനെതന്നെ നിന്നുപോകും. ഇക്കാരണംകൊണ്ടാണു മന്ത്രങ്ങളെ തൎജ്ജമചെയ്കയോ, ശരിയായി ഉച്ചരിക്കാതിരിക്കയോ ചെയ്താൽ ഫലിക്കയില്ലെന്നു പറയുന്നതു്. ഓരോ പദത്തിനും ഓരോവിധത്തിലും, അതാതു പദങ്ങൾക്കു് അതാതു സ്ഥാനങ്ങളിലും അത്രമാത്രം ശക്തിയുണ്ടു്. മന്ത്രശക്തിയിൽ വിശ്വാസമില്ലാത്തവർ ഈ വാദമേ അടിസ്ഥാനമില്ലാത്തതെന്നു് ആക്ഷേപിക്കുമായിരിക്കും. അവർ പരീക്ഷിച്ചുനോക്കേണ്ടതാണെന്നു മാത്രമേ ഞാൻ തല്ക്കാലം പറയുന്നുള്ളു. പദ്യരൂപത്തിനുള്ള ദിവ്യശക്തിയുടെ മാഹാത്മ്യം അറിയണമെങ്കിൽ സാമാന്യം നല്ല ഒരു ശ്ലോകത്തെ പരാവൎത്തനംചെയ്തുനോക്കിയാൽ മതി. "പൂമെത്തയിൽ എണീററിരുന്നു പ്രിയതമയോടു 'കാലം വൈകി, പോകട്ടെ' എന്നു പറഞ്ഞപ്പോൾ അവൾ ഗാഢാലിംഗനം ചെയ്തുകൊണ്ടു് 'ഇനി അങ്ങേ കാണാൻ എനിക്കു് എന്നൊക്കുമോ' എന്നു വ്യസനാക്രാന്തയായി പറഞ്ഞ ആ മധുരവാക്കുകളെ ഓൎക്കുന്തോറും എന്റെ ഹൃദയം തകരുന്നു" എന്നിത്രയും കേൾക്കുമ്പോൾ ഉണ്ടാകുന്ന മനോവികാരത്തിനും,

"പൂമെത്തമേലെഴുനീററിരുന്നു ദയിതേ!
  പോകുന്നു ഞാനെന്നു കേ-
ട്ടോമൽക്കണ്ണിണ നീരണിഞ്ഞ വദന-
  പ്പൂവോടു ഗാഢം തദാ

പൂമേനിത്തളിരോടു ചേൎത്തഥമിനി-
ക്കാണുന്നതെന്നോ നക-
പ്പൂമാലൊടളിവേണി ചൊന്ന മധുര-
ച്ചൊല്ലിന്റെ കൊല്ലുന്ന മാം."

ഈ ശ്ലോകം കേൾക്കുമ്പോൾ ഉണ്ടാകുന്ന മനോവികാരത്തിനും തമ്മിൽ അജഗജാന്തരം ഉണ്ടെന്നുള്ളതു് അവിതൎക്കിതമാകുന്നു. പൂമെത്ത, പൂമേനി, വദനപ്പൂവ്, അകപ്പൂവ് എന്നിങ്ങനെ പൂശബ്ദത്തെ ഒരേ അൎത്ഥത്തിൽ നാലു പ്രാവശ്യം പ്രയോഗിച്ചിരുന്നിട്ടും ഈ പദ്യത്തെ നാം തലകുലുക്കി കൊണ്ടാടുന്നു. അവശ്യമല്ല, രസം ആണു കവിതയ്ക്കു് അത്യന്താപേക്ഷിതമെന്നു കാണിക്കാനാണ് ഈ ശ്ലോകത്തെ സാധാരണ ഉദ്ധരിക്കാറുള്ളതു്. ഉദ്ധരിക്കുന്നവരാകട്ടെ ഈ രസം എങ്ങനെ ഉത്ഭവിക്കുന്നു എന്നു സൂക്ഷ്മബോധം ഇല്ലാതെ ഗദ്യകവിതയ്ക്കും പദ്യകവിതയ്ക്കും തമ്മിൽ വ്യത്യാസം ഇല്ലെന്നു വാദിക്കയും ചെയ്യാറുണ്ടു്. പരാവൎത്തനത്തിൽ അസ്തമിതപ്രായമായിരിക്കുന്ന പ്രസ്തുതരസം ഛന്ദോഗുണത്തെ മുഖ്യമായി ആശ്രയിച്ചിരിക്കുന്നു എന്ന തത്വം അനപലപനീയമായ ഒന്നാകുന്നു. ഗദ്യപദ്യങ്ങൾക്കു തമ്മിൽ ഇങ്ങനെ ഒരു വലിയ വ്യത്യാസം ഇല്ലാതിരുന്നെങ്കിൽ പദ്യനിബന്ധങ്ങൾക്കു നിബന്ധനകൾക്കു വശപ്പെടേണ്ടതായ പദ്യനിൎമ്മിതിയുടെ കഥ എത്രയോ മുമ്പുതന്നെ കേവലം കഥയായി കലാശിച്ചുപോയേനെ.

കാവ്യത്തിന്റെ ഉദ്ദേശം എന്താണെന്ന് ഇനി പര്യാലോചിക്കാം. കാവ്യപ്രകാശകാരൻ,

"കാവ്യം യശസേൎത്ഥകൃതേ
വ്യവഹാരവിദേ ശിവേതരക്ഷതയേ
സദ്യഃ പരനിൎവൃതയേ
കാന്താസമ്മിതതയോപദേശയുജേ."

എന്നു പറഞ്ഞിട്ടുള്ളതുകൊണ്ടു ചില സാഹിത്യകുശലന്മാർ കാവ്യത്തിന്റെ മുഖ്യോദ്ദേശം കൃത്യാകൃത്യോപദേശമാണെന്നു പ്രസ്താവിക്കുന്നു. മമ്മടൻ കാവ്യത്തിനുള്ള ഈ ശക്തിയ്ക്കു പ്രാമാണ്യം കല്പിച്ചിട്ടുള്ളതായി തോന്നുന്നില്ല.

കവിയുടെ മുഖ്യോദ്ദേശം കീർത്തി യശസ്സു ധനലാഭമോ ആണെന്നുവരികിൽ കാവ്യത്തിന്റേതു് ഉപദേശപ്രധാനമാണെന്നുവരാം. വ്യസനം സഹിയാതെ ഒരുവൻ നിലവിളിക്കുന്നതു് അന്യന്മാരെ തന്റെ ദുഃഖാധിക്യം മനസ്സിലാക്കുവാനാണെന്നു പറയുന്നതിനും, കവനം ചെയ്യുന്നതു് ഉപദേശവിതരണത്തിനാണെന്നു പറയുന്നതിനും തമ്മിൽ ഉദ്ദേശത്തെ സംബന്ധിച്ചിടത്തോളം വ്യത്യാസം ഇല്ലയെന്നു. കരച്ചൽകൊണ്ടു് അന്യന്മാർ രോദകന്റെ ദുഃഖമറിയുന്നുവെന്നും, കവിതകൊണ്ടു യശസ്സു, ധനമോ, അന്യന്മാൎക്കു ഉപദേശമോ സാധിച്ചുവെന്നും വരാം. എന്നാൽ രണ്ടുകൂട്ടരുടെയും മുഖ്യോദ്ദേശം ഇതൊന്നുമല്ല.

"ധർമ്മാർത്ഥകാമമോക്ഷേഷു
വൈചക്ഷണ്യം കലാസു ച
കരോതി കീർത്തിം പ്രീതിം ച
സാധുകാവ്യനിഷേവണം."

എന്ന ശ്ലോകം "പ്രത്യക്ഷരം പ്രതിപദം പരമാർത്ഥസാരം" ആണെങ്കിലും സാധുകാവ്യനിഷേവണത്തിന്റെ ഗുണങ്ങളെല്ലാം നിർവ്വഹിക്കണം എന്ന മതം സാധുവാകയില്ല. മിസ്റ്റർ കുമാരനാശാന്റെ 'വീണപൂവു്' എന്ന കൃതി ധ്വന്യാത്മകമായ വാക്യങ്ങളെക്കൊണ്ടു സമ്പൂർണ്ണമാകയാൽ അതു ചെറിയ തരത്തിലുള്ള ഒരു 'സാധുകാവ്യ'മാണെന്നു് എല്ലാ സഹൃദയന്മാരും സമ്മതിക്കും. എന്നാൽ കവി കൃത്യാകൃത്യോപദേശം ചെയ്യുന്നതിനാണു് അതു് എഴുതിയതെന്നോ ആ സരസകൃതിയിൽനിന്നു പ്രകടമായി അങ്ങനെ ഒരു ഉപ

ദേശം സിദ്ധിക്കുന്നുവെന്നോ പറവാൻ യാതൊരു കാരണവും കാണുന്നില്ല. കാവ്യത്തിന്റെ ഉദ്ദേശം പിന്നെ എന്തായിരിക്കാം? അതു പരമാനന്ദപ്രദായകത്വം മാത്രമാണ്. പ്രത്യക്ഷമായി കൃത്യാകൃത്യോപദേശം ചെയ്യുന്ന കാവ്യം വായിക്കുന്നതു രസകരവും ക്ലേശകരവും ആകുന്നു. ശ്ലോകങ്ങളുടെ നാലാം പാദങ്ങളിൽ അർത്ഥാന്തരന്യാസമായി അടിയ്ക്കടി ലോകതത്വപ്രതിപാദനം ചെയ്യുന്നതുകൂടി പലപ്പോഴും അസഹ്യമായി തോന്നാറുണ്ട്. കഥയുടെ രസവാഹിത്വത്തിന് ഇതു വലിയ ഒരു പ്രതിബന്ധമാകുന്നു എന്നു പറയേണ്ടതില്ലല്ലോ. ഇംഗ്ലീഷു കവിതകളിൽ ഇത്തരം ശല്യം വളരെ അപൂർവ്വമായിട്ടേ കാണാറുള്ളു. പ്രകൃതിയിൽ നമ്മുടെ ചുറ്റും നിറഞ്ഞ സംഭവങ്ങളെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള സന്മാർഗ്ഗോപദേശങ്ങൾക്കു മാറ്റു കൂട്ടുകയും ചെയ്യും.

"ദാരിദ്ര്യമെന്നതു ദാനരസം ധനം,
ഭിക്ഷുവായ്ത്തന്നാതിഥ്യമാം ഭോജനം,
പാരിച്ച വെയിലിൽ താൻ പാന്ഥന്നുത്സവം,
പാരിൽ സുഖത്തിന്നഴലാണു കാരണം."

ഇത്യാദിരീതിയിൽ ഹൃദയംഗമമായ അലങ്കാരപ്രയോഗംകൊണ്ടു ലോകതത്വപ്രതിപാദനം ചെയ്യുന്നതു് ആശാസ്യമായിട്ടുള്ളതുതന്നെ. മറ്റുള്ളവ മിക്കവാറും പാദപൂരണത്തിനോ പ്രാസത്തിനോ വേണ്ടി കവികൾ കൂട്ടിച്ചേർക്കുന്നവയായിരിക്കണം.

കാവ്യപാരായണംകൊണ്ടു മനോഗുണം സിദ്ധിക്കുന്നുവെങ്കിൽ അതു പരോക്ഷമായിട്ടായിരിക്കും. വ്യായാമം ദേഹത്തിലെ അവയവങ്ങളെ എന്നപോലെ, കവിത ഭാവനാശക്തികളെ ദൃഢപ്പെടുത്തുകയും, തന്മൂലം നമ്മുടെ സദസദ്വിവേകം വർദ്ധിച്ചു്, കൃത്യാകൃത്യോപദേശത്തിന്റെ ഫലം

സിദ്ധിക്കുന്നതിൽ പര്യവസാനിക്കയും ചെയ്യുന്നു. എങ്ങിനെ എന്നു കാണിക്കാം.

“താരഹാരമിയലുംകറുത്ത വിധു-
സ്മേരവക്ത്രമിവ പൂണ്ട രാത്രിയെ
പാരമംബരമൊഴിഞ്ഞു കാണവേ
കൈരവങ്ങൾ മിഴിപൊത്തി ലജ്ജയാൽ.”

പ്രഭാതത്തിനെ പററിയ ഗാനത്തിൽ ഇങ്ങനെ വർണ്ണിക്കുന്ന കവി, അനാദ്യന്തമായ ആകാശത്തിൽ സ്ഥിതിചെയ്യുന്ന ചന്ദ്രതാരങ്ങൾക്കും കൈരവങ്ങൾക്കും തമ്മിൽ എന്തോ ബന്ധമുള്ളതായി കാണിക്കുന്നതിനു മനുഷ്യലോകത്തിനുള്ള വികാരങ്ങളെ അവയിൽ സങ്കല്പിക്കയും, ഇങ്ങനെ നമ്മുടെ ഭാവനാശക്തിയെ ഉത്തേജിപ്പിച്ച് അചേതനങ്ങളോടുകൂടിയും സജാതീയത്വം കൊണ്ടു നമ്മെ അനുകമ്പയുള്ളവരാക്കിത്തീർക്കയും ചെയ്യുന്നു. സന്തോഷാവസരങ്ങളിൽ പ്രകൃതി നമ്മെ അനുമോദിക്കുന്നതായും, സന്താപഘട്ടങ്ങളിൽ നമ്മോടു സഹതപിക്കുന്നതായും, ചിലപ്പോൾ വിരുദ്ധവികാരങ്ങൾ പ്രകടിപ്പിക്കുന്നതായും മററും കവികൾ ചെയ്യാറുള്ള വർണ്ണനകൾകൊണ്ടു നാം പ്രപഞ്ചസൃഷ്ടിയിലുള്ള എല്ലാ പദാർത്ഥങ്ങളോടും ഇടപെടുന്നവരെന്നും, പ്രകൃതിയുടെ ശാശ്വതവിജയത്തിൽ ഭാഗഭാക്കുകളാണെന്നും ഭാവനാശക്തിയുടെ വിലാസത്താൽ നമ്മിൽ അതിസൂക്ഷ്മമായ ഒരു ബോധം ഉണ്ടാകുന്നു. “ഒന്നല്ലി കൈയുകൾ രചിച്ചതു നമ്മെയെല്ലാം” എന്ന ചൊല്ലും നാം ഹൃദന്തത്തിനോടും ചേർത്തുപോകയും, ഇതിലെ തത്വം നമ്മുടെ ഹൃദയാംശമായി തീരുമ്പോൾ നാം വിശാലമനസ്കന്മാരായി ഭവിക്കയും ചെയ്യുന്നു. പ്രകൃതിയിൽ കാണുന്ന എല്ലാററിനോടും യഥാർത്ഥകവികൾ ആർദ്രചേതസ്സുകളാകകൊണ്ട് അവരുടെ കൃതികൾ വായിച്ചുരസിക്കുന്നവരും കാലക്രമത്തിൽ അങ്ങനെയാകാ

വാൻ ഇടയുണ്ട്. മഹാകവികൾ ഉത്തമന്മാരും ഗുണവാന്മാരും ആയിരിക്കുമെന്നും, അതുപോലെ ഗുണസമ്പന്നന്മാരായ മഹാന്മാർ, ഒരുവിധത്തിലല്ലെങ്കിൽ മറെറാരുവിധത്തിൽ സാക്ഷാൽ കവിതാഗുണം ഉള്ളവരാണെന്നും കാർലയിൽ (Carlyle) സിദ്ധാന്തിച്ചിട്ടുള്ളതു മെല്ലാത്തെ തത്വത്തെ ആസ്പദപ്പെടുത്തിയാണെന്നു തോന്നുന്നു. കാവ്യങ്ങൾ ഭാവനാശക്തിയെ പ്രവർത്തമാനമാക്കി അതിന്റെ സഹായത്താൽ സന്തോഷമാർഗ്ഗത്തൂടെ നമ്മെ സന്മാർഗ്ഗികളാക്കുന്നതിൽ പരോക്ഷമായി ഉപകരിക്കുന്ന[illegible]ള്ളതുകൊണ്ട്, കാവ്യത്തിന്റെ മുഖ്യോദ്ദേശം കൃത്യാകൃത്യോപദേശം ചെയ്കയാണെന്നു സമർത്ഥിക്കുന്നതു ശരിയായ അനുമാനമല്ല. നാം കവിതകൾ വായിക്കാറുള്ളതു ജ്ഞാനസമ്പാദനത്തിനായോ, കർത്തവ്യകർമ്മമാണെന്നു കരുതിയോ അല്ലെന്നും, ഉത്തരകാലഫലാപേക്ഷകൂടാതെ കേവലം തല്ക്കാലസന്തോഷത്തിനെമാത്രം ഉദ്ദേശിച്ചാണെന്നും ഉള്ള വസ്തുത എല്ലാവർക്കും സ്വാനുഭവത്തിൽ അറിയാവുന്നതാണല്ലോ.

കവിതാവിഷയം ഇന്നതേ ആയിരിക്കാവു എന്നു പരിച്ഛേദിച്ചു പറയുന്നതു സാഹസമാണ്. രസാവഹമല്ലെന്നു സാധാരണ ഒരാൾക്കു തോന്നുന്ന പല വിഷയങ്ങളും കവിദൃഷ്ടിയിൽ തുച്ഛമല്ലെന്നു തോന്നാം. 'വീണ പൂവ്' കൊള്ളാമെന്നും, 'ചാടിയ വള്ളി' കൊള്ളുകില്ലെന്നും രണ്ടുവർഷംമുമ്പ് ഒരു മാന്യൻ ഒരു മാസികയിൽ എഴുതിക്കാണുക ഉണ്ടായി. യഥാർത്ഥകവികളിലാരും ഈ അഭിപ്രായത്തോടു യോജിക്കുക ഇല്ലെന്നു നിസ്സംശയം പറയാം. ചൂലിനെപ്പററി ('Thoughts on a broomstick') ഒരു ഇംഗ്ലീഷ് കവി അനേകം വർഷങ്ങൾക്കുമുമ്പ് എഴുതിയ ഒരു ഖണ്ഡകൃതി പ്രസ്താവയോഗ്യമായിട്ടുണ്ടെന്ന് ഒരു ആംഗലസാഹിത്യഗ്രന്ഥകാരൻ രേഖപ്പെടുത്തിയിരിക്കുന്നു. ഇതു പ്രസ്തുത മാന്യൻ അറിയുമ്പോൾ എന്തു വിചാരിക്കുമെന്നു നിശ്ചയ

മില്ല. പ്രഥമശ്രവണത്തിൽ 'പുല്ല്' ശുഷ്കവിഷയമാണെന്ന് ആൎക്കും തോന്നുമെങ്കിലും അതിനെ രസാത്മകമാക്കാൻ കഴിവുള്ളവർ കണ്ടേക്കാമെന്ന് ഊഹിക്കേണ്ടിയിരിക്കുന്നു. അന്യന്മാരെ ധരിപ്പിക്കാൻ കൌതുകം തോന്നുന്നതും, അവർ സന്തോഷത്തോടുകൂടി കേൾക്കാൻ ഇടയുള്ളതും ആയ ഏതു വികാരവും ഏതു വിചാരവും കവിതയ്ക്കു വിഷയമാവാമെന്നു ഹാസ്ലിററ് (Hazlitt) സിദ്ധാന്തിച്ചിട്ടുണ്ട്. മനോവികാരജനകമായ ഏതു വിഷയവും സ്വീകാൎയ്യമാണെങ്കിലും മഹത്തായ വിഷയങ്ങളെ കഥാവസ്തുക്കളാക്കുന്നതു കവിയുടെ ബുദ്ധിപരിശ്രമത്തെ ലഘുവാക്കുന്നതിനുപുറമെ, ഇതോം ഗുണകരമായിരിക്കുമെന്നു മാത്യു അൎണോൾഡ് അഭിപ്രായപ്പെട്ടിട്ടുള്ളതും പ്രസ്താവയോഗ്യമാണ്. മനുഷ്യഹൃദയത്തെ ഉൽക്കർഷപ്പെടുത്തുന്നതും, ജീവിതത്തെ ഉന്നമിപ്പിക്കുന്നതും ആയ വിഷയങ്ങൾക്കു ദൌൎല്ലഭ്യമില്ലെന്നിരിക്കേ, ശുഷ്കവിഷയസ്വീകരണം ചെയ്യുന്നതു് അഭിലഷണീയമല്ലാതെന്നു. എന്നുവെച്ചു നാടോടിവിഷയങ്ങളെ പുച്ഛിക്കേണ്ട ആവശ്യമില്ല. ചുററും നടക്കുന്ന സാധാരണ സംഭവങ്ങൾ ലൌകികചരിത്രകാരനായ കവിയ്ക്കു കൊള്ളാവുന്നതാണെന്ന് അനേകം കൃതികൾകൊണ്ടു വേർഡ്സ്വൎത്ത് (Wordsworth) മഹാകവി സ്പഷ്ടമാക്കിട്ടുണ്ട്. നമ്മുടെ ഇടയിൽ ഈതരം കൃതികൾ ചുരുക്കമെ ഉള്ളൂ. വല്ല വിഷയവും കണ്ടുപിടിക്കാനായി പുരാണപുസ്തകങ്ങളുടെ മുക്കും മൂലയും തിരയുന്ന മലയാളകവികൾ ഈ പന്ഥാവിൽ സഞ്ചരിച്ചുകണ്ടാൽ കൊള്ളാം.

കവിതാരീതിയും ശയ്യാദിഗുണങ്ങളും—രീതിയും ഗുണങ്ങളും അപരിത്യാജ്യങ്ങളല്ലെന്നു നമ്മുടെ ഇടയിൽ ഒരു മതം പ്രചരിച്ചിട്ടുണ്ട്. സാഹിത്യമൎമ്മജ്ഞനായ വാമനനാകട്ടേ 'രീതിരാത്മാ' കാവ്യസ്യ എന്നു നേരെ വിപരീതത്തെയും സ്ഥാപിച്ചിരിക്കുന്നു. ഒരു കക്ഷി ഉത്തരധ്രുവ

ത്തിലാണെങ്കിൽ, മറെറ കക്ഷി ദക്ഷിണധ്രുവത്തിലാണെന്നു് സിദ്ധാന്തം ചെയ്യുന്നതു്. സത്യം എല്ലായ്പോഴും വിരുദ്ധമതങ്ങളുടെ മദ്ധ്യവർത്തിയായിരിക്കും. കവിതയ്ക്കു പദ്യരൂപം അത്യന്താപേക്ഷിതമല്ലെന്നു വാദിക്കുന്നവർ രീതിജ്ഞാനികളെ ത്യാജ്യകോടിയിൽ തള്ളിയാലും അത്ഭുതമില്ല. ഇവയ്ക്കുള്ള മാഹാത്മ്യം വെളിപ്പെടുത്തുവാൻ കാളിദാസന്റെ രഘുവംശത്തിലെ ഒരു ശ്ലോകത്തിൽ ഭേദഗതിചെയ്യാൻ പലർകൂടി ശ്രമിച്ചു പിന്മാറിയ കഥതന്നെ മതി. ഭോജന്റെ സദസ്യർക്കു പററിയ ‘അമളി’ എത്ര ഉത്തമകൃതിയിലും പരീക്ഷ നടത്തുന്നവർക്കു നേരിടുന്നതാണു്. മഹാകാവ്യങ്ങളിൽ കവിതാഗൌരവവും ആശയമാഹാത്മ്യവും എത്രമാത്രമുണ്ടോ, അത്രമാത്രം ഗൌരവവും മാഹാത്മ്യവും ശയ്യാഗുണരീതികൾക്കും ഉള്ളതായി കാണാം. ഷേക്സ്പീയരുടെയും കാളിദാസന്റെയും കൃതികൾ ഇതിനു ലക്ഷ്യങ്ങളാണു്. ഈ രണ്ടു മഹാന്മാരുടെയും പദ്യരീതിക്കു പരിപൂർണ്ണത സിദ്ധിച്ചിട്ടുണ്ടു്. കവിതാരീതിയുടെ പ്രൗഢിയാണു മഹാകവി മിൽട്ടന്റെ കൃതികളെ സവിശേഷം അലങ്കരിക്കുന്നതു്. ഇക്കാലത്തു് ഇംഗ്ലീഷ് വിദ്യാർത്ഥികൾ പോപ്പ് (Pope) എന്ന കവിയുടെ കൃതികൾ പഠിക്കുന്നതു വാക്യവിന്യാസത്തിന്റെ പരിപൂർണ്ണരസം മനസ്സിലാക്കുവാനാണു്. സ്വിൻബേണിന്റെ (Swinburn) പദ്യങ്ങളിലുള്ള സംഗീതസുഖത്തെ വിസ്മരിച്ചു നോക്കുന്നതായാൽ അവയുടെ വില ഇടിഞ്ഞുപോകും. പദ്യനിർമ്മാണവിഷയത്തിൽ രീതിജ്ഞന്മാർക്കുള്ള മാററു് ഇത്രമാത്രമുണ്ടെന്നു് ഇത്രയും പറഞ്ഞതുകൊണ്ടു സ്പഷ്ടമാണല്ലോ. കവിതയിൽ രീതി ഒന്നു്, ഭാവാർത്ഥം മറെറാന്നു് എന്നിങ്ങനെ വേർതിരിക്കുവാൻ പാടില്ലെന്നു് ഇതിനാൽ സിദ്ധമാകുന്നു. രീതിയോ ഭാവാർത്ഥമോ ശ്രേഷ്ഠതരമെന്ന ചോദ്യം അസംബന്ധത്തിന്റെ പര്യായവാക്യമാണെന്നു പറയേണ്ടിയിരിക്കുന്നു. ഈ ചോ

ല്പത്തിന് ഉത്തരമാകട്ടെ — കാവ്യത്തിന്റെ മാഹാത്മ്യം കവിതാരീതിയിലോ, ആശയത്തിലോ അഥവാ ഇവ രണ്ടും കൂടിച്ചേരുന്നതിലോ അല്ല സ്ഥിതിചെയ്യുന്നതെന്നും, ഇങ്ങനെ ഇവ രണ്ടിനും വിശേഷം ചൂണ്ടിക്കാട്ടാൻ സാധിക്കാത്ത കാവ്യത്തിൽ തന്നെ ആണെന്നും ആയിരിക്കും. സ്വരം (ശബ്ദം), അർത്ഥം എന്നിങ്ങനെ രണ്ടുമായി സംഗീതത്തെയും, ലേഖനം, അർത്ഥം എന്ന രണ്ടുമായി ചിത്രത്തെയും വിശ്ലേഷിച്ചു പറയാവുന്നതല്ലല്ലൊ. അർത്ഥഗർഭമായ സ്വരം സംഗീതവും, അർത്ഥഗർഭമായ ലേഖനം ചിത്രവും ആകുന്നു. ഇതേതരത്തിലാണു കവിതയിൽ രീതി (Diction) ഭാവാർത്ഥങ്ങളുടെ സ്ഥിതി എന്ന് ആധുനികനിരൂപകാഗ്രേസരനായ ബ്രാഡ്‌ലി ഉൽഘോഷിക്കുന്നു. എന്താണ്ട് ഈ മാതിരിയിൽത്തന്നെയാണു മാത്യു ആർണോൾഡും അഭിപ്രായപ്പെട്ടുകാണുന്നതു്. ഒരു കൃതിയിൽ ഭാവോപന്യാസരസത്തിന് എത്രമാത്രം ഏറ്റക്കുറച്ചിൽ കാണുന്നുവോ അത്രമാത്രം ഉൽകർഷാപകർഷങ്ങളും ആകൃതിക്കും ഉണ്ടായിരിക്കുമെന്നു ഇദ്ദേഹം വാദിക്കുന്നു.

രസത്തിൽ എന്നപോലെ പദഘടനയിലും കവിയ്ക്കു ഔചിത്യനിഷ്കർഷം ഉണ്ടായിരിക്കേണ്ടതു് അത്യാവശ്യമാകുന്നു. അതു് ഇല്ലാതിരുന്നാലത്തെ ഫലം, അതിസൂക്ഷ്മവും അതിമൃദുവും ആയ വികാരങ്ങൾക്കു വിളഭൂമിയായ സഹൃദയന്മാരുടെ ഹൃദയങ്ങളെ കഠിനമായി ബാധിക്കുന്നതാണു്. ചിത്രഗതമായ ഒരു രൂപത്തിൽ നേരിയ ഒരു ചെറിയ വര അസ്ഥാനത്തിൽ വീണുകണ്ടാൽ ആ രൂപത്തിനുതന്നെ ഭേദം വന്നുപോയതായി തോന്നുന്നതുപോലെ, അസ്ഥാനത്തിൽ പ്രയോഗിച്ചിരിക്കുന്ന പദങ്ങൾ ഹേതുവായി പദ്യംകൊണ്ടു മനസ്സിൽ സ്വരൂപിക്കുന്ന ചിത്രത്തിനും ഹാനിതട്ടി വ്യത്യാസപ്പെട്ടതായി തോന്നും. പദദോഷം എത്രതന്നെ സ്വല്പമായിരുന്നാലും ഭാവനാശക്തിയുടെ പ്രസരണത്തിന് അതു്

ല്ലറക്കാരെ പ്രതിബന്ധം വരുത്താതിരിക്കയില്ല. പദഭാഷം സാരമായോ നിസ്സാരമായോ തോന്നുന്നതു് അവരുടെ സഹൃദയത്വത്തിന്റെ ഏറ്റക്കുറവിനെ അനുസരിച്ചിരിക്കും. സഹൃദയഹൃദയാഹ്ലാദത്തിനു ഭംഗം വരരുതെന്നു കരുതിയാണ് കാവ്യാദർശകാരൻ

"തദല്പമപി നോപേക്ഷ്യം
കാവ്യേ ദുഷ്ടം കഥഞ്ചന
സ്യാദ്വപുഃ സുന്ദരമപി
ശ്വിത്രേണൈകേന ദുർഭഗം"

എന്നു ഖണ്ഡിച്ചു പറഞ്ഞിട്ടുള്ളതു്. ചിന്താധോരണിയെ തടസ്സപ്പെടുത്താതിരിക്കുന്നതിൽ മാത്രം കവികൾ ദൃഷ്ടിവച്ചാൽ പോരാ. വായനക്കാരുടെ മനോധർമ്മം പോലെ കവിതാരസം അനുഭവിച്ചുകൊള്ളുന്നതിനും അവരെ അനുവദിക്കണം. അതിനു മാനസികചിത്രനിർമ്മാണത്തിൽ പരിമിതി എന്ന ദോഷം യാതൊരുവിധത്തിലും വന്നുപോകാതിരിക്കാൻ ശ്രദ്ധവച്ചാൽ മതി. പരിമിതാർത്ഥം കുറിക്കേണ്ടിടത്തു് അതിരുകടന്ന പദങ്ങളും, വ്യാപകാർത്ഥം കുറിക്കേണ്ടിടത്തു് അപൂർണ്ണമായ പദങ്ങളും പ്രയോഗിക്കുന്നതാകയാൽ ഈ ദോഷം പലപ്പോഴുമായി വരുന്നതല്ല. [വിരഹകാലം അവസാനിക്കാൻ ഇത്ര ദിവസമുണ്ടെന്നു് എണ്ണുന്നതിൽ വിരഹിണി തല്പരയായിരിക്കുന്നു എന്നു പറയുന്നതിനു പകരം ദിവസഗണനമാണു് അവളുടെ ജോലി എന്നു് ഒരു കവി പറഞ്ഞുവെന്നിരിക്കട്ടെ. ദിവസഗണനമെന്ന ജോലിയാക്കി കല്പിക്കുന്നതു് അതിശയോക്തമാണെന്നു മാത്രമേ പ്രഥമദൃഷ്ടിയിൽ പിടികിട്ടി തോന്നുകയുള്ളുവെങ്കിലും സഹൃദയന്മാർക്കു് ഈ അനുഭാവംകൊണ്ടു സന്തോഷം ജനിക്കുന്നതിനു പകരം നിരസംകൂടി തോന്നാനേ ഇടയുള്ളൂ. എത്ര പ്രാവശ്യം എണ്ണിക്കൂട്ടിയിരുന്നാലും വിരഹിണി വിയോഗത്താലുണ്ടായ ... കൊണ്ടുവന്ന തൽപരത

ണ്ടുംകൊണ്ടു കിട്ടുന്ന വിശാലമായ ചിത്രം, ജോലി എന്ന പദം കേൾക്കുമ്പോൾ പരിമിതമായിത്തീരുകയും, അങ്ങനെ കല്പനാവൈഭവത്തിനു ശക്തി കുറയുകയും ചെയ്യുന്നു. ഇതുതന്നെയാണു നീരസത്തിനു കാരണം] ആശയവൈലക്ഷണ്യംകൊണ്ടും ഈ ദോഷം ജനിക്കാം.

“പാൽക്കടലന്നുമന്ദരാദ്രിയെക്കടഞ്ഞു
പൊന്തിച്ചതീപ്രഥമനെന്നിഹ തോന്നിടുന്നു;
ചിന്തിക്കിലിപ്പൊഴുമകപ്പുഴ നിർജ്ജരന്മാർ
ബന്ധിച്ചുവച്ചപടി പൊങ്ങുകയുമതാവാം”.

ഇവിടെ, പ്രഥമൻ അമൃതസ്വാദുക്കളെന്നല്ലാതെ യുഗാന്തരത്തിൽ കടഞ്ഞെടുത്ത അമൃതമാണ് ഈ പ്രഥമനെങ്കിൽ അതിന്റെ കല്പ്പിതഗുണംകൊണ്ടു വല്ല അധികേട്ടം ബോധിപ്പിക്കില്ലെന്നു കൂട്ടത്തിനു വായിച്ചുതീരുമ്പോൾ നമുക്കു യാതൊരു ഉല്ലാസവും സ്വാദുത ഉണ്ടാകുന്നില്ല. ഉത്തരാർദ്ധംകൊണ്ടാണു കവി ഈ സംശയം ജനിപ്പിക്കുന്നതു്. പ്രഥമന്റെ കയ്പ്പുനിറത്തിനു ഒരു കാരണമായി കവി ഉൽപ്രേക്ഷിക്കയാണു ചെയ്യുന്നതെങ്കിലും ശ്രവണമാത്രത്തിൽതന്നെ പ്രഥമനോടെന്നപോലെ നമുക്കു ശ്ലോകത്തോടും നീരസം തോന്നിപ്പോകുന്നു. പദനിരത്തിനോടുള്ള വൈരസ്യംകൊണ്ടുമാത്രമല്ല നാം ശ്ലോകത്തെയും വെറുക്കന്നതെന്നു കുറെ പര്യാലോചിച്ചാൽ അറിയാം. ഉൽപ്രേക്ഷകൊണ്ടു മാത്രം അഭൂതമായിരിക്കുന്ന പ്രഥമൻ യഥാർത്ഥത്തിലും അങ്ങനെതന്നെ എന്നൊരു വിശ്വാസം നമുക്കുണ്ടായിരുന്നാൽകൂടിയും മേല്പറഞ്ഞ ശ്ലോകത്തിൽ നമ്മുടെ മനസ്സു ചെല്ലുന്നില്ല. പാവനമായ ഭാവനാശക്തി ആകാരണമായി കൃത്രിമപഥത്തിൽ സഞ്ചരിക്കുന്നതല്ല. പൂർവ്വാർദ്ധംകൊണ്ടു് അദ്ഭുതമായി അന്തരംഗത്തിൽ പ്രതിഫലിക്കപ്പെടുന്ന ചിത്രം ഉത്തരാർദ്ധംകൊണ്ടു പരിമിതമായിത്തീരുന്നുള്ളൂ. മനസ്സിന്റെ ഉദ്ദേശ്യം പരിശോധിക്കുന്നതായാൽ

ശ്ലോകത്തോടു തോന്നുന്ന നീരസത്തിനു കാരണം മുഖ്യമായി ഇതുതന്നെയാണു്. മനോവികാരത്തിനു് ഇത്രയും വൈകല്യം സംഭവിച്ചതിനുശേഷമാണു നീരസം നമുക്കു് അനുഭവഗോചരമാകുന്നതു്. സഹൃദയന്മാരെ അവരവരുടെ മനോധർമ്മംപോലെ ഉദ്ദീപിപ്പിച്ചുകൊള്ളുന്നതിനു് അനുവദിക്കുന്ന പദപ്രയോഗം ഉത്തമകവിതാപഥത്തിന്റെ ഒരു ലക്ഷണമാണെന്ന വസ്തുത മനശ്ശാസ്ത്രസമ്മതമായ ഒന്നാണെന്നു് ഇതുവും പറഞ്ഞതുകൊണ്ടു സ്പഷ്ടമായിട്ടുണ്ടെന്നു വിശ്വസിക്കുന്നു. വിശിഷ്ടപദങ്ങൾ വിശിഷ്ടരീതിയിൽ ചേരുമ്പോൾ കവിത ഉണ്ടാകുന്നു എന്ന കാളറിഡ്ജിന്റെ അഭിപ്രായം എത്ര അർത്ഥവത്തായിരിക്കുമെന്നുള്ളതു് ഊഹ്യമാണല്ലോ.

ഭാഷയിൽ ദ്വിതീയാക്ഷരപ്രാസപ്പുഴുക്ക വന്നതോടുകൂടി കവിതാരീതിയെപ്പറ്റി പലർക്കും ബഹുമാനമില്ലാതായിട്ടുണ്ടു്. 'ആശയം ഭോഷത്വം, ആശയം തോന്നേണ്ടാ; അതിലല്ലേ കാര്യം?' എന്നാണു് ഇപ്പോഴത്തെ നില. കവിതയും ആശയവും പര്യായപദങ്ങളാകുന്നെന്നാണു് ഈ പണ്ഡിതന്മാർ ധരിച്ചിട്ടുള്ളതെന്നു തോന്നുന്നു. സാഹിത്യമണ്ഡലലോകം ഭിന്നരുചിയാണെന്നു പറയേണ്ടതില്ലല്ലോ. നളിനീലീലാദികൃതികളെപ്പറ്റി ചിലർ അപഹാസം നടക്കുന്നതിന്റെ രഹസ്യം ഈ ഭിന്നരുചിത്വത്തിൽ അടങ്ങിയിരിക്കുന്നു. 'പ്രാസത്തിനായ്ക്കൊണ്ടു കാരിക്കയും വേണ്ട, പ്രാസം വിധിക്രമം വർജ്ജിക്കയും വേണ്ട' എന്നോ മറ്റോ ഒരു വൃത്താന്തം സകലർക്കും അനുകരണീയമാവുന്നു. ഹാ ചിത്താകർഷകമായിരുന്നല്ലോ, ആശയത്തിന്റെയും രീതിയുടെയും തരതമഭാവത്തിൽ രീതിയെ ലേശമെങ്കിലും അധഃകരിക്കുന്ന മതത്തെ സഹൃദയസമ്മതമാക്കുന്ന കാര്യം അസംഭവ്യമായിട്ടുള്ളതാണെന്നു നിസ്സംശയം പറയാം.

ഈ സന്ദർഭത്തിൽ ഭാഷാകവിതയുടെ രീതിയെപ്പറ്റി രണ്ടു വാക്കു പറഞ്ഞുകൊള്ളട്ടെ. വള്ളത്തോൾ കവനി

ന്മാരുടെ ആവിർഭാവത്തോടുകൂടി ഭാഷാകവിതയിൽ ഒരു പുതിയ രീതി ഉണ്ടായിട്ടുണ്ട്. പിൻവരുന്ന പദങ്ങൾ ഇന്നവ ആവശ്യമെന്ന് ഏതാണ്ടു സൂചിപ്പിക്കുന്നവ ഒന്നും മുൻവരുന്ന പദങ്ങളെ പ്രയോഗിക്കണം എന്നൊരു ക്രമം ഇവർക്കില്ല. അതായതു, വെൺമണിക്കാർ മറ്റും ഉള്ള ആദ്യാക്ഷരാദിപ്രാസനിഷ്ഠയെ ഇവർ കാര്യമാക്കീട്ടില്ല. ഈ മാതിരി പ്രയോഗങ്ങൾ കൃത്രിമങ്ങളാണെന്നു പറയേണ്ടതില്ലല്ലോ. അകൃത്രിമതയാണു മിസ്റ്റർ വള്ളത്തോൾ നാരായണമേനോന്റെ കവിതയുടെ പ്രത്യേകഗുണം. ആശയഗൌരവത്തിനും മനോവികാരത്തിനും ഏറ്റവും യോജിക്കുന്ന വാക്കുകളെ തിരഞ്ഞുപിടിക്കുന്നതിൽ വളരെ ആയാസപ്പെടുന്നതായിക്കണ്ട ഈ അനായാസസൌഷ്ഠവം ശ്ലോകങ്ങളിൽ ലേശവും കാണ്മാനില്ല. ഇതു (Art without art) എന്ന പാശ്ചാത്യന്മാർ പറയുന്ന കലാകൌശലത്തിന്റെ പരമാവധിയാകുന്നു. വള്ളത്തോൾ പ്രഭൃതികളുടെ വൈദർഭീരീതിയുടെ ഒരംഗമായ എന്നൊരു വിശേഷഗുണവും ഉണ്ട്. കൂടുന്നതും ശിഥിലാക്ഷരങ്ങളെ വർജ്ജിച്ച്, ദീർഘാക്ഷരപ്രാചുര്യമുള്ള പദങ്ങൾ പ്രയോഗിക്കുമ്പോൾ ഈ ഗുണം സ്പഷ്ടമാകുന്നു. ദീർഘാക്ഷരങ്ങൾക്കു മനസ്സിനെ ഇളക്കുന്നതിന് എന്തോ ഒരു വിശേഷശക്തി ഉണ്ടെന്നു ധരിച്ചിട്ടാണെന്നു തോന്നു ഈ കവികൾ അവരുടെ കൃതികളിൽ 'ഋ'കാരം ക്രമത്തിലധികം സ്വീകരിച്ചിട്ടുള്ളതെന്നു തോന്നുന്നു. ഋകാരദീർഘസ്വരാക്ഷരങ്ങളുടെ പ്രാചുര്യംകൊണ്ട് ആശയങ്ങൾ സ്പഷ്ടങ്ങളാകുന്നതിനു ചില ശ്ലോകങ്ങളെ താഴെ ഉദ്ധരിക്കുന്നു:—

'മുന്നമന്നെ ഭവദ്ഗൃഹത്തിൽ വന്നവൻ
ഞാനേതനായാലെങ്കിലും
വന്നെത്തുമതിഥി ലോർമ്മോട്ടു വലിയേ
കേറിപ്പാർത്തൊരു നീ

പിന്നെയും ബത! കാട്ടിലുള്ള കൂട്ടം-
കള്ളരെയോ? തെററി നി-
ന്നെന്നകാരണമാക്കിടുന്ന കലഹം
കാണ്മു കണ്ണിലുള്ള ഞാൻ.'
'പോയല്ലോ മലയാനിലൻ, വികചസൗ-
രഭ്യശ്രീതല്ലിസ്വര-
ശ്രീ യക്ഷാങ്കണമെഴും നിരാമയരവം!
പൊയ്പ്പോയി, വസന്തവും
ഉദ്യല്ലോലിതമാം ശരത്സമയവും,
ഹേമന്തവും, ശാന്തമെ-
ന്നായല്ലോ ബത! ബാക്കിയിപ്പിശിരമും
മുഷ്ടം! മൃഗരാജപാകമാം?'
*'ഇങ്ങാരാമമെന്ത കമലയിതാന-
ക്കെക്കൊടിത്തന്ന ചെറുപ്പ,-
ഉദാരമനസ്സും ന്യായരതൻ
പാണ്ഡ്യദേശമായിൽ വിട്ടു
മെനമാഹാത്മ്യത്തിൽ പതിവരെയുമായ്
രാഗമേ! നീ വിട്ടെന്നി-
ല്ലാതാമ്പോൾ നിന്നതിരവിട്ടെയാ-
ണന്യജനന്തത്തിലാമോ?"

ആ, ഈ, ഊ, ഏ, ഐ എന്നിവയുടെ ദീർഘാക്ഷരങ്ങൾ കൂടെഴുതിയ പദ്യങ്ങളിൽ ശ്രവണസുഖത്തിനെന്നപോലെ സൗന്ദര്യത്തിനും, തന്മൂലം ഹൃദയംഗമത്വത്തിനും നന്നാ സഹായിക്കുന്നവയെന്നുള്ളത് സ്പഷ്ടമാണല്ലോ. കേരളപ്രാസമല്ലാതെ മറ്റു യാതൊരു പ്രാസവും ഇതിൽ (വിശേഷിച്ച്— മൂന്നാമത്തേതിൽ) ദീക്ഷിച്ചിട്ടില്ലെങ്കിലും ഏതാനും സംഗീതരസവും ഇതിൽ കാണുന്നുണ്ട്

* ഈ ശ്ലോകങ്ങളും വള്ളത്തോൾ കവിയുടെ കൃതികളാണ്.

ചി-പ്രാസംകൊണ്ടു വൈലക്ഷണ്യത്തിനു ഹാനി വന്നിട്ടില്ലെന്നാം വിശേഷിക്കണം. വെണ്മണിപ്രസ്ഥാനത്തിൽനിന്നു ഒട്ടു വളരെ ഭിന്നിച്ചു് ഇവയിൽ കാണുന്ന കവിതാരീതിയാകുന്നു. വള്ളത്തോൾ നാരായണമേനോനവർകളുടെ മനോവികാരഗതി അനുസരിച്ചു് അവിടവിടെ നിവൃത്തി, പാട്ടുകളിൽ സ്വരാക്ഷരങ്ങളെ നീട്ടിനീട്ടി രാഗം വിസ്തരിക്കമ്പോഴത്തെ പരമാനന്ദം ജനിക്കുന്നതെന്ന സൂക്ഷ്മതത്വം ആലോചിക്കുന്നതായാൽ പാദങ്ങളിലെ 'ഒ'കാര 'ഉ'കാരാദികളുടെ ബാഹുല്യംകൊണ്ടു ഹൃദ്യത്വവും മനോരഞ്ജകത്വവും ഉണ്ടാവാൻ ന്യായമുണ്ടെന്നു് അനുമാനിക്കാവുന്നതാണു് എന്റെ പക്ഷം. ഈ സമ്പ്രദായംകൊണ്ടുള്ള ഗുണം ആധുനികന്മാരുടെ കവിതയിലും പ്രത്യക്ഷം ഉള്ളതാകുന്നു് ഇവിടെ വൈസ്തര്യം വിവരിക്കുന്നില്ല.

"നേർത്താരം പൂമ്പൊടിവ, തെളി-
ഞ്ഞാമ്പൽപ്പൂപോലെ ചിരിപ്പൂ,-
നാൽത്താർ നഖത്തിന്നഴകിവ, വള-
ന്നൂൽപൊൻ പാദങ്ങൾപോലെ,
ചിത്താരുളരുപമിളമ്പിനോ-
ന്നേരെ ചെപ്പേന്തുന്നപോലെ,
ശ്രുത്വാൻ കാമീ മനോനിവ ഭോഗ-
നാഗതേ മാതൃകല്പേ"

എന്നു് ഉണ്ണുനീലിസന്ദേശത്തിലും,

"കാന്താരേ ഹന്ത! മാം ബന്ധുരവിപുലമതാ-
സിന്ധുരക്കുന്നത്താരിലോരോ
കാന്താ! ഹാ! പേർത്തുകിട്ടില്ലിഹ സപദി മദാ-
നന്ദം പോയി ഇന്നായല്ലോ!
താന്താനന്തഭൂവട്ടം നിജമനമയിലേവം
യാത്രയും ചൊല്ലിയോ ഹൃ
ത്താന്താമമന്നൊപ്പിരിഞ്ഞിട്ടോ പതിമുക്തി
പൊഴിഞ്ഞു നീ പുണ്യതാമേ!

എന്നു നൈഷധചമ്പുവിലും,

"തന്വീ ശ്യാമാ ശിഖരിദശനാ പക്വബിംബാധരോഷ്ഠീ
മദ്ധ്യേ ക്ഷാമാ ചകിതഹരിണീപ്രേക്ഷണാ നിമ്നനാഭിഃ
ശ്രോണീഭാരാദലസഗമനാ സ്തോകനമ്രാ സ്തനാഭ്യാം
യാ തത്ര സ്യാദ്യുവതിവിഷയേ സൃഷ്ടിരാദ്യേവ ധാതുഃ."

ഇത്യാദി മേഘസന്ദേശാദികളിലും ഉദാഹരണങ്ങൾ കാണ്ക.

കവിതയുടെ ഭാവി പരിഷ്കാരം വർദ്ധിക്കുംതോറും കവിതയെപ്പറ്റിയുള്ള ബഹുമാനം കുറഞ്ഞു കുറഞ്ഞു വരുമെന്നാണു ചിലരുടെ ഒക്കെ വിചാരം. 'അല്പജ്ഞാനം ആപൽക്കര'മാണെന്ന പ്രമാണത്തിന് ഉദാഹരണമാണ് ഈ വിശ്വാസമെന്നു പറയാതെ നിവൃത്തിയില്ല. കൃത്യാകൃത്യോപദേശം ചെയ്യുന്നതിനോ, ധനമോ മോഹിച്ചോ, മറ്റും എഴുതുന്ന കവിതകളാണെങ്കിൽ അവയ്ക്കു 'കാലക്ഷേപകരം' എന്ന് ആരും സമ്മതിക്കും. ഒഴിവു കൂടാൻ പാടില്ലാത്തതായ കാര്യങ്ങളിലും, പ്രയോജനം ഉള്ളവയിലും മാത്രമേ പരിഷ്കാരത്തിനു വശരാവാം ജനങ്ങളുടെ മനസ്സു പ്രവർത്തിക്കു എന്നു വാദിക്കുന്നവർ, ജീവിതത്തിൽ ഉപകരിക്കുന്ന സർവ്വവും ജീവിതസൌഖ്യംതന്നെയും ഭാവനാശക്തിയെ ആശ്രയിച്ചിരിക്കുന്നുവെന്നും, ആ ഭാവനാശക്തിയുടെ പ്രസരണം ഹേതുവായിട്ടാണു കവിത പരമാനന്ദം തരുന്നതെന്നും ഉള്ള തത്വങ്ങളെ ഓർക്കേണ്ടതാണ്. ലൌകികകാര്യങ്ങളിൽ അധികം ഉപകരിക്കുന്നതു ഗദ്യമാണെങ്കിലും, പ്രാപഞ്ചികസ്വഭാവാനുസൃതിക്ക ഗദ്യത്തെക്കാൾ അധികമോ അഥവാ അതിനു സമമായിട്ടെങ്കിലുമോ കവിതയും ഉതകുമെന്നുള്ളതു് അവിതർക്കിതമാകുന്നു. എന്നാൽ, അങ്ങനെ ഉള്ള കവിത തലച്ചോറിൽനിന്നു പുറപ്പെടുന്നതായിരിക്കയില്ല. അതിന്റെ ഉത്ഭവം ഹൃദയത്തിൽനിന്നായിരിക്കും. ഭാവനാമയ ഹൃദയത്തിൽനിന്നും സ്വയമേവ പുറപ്പെടുന്ന കവിതയ്ക്കു ഒരു കാലത്തും അഴിവില്ലാത്തതും ഇങ്ങനെ

ത്തുള്ള ഹൃദയം മനുഷ്യൎക്കു ഉള്ളിടത്തോളംകാലം കവിതപ്ര ളിയിൽ ഉണ്ടായിരിക്കുന്നതും ആകുന്നു. ജാതിമതഭേദങ്ങളെ ഒന്നും പരിഗണിക്കാതെ മനുഷ്യസമുദായത്തിനാകുന്ന മഹാസൌ ഭ്രാതൃത്വം തന്റെ മനോവികാരശക്തികൊണ്ടും, പ്രപഞ്ച സൃഷ്ടിയിൽ തനിക്കു പൊതുവെയുള്ള സമഭാവനകൊണ്ടും എല്ലാ കാലത്തും എല്ലാവൎക്കും ഒപ്പം നിവൃത്താൻ കഴിയുന്ന മഹാ കവിയുടെ ലഘുചാരണി ബ്രഹ്മാനന്ദപ്രദമാകയാൽ, ആ ബ്രഹ്മാനന്ദത്തിൽ മനസ്സിനെ ലയിപ്പിക്കാൻ ജീവിതരസ പ്പൂരം മനുഷ്യനെ പ്രേരിപ്പിക്കുന്നിടത്തോളംകാലവും കവിതയുടെ പ്രചാരത്തിനും പ്രഭാവത്തിനും യാതൊരു വിധം ഹാനിയും സംഭവിക്കുന്നതല്ല. "വേദത്തിൽ പ്രഥമം പിറന്നു", ഉപനിഷൽസാരത്തെ കൈക്കൊണ്ടു", സർവ്വാത്മസിദ്ധിപ്രദമായും, ജ്ഞാനസമാധിയായും" ഇരിക്കുന്ന ആ കവിതയ്ക്ക്" അന്തം തന്നെ മംഗളാരംഭം ചൊല്ലേണ്ടതില്ല. അതു എല്ലാ കാലത്തും എല്ലാ ദേശത്തും നിൎവ്വിഘ്നമായി സ്വയമേവ നിലനിന്നുകൊള്ളും.

പട്ടം എൻ. കൊച്ചുകൃഷ്ണപിള്ള ബി. ഏ.

൯. നാടകം.

രസാത്മകമായ വാക്യമാണല്ലൊ കാവ്യം. ആത്മാവിനു ഹൃദയവുമായി സംസൎഗ്ഗം ലഭിച്ചു കലകളിലും രസാനുഭൂതി വരുത്തുവാൻ കഴിയുന്നതു നേത്രശ്രോത്രേന്ദ്രിയങ്ങളും വഴിക്കാണ്. ആകയാൽ "ദൃശ്യ"മെന്നും "ശ്രാവ്യ"മെന്നും കാവ്യങ്ങളെ രണ്ടായി വിഭജിച്ചിരിക്കുന്നു. അരങ്ങത്തു് അഭിനയിച്ചു കാണിക്കേണ്ടവയായ ദൃശ്യകാവ്യങ്ങളിൽ പെട്ടവയാണ് കഥകളി, പ്രഹസനം മുതലായവ. "കൃഷ്ണഗാഥ" കിളിപ്പാട്ടുകൾ മുതലി

യുള്ളവ ചൊല്ലിക്കേട്ടു രസിക്കത്തക്കവയാകയാൽ ശ്രാവ്യവൎഗ്ഗത്തിലുൾപ്പെടുന്നു. നാടകം ദൃശ്യശാഖയിൽ പെട്ടതെന്നു സ്പഷ്ടം.

രംഗത്തിൽ പ്രകാശിപ്പിക്കുന്ന കഥാഭാഗത്തെ സംബന്ധിച്ചു പ്രധാനമായി ൧. കഥാഘടനം ൨. നായകസ്വഭാവം. ൩. സ്ഥായിരസം എന്നീ മൂന്നു സംഗതികൾ നോക്കേണ്ടതുണ്ട്.

കഥാവസ്തു പ്രസിദ്ധ പുരാണേതിഹാസങ്ങളിൽ നിന്നെടുത്തു രംഗാനുയുക്തങ്ങളായ ചില്ലറ ഭേദഗതികൾ വരുത്തീട്ടുള്ളതോ, കവിയുടെ സ്വകപോലകല്പിതമൊ ആയിരിക്കാം.

കഥയുടെ സാരമായ ഭാഗത്തെ ആദ്യം സൂചിപ്പിക്കുന്നതു "ബീജം" എന്ന പേർകൊണ്ടാണ്. നാടകത്തിൽ കൂടിയുള്ള കഥാവസ്തുവിൻെറ വളൎച്ച ഭൂമിയിൽ വിതയ്ക്കുന്ന വിത്തു പൊട്ടി മുളച്ചു വൃക്ഷമോ ചെടിയോ ആയി വളൎന്നുവന്നു ഫലം തരുന്നതുവരെയുള്ള കൃഷിയുടെ രീതിയോടു തുല്യമായി വിചാരിക്കാം. ഒരു വിത്തു വിതയ്ക്കണമെന്നു മനസ്സിൽ കരുതുമ്പോൾ, ആ കരുതൽ തന്നെ ഈ ഉദ്യമത്തിൻെറ ആരംഭമായി കണക്കു കൂട്ടാവുന്നതാണല്ലോ. പിന്നീടു നിലം കിളച്ചൊരുക്കി കൃഷിക്കു തയാറാക്കുന്നതിലും വളം ചേൎക്കുന്നതിലും മററും പല യത്നങ്ങൾ ഈ ബീജത്തെ പോഷിപ്പിക്കുന്നതിന് അത്യാവശ്യമാണ്. വിത്തു ഭൂമിയിൽ മറഞ്ഞു കിടന്ന് ഈ യത്നഫലങ്ങളുമേററു നല്ലവണ്ണം പാകമായതിന്നശേഷമെ പൊട്ടിമുളയ്ക്കുന്നുള്ളു. വിത്തു മുളയ്ക്കുമ്പോൾ അതിനോടുകൂടി ഉണ്ടായിവരുന്ന കളകളാകുന്ന പല തരത്തിലുള്ള പ്രതിബന്ധങ്ങളെ നശിപ്പിച്ചെങ്കിൽമാത്രമേ വിത്തിൽനിന്നുണ്ടാകുന്ന ചെടി, ഫലത്തെത്തരുന്നതിന്നു ശക്തിയുള്ളതായി പോഷിച്ചുവരൂ. ഇപ്രകാരം വളൎന്നുവരുന്ന സമയം വല്ല ദൈവാ

ധീനദോഷവുംകൊണ്ടല്ലാതെ അതിൽനിന്നുണ്ടാകേണ്ട ഫലത്തിന്ന മററു തടസ്ഥങ്ങളില്ല. സാധാരണ പ്രതിബന്ധങ്ങളെല്ലാം നീങ്ങിയിരിക്കുന്നതിനാൽ ഫലപ്രതീക്ഷയ്ക്കു വഴിയുമുണ്ടാകുന്നു. ഇതിന്നുശേഷം ദൈവാനുകൂല്യംകൊണ്ടു് ഒരു നല്ല വൃക്ഷമോ ചെടിയോ ആയി വളൎന്നുവരുന്ന ഈ മുളയിൽനിന്നു മുമ്പു ആശിച്ചവിധം ഫലസിദ്ധിയുണ്ടാകുന്നു. ഈ ക്രമത്തിന്നനുസരണമായിട്ടുതന്നെയാണു ബീജപ്രസ്താവനാവസരത്തിൽ 'ആരംഭ'വും ബീജപോഷണത്തിന്നു വേണ്ട ശ്രമം ചെയ്യുന്ന ഘട്ടത്തിൽ 'യത്നവും' ഈ ശ്രമഫലങ്ങളെ മററു ബീജത്തിന്ന ഊനമുണ്ടാകുന്നുണ്ടെങ്കിലും പ്രകാശത്തിൽ പ്രത്യക്ഷപ്പെടാത്ത വളൎച്ചയിൽ 'പ്രത്യാശ'യും അതോടൊന്നിച്ചുണ്ടാകുന്ന തടസ്ഥങ്ങളെ നിരന്തരപ്രയത്നങ്ങളാൽ ജയിച്ചു കാൎയ്യസിദ്ധിക്കു വഴികാണുന്ന സന്ദൎഭത്തിൽ 'നിയതാപ്തി'യും, ദൈവാനുകൂല്യത്താൽ ഉദ്ദേശ്യം നിൎവ്വഹിക്കുന്ന അന്ത്യദശയിൽ 'ഫലാഗമ'വും, ഇങ്ങനെ അഞ്ചവസ്ഥകൾ പ്രായേണ എല്ലാ കഥാവസ്തുക്കളെയും പോഷിപ്പിക്കുന്നതിന്നുണ്ടായിരിക്കുന്നതു്. 'ബീജ'ത്തെ ഈ അവസ്ഥാന്തരങ്ങളുമായി ഘടിപ്പിക്കുന്ന അംശത്തിന്നത്രെ 'സന്ധി' എന്നു പറഞ്ഞുവരുന്നതു്. അതിനാൽ നാടകം 'പഞ്ചസന്ധിസമന്വിത'മായിരിക്കണമെന്നു വന്നുകൂടുന്നു.

൧. 'ബീജ'ത്തെ 'ആരംഭ'വുമായി ചേൎത്തു് ഉദ്യമത്തെ പ്രകാശിപ്പിക്കുന്ന ഭാഗം 'മുഖ'സന്ധി:

൨. 'ബീജ'ത്തെ 'യത്ന'വുമായി ചേൎത്തു് അതിനെ പ്രത്യക്ഷപ്പെടുത്തിയും ഉടൻ മറച്ചും കാൎയ്യസിദ്ധിക്കുള്ള ശ്രമവൃത്തികളെ കാണിക്കുന്ന ഭാഗം 'പ്രതിമുഖ'സന്ധി.

൩. ബീജത്തെ പ്രത്യക്ഷപ്പെടുത്താതെ മററുപ്രകാരത്തിൽ അതിന്നുവേണ്ട ശുശ്രൂഷയും പുഷ്ടിയും പ്രത്യാശയ്ക്കു സന്ദൎഭവും കൊടുക്കുന്ന ഭാഗം 'ഗൎഭ'സന്ധി.

൪. ബീജത്തോടൊരുമിച്ചുതന്നെ വളർന്നുവന്ന പ്രതിബന്ധങ്ങളെല്ലാം വിഘ്നനിവാരണത്തോടുകൂടിയ ക്രമങ്ങളാൽ നശിച്ചു കാര്യസിദ്ധിക്കുള്ള യോഗം പ്രതീക്ഷിക്കുന്ന സന്ദർഭം 'അവമർശ'സന്ധി.

൫. മേൽപറഞ്ഞ ദശാവിശേഷങ്ങളിൽക്കൂടി വളർന്നുവന്ന ബീജം ഫലാഗമത്തെ പ്രാപിക്കുന്നതായ പരിണാമഭാഗം "നിർവ്വഹണ"സന്ധി

ഇങ്ങനെ സാഹിത്യകാരന്മാർ നാടകത്തിന്റെ ആരംഭം മുതൽ അവസാനംവരെയുള്ള ഭാഗത്തെ 'മുഖം, പ്രതിമുഖം, ഗർഭം, അവമർശം, നിർവ്വഹണം' എന്ന അഞ്ചു സന്ധികളാക്കി തരം തിരിച്ചിരിക്കുന്നു.

ബീജം + {
൧. ആരംഭം = മുഖസന്ധി
൨. യത്നം = പ്രതിമുഖസന്ധി
൩. പ്രത്യാശ = ഗർഭസന്ധി
൪. നിയതാപ്തി = അവമർശസന്ധി
൫. ഫലാഗമം = നിർവ്വഹണസന്ധി
} = നാടകം

രംഗപ്രയോഗം— കഥാവസ്തുവിന്റെ അംശങ്ങളെയെല്ലാം ഒരു നാടകരംഗത്തിൽ പ്രയോഗിപ്പാൻ തരം വരുന്നതല്ല. എല്ലാ സംഭവങ്ങളെയും അരങ്ങത്തു പ്രകാശിപ്പിക്കയെന്നു വന്നാൽ നാടകം അവസാനിക്കയില്ല. രസപ്രദങ്ങളായ ഭാഗങ്ങളെ മാത്രമേ രംഗത്തിൽ പ്രയോഗിക്കാവൂ. എന്നാൽ സദസ്യർക്കു കഥാവസ്തുവിന്റെ വളച്ചു മുഴുവൻ മനസ്സിലാക്കിക്കൊടുക്കുന്നതിനു പ്രത്യേകം ചില രീതികളുമുണ്ട്.

ഒരങ്കത്തിന്റെ അവസാനത്തിൽ അരങ്ങത്തുനിന്നു പോകുന്ന കഥാപാത്രങ്ങൾ അടുത്ത അങ്കത്തിലെ കഥ സൂചിപ്പിക്കുന്നതിനു "അങ്കാസ്യ"മെന്നു പേർ. ഒരങ്കം അവസാനിപ്പിക്കുന്നതിനു മുമ്പുള്ള ചില ഭാഗങ്ങളെ മറ്റു പ്രകാരത്തിൽ പറയുന്നതു "അങ്കാവതാരം". അങ്കത്തിൽ

വരുന്ന കഥയെ അപ്രധാനപാത്രങ്ങളെക്കൊണ്ടു മുൻകൂട്ടി പ്രതിപാദിപ്പിക്കുന്നതു "രംഗസൂച്യം." അണിയറയിൽ നിന്നു വിളിച്ചു പറയുന്നതു "ചൂളിക". ഇവയെ ഒക്കപ്പാടെ "സൂച്യം" എന്നു പറയുന്നു. "രംഗസൂച്യം" മൂന്നുവിധത്തിലാവാം. ൧. 'പ്രസ്താവന' അല്ലെങ്കിൽ 'ആമുഖം. ൨. 'വിഷ്കംഭം.' ൩. 'പ്രവേശകം'.

'പ്രസ്താവന'—ഇതു സാധാരണയായി ഒന്നാമങ്കന്റെ ആരംഭത്തിലാണു പ്രയോഗിക്കുന്നതു്. പ്രസ്താവനയിലെ സംഭാഷണം 'സൂത്രധാര'നൊ, 'സ്ഥാപക'നൊ ആയ പ്രധാന നടൻ മററു നടനോടൊ, നടിയോടൊ കൂടി നടത്തുന്നു. ഇതു് അഞ്ചുവിധത്തിലാവാം. അതിൽ ഒന്നാമങ്കത്തിന്റെ ആരംഭത്തിൽ സൂത്രധാരൻ നിഷ്ക്രമിക്കുമ്പോൾ, പ്രവേശിക്കുവാൻ പോകുന്ന കഥാപാത്രങ്ങളുടെ സ്ഥിതി സൂചിപ്പിക്കുന്ന രീതിയാണു സാധാരണ നാടകങ്ങളിൽ അധികവും കാണുന്നതു്. ഈ രീതിക്കു 'പ്രയോഗാതിശയം' എന്നു പേർ.

'വിഷ്കംഭം' എന്നാൽ ഒരുമിച്ചു കെട്ടുന്നതു് എന്നു പദാൎത്ഥം. നീചജാതിയിൽ പെട്ടവയല്ലാത്ത അപ്രധാന കഥാപാത്രങ്ങളോടുകൂടിയുള്ള സംഭാഷണം അടങ്ങിയ വിഷ്കംഭം 'ശുദ്ധവും' നീചമല്ലാത്ത അപ്രധാനപാത്രവും നീചപാത്രവും തമ്മിലുള്ള സംഭാഷണമടങ്ങിയതു 'മിശ്ര'വുമാകുന്നു.

'പ്രവേശക'ത്തിൽ നീചപാത്രങ്ങളുടെ സംഭാഷണം മാത്രമെ പാടുള്ളൂ; ഒന്നാമങ്കത്തിന്റെ ആരംഭത്തിൽ പ്രവേശകം ഒരിക്കലും പ്രയോഗിച്ചുകൂടാ. വിഷ്കംഭം പ്രയോഗിക്കുന്നതിനു വിരോധമില്ലതാനും.

ചുരുക്കിപ്പറയുന്നതായാൽ, കഥാവസ്തുവിലെ രസപ്രധാനങ്ങളും അഭിനയയോഗ്യങ്ങളുമായ ഭാഗങ്ങളിൽ ദൃശ്യശ്രാവ്യരീതിയിൽ പ്രയോഗിക്കേണ്ടവയെ മാത്രമേ 'അങ്കം

എന്നു പേർ പറയുന്ന നാടകഭാഗത്തിനു വിഷയമാകാൻ പാടുള്ളു. അല്ലാതുള്ള കഥാസന്ദർഭങ്ങളെ, അത്യാവശ്യമെന്നു തോന്നുന്നപക്ഷം, ഒരു പ്രത്യേകരംഗമാക്കി പ്രയോഗിക്കാമെന്നുണ്ടു്. ഈ രണ്ടു സന്ദർഭങ്ങളിലല്ലാതെ ഒരു നാടകത്തിൽ കഥാവസ്തുവിനെ പ്രകാശിപ്പിക്കുവാൻ പ്രത്യേകരംഗങ്ങളെ പ്രയോഗിച്ചുകൂടുന്നതല്ല. ഒരങ്കം ആരംഭിച്ചാൽ അവസാനിക്കുന്നതുവരെ തിരശ്ശീല ഇടുവാൻ സംഗതിയുണ്ടാകരുതു്. അങ്കാവസാനത്തിൽ കഥാപാത്രങ്ങളെല്ലാം ഒരേസമയത്തു് അപ്രത്യക്ഷരാകേണ്ടതാണു്. പ്രത്യേകമായി പ്രയോഗിക്കാൻ സൌകര്യമില്ലാതെ വരുന്ന കഥാംശങ്ങളാണു ചൂളിക, അങ്കാസ്യം, അങ്കാവതാരം; ആകാശഭാഷിതം ഇവയായി പരിണമിക്കുന്നതു്.

സംഭാഷണം—രംഗത്തിലെ സംഭാഷണം 'സർവ്വശ്രാവ്യം' (പ്രകാശം) 'അശ്രാവ്യം' (സ്വഗതം) 'നിയതശ്രാവ്യം' എന്നു മൂന്നുവകയുണ്ടു്. നിയതശ്രാവ്യത്തിനു 'ജനാന്തിക'മെന്നും 'അപവാരിത'മെന്നും രണ്ടു പിരിവുണ്ടു്. ജനാന്തികം ഏതാനും ചിലരുടെ പ്രത്യേകശ്രദ്ധയിൽനിന്നു് ഒഴിക്കണമെന്നും അപവാരിതം പ്രത്യേകം ചിലരുടെ രഹസ്യശ്രദ്ധയ്ക്കു വിഷയീഭവിക്കണമെന്നും ഉദ്ദേശിച്ചു ചെയ്യുന്നതാണു്. അപവാരിതത്തെ 'സ്വകാര്യമായിട്ടു്' എന്നും പ്രയോഗിച്ചുവരുമാറുണ്ടു്.

നായകത്വം—നാടകത്തിലെ 'നേതാവു്' അല്ലെങ്കിൽ 'നായകൻ' മിക്കവാറും സൽഗുണസമ്പൂർണ്ണനായിത്തന്നെ ഇരിക്കണം. 'ആത്മശുദ്ധി, ദേഹശുദ്ധി, കുലശുദ്ധി' എന്ന ശുദ്ധിത്രയങ്ങൾക്കുപുറമെ, ഔദാര്യം, സ്വഭാവമാഗലാളിത്യം, സമഭാവന, പ്രശാന്തത, ആത്മാഭിമാനം, വാങ്മാധുര്യം, യശഃപ്രതാപം, വാഗ്വിലാസം, ശൌര്യം, ശാസ്ത്രപാണ്ഡിത്യം എന്നീ ഗുണങ്ങളും നായകനിൽ അവശ്യം പ്രത്യക്ഷപ്പെടേണ്ടതാണു്. എന്നാൽ ഇതിൽ ഔദാര്യമോ, ലാളിത്യമോ പ്രശാന്തതയോ, ആത്മാഭിമാനമോ

ഏതാണു സർവ്വപ്രധാനമായി ഗണിക്കുന്നതെന്നുവെച്ചാൽ അതിനനുരൂപമായി നായകൻ 'ധീരോദാത്ത'നോ 'ധീരലളിത'നോ, 'ധീരശാന്ത'നോ, 'ധീരോദ്ധത'നോ ആയിരിക്കാവുന്നതാണ്.

നായകനെ സഹായിക്കാൻ വാഗ്വിലാസവും നായകനിൽ സ്ഥായിയായി ഭക്തിയുമുള്ള 'പീഠമർദ്ദ'നോ, നായികയെ സമ്പാദിക്കുന്നതിൽ സഹായിക്കുന്ന ഹാസ്യകാരനായ 'വിദൂഷക'നോ ഏതെങ്കിലും ഒരു കലാവിദ്യയിൽ മാത്രം സമർത്ഥനായിരിക്കുന്ന 'വിട'നോ ഒരു നാടകത്തിലുണ്ടായിരിക്കണം. ഇതുകൂടാതെ, മന്ത്രികൾ, മററു രാജബന്ധുക്കൾ, സന്ന്യാസിമാർ, ഇങ്ങനെ പല കഥാപാത്രങ്ങൾ നായികനായകന്മാരുടെ പ്രവൃത്തികൾക്കു സഹായം ചെയ്യുന്നതായും വരുത്തേണ്ടതാണ്. ചിലപ്പോൾ നായകനെതിരാളിയായി ദുർഗ്ഗുണമൂർത്തിയായ 'പ്രതിനായക'നും ഉണ്ടായിരിക്കും.

നായിക ഉത്തരരാമചരിതത്തിലെ സീതയെപ്പോലെ 'സ്വീയ'യോ, കണ്വസംരക്ഷണത്തിൽ വളർന്ന ശകുന്തളയെപ്പോലെ 'പരകീയ'യോ, വിക്രമോർവ്വശീയത്തിലെ ഉർവ്വശിയെപ്പോലെ 'സാമാന്യ'യോ ആയിരിക്കാവുന്നതാണ്. നായകനെപ്പോലെ നായികയും ഗുണസമ്പത്തിയുള്ളവളായിരിക്കണം. നായികയ്ക്കു അവശ്യം വേണ്ട തന്റേടപ്രകൃതിക്കു പ്രൌഢതാഗുണമെന്നാണു പറഞ്ഞുവരുന്നതു്. നായകാനുകൂല്യസിദ്ധിക്കു നായികയെ സഹായിപ്പാൻ 'സഖി'മാരോ, 'ചേടി'കളോ, 'ധാത്രേയി'കളോ ഉണ്ടായിരിക്കും.

രസം—ശൃംഗാരവീരാദികളായി ശാന്തംവരെയുള്ള ഒൻപതു രസങ്ങൾ സുപ്രസിദ്ധങ്ങളാണല്ലോ. ഇവയിൽ നാടകത്തെ സംബന്ധിച്ചു വീരശൃംഗാരങ്ങളിൽ ഒന്നു പ്രധാനമായിരിക്കണമെന്നു് ഒരു മതവും ശാന്തമൊഴികെ മറെറല്ലാ രസവും പ്രധാനമായിരിക്കാമെന്നു മറെറാരു മതവു

മുണ്ട്. ഏതു മതപ്രകാരമായാലും സ്ഥായിയായി ഒരു രസമേ പാടുള്ളു. അതിനു സാധാരണ 'അംഗിരസം' എന്നു പറയും. മറ്റുള്ള രസങ്ങളെ അവസരത്തെ വിസ്മരിക്കാതെ അംഗിരസത്തെ പോഷിപ്പിക്കാൻ അംഗങ്ങളായി സ്വീകരിക്കണം. എന്നിട്ടുവേണം കഥാവസ്തുവിന്റെ പ്രധാനസന്ധികൾക്ക് അംഗരസസൗഷ്ഠവം വരുത്തുവാൻ.

മറ്റുതരം കാവ്യങ്ങളിലെന്നപോലെതന്നെ നാടകങ്ങളിലും ശൃംഗാരരസത്തെ, പുഷ്ടിപ്പെടുത്തി പ്രകാശിപ്പിക്കുവാനായി വർണ്ണിക്കുന്നതു വേർപാടെന്നും ചേർച്ചയെന്നും ഉള്ള രസത്തിന്റെ സഹജമായുള്ള രണ്ടു സന്ദർഭങ്ങളിലായിട്ടാണ്. ഇവയ്ക്കു 'വിപ്രലംഭ'മെന്നും 'സംഭോഗ'മെന്നും യഥാക്രമം പേരുകൊടുത്തിരിക്കുന്നു. നായികാനായകന്മാരുടെ ആദ്യസംയോഗത്തിനു മുമ്പുള്ള വേർപാടിനെ 'അയോഗ'മെന്നും പിന്നീടോരോ സന്ദർഭങ്ങളാൽ വന്നുചേരുന്ന വേർപാടിനെ 'വിപ്രയോഗ'മെന്നും വിപ്രലംഭത്തെ രണ്ടായി പിരിച്ചു വ്യവഹരിക്കാറുണ്ട്.

നാടകച്ചടങ്ങുകൾ.

മുൻ പറഞ്ഞ നിബന്ധനകൾ കൂടാതെ വേറെയും ചില ചടങ്ങുകൾ നാടകാഭിനയം സംബന്ധിച്ചു പറയുവാനുണ്ട്. ഭാരതീയരുടെ എല്ലാ പ്രവൃത്തികളും ഈശ്വരപരമായിട്ടുക്രിയയാണെന്നുള്ളതു പ്രസിദ്ധമാണല്ലോ. ഈശ്വരനെ മുൻനിറുത്തിയല്ലാതെ ഒരു കാര്യവും ചെയ്യാറില്ലാത്ത ഭാരതീയർ നാടകത്തിലും ഇതു സംബന്ധിച്ചു ചില ചടങ്ങുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. നാടകം ആരംഭിക്കുന്നതിനുമുമ്പു നാന്ദിശ്ലോകം കൂടാതെ കഴികയില്ല. ആശീസ്സ്, നമസ്ക്രിയ, വസ്തുനിർദ്ദേശം ഇതിലേതെങ്കിലുമൊന്നോ ഒന്നിലധികമോ നാന്ദിശ്ലോകത്തിൽ സൂചിപ്പിച്ചിരിക്കും. ഏവരെയും നന്ദിപ്പിക്കുന്നതു്, അതായതു സന്തോഷിപ്പിക്കുന്നതു നാന്ദി. ഈ നാന്ദിപ്രയോഗംകൊണ്ടു സഭ്യരെ ആനന്ദി

പ്പിച്ചുശേഷം സൂത്രധാരൻ അല്ലെങ്കിൽ സ്ഥാപകൻ നടിയോടോ വേറൊരു നടനോടോ സംഭാഷണത്തിൽ ഏൎപ്പെടുന്നു. ഇതിനാൽ പ്രസ്താവനാരംഭം തുടങ്ങുകയായി. നാടകത്തിലുള്ള നടന്മാരെയെല്ലാം ഒരുമിച്ചു ബന്ധിക്കുന്ന ചരടു കൈവശം വച്ചുകൊണ്ടിരിക്കുന്ന ആൾ — അതായതു നടന്മാരെ എല്ലാം ഭരിച്ചുകൊണ്ടുപോകുന്ന ആൾ — എന്നാണു സൂത്രധാരപദത്തിന് അൎത്ഥം.

നാടകം അവസാനിപ്പിക്കേണ്ടതു ലോകാഭിവൃദ്ധിയെ ആശംസിക്കുന്നതും പ്രധാന കഥാപാത്രം അപേക്ഷാരൂപമായി ഉച്ചരിക്കേണ്ടതുമായ ശ്ലോകംകൊണ്ടാണ്. ഇതിനു 'ഭരതവാക്യ'മെന്നു പേർ. നാട്യകലാപ്രയോഗത്തിനാസ്പദങ്ങളായ ശാസ്ത്രതത്വങ്ങളെ വെളിപ്പെടുത്തി നാടകത്തിനു വേണ്ട നിയമങ്ങളെ ആദ്യമായി ക്ലിപ്തപ്പെടുത്തിയ ഭരതമുനിയുടെ സ്മാരകമായിട്ടാണു നാടകകൎത്താക്കൾ ഈ പേരിനെ നിലനിൎത്തിപ്പോരുന്നതു്.

നായകദോഷമോ, രസഭംഗമോ, അസഭ്യചേഷ്ടാപ്രയോഗമോ നാടകത്തിൽ വരാൻ പാടില്ല. അങ്കങ്ങൾ രസസമ്പൂൎണ്ണങ്ങളും മുഷിച്ചിൽ തോന്നാതിരിക്കത്തക്കവണ്ണം ദൈൎഘ്യം കുറഞ്ഞവയുമായിരിക്കണം. പ്രധാന പാത്രങ്ങൾക്കു സംസ്കൃതഭാഷയും നീചപാത്രങ്ങൾക്കും സ്ത്രീകൾക്കും പ്രാകൃതഭാഷയുമാണു നാടകത്തിലെ സംഭാഷണങ്ങളിൽ സാധാരണ ഉപയോഗിച്ചുവരാറുള്ളതു്. ദുഃഖപൎയ്യവസായികളായ കഥകളുടെ അഭാവത്താലും മേൽപറഞ്ഞ ചടങ്ങുകളുടെ അംഗീകരണത്താലും സംസ്കൃതനാടകങ്ങൾക്കു പൊതുവെ ഒരുതരം ഗതാനുഗതികത്വം വന്നുപോയിട്ടുണ്ടെന്നു ചില അഭിജ്ഞന്മാർ അഭിപ്രായപ്പെടുന്നതു വാസ്തവമാണെങ്കിലും, സംസ്കൃതനാടകകൎത്താക്കളുടെ കഥാബന്ധചാതുൎയ്യം നിരാക്ഷേപമായ പ്രശംസയെ എന്നും ആൎജ്ജിക്കുന്നതാണ്.

൪. വില.

വില എന്നു പറയുന്നതു രണ്ടു പ്രകാരത്തിൽ വിചാരിക്കപ്പെടാവുന്നതാണ്. സാധാരണയായി വില എന്നു പറയുന്നതിന്റെ അൎത്ഥം ഒരു സാധനം വാങ്ങുകയോ കൊടുക്കുകയോ ചെയ്യുമ്പോൾ അതിനു പകരം കൊടുക്കുകയോ വാങ്ങുകയോ ചെയ്യുന്ന പണമെന്നാകുന്നു. എന്നാൽ ധനശാസ്ത്രത്തിൽ ഇതിനു കുറെ വ്യത്യസ്തമായ ഒരൎത്ഥവും കൂടിയുണ്ടു്. അതിൽ വില എന്നു പറയുന്നതു പദാൎത്ഥങ്ങളുടെ താരതമ്യമാകുന്നു. ഈ അൎത്ഥത്തിലുള്ള വില കണക്കാക്കുന്നതു് ഓരോ സാധനങ്ങളെ മറ്റോരോ സാധനങ്ങളോട് ഒത്തു നോക്കുന്നതിനാലാകുന്നു. ഒരുപറ കോതമ്പു കൊടുത്താൽ മൂന്നുപറ നെല്ലു കിട്ടുമെങ്കിൽ ഒരുപറ കോതമ്പിന്റെ വില മൂന്നുപറ നെല്ലാണെന്നു പറയാവുന്നതാണ്. ഇപ്രകാരമുള്ള വിലയിൽ രണ്ടുവിധത്തിൽ ഭേദഗതികൾ വരാവുന്നതാണ്. ഒന്ന് അന്തരസ്ഥമായ കാരണംകൊണ്ടും, മറ്റതു ബഹിഃസ്ഥമായ കാരണംകൊണ്ടുമാണ് ഇങ്ങനെ വരുന്നതു്. ഒരുപറ കോതമ്പിന്റെ വില സാധാരണയായി ഏകദേശം മൂന്നുപറ നെല്ലാകുന്നു. എന്നാൽ ചിലപ്പോൾ ഇതിൽനിന്നു വളരെ ഭേദപ്പെട്ടുകാണാറുണ്ടു്. ഒരുകൊല്ലത്തിൽ കോതമ്പുകൃഷിക്കു പ്രത്യേകമായി വളരെ ഗുണമോ ദോഷമോ ഉണ്ടായാലും നെൽകൃഷിക്കു് ആ പ്രകാരം തന്നെ ഉണ്ടായാലും കോതമ്പിന്റെ വിലയിൽ ഭേദഗതികൾ വരുന്നതാണു്. ഇതിൽ ആദ്യത്തേതു് അന്തരസ്ഥമായ കാരണംകൊണ്ടെന്നും രണ്ടാമത്തേതു ബഹിഃസ്ഥമായ കാരണംകൊണ്ടെന്നുമാണു പറഞ്ഞുവരുന്നതു്. വിലയുടെ അൎത്ഥം ഇങ്ങനെയാകുമ്പോൾ എല്ലാ സാധനങ്ങൾക്കും ഈ ആണ്ടിൽ വില അധികമാണെന്നു പറഞ്ഞു കേൾക്കുന്നതു് അബദ്ധമാണെന്നു സ്പഷ്ടമാണല്ലോ. നെ

ല്ലുകൊടുത്താൽ കഴിഞ്ഞ കൊല്ലത്തെക്കാൾ അധികം കോതമ്പു കിട്ടുമെന്നും കോതമ്പുകൊടുത്താൽ കഴിഞ്ഞകൊല്ലത്തെക്കാൾ അധികം നെല്ലു കിട്ടുമെന്നും ഏകകാലത്തിൽ വരുവാൻ പാടില്ലല്ലൊ.

വിലയുടെ ഈ അൎത്ഥത്തിൽ സാധാരണയായി ഉപയോഗിച്ചുവരുന്ന അൎത്ഥവും ഉൾപ്പെടുന്നതാണ്. ഒരു പറ അരിക്ക് ഒരു ഉറുപ്പിക വിലയാണെന്നു പറയുമ്പോൾ അരിയെന്ന സാധനത്തെയും ഉറുപ്പിക എന്ന സാധനത്തെയും സാദൃശ്യപ്പെടുത്തുകയാണു ചെയ്യുന്നതു്. ഇതിന്നു കോതമ്പും നെല്ലുംകൂടി സദൃശപ്പെടുത്തുന്നതിൽനിന്നു പറയത്തക്കതായ യാതൊരു വ്യത്യാസവും ഇല്ല. ഈ സംഗതി ഓൎമ്മവെച്ചാൽ നെല്ലുവില ഇപ്പോൾ പണ്ടത്തെക്കാൾ വളരെ അധികമാണെന്നു പറഞ്ഞുവരുന്നതിന്റെ അൎത്ഥം കുറെ ഭേദപ്പെടുന്നതാണ്. നെല്ലു പണ്ടത്തെപ്പോലെ വിളയുന്നില്ലെന്നു പറവാൻ യാതൊരു തെളിവുമില്ലെന്നു തന്നെയല്ല പണ്ടത്തെക്കാൾ വളരെ അധികം ദിക്കുകളിൽ ഇപ്പോൾ കൃഷി ചെയ്തുവരുന്നുണ്ടെന്നും സ്പഷ്ടമാണ്. അതുകൊണ്ട് ഈ വ്യത്യാസത്തിന്നു് അന്തരസ്ഥകാരണമൊന്നുമുണ്ടാവാൻ പാടില്ല; ബഹിസ്ഥകാരണമാണുള്ളതു്. അമ്പതു കൊല്ലമായിട്ടു് ആകരങ്ങളിൽനിന്നു സ്വൎണ്ണവും വെള്ളിയും അധികമായി എടുത്തുവരുന്നുണ്ടു്. ഇതുകൾക്ക മറ്റു ചില സാധനങ്ങളെപ്പോലെ നാശവുമില്ല. അതുകൊണ്ടു് ഉറുപ്പികയുടെ വില കുറയുകയാണ്. നെല്ലിന്റെ വില കൂടുകയല്ല ചെയ്തിട്ടുള്ളതെന്നു സ്പഷ്ടമാകുന്നു.

പദാൎത്ഥങ്ങൾക്ക വിലയുണ്ടാകുന്നതിന്നുള്ള കാരണമെന്താണെന്നു് ആലോചിപ്പാനുള്ളതാണ്. ഉപയോഗ്യത, പ്രയത്നസാദ്ധ്യത എന്നീ രണ്ടു ലക്ഷണങ്ങളുണ്ടാകുന്നതിനാലാണു പദാൎത്ഥങ്ങൾക്ക വിലയുണ്ടാകുന്നതു് എന്നാകുന്നു ധനശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. മനുഷ്യൎക്കു് ഒരു

പ്രകാരത്തിലും ഉപയോഗപ്പെടാത്ത ഒരു പദാൎത്ഥത്തിന്ന് ആരും വിലകൊടുക്കുന്നതല്ലെന്നു സ്പഷ്ടമാണല്ലോ. എന്നാൽ ചില സാധനങ്ങൾ എത്രതന്നെ ഉപയോഗമുള്ളവയാണെങ്കിലും അതുകൾക്ക് ആരും വിലകൊടുക്കുന്നതായി കാണുന്നില്ല. കാററ്, വെള്ളം, തീ മുതലായവ കൂടാതെ മനുഷ്യൎക്ക് ജീവധാരണം ചെയ്യുന്നതിന്നുകൂടെ അസാദ്ധ്യമാണെങ്കിലും അതുകളെ സാധാരണയായി ആരും വിലകൊടുത്തു വാങ്ങുന്നില്ല. എന്തുകൊണ്ടെന്നാൽ അവ വളരെ ഉപയോഗമുള്ള പദാൎത്ഥങ്ങളാണെങ്കിലും യാതൊരു പ്രയത്നവും കൂടാതെ ആവശ്യമുള്ളിടത്തോളം കിട്ടുന്നവയാകുന്നു. അതുകൊണ്ടു പദാൎത്ഥങ്ങൾക്കു വിലയുണ്ടാകുന്നതിന്ന് അതുകൾ ഉപയോജ്യങ്ങളായിരിക്കേണ്ടതിന്നു പുറമെ പ്രയത്നസാദ്ധ്യങ്ങളുമായിരിക്കണം.

വിലയുള്ള എല്ലാപദാൎത്ഥങ്ങളിലും ഈ രണ്ടു ലക്ഷണങ്ങളുമുണ്ടായിരിക്കുമെങ്കിലും ചിലതിൽ ഒരു ലക്ഷണം പ്രധാനമായും മററു ചിലതിൽ മററതു പ്രധാനമായും കാണാവുന്നതാണ്. ഒരു വലിയ മാവിൻെറ നാരായക്കൊമ്പത്തുനിന്നു പറിച്ച മാങ്ങയ്ക്കു നിലത്തുനിന്നു പറിച്ച ഒരു ചെറിയ മാവിൻെറ മാങ്ങയെക്കാൾ അധികം വില ആരും കൊടുക്കയില്ല. മുമ്പിലത്തേതു രണ്ടാമത്തേതിനേക്കാൾ അധികം പ്രയത്നംചെയ്തു കിട്ടിയതാണെങ്കിലും ഇവിടെ ഉപയോഗം പ്രധാനമാകകൊണ്ടു് അതു കിട്ടുന്നതിനുള്ള പ്രയത്നത്തെക്കുറിച്ചു് ആരും അത്ര വിചാരിക്കുന്നതല്ല. വളരെ വിലപിടിച്ച ഒരു വൈരക്കല്ലുമോതിരംകൊണ്ടുള്ള ഉപയോഗം എല്ലാവൎക്കും ഒരുപോലെ ആയിരിക്കാം. എന്നാൽ അതിൻെറ വിലകൊടുക്കുന്നതിന്നു വേണ്ട ധനം സമ്പാദിപ്പാൻ പ്രയത്നം ചെയ്യുന്നതിന്ന് എല്ലാവരും ഒരുപോലെ ഒരുങ്ങീട്ടുള്ളവരല്ല. ഇവിടെ പ്രയത്നസാദ്ധ്യതയാണു പ്രധാനമെന്നു തന്നെയല്ല പലരും ഇതിൻെറ ഉപയോജ്യതയെക്കുറിച്ചു വിചാരിക്കുകതന്നെ ചെയ്യുന്നില്ല.

ഒരു പദാൎത്ഥത്തിന്റെ വില സാധാരണയായി അതിന്റെ ഉല്പാദനത്തിന്നു വേണ്ട വ്യയത്തെ അനുസരിച്ചിരിക്കും. ഉല്പാദനവ്യയം എന്തെല്ലാമാണെന്ന് ആലോചിപ്പാനുള്ളതാണ്. ഭൂമിയിൽ നിന്നുണ്ടാകുന്ന പദാൎത്ഥമാണെങ്കിൽ അതിന്റെ ഉല്പാദനവ്യയം, ഭൂമിയുടമസ്ഥന്റെ ആദായമാകുന്ന പാട്ടവും വേലക്കാരുടെ കൂലിയും വിത്തു, വള്ളി, കന്നുകാലി മുതലായതിന്നു വേണ്ട മൂലധനം മുൻകൂറായി ചെലവു ചെയ്യുന്നവന്റെ ആദായവുമാകുന്നു. കൈത്തൊഴിലുകൊണ്ടുണ്ടാകുന്ന വസ്ത്രം മുതലായ സാധനങ്ങളുടെ ഉല്പാദനവ്യയത്തിൽ കൂലിയും മൂലധനക്കാരന്റെ ആദായവും മാത്രമേ പ്രധാനമായി ഗണിപ്പാനുള്ളൂ. പഞ്ഞിയുടേയും വസ്ത്രത്തിന്റേയും വിലകളുടെ അന്തരം വിചാരിക്കുമ്പോൾ ഭൂമിയുടമസ്ഥന്റെ ആദായം വളരെ തുച്ഛമാകുന്നു. ഇതുകൾക്കു പുറമെ അതാതു സാധനങ്ങൾ ആവശ്യമുള്ളിടത്തേക്കു കൊണ്ടുപോകുന്നതിനുള്ള ചെലവും ക്രയവിക്രയം ചെയ്യുന്നവരുടെ ആദായവും കണക്കാക്കേണ്ടതാണ്. വിലയെന്നു പറയുന്നതു ഇതെല്ലാം കൂടിയതാണെന്നു സാമാന്യമായി പറയാം.

വിലയെന്നതു് ഉല്പാദനവ്യയത്തെ അനുസരിക്കുന്നതിന്നു പുറമെ ആവശ്യോല്പാദനങ്ങളേയും കൂടി അനുസരിച്ചിരിക്കുന്നതാണ്. ആവശ്യത്തെ ഉല്പാദനത്തോടു സമമാക്കുന്ന വിധത്തിലായിരിക്കും പദാൎത്ഥങ്ങളുടെ വില. ഒരു പദാൎത്ഥത്തിന്നുള്ള ആവശ്യം വൎദ്ധിക്കുമ്പോൾ അതിന്റെ വില വൎദ്ധിക്കുകയും, ഉല്പാദനം വൎദ്ധിക്കുമ്പോൾ അതിന്റെ വില കുറയുകയും ചെയ്യും. അതുകൊണ്ടു് ആവശ്യം വൎദ്ധിക്കുമ്പോൾ വില വൎദ്ധിക്കുമെന്നു മുൻപറഞ്ഞതു ശരിയാണെങ്കിലും അവസാനത്തിൽ ആവശ്യവൎദ്ധനകൊണ്ടു വിലയ്ക്കു കുറവാണ് ഉണ്ടാകുന്നതു്. ഒരു വിശേഷമായ പാത്രം ഒരുവൻ ഉണ്ടാക്കി എന്നും, അതിന്നു ൨൦- ആവശ്യക്കാർ

ഉണ്ടെന്നും ഇരിക്കട്ടെ. അപ്പോൾ തനിക്കു കിട്ടുമെന്നുവച്ച് എല്ലാവരും അതിന്റെ വില കൂട്ടിക്കൂട്ടിവരുന്നതാണല്ലൊ. ഒടുവിൽ ഒൻപതാളുകൾ പിൻവാങ്ങി എല്ലാപേരെക്കാൾ അധികം വിലകൊടുക്കുന്നതായ പത്താമത്തെ ആൾക്ക് അതു കിട്ടും. ഈ ഉദാഹരണത്തിൽനിന്നു വില ആവശ്യത്തിനു ഉല്പാദനത്തോടു സമമാകുന്നു എന്നും, ആവശ്യം വർദ്ധിക്കുമ്പോൾ വിലയും വർദ്ധിക്കുമെന്നും സ്പഷ്ടമാകുന്നു. ഈ പാത്രം ഉണ്ടാക്കിട്ടുള്ളവന് അതിലാഭം കിട്ടിയെന്നു നിസ്സംശയമാണ്. വേലക്കാർ എല്ലായ്പോഴും ലാഭമുള്ള വ്യാപാരം നോക്കിക്കൊണ്ടിരിക്കുന്നവരാകയാൽ പലരും ഈ പാത്രമുണ്ടാക്കുവാൻ യത്നിച്ചുതുടങ്ങുമെന്നു പറയേണ്ടതില്ലല്ലൊ. അപ്പോൾ ഉല്പാദനം വളരെ വർദ്ധിക്കും. ഉല്പാദനം വർദ്ധിക്കുമ്പോൾ ആവശ്യക്കാർ മത്സരിച്ചു വിലകൂട്ടുകയില്ലെന്നുതന്നെയല്ല വേലക്കാർ താൻ ഉണ്ടാക്കിയതു മുമ്പിൽ വില്ക്കണമെന്നു മത്സരിച്ചു വില കുറയ്ക്കുകയും ചെയ്യും. അതുകൊണ്ട് ആവശ്യം വർദ്ധിക്കുമ്പോൾ വില വർദ്ധിക്കുമെന്നു പറയാമെങ്കിലും അവസാനത്തിൽ ആവശ്യവർദ്ധനംകൊണ്ടു വിലയ്ക്കു കുറവാണ് ഉണ്ടാകുന്നതെന്നു മുമ്പിൽ പറഞ്ഞതും ഈ ഉദാഹരണംകൊണ്ടു സ്പഷ്ടമാകുന്നു.

വിലയെ സംബന്ധിച്ചിടത്തോളം പദാർത്ഥങ്ങളെ മൂന്നുതരമായി ഭാഗിക്കാവുന്നതാണ്. ൧. അനന്യസാധാരണമായും ഉല്പാദനം വർദ്ധിപ്പിപ്പാൻ വയ്യാത്തതുമായുള്ള സാധനങ്ങൾ. ൨. ഉല്പാദനം വർദ്ധിക്കുന്നതിന് ഉല്പാദനവ്യയവും വർദ്ധിക്കേണ്ടതായ സാധനങ്ങൾ. ൩. ഉല്പാദനവ്യയം വർദ്ധിക്കാതെ ഉല്പാദനം വർദ്ധിപ്പിക്കാവുന്ന സാധനങ്ങൾ. ഇതിൽ മരിച്ചുപോയ ഒരു ചിത്രമെഴുത്തുകാരൻ എഴുതിയ ചിത്രം ഒന്നാമത്തേതിന്റെയും, ഭൂമിയിൽ നിന്നും ആകരങ്ങളിൽനിന്നും ഉണ്ടാകുന്ന സാധനങ്ങൾ രണ്ടാമത്തെ

തിന്റെയും, കൈത്തൊഴിൽകൊണ്ടുണ്ടാകുന്ന വസ്ത്രാദി സാധനങ്ങൾ മൂന്നാമത്തേതിന്റെയും ഉദാഹരണങ്ങളാകുന്നു. ഇതിൽ ഓരോന്നിന്റെ വിലയെ നിർണ്ണയിക്കുന്നതു താഴെ പറയുന്ന വിധത്തിലാണ്.

൧. ഒരു വസ്തുവിനുള്ള ആവശ്യം വർദ്ധിക്കുന്തോറും അതിന്റെ ഉല്പാദനവും വർദ്ധിക്കുമെന്ന് ഇതിനു മുമ്പിൽ പറഞ്ഞിട്ടുള്ളതു സാമാന്യമായി ശരിയാണെങ്കിലും എത്ര തന്നെ ആവശ്യമുണ്ടായിരുന്നാലും ഉല്പാദനത്തെ വർദ്ധിപ്പിപ്പാൻ അസാദ്ധ്യമായ സാധനങ്ങളുമുണ്ട്. മരിച്ചുപോയ ഒരു ചിത്രമെഴുത്തുകാരൻ എഴുതിയ ചിത്രം ഇതിനു ഉദാഹരണമാണ്. എന്നാൽ ഈ സാധനങ്ങളുടെ വിലയെ ക്ലിപ്തപ്പെടുത്തുന്നതും ആവശ്യത്തെ ഉല്പാദനത്തോടു തുല്യമാക്കുന്നതിനാലാകുന്നു. ഇവിടെ ആവശ്യമെന്നു പറഞ്ഞാൽ വെറും ആഗ്രഹമെന്നല്ല കൈവശപ്പെടുത്തുന്നതിനുള്ള ശക്തിയോടുകൂടിയ ആഗ്രഹമെന്നാണ് അർത്ഥം. മേൽപ്പറഞ്ഞ മാതിരിയിലുള്ള ചിത്രം കിട്ടിയാൽ കൊള്ളാമെന്ന് ആഗ്രഹിക്കുന്നവർ അനവധിയുണ്ടാകും. എന്നാൽ അതു കൈവശപ്പെടുത്തുന്നതിനുള്ള ശക്തിയോടുകൂടിയ ആഗ്രഹം ഒരുവനുമാത്രമേ ഉണ്ടാവാൻ പാടുള്ളൂ. അവൻ ആ ചിത്രത്തിനു മറ്റെല്ലാവരേക്കാളും അധികം വിലകൊടുപ്പാൻ ഒരുങ്ങിയിരിക്കും. അതുകൊണ്ട് ഉല്പാദനത്തെ വർദ്ധിപ്പിക്കുവാൻ വയ്യാത്ത സാധനങ്ങളുടെ വില ഉല്പാദനവ്യയത്തെ അനുസരിക്കാതെ ആവശ്യക്കാരുടെ ആഗ്രഹത്തെയും ശക്തിയേയും അനുസരിച്ചിരിക്കും. ആ ആഗ്രഹവും ശക്തിയും ഒരുവനു മറ്റെല്ലാവരേക്കാളധികമുണ്ടാകുന്നതായാൽ ഉല്പാദനവും ആവശ്യവും തുല്യമായി വരുന്നതാണല്ലോ. ഇങ്ങനെയുള്ള സാധനങ്ങൾക്കു കൊടുക്കുന്ന വിലയ്ക്കു സാധാരണയായി മോഹവിലയെന്നു പറയുന്നു.

൨. ഉല്പാദനം വർദ്ധിക്കുന്നതിന് ഉല്പാദനവ്യയവും

വൎദ്ധിക്കേണ്ടതായ സാധനങ്ങളുടെ വിലയെക്കുറിച്ചുമാണ് ഇനി ആലോചിപ്പാനുള്ളത്. ഭൂമിയിൽ നിന്നുണ്ടാകുന്ന ധാന്യാദികളും, ആകരങ്ങളിൽനിന്നുണ്ടാകുന്ന ലോഹങ്ങളും ഈ സാധനങ്ങൾക്ക് ഉദാഹരണങ്ങളാണെന്നു പറഞ്ഞിട്ടുണ്ടല്ലൊ. ഒരു ഗ്രാമത്തിൽ അഞ്ഞൂറു ജനങ്ങളുണ്ടെന്നും, അവൎക്കു വേണ്ടതിന്നുമാത്രമുള്ള നെല്ലുണ്ടാകുന്നതിന്നു ഫലവത്തായ ഭൂമി സമീപത്തിൽ തന്നെ ഉണ്ടെന്നും ഇരിക്കട്ടെ. അപ്പോൾ അവിടെയുണ്ടാകുന്ന നെല്ലിന്റെ വില ഭൂമിയുടെ ഉടമസ്ഥന്റെയും വിത്ത്, വളം, മുതലായതിന്നു ചെലവുചെയ്യുന്നവന്റെയും ആദായവും പ്രയത്നക്കാരുടെ കൂലിയും കൂടീട്ടുള്ള സംഖ്യയായിരിക്കും. ഇതുപ്രകാരം ഒരുപറ നെല്ലിന്നു കാൽ ഉറുപ്പിക വിലയാകുന്നു എന്നിരിക്കട്ടെ. അങ്ങിനെ കാലാന്തരത്തിൽ ആ ഗ്രാമത്തിൽ ജനങ്ങൾ വൎദ്ധിച്ചുവരുമ്പോൾ അവർ ഉപജീവനത്തിന്നു ഏറ്റവും ഫലവത്തായും സമീപത്തിലിരിക്കുന്നതായുമുള്ള ഭൂമിയിൽ മുഴുവൻ കൃഷിചെയ്യുന്നതുകൊണ്ട് അവൎക്കു വിളവുകുറഞ്ഞ ഭൂമിയിലോ കുറെ ദൂരത്തിലുള്ള ഭൂമിയിലോ നെല്ലുകൃഷി ചെയ്യേണ്ടിവരും. രണ്ടിലേതുവിധമായാലും മുമ്പിലുണ്ടായിരുന്നതിൽ ഇരട്ടി നെല്ലുണ്ടാകുന്നതിന്നു മുമ്പുണ്ടായിരുന്ന ഉല്പാദനവ്യയത്തിൽ ഇരട്ടിയിലധികം വേണ്ടിവരും. വിളവുകുറഞ്ഞ ഭൂമിയിലാകുന്നെങ്കിൽ വളരെ അധികം ദിക്കിൽ കൃഷിചെയ്യേണ്ടിവരും. അപ്പോൾ ഉല്പാദനവ്യയവും വളരെ വൎദ്ധിക്കും. കുറെ ദൂരത്തിലുള്ള ഭൂമിയിലാണെങ്കിൽ നെല്ല് അവിടെനിന്നു ഗ്രാമത്തിലേക്കു കൊണ്ടുവരുന്നതിന്നുള്ള ചെലവുംകൂടി വേണ്ടിവരും. അതുകൊണ്ട് ഏതുവിധമായാലും അഞ്ഞൂറിൽ അധികമായി വൎദ്ധിച്ച ജനങ്ങൾക്കു വേണ്ട നെല്ലിന്ന് ആദ്യമായി കൃഷിചെയ്തുവന്നിരുന്ന സ്ഥലത്തിലുണ്ടാകുന്ന നെല്ലിനെക്കാൾ അധികം വിലകൊടുക്കേണ്ടിവരും. എന്നാൽ ഗ്രാമക്കാരിൽ ചിലർ അങ്ങിനെ അധിക

വിലകൊടുത്തു നെല്ലു വാങ്ങുന്നതു് കാണുമ്പോൾ മുമ്പില്ലാത്ത കൃഷിക്കാരും ആ അധികവിലയെ നിസ്സംശയമായി ആവശ്യപ്പെടുമെന്നു സ്പഷ്ടമാണല്ലോ. അപ്പോൾ ആ ഗ്രാമത്തിലുള്ളവർ നെല്ലിന്നെല്ലാം പറക്കു കാൽ ഉറുപ്പികയിലധികം കൊടുക്കേണ്ടിവരും. അതുകൊണ്ടു് ഒരു രാജ്യത്തേക്കു് ആവശ്യമുള്ള നെല്ലിൽ ഏതു് ഓഹരിക്കോ ഉല്പാദനവ്യയം അധികം വേണ്ടിവരുന്നു, ആ ഓഹരിയുടെ വിലയായിരിക്കും അവിടെ ആവശ്യമുള്ള മുഴുവൻ നെല്ലിന്റെയും വില. മററു ധാന്യങ്ങളുടെയും സസ്യങ്ങളുടെയും ലോഹങ്ങളുടെയും വില ഇങ്ങനെതന്നെ ഇരിക്കുന്നതാണു്.

മേല്പറഞ്ഞ സംഗതികളിൽനിന്നു ജനവർദ്ധനം നെൽവില വർദ്ധിക്കുന്നതിനുള്ള കാരണങ്ങളിലൊന്നാണെന്നു സ്പഷ്ടമാകുന്നു. ഉല്പാദനം ആവശ്യത്തോടു തുല്യമാകയും ഉല്പാദനവർദ്ധനയ്ക്കു് ഉല്പാദനവ്യയം വർദ്ധിക്കുകയും ചെയ്യേണ്ടിവരുമ്പോൾ ജനങ്ങൾ വർദ്ധിക്കുന്നതുകൊണ്ടു നെൽവില വർദ്ധിക്കാതെ പാടില്ലല്ലോ. ഈ ദോഷത്തിന്റെ നിവാരണത്തിനു രണ്ടു മാർഗ്ഗമുണ്ടു. ൧. മററു രാജ്യങ്ങളിൽനിന്നു ധാന്യങ്ങൾ കൊണ്ടുവരിക. ൨. കൃഷിപ്പണി സുകരമാകുന്നതിനു വേണ്ട പരിഷ്കാരങ്ങൾ ചെയ്യുക. മററു രാജ്യങ്ങളിൽനിന്നു ധാന്യങ്ങൾ കൊണ്ടുവരുന്നതിനു പകരം കൊടുപ്പാൻ ഉപയുക്തസാധനങ്ങൾ ധാരാളമായുണ്ടായിരിക്കണം. അതില്ലാതെയിരുന്നാൽ നമ്മുടെ രാജ്യത്തിൽ ആദ്യത്തെ മാർഗ്ഗം അസാദ്ധ്യമായിട്ടുള്ളതാണു്. അതുകൊണ്ടു നമ്മൾ രണ്ടാമത്തെ മാർഗ്ഗമാണു നോക്കേണ്ടതു്. രസശാസ്ത്രനിർദ്ദിഷ്ടങ്ങളായ വളങ്ങൾ ചേർക്കുകയും ആവിയന്ത്രങ്ങൾ ഉപയോഗിക്കുകയും മററും ചെയ്തു കൃഷികാര്യത്തിൽ ഉല്പാദനവ്യയം കുറയ്ക്കുകയും വിളവു വർദ്ധിപ്പിക്കുകയും ചെയ്യുന്നതുകൊണ്ടു വളരെ ഗുണങ്ങൾ സിദ്ധിക്കുന്നതാണു്.

ഇനി ആലോചിപ്പാനുള്ളതു കൈത്തൊഴിലുകൊണ്ടുണ്ടാകുന്ന സാധനങ്ങളുടെ വിലയെ കുറിച്ചാകുന്നു. ഇവകൾ ഉല്പാദനവ്യയം വൎദ്ധിക്കാതെ ഉല്പാദനം വൎദ്ധിപ്പിക്കാവുന്ന സാധനങ്ങളാകുന്നു. ഇതിന്റെ അൎത്ഥം എന്താണെന്നു വച്ചാൽ ഏതെങ്കിലും പത്തു പാത്രമോ മേശയോ ഉണ്ടാക്കുന്നതിനുള്ള ചെലവു് അഞ്ചു പാത്രമോ മേശയോ ഉണ്ടാക്കുന്നതിനുള്ള ചെലവിൽ ഇരട്ടിയിലധികം വേണ്ടിവരില്ല. എന്നുതന്നെയല്ല വളരെ അധികം ഉണ്ടാക്കുമ്പോൾ ആവിയന്ത്രങ്ങളും മററും ഉപയോഗിക്കാവുന്നതുകൊണ്ടു ശരാശരി ചെലവു കുറവാകുന്നതുമാണു്. കൃഷികാൎയ്യത്തിലിങ്ങനെയല്ലെന്നു മുമ്പിൽകാണിച്ചിട്ടുണ്ടല്ലോ. ഇതാണു വിലയെ സംബന്ധിച്ചേടത്തോളം ഈവക സാധനങ്ങളും ധാന്യാദികളും തമ്മിലുള്ള വ്യത്യാസം.

കൈത്തൊഴിൽകൊണ്ടുണ്ടാകുന്ന സാധനങ്ങളുടെ ഉല്പാദനവ്യയത്തിൽ കാൎയ്യമായിട്ടു വേലക്കാരുടെ കൂലിയെ മാത്രമെ കണക്കാക്കുവാനുള്ളൂ. ഘടികാരത്തിൽ ഉപയോഗിക്കപ്പെടുന്ന ഇരുമ്പുച്ചങ്ങല ഒരു റാത്തലിന്നും സാധാരണ ഇരുമ്പു നാലായിരം റാത്തലിന്നും വില ശരിയാണെന്നു ഇതിന്നു മുമ്പിൽ പറഞ്ഞിട്ടുണ്ടല്ലോ. ഈ ച്ചങ്ങലയുടെ വില കണക്കാക്കുമ്പോൾ ഇരുമ്പിന്റെ വിലയെക്കുറിച്ചു ആലോചിപ്പാനില്ലെന്നുതന്നെ പറയാം. അതുകൊണ്ടു ഈവക സാധനങ്ങളുടെ ഉല്പാദനവ്യയത്തിന്റെ പ്രധാനാംശം കൂലിതന്നെയാണു്. മൂലധനത്തിന്റെ ആദായം അതിൽ വളരെ താണതായ ഒരു അംശവുമാകുന്നു. ഈ രണ്ടു് ഇനങ്ങളും കൂടിയതായിരിക്കും ഈവക സാധനങ്ങളുടെ വിലയെന്നു ഏകദേശം പറയാവുന്നതാണു്.

൩. ആൎയ്യപുരാതനന്മാർ.

ആൎയ്യന്മാർ എന്ന ശബ്ദംകൊണ്ടു വായനക്കാർ മുമ്പിൽ മനസ്സിലാക്കുന്നതു ഹിന്ദുക്കളിൽ ഉയൎന്ന ജാതിക്കാരെയാകുന്നു. എന്നാൽ ഈ ശബ്ദം ഹിന്ദുക്കളെയും ഇൻഡ്യയെയും ഇപ്പോൾ ഭരിക്കുന്നവരും ഹിന്ദുക്കളാൽ മ്ലേച്ഛന്മാർ എന്നു പറയപ്പെടുന്നവരും ആയ ഇംഗ്ലീഷുകാരെയും കൂടി ഉൾപ്പെടുത്തും എന്നു പറഞ്ഞാൽ അതു വളരെ ആളുകളുടെ വൈചിത്ര പുത്തരിയായി തോന്നുകയില്ലയോ എന്നു ഞാൻ സംശയിക്കുന്നു. വിശേഷിച്ച് ഇംഗ്ലീഷുകാർ മാത്രമല്ല ഏഷ്യയിൽ ഇപ്പോഴുള്ള പെൎഷ്യൻജാതിക്കാർ, യൂറോപ്പിൽ ഇപ്പോഴുള്ള ജൎമ്മൻജാതിക്കാർ, ഗ്രീക്ക് എന്നു പറയുന്ന യവനജാതിക്കാർ, ലാററിൻജാതിക്കാർ, ചില്ലറയായി വേറെയും ചില ജാതിക്കാർ ഇവർ എല്ലാവരും ആൎയ്യപുരാതനവൎഗ്ഗത്തിന്റെ ഓരോ ശാഖകളാകുന്നു എന്നും ഇവരും ഹിന്ദുക്കളും എല്ലാം പുരാതനമായ ഒരു കാലത്തു ഒരു ദിക്കിൽ ഒരു യോഗമായി താമസിച്ചുവന്നിരുന്നു എന്നും ഒരേപ്രകാരമുള്ള സാമൂഹ്യാചാരങ്ങളോടും മതവിശ്വാസങ്ങളോടും അനുഷ്ഠാനങ്ങളോടുംകൂടി കാലം കഴിച്ചുവന്നിരുന്നു എന്നും ഇപ്പോൾ നിസ്സംശയമായി തീൎച്ചവന്നിട്ടുള്ളതാകുന്നു.

ഇങ്ങനെ തീൎച്ചപ്പെടുത്തുവാൻ ഇവർ ഒരുമിച്ചു താമസിച്ചുവന്നിരുന്ന കാലത്തെ വല്ല ശിലാരേഖകളോ ഗ്രന്ഥവരികളോ മറ്റു വല്ല റിക്കാൎഡുകളോ വല്ലവരുടെയും കൈവശം കിട്ടിയിട്ടുണ്ടായിരിക്കുമോ? അങ്ങിനെയൊന്നുമല്ല. ആ കാലം മനുഷ്യരുടെ അഭിപ്രായം എഴുത്തു മൂലം അറിയിപ്പാനുള്ള ലിപികൾതന്നെ കണ്ടുപിടിച്ചിട്ടില്ലാത്ത ഒരു കാലമായിട്ടാണു വിചാരിപ്പാൻ ന്യായമുള്ളതു്.

എന്നാൽ, പിന്നീട് ഈ വൎഗ്ഗക്കാർ ഓരോ ശാഖകളായി പിരിഞ്ഞതിന്റെ ശേഷം ലിപികൾ കണ്ടുപിടിച്ചു് എഴുതിവച്ചിട്ടുള്ള അവരുടെ പുരാതനഗ്രന്ഥപരമ്പരകളിൽനിന്നും ഏതൽകാലങ്ങളിൽ അവർ ഉപയോഗിക്കുന്ന ഭാഷകളിൽനിന്നും കിട്ടുന്ന പല അഭിപ്രായങ്ങളും വാക്കുകളും തമ്മിൽ താരതമ്യപ്പെടുത്തി നോക്കി ഉണ്ടാക്കീട്ടുള്ള ഊഹമാണു് ഈ സിദ്ധാന്തത്തിന്നു് അടിസ്ഥാനമായിരിക്കുന്നതു്.

ഭാരതഖണ്ഡത്തിന്റെ വടക്കെ അതിർത്തിക്കു് ഒരു മാനദണ്ഡമായി ഉടനീളം കിഴക്കുപടിഞ്ഞാറായി കിടക്കുന്ന ഹിമവാൻപൎവ്വതത്തിന്റെ വടക്കുപടിഞ്ഞാറു മദ്ധ്യഏഷ്യാഖണ്ഡത്തിൽ ഒരു ഉയൎന്ന പ്രദേശമുള്ളതാണു് ആൎയ്യപുരാതനന്മാരുടെ മൂലസങ്കേതസ്ഥാനം എന്നു ഇപ്പോൾ ഊഹിക്കപ്പെട്ടിട്ടുള്ളതു്. അവിടെ ജനങ്ങൾ വൎദ്ധിച്ചപ്പോൾ ആ വൎഗ്ഗത്തിൽനിന്നും ഓരോരോ ശാഖകൾ പല വഴിക്കും പിരിഞ്ഞു പോയിത്തുടങ്ങി. തെക്കുപടിഞ്ഞാട്ടു പോയ ഒരു ശാഖ പേർഷ്യാരാജ്യത്തു കുടിയേറിപ്പാൎത്തു് ആ രാജ്യത്തിന്നു് അധികൃതന്മാരായിത്തീൎന്നു. അവർ ഒരുവിച്ചു അവർ എഴുതിവച്ച ഗ്രന്ഥങ്ങളിലെ ഭാഷയ്ക്കു സെൻഡ് എന്നാണു പേർ. ഈ സെൻഡുഭാഷയിൽനിന്നു പരിണമിച്ചുണ്ടായതാകുന്നു ഇപ്പോഴുള്ള പേർഷ്യൻജാതിക്കാർ ഉപയോഗിക്കുന്ന പേർഷ്യൻഭാഷ. ആൎയ്യമൂലവൎഗ്ഗത്തിൽനിന്നോ, അല്ലെങ്കിൽ പേർഷ്യയ്ക്കുപോയ ശാഖയിൽനിന്നോ ഓരോ കാലങ്ങളിൽ പിരിഞ്ഞുപോയ മൂന്നു ശാഖകളിൽ ഓരോന്നായി വിചാരിക്കപ്പെടാവുന്നതാകുന്നു (i) ഗ്രീക്കരാജ്യത്തെ കുടിയേറിപ്പാൎത്തു് അവിടെ അധികൃതന്മാരായ ഗ്രീക്കുഭാഷ ഉപയോഗിച്ചു വന്നതും, (ii) ഇററലിരാജ്യത്തു ചെന്നു റോമസാമ്രാജ്യത്തെ സ്ഥാപിച്ചു ലാററിൻഭാഷ ഉപയോഗിച്ചു വന്നതും, (iii) ജൎമ്മനിരാജ്യത്തു ചെന്നു ഗാത്തിക്കു ഭാഷ ഉപയോഗിച്ചുവന്നതും ആയ ജാതിക്കാർ.

മദ്ധ്യ ഏഷ്യയിൽനിന്ന തെക്കുകിഴക്കായി പിരിഞ്ഞുപോന്ന ഒരു ശാഖയാകുന്നു ഹിമവാന്റെ പശ്ചിമോത്തരഭാഗത്തിലുള്ള ഇടവഴികളിൽ കൂടി കടന്ന 'ബ്രഹ്മാവൎത്തമെന്ന്' അവർ പേർവിളിച്ചുവന്നിരുന്ന സിന്ധുനദീതീരപ്രദേശങ്ങളിൽ കുറെക്കാലം താമസിച്ച ജനങ്ങൾ അവിടെയും വൎദ്ധിച്ചപ്പോൾ ഹിമവാന്റെ താഴ്വര പിടിച്ചു കിഴക്കോട്ടുനീങ്ങി ഭാരതവൎഷം എന്നു പറയുന്നതും ഹിമവാന്റെയും വിന്ധ്യന്റെയും മദ്ധ്യേ കിടക്കുന്നതും ആയ ഗംഗാതീരപ്രദേശങ്ങളിലും മററും പാൎത്തു പാശ്ചാത്യപണ്ഡിതന്മാൎക്കുകൂടി അത്യാശ്ചൎയ്യബഹുമാനാദികളെ ജനിപ്പിക്കുന്ന അനേകഗ്രന്ഥപരമ്പരകളെ സൎവപ്രകാരേണയും സംസ്കൃതം എന്ന പേരിന്ന യോഗ്യമായ ഒരു ഭാഷയിൽ നിൎമ്മിച്ച് ഐഹികപാരത്രികവ്യവഹാരങ്ങളെപ്പററിയുള്ള അനേകസൂക്ഷ്മതത്വങ്ങളെയും കണ്ടുപിടിച്ചു ചാതുൎവൎണ്യങ്ങളായ ജാതിവ്യവസ്ഥകളോടുകൂടി സൎവഥാ ആൎയ്യന്മാർ എന്ന ശബ്ദത്തിന്ന് അൎഹത സമ്പാദിച്ചവരായ ഹിന്ദുക്കൾ.

ആൎയ്യപുരാതനചരിത്രത്തിൽ മേല്പറഞ്ഞ പ്രകാരമുള്ള ശാഖകൾ എല്ലാം പിരിഞ്ഞുപോയതു ഹിന്ദുക്കൾ അനാദി എന്നു പറയുന്ന അവരുടെ വേദങ്ങൾ തന്നെ ഉണ്ടാകുന്നതിന്നും എത്രയോ മുമ്പായിരിക്കണം. എന്തുകൊണ്ടെന്നാൽ അവരുടെ വേദങ്ങളിൽ ഏററവും പുരാതനമായ 'ഋഗ്വേദം' തന്നെ അവർ ബ്രഹ്മാവൎത്തത്തിൽ പാൎത്തിരുന്ന കാലത്ത് ഉണ്ടായതായി വിചാരിപ്പാൻ ആ വേദത്തിൽ തന്നെ തെളിവുകൾ ഉള്ളതാകുന്നു. 'ഋഗ്വേദം' ഉണ്ടാക്കിയതു കലിവൎഷാരംഭത്തിന്നും മുമ്പായ (5000 കൊല്ലങ്ങൾക്കുമുമ്പ്) ഒരു കാലത്തായിരിക്കും എന്നു പറഞ്ഞാൽ അധികം തെററിപ്പോകുവാനെളുപ്പമുള്ളതല്ല.

വളരെക്കാലം മുമ്പു മുതല്ക്കുതന്നെ, ഈ അഞ്ചു ശാഖകളും ഉപയോഗിച്ചുവന്നിരുന്ന 'സെൽറ്റ്,' ഗ്രീക്ക്,

'ലാററിൻ', 'ഗാതിക്ക്' സംസ്കൃതം എന്നീഭാഷകൾ മൃതഭാഷകളായി തീൎന്നിരിക്കുന്നു. അതായതു യാതൊരു ജനസമൂഹവും വളരെക്കാലം മുമ്പുമുതല്ക്കു ഈ ഭാഷകളെ നിത്യത സംസാരത്തിൽ ഉപയോഗിക്കാറില്ല. എന്നാൽ മേല്പടി ഭാഷകൾ ഇപ്രകാരം മൃതഭാഷകളാണെങ്കിലും, സംസ്കൃതത്തിൽനിന്നു ജനിച്ചിട്ടുള്ളതായ 'ഗുജറാട്ടി', 'മറാത്തി', 'പാലി' മുതലായ ചില താണതരം ഭാഷകൾ ഇൻഡ്യയിൽ ഓരോ ജനസമൂഹങ്ങൾ അവിടവിടെ സംസാരഭാഷയായി ഉപയോഗിക്കാറുള്ളതുപോലെ തന്നെ യൂറോപ്പിലും മറുഭാഷകളിൽനിന്നു ജനിച്ചു അവാന്തരഭാഷകൾ ഉപയോഗിച്ചുവരാറുണ്ട്.

മുൻപറഞ്ഞ ആൎയ്യശാഖകളിൽ ഒന്നായി പറയപ്പെടുന്ന ജൎമ്മൻ അല്ലെങ്കിൽ 'ട്യൂട്ടൻ' എന്ന ജാതിക്കാരാകുന്നു പിന്നീടു വളരെ ബലവീൎയ്യപരാക്രമികളായി തീൎന്നു ക്രിസ്തുവൎഷത്തിന്റെ ആദികാലമായ ഏകദേശം 2000 കൊല്ലങ്ങൾക്കുമുമ്പു റോമാസാമ്രാജ്യത്തെ ആക്രമിച്ചു് അതിന്റെ യൂറോപ്പിലുള്ള സാമാന്യം ഭാഗങ്ങൾക്കും അധികൃതന്മാരായിത്തീൎന്നതു് എന്നും, ഈ ജൎമ്മൻ ശാഖയിൽനിന്നു പിരിഞ്ഞുപോയി ഇംഗ്ലണ്ടിൽ ചെന്നു കുടിയേറിപ്പാൎത്തവരുടെ സന്തതികളാകുന്നു ഇപ്രകാരം നമ്മെ ഭരിക്കുന്ന ഇംഗ്ലീഷുകാർ എന്നുമുള്ള സംഗതികൾ ചരിത്രപ്രസിദ്ധങ്ങളാണല്ലോ.

മേൽവിവരിച്ചതിൽ സാരമായി പുറപ്പെടുവിച്ചിട്ടുള്ള സിദ്ധാന്തത്തിന്റെ അടിസ്ഥാനം മേൽപറഞ്ഞ പല വൎഗ്ഗക്കാരും പണ്ടുകാലങ്ങളിൽ ഉപയോഗിച്ചു വന്നിരുന്നതും ഇപ്രകാരം ഉപയോഗിച്ചുവരുന്നതും ആയ ഭാഷകളെ താരതമ്യപ്പെടുത്തി നോക്കി ഉണ്ടാക്കീട്ടുള്ള ഊഹമാണെന്നു ആദ്യം തന്നെ പ്രസ്താവിച്ചിട്ടുണ്ടല്ലോ. എന്നാൽ അതു കേവലം ഊഹമാണെന്നുമാത്രം വിചാരിപ്പാൻ പാടില്ലാതെയും, ആ ഭാഷകളിലെ അനേക വാക്കുകൾക്കുള്ള ശബ്ദാൎത്ഥസാമ്യങ്ങൾ കേവലം ആകസ്മികമായി സംഭവിച്ചതാണെന്നു വിചാരിപ്പാൻ വളരെ

പ്രയാസമുള്ളതായും കാണുന്നതിനാൽ ആ വക ജാതിക്കാരെല്ലാം മനുഷ്യസൃഷ്ടിയിൽ ആദ്യത്തെ നാല്പതുകൾ വെവ്വെറെയായി ക്കിടാക്കട്ടെ എന്നെങ്ങും ഒരുകാലത്തു് തെളിച്ചു തന്നിട്ടു് ഒരെ ഭാഷ സംസാരിച്ചു വന്നിരുന്ന എന്നു നിശ്ചയമായും പറവാനുമാകുന്നു. ഇവർ സംസാരിച്ചുവന്ന ഭാഷകൾ റിക്കാട്ടിലായി തുടങ്ങിയതിന്റെ മുമ്പു മുതല്ക്കു തന്നെ തെളിച്ചു താമസിച്ചു വന്ന കാലങ്ങളിൽ ഓരോ അഭിപ്രായങ്ങളെ കാണിപ്പാൻ ഉപയോഗിച്ചുവന്നിരുന്ന വളരെ വാക്കുകളും കാലക്രമം കൊണ്ടു് അല്പാല്പമായി ഭേദപ്പെട്ട് പരസ്പരം സംബന്ധം അറിവാൻ പാടില്ലാത്തവിധത്തിൽ ആവുകയും, ആ അഭിപ്രായങ്ങളെ കാണിപ്പാനായിത്തന്നെ മററു വാക്കുകൾ ഉണ്ടാകുകയും, ഈ ഭാഷകൾ സംസാരിച്ചുവന്നിരുന്ന ജാതിക്കാരൊടുകൂടി യോഗം ഉണ്ടായതുമൂലം ആ ഭാഷകളിലുള്ള വാക്കുകൾ കൂടി ഉപയോഗിച്ചു തുടങ്ങുകയും, കാലക്രമേണ രണ്ടാമതു പറഞ്ഞ കൂട്ടത്തിലുള്ള വാക്കുകൾ സാധാരണമായി ഉപയോഗിച്ചു വന്നു് ആദികാലങ്ങളിൽ ഉപയോഗിച്ചുവന്നിരുന്ന വാക്കുകൾ ചിലപ്പോൾ വെറും പുസ്തകങ്ങളിൽ മാത്രമായി കലാശിക്കുകയും, അവയിൽ തന്നെ ചിലതു് ഉപയോഗിക്കാതെ നശിച്ചുപോകയും, എല്ലാം ഉണ്ടായിരിക്കും എന്നതു നിശ്ചയംതന്നെ. എന്നാൽ ഈ വകയിൽ നിന്നും അധികം സാധാരണമായി ഉപയോഗിക്കാതെ നിവൃത്തിയില്ലാത്ത വളരെ വാക്കുകൾ അല്പമാത്രമായ ഭേദം പ്രാപിച്ചു [illegible] ഈ വർഗ്ഗക്കാരുടെ [illegible] ഒന്നാണെന്നുള്ളതും നിശ്ചയംതന്നെ. ആര്യന്മാരുടെ ഭാഷയിൽനിന്നു ജനിച്ചതായി പറയപ്പെടുന്ന എല്ലാ ഭാഷകളിലും പ്രത്യേകം പ്രത്യേകമായി സംബന്ധപ്പെട്ട വാക്കുകളെ ചൂണ്ടിക്കാണിക്കുകയൊ ഉള്ള വാക്കുകളെ മുഴുവൻ എടുത്തു കാണിക്കുകയൊ ചെയ്യുന്നതു് ഈ ലേഖനത്തിൽ പ്രയാസമായിരിക്കും. അതുകൊണ്ടു് ഈ സിദ്ധാന്തത്തിന്റെ സാക്ഷിയായി ഒരു ബോധം വരില്ലാത്ത വായനക്കാൎക്കു് ഉണ്ടാകുവാൻവേണ്ടിമാത്രം ചില ഉദാഹരണങ്ങളെ ഒരു പട്ടികയായി കാണിക്കാം.

	ഇംഗ്ലീഷ്	ലാററിൻ	ഗ്രീക്ക്	ഗാത്തിക്ക (ജർമ്മൻ)	സെൻഡ് (പെർഷ്യൻ)	സംസ്കൃതം
അച്ഛൻ	ഫാദർ	പേറ്റർ	പേറ്റർ	ഫാഡർ	പ്തർ	പിതൃ
അമ്മ [ൻ	മദർ	മേറ്റർ	മേറ്റർ	മടർ	മിടർ	മാതൃ
സഹോദരൻ	ബ്രദർ	ഫ്രേറ്റർ	ഫ്രേറ്റർ	ബ്രൂവാഡർ	ബ്രാതർ	ഭ്രാതൃ
സഹോദരി	സിസ്റ്റർ	സോറർ	...	സ്വിസ്റ്റർ	...	സ്വസൃ
മകൻ	സൺ	... (സോറർ)	...	സൂനുസ്	...	സൂനു
മകൾ	ഡാട്ടർ	...	തുഗതർ	ദൌഹതർ	ദഘ്തർ	ദുഹിതൃ
മൂക്ക്	നോസ്	നേസസ്	...	നാസി	...	നാസ
കണ്ണ്	ഐ	ഓക്കുലസ്	...	ഔകാസ്	...	അക്ഷ
പുരികം	ബ്രൗ	...	...	...	അബ്രു	ഭ്രൂ
പല്ല്	ടൂത്ത്	ഡെൻ്റ്	...	...	ദന്ത	ദന്ത
കയ്യ്	ഹാൻഡ്	...	...	ഹന്തൻ	ബാസു (ദസ്തു)	ബാഹു
കാല്	ഫുട്ട്	പെഡിസ്	പൊഡസ്	ഫോട്സ്	...	പാദ്
ദ്വാരി	ഡോറ	ഫൊറി	...	...	(ദ്വാരി)	ധുരാ (ദ്വാർ)
ചൂട്	...	...	താർമാസ്	...	ഗരെമ	ഘർമ്മ
ഒന്ന്	വൺ (ഏ)	...	...	...	...	ഏക
രണ്ട്	(ട്വെയിന)	ഡുവാ	ഡുവാ	ത്സ്വായി	...	ദ്വ
മൂന്ന്	ത്രീ (ട്രെ	ട്രെസ്	ട്രെയ്സ്	...	...	ത്രി
നാല്	(ഫോർ) ക്വ	ക്വാട്ടുവർ	ടെസ്സറിസ്	...	...	ചത്വാര
അഞ്ച്	(ഫൈവ്) പെ	...	പെൻററി	...	...	പഞ്ച
ആറ്	സിക്സ് (ൻററ്	സെക്സ്	ഹെക്സ്	സെമ്സ	ഷഷ്	ഷഷ്
ഏഴ്	സെവൻ	സെപ്ടം	ഹെപ്റ്റ	സിബൺ	...	സപ്തം

	ഇംഗ്ലീഷ്	ലാററിൻ	ഗ്രീക്ക്	ഗാതിക്ക (ജർമ്മൻ)	കെൽറ്റ് (ഐറിഷ്)	സംസ്കൃതം
എട്ട്	എയിട്ട്	ഓക്റ്റോ	ഓക്റ്റോ	അഹ്ട്	...	അഷ്ട
ഒമ്പത്	നൈൻ	നോവം	എന്നിയ	...	...	നവ
പത്ത്	ടെൻ	ഡെശം	ഡെക	ടൈഹൻ	...	ദശ
പശു	കൗ	...	...	കീ	...	ഗോ
അകിട്	ഉഡ്ഡർ	ഊബർ	ഔതർ	ഊഡ്യർ	...	ഊധ
കൊഴു	പ്ലൗ	...	...	പ്ലൂഗ്	...	ഫാല
നുകം	യോക്ക്	ഇയുഗം	സ്യുഗോൺ	ജുക	...	യുഗം
ആട്	യൂ	ഒവിസ്	ഓയിസ്	ഔവി	...	അവി
കാള	ഓക്സ്	...	...	...	...	ഉക്ഷ
കുതിര	ഹോഴ്സ്	...	ഇക്കസ് (ഹി[illegible]	...	...	അശ്വ (ഘോ[illegible]
തീ	...	ഇഗ്നിസ്	... [illegible]സ്സ്)	...	...	അഗ്നി ([illegible]ൻ
വെള്ളം	വാട്ടർ	ഉദ	...	...	...	ഉദകം
പകൽ	ഡേ	...	...	...	...	ദിവ
രാത്രി	നൈററ്	നക്സ്	...	നക്ത	...	നക്ത
കിഴക്ക്	ഈസ്റ്റ്	...	ഒയസ്സ്	ഔസ്റ്റ്	...	ഉഷ
വലത്ത്	...	ഡെക്സ്റ്റർ	ഡെക്സിതെരൊസ്	...	...	ദക്ഷിണാ
അച്ചുതണ്ട്	ആക്സിസ്	ആക്സിസ്	ആക്സോസ്	അഹ്സ്	...	അക്ഷ
ഇരുമ്പ്	അയേൺ	...	...	എയിസൻ	...	അയസ്
പൊന്ന്	...	...	...	...	സ്വർണ	സുവർണ്ണ
വീട്	ഹൗസ്	...	...	ഹൗസ്	...	കോശ
വാതിൽ	ഡോർ	ഫോറസ്	തുര	[illegible]	...	[illegible]

	ഇംഗ്ലീഷ്	ലാററിൻ	ഗ്രീക്ക്	ഗാത്തിക്ക് (ജർമ്മൻ)	സെൽഡ് (ചെൾട്ട്യാർ)	സംസ്കൃതം
വണ്ടി	വാഗൺ	...	വാജൻ	...	...	വാഹന
ചുവന്ന	റെഡ്	...	...	റാതഃ	...	രക്ത
കുറുക്കൻ	ജാക്കാൾ	...	...	...	ഷെഗാൾ	സൃഗാല
എലി	മൌസ്	മസ്	മൂസ്	മാവുസ്	മൂഷ്	മൂഷ
ഒട്ടകം	കാമെൽ	കമലൂസ്	കാമിലൂസ്	...	...	ക്രമേള
കൊതു	മസ്കിറൊ	മസ്കാ	...	...	...	മശക
ചക്കര	ഷുഗർ	ശക്കരാൺ	ശക്കരാൺ	...	ശക്കർ	ശർക്കര
മധുരം	സ്വീററ്	...	...	...	...	സ്വാദു
പുതിയ	ന്യൂ	നൊവുസ്	...	ന്യൂ	...	നവ
എടുക്കുക	ബെയർ	ഫെറി	ഫെറെയിൻ	ബറെയിൻ	...	ഭൃ
തിന്നുക	ഈററ്	എഡെറി	എഡെയിൻ	ഇടാൻ	...	അദ്
ഞാൻ	ഐ	ഈഗൊ	ഇഗൊ	ഇച്ച	...	അഹം
എന്നെ	മി	മി	ഇമി	മിച്ച്	...	മെ
നീ	ദൌ (യു)	തു	തു (യുമെയി)	ദു (ജസ്സ്)	...	ത്വം (യൂയം)
ഇല്ല	നൊ	നീ	...	നി	..	ന
ഉണ്ട്: ഉത്തമപുരുഷൻ	ആം	...	എയ്മി	ഇം	...	അസ്മി
ഉണ്ട്: പ്രഥമപുരുഷൻ	ഇസ്സ്	എസ്ത്	എസ്തി	ഇസ്ത്	...	അസ്തി

ഈ പട്ടികയിൽ ഓരോ വാചകത്തിന്ന് ഓരോ ഭാഷകളിൽ സാദൃശ്യമുള്ള വാക്കുകൾ കൊടുത്തിട്ടുള്ളത് എന്റെ അറിവിൽ വന്നേടത്തോളം മാത്രമുള്ളതാകുന്നു. അതു കൊണ്ടു ചില ദിക്കുകളിൽ സമാനശബ്ദങ്ങൾ കൊടുക്കാത്തതിനാൽ ആ ശബ്ദങ്ങൾ ആ ഭാഷയിൽ ഇല്ലെന്ന് എന്റെ വായനക്കാർ തീർച്ചയായി വിശ്വസിച്ചുപോകയും അരുത്. ഒട്ടേറെയും വാക്കുകളുള്ള പട്ടിക ഇനിയും ദീർഘിപ്പിക്കാവുന്നതാണ്. അത് എങ്ങനെ എങ്കിലുമാവട്ടെ. മേൽകാണിച്ച പട്ടികനോക്കുന്നവർക്ക് അതിൽ പറയുന്ന ഭാഷകൾ എല്ലാററിന്നും പൊതുവായ ഒരു മാതൃഭാഷ ഉണ്ടായിരുന്നു എന്നു ബലമായ ഒരു അഭിപ്രായം എങ്ങനെ ജനിക്കാതിരിക്കും? അപ്രകാരം ആ മാതൃഭാഷ ഉപയോഗിച്ചുവന്നിരുന്നവർ മററു ഭാഷക്കാരുടെ പൂർവികന്മാരായിരിക്കണമെന്നും അവർ എല്ലാവരും ഒരുകാലത്ത് ഒരു ദിക്കിൽ ഒരുമിച്ചുവസിച്ചിരിക്കണമെന്നും എല്ലാം സാധിക്കുന്നതെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലൊ. അവരെയാകുന്നു ഈ ലേഖനത്തിന്റെ തലവാചകത്തിൽ ആര്യപുരാതനന്മാർ എന്നു പറഞ്ഞിട്ടുള്ളത്. അവരുടെ അന്നത്തെ സാമൂഹ്യാചാരങ്ങളെയും മതവിശ്വാസങ്ങളെയും മററും കുറിച്ച് ഇനി ഒരു ലേഖനത്തിൽ പ്രസ്താവിക്കുന്നതാകുന്നു.

സി. എസ്. ഗോപാലപ്പണിക്കർ ബി. എ.

---

൩. ആചാരഭാഷ.

ഇത്, മലയാളത്തിൽ ബ്രാഹ്മണർ, രാജാക്കന്മാർ പ്രഭുക്കന്മാർ മുതലായവരോട് [illegible] വേലക്കാർ [illegible] ലികൾ തങ്ങൾ [illegible] സംഭാഷണം ചെയ്യുമ്പോൾ ഉപയോഗിച്ചുവരുന്ന ഒരു ഭാഷയാണ്. വലിയവരും എളിയവരും

തമ്മിൽ സംസാരിക്കുമ്പോഴും അവരുടെ അവസ്ഥാഭേദത്തെ കാണിക്കുന്നവയായ ചില പ്രത്യേകപദപ്രയോഗങ്ങൾ എല്ലാ ഭാഷകളിലും ദേശങ്ങളിലും നടപ്പുള്ളവയാണെന്നുള്ളതിലേക്ക് ഇംഗ്ലീഷിലും സംസ്കൃതത്തിലും അനേകം പുസ്തകങ്ങൾ തക്കതായ ലക്ഷ്യങ്ങളായിട്ടുള്ളതു കൂടാതെ ഇദാനീന്തനങ്ങളായ വിദേശഭാഷകളിൽ പലതിലും ധാരാളം പ്രയോഗിച്ചുവരുന്നതുമാകുന്നു. എങ്കിലും മലയാളത്തിലെപ്പോലെ 'ആചാരം' പറയുന്നതിലുള്ള നിർബന്ധം മററുരാജ്യങ്ങളിലെങ്ങും ഉണ്ടോ എന്നു സംശയമാണ്. അതിലും വിശേഷിച്ചു മലയാളബ്രാഹ്മണരായ നമ്പൂരിമാർക്ക് ഈ വിഷയത്തിലുള്ള ശാഠ്യം പ്രത്യേകം ഒരു ഭേദംതന്നെയാണ്. ഇങ്ങനെ വരുവാൻ പല കാരണങ്ങളും ഉണ്ടായിരിക്കാമെങ്കിലും പ്രധാനമായ ഒന്നു മലയാളത്തിലെ ഭൂസ്വത്തിൽ മുക്കാലേ മൂന്നു വീശവും 'ജന്മി'കളായ നമ്പൂരിമാരുടെ വകയും മററു ജാതിക്കാർ മിക്കതും അവരുടെ കീഴിൽ കുടിയാന്മാരായിരിക്കുന്നതും ആകുന്നു.

രാജാക്കന്മാർക്കും, പ്രഭുക്കന്മാർക്കും ഭൂമിസ്വത്തിന്നു പുറമെ ദേവരെയും പല അധികാരബലവും ഉള്ള സ്ഥിതിക്ക് അവരുടെ കാര്യം പറയേണ്ടതില്ലല്ലോ. ബ്രാഹ്മണർ, രാജാക്കന്മാർ മുതലായവരോടു ജനങ്ങൾ ചെയ്തുവരുന്ന ഈ ആചാരക്രമത്തെ ശൂദ്രർ മുതലായവർ, അവരിൽ താണജാതിക്കാരായ ഈഴവർ, മാപ്പിളമാർ, ചെറുമക്കൾ മുതലായവരിലും കഴിയുന്നിടത്തോളം ഏർപ്പെടുത്തി നടത്തിത്തുടങ്ങിയതോടുകൂടി മലയാളത്തിൽ മുഴുവനും ഈ ഭാഷയുടെ പ്രചാരം അനിവാര്യമായും ധാരാളമായും തീർന്നിരിക്കുന്നു. എന്നുമാത്രമല്ല ഒരു നായർ ഒരു നമ്പൂരിയോടോ, ഒരു ഈഴവൻ ഒരു നായരോടോ, സംസാരിക്കുമ്പോൾ ഭേദവും മലയാളഭാഷ നല്ലവണ്ണം അറിയാവുന്ന ഒരു വിദേശീയൻ അവിടെ വന്നുചേർന്നാൽ ആയാൾക്ക് അവരുടെ സംഭാഷണത്തിന്റെ

താല്പൎയ്യം ശരിയായി മനസ്സിലാകുവാൻ പ്രയാസമായിരിക്കും.

ഉദാഹരണം:— 'അടിയൻ ഇന്നലെ അന്തിക്കു കുറിക്കാലികഴിഞ്ഞു കുപ്പാട്ടിൽ നിന്നു പോരുമ്പോൾ രാമൻ പുരാക്കാർ വിടകൊണ്ടു കേട്ടു തമ്പുരാൻ തിരുമനസ്സാകെ വിടകൊള്ളണമെന്നു അരുളിച്ചെയ്തിരിക്കുന്നതായി വിടകൊണ്ടിട്ടാണ് അടിയൻ വിടകൊണ്ടതു'. ഇതിനു 'ഞാൻ ഇന്നലെ അത്താഴംകഴിഞ്ഞു വീട്ടിൽ കിടക്കുമ്പോൾ രാമൻ നായർ വന്നു കാലത്തു നമ്പൂരിയുടെ അടുക്കൽ വരേണമെന്നു പറഞ്ഞിരിക്കുന്നു എന്നു പറഞ്ഞിട്ടാണ് ഞാൻ വന്നതു' എന്നാണ് അൎത്ഥം എന്നു മനസ്സിലാകുവാൻ കേവലം മലയാളഭാഷ നല്ലവണ്ണം അറിയാമെങ്കിലും ഈ ആചാരഭാഷാപരിചയത്തി ഇല്ലാത്ത ഒരാൾക്കു സാധിക്കുന്നതല്ലല്ലോ.

മേൽപ്പറഞ്ഞ ഉദാഹരണത്തിൽ 'വിടകൊള്ളുക' എന്ന ഒരു പദത്തിനു തന്നെ 'വരിക' 'പോവുക' 'പറയുക' ഇങ്ങനെ മൂന്നൎത്ഥം ഉണ്ടല്ലോ. ഇതുപോലെ അനേകം നാനാൎത്ഥപദങ്ങൾ ഈ ഭാഷയിൽ ഉണ്ട്. അവയുടെ പ്രയോഗത്തിന്റെ കൂടുതൽ കുറവിനെ അനുസരിച്ചാണ് ഈ ഭാഷാപ്രയോഗത്തിന്റെ കാഠിന്യവും, ലാളിത്യവും ഉണ്ടാകുന്നതു. നമ്പൂരിമാരുടെ ഇല്ലങ്ങളിലോ കോവിലകങ്ങളിലോ വളരെക്കാലം പാൎത്തിട്ടുള്ള ഒരു വാലിയക്കാരൻ നായർ ഈ ഭാഷയിൽ ഒരു വളഞ്ഞ വാചകം അറിഞ്ഞു പ്രയോഗിക്കുന്നതു കേട്ടാൽ ആ വക സ്ഥലങ്ങളിൽ അധികം പെരുമാററമില്ലാത്ത എത്ര യോഗ്യന്മാരും കണ്ണുമിഴിക്കാതിരിക്കുന്നതല്ല.

ഈ ഭാഷയിലും ദേശഭാഷാപ്രയോഗഭേദം വളരെ നടപ്പുണ്ട്. ഉ-ം—വടക്കൻ ദിക്കുകളിൽ അനുസരണാൎത്ഥകമായ 'എറാൻ' അല്ലെങ്കിൽ 'റാൻ' എന്ന പദത്തിനു

പകരം തെക്കൻ ദിക്കുകളിൽ 'അടിയൻ' എന്നും തെക്കൻ ദിക്കിൽ 'തൃപ്പാദം മാറ്റുക' എന്നതിനു വടക്കൻ ദിക്കിൽ 'തൃക്കൈ വിളയാടുക' എന്നും പറയുന്നു. ഇതു കൂടാതെ ഓരോ പദാർത്ഥങ്ങൾക്ക് ഈ ഭാഷയിൽ പ്രത്യേകം ഉപയോഗിച്ചുവരുന്ന സംജ്ഞാനാമങ്ങളെ ഓരോന്നായി ഗ്രഹിപ്പാൻ വളരെ പ്രയാസമുള്ളതും, അതു ഗ്രഹിക്കാതെ ഈ ഭാഷയിൽ അധികം പാണ്ഡിത്യമുണ്ടാകുവാൻ കഴിയാത്തതും ആകയാൽ അതിനേക്കാൾ വല്ല നിബന്ധവും ഉണ്ടായിരുന്നാൽ കൊള്ളാമെന്നുകൂടി വിചാരിച്ച് ചില അവസരങ്ങളിൽ ശ്രദ്ധിക്കാതിരിക്കുന്നതല്ല. എങ്കിലും അതു് ഇപ്പോഴും ചില പരിഷ്കൃതദേശീയഭാഷകളിലെപ്പോലെതന്നെ ഉപദേശപരമ്പരാസിദ്ധങ്ങളായിരിക്കുന്നതല്ലാതെ യാതൊരു പ്രമാണങ്ങളെയും അവലംബിച്ചു കാണുന്നില്ല. എന്നു മാത്രമല്ല, ഓരോ പദാർത്ഥങ്ങൾക്കും സ്വാമിത്വസംബന്ധമനുസരിച്ച് ഒരേ സമയത്തുതന്നെ രണ്ടുവിധം പര്യായങ്ങളെ തെറ്റാതെ ഉപയോഗിപ്പാനുള്ള പ്രയാസമാകുന്നു അതിലും കഠിനതരം. ഉ-ം തിരുമനസ്സുകൊണ്ടു നീരാട്ടുകുളി കഴിഞ്ഞു പരിവട്ടം (ചില ദിക്കിൽ മേൽപരിവട്ടം) മാറ്റി അമൃതേത്തു് (നാലുകെട്ടു വിളമ്പൽ എന്നത്രെ) കഴിഞ്ഞു് എഴുന്നള്ളുമ്പോഴേക്കും അടിയൻ നനഞ്ഞു് അടിത്തൊഴാൻ മാറി കരിക്കാടി കഴിച്ചു വിടകൊള്ളാം.

ഈ വാചകത്തിൽ 'തിരുമനസ്സുകൊണ്ടു' മധ്യമപുരുഷനും (ശ്രോതൃവാചകം) 'അടിയൻ' ഉത്തമപുരുഷനും (വക്തൃവാചകം) ആകുന്നതുകൂടാതെ 'നീരാട്ടുകുളിക്കുക' 'നനയുക' 'പരിവട്ടം മാറ്റുക' 'അടിത്തൊഴാൻ മാറുക' 'അമൃതേത്തുകഴിക്കുക' 'കരിക്കാടി കഴിക്കുക' 'എഴുന്നള്ളുക' 'വിടകൊള്ളുക' ഇങ്ങനെ രണ്ടു വാചകത്തിലും ഉള്ള ഓരോ പദവും 'കുളിക്കുക' 'മുണ്ടുടുക്കുക' 'ഊണുകഴിക്കുക'

‘വരിക’ എന്നിങ്ങനെ ഒരേ അൎത്ഥത്തിൽതന്നെയുള്ള പൎയ്യായങ്ങൾ ആകുന്നു. ഇങ്ങനെ സ്ഥാനിഭൃത്യഭേദേന ഒരേ അൎത്ഥത്തെത്തന്നെ കുറിക്കുന്നവയായ വേറെ പല പൎയ്യായങ്ങളെയും എടുത്തു കാണിക്കാവുന്നതാണെങ്കിലും അങ്ങനെ ചെയ്യുന്നതായാൽ അതുതന്നെ ഒരു ചെറിയ നിഘണ്ടുവായി തീൎന്നേക്കാമെന്നുള്ള ഭയംകൊണ്ട് ഈ ഭാഗം വിസ്തരിക്കാതെ ചുരുക്കത്തിൽ ചില സാമാന്യസൂചകങ്ങളെക്കൊണ്ടുമാത്രം കാൎയ്യം ഗ്രഹിപ്പിപ്പാൻ വിചാരിക്കുന്നു.

സംസ്കൃതത്തിലെ ഉപസൎഗ്ഗങ്ങളെപ്പോലെ ശബ്ദങ്ങൾക്ക് അൎത്ഥഭേദത്തെ ഉണ്ടാക്കുന്നതിന്നായി ഈ ആചാരഭാഷയിലും ചില പ്രത്യേക പദപ്രയോഗങ്ങളുണ്ട്. അതാവിതു:—‘തിരു’ ‘പള്ളി’ ‘പഴ’ ‘അടി’ മുതലായവ. ഇതിൽ ‘തിരു’ ‘പള്ളി’ ഇവ സ്ഥാനിസംബന്ധികളായ പദങ്ങളുടെയും ‘പഴ’ ‘അടി’ ഇവ ഭൃത്യനോടു ചേൎന്ന പദങ്ങളുടെയും മുമ്പിൽ കൂട്ടിച്ചേൎക്കുന്നവയാകുന്നു. ഉ-ം—‘തിരുമനസ്സ്’ ‘തൃപ്പാദം’ ‘തിരുവുള്ളം,’ ‘തിരുവെഴുത്ത്’ ഇത്യാദി. പള്ളിയറ, പള്ളിക്കെട്ട്, പള്ളിക്കുറുപ്പ്, പള്ളിയോടം ഇത്യാദി. പഴമനസ്സ്. ‘പഴങ്കാരണവർ, പഴന്തള്ള, പഴന്തുണി, ഇത്യാദി. അടിക്കിടാവ്, അടിയത്താവ് ഇത്യാദി.

ഇതുവരെ പറഞ്ഞിട്ടുള്ളതു നമ്പൂരിമാർ, രാജാക്കന്മാർ, ഇവരോട് അവരുടെ ഭൃത്യന്മാരും താണജാതിക്കാരും ഉപയോഗിക്കുന്ന ആചാരങ്ങളെക്കുറിച്ചാകുന്നു. ഇനി ചില ‘ഇടപ്രഭുക്കന്മാർ’, നാടുവാഴികൾ, പഴയകാലത്തിൽ രാജാക്കന്മാരുടെ മന്ത്രിസ്ഥാനം മുതലായ ഉന്നതപദവികൾ പരമ്പരവഴിക്ക് ഇന്നും തങ്ങൾക്കു ശാശ്വതമായി ഉണ്ടെന്നുള്ള നിലയിൽ ഇരിക്കുന്നവർ, ഇങ്ങനെ ചിലൎക്കു പ്രത്യേകം ഉള്ള ചില ആചാരങ്ങളെയും ചുരുക്കത്തിൽ പറയുന്നു. അതിൽ ഒന്നാമതു് അവരിൽ ചിലരുടെ സ്ഥാനപ്പേരുകൾ തന്നെ ഇവിടെ കാണിക്കാം. ചിലൎക്കു ‘തമ്പാൻ’ ‘തമ്പാട്ടി’

മററു ചിലക്ക് 'അപ്പൻ' 'അമ്മ' (കുഞ്ഞമ്മ) വേറെ ചിലക്ക് 'നായർ' 'നേത്യാർ' ഇത്യാദി സ്ഥാനപ്പേരുകളുണ്ട്. ഇവരിൽ ചിലരെ അതാതു സ്ഥാനപ്പേരുകൾ മാത്രമായിട്ടും, ചിലരെ സ്ഥാനപ്പേരുകളോടുകൂടി 'യജമാനൻ' 'കുഞ്ഞമ്മ' മുതലായ ആചാരപദങ്ങൾ ചേർത്തും നിർദ്ദേശിക്കേണ്ടതാകുന്നു. അവരോടു സംഭാഷണം ചെയ്യുമ്പോൾ മുൻപറഞ്ഞവിധം 'കുളി' 'ഉണ്ണു' 'പോക' 'വരവു' മുതലായ അർത്ഥത്തിൽ ഉപയോഗിക്കുന്നതിനായി ചില പ്രത്യേക പദങ്ങൾ ഉണ്ട്. ഇവയിൽ പോകലിന്നും, വരവിന്നും, പര്യ്യായം 'നീരം' തന്നെ. ഭക്ഷണത്തിന്നെല്ലാം 'പാഴ്തി കഴിക്ക'യാകുന്നു. കുളിക്കു 'കടവിൽ നീക്ക'മല്ലാതെ അധികം വ്യത്യാസമൊന്നുമില്ലെന്നു തോന്നുന്നു. അവർ പറയുന്നതെല്ലാം 'കല്പിക്കുകയും' അവരോടു പറയുന്നതെല്ലാം 'കേൾപ്പിക്കുകയും' ആകുന്നു. കോവിലകങ്ങളിലെ കല്യാണത്തിന്നു 'പള്ളിക്കെട്ട്' അല്ലെങ്കിൽ 'തൃത്താലിചാർത്തൽ' എന്നു പറയുന്ന പ്രകാരം ഇവരിൽ ചിലരുടെ സ്ത്രീകളുടെ കല്യാണത്തിന്നു 'കടിലേററം' (കട്ടിലേററം) എന്നാകുന്നു പറയുന്നതു്.

രാജാക്കന്മാരുടെ ഭാര്യമാരെ 'അമ്മച്ചി'മാർ അല്ലെങ്കിൽ 'നേത്യാരമ്മ'മാർ എന്നു വിളിക്കുന്നതിന്നു പകരം ഇവരിൽ ചിലരുടെ ഭാര്യമാരെ 'കെട്ടിലമ്മ' എന്നു പറഞ്ഞുവരുന്നു. ഈ വകയിലും ഭേദഭാഷാപ്രയോഗങ്ങളുള്ളവയെ വായനക്കാർ ഊഹിച്ചറിയേണ്ടതാകുന്നു.

മേൽ പറഞ്ഞവിധം നമ്പൂരിമാരോടും രാജാക്കന്മാരോടും, നായന്മാരും മററു താണജാതിക്കാരും പറയുന്നതുപോലെ നായന്മാരോടു തീയന്മാരും മററു തീണ്ടലുള്ള ജാതിക്കാരും, എടപ്രഭുക്കന്മാർ, നാടുവാഴികൾ മുതലായവരോടു നായന്മാർ പറയുംപോലെ നായന്മാരോടു മാപ്പിളമാർ മുതലായ തൊട്ടുകളിയുള്ള ജാതിക്കാരും ആചാരഭാ

പറഞ്ഞുവരുന്നു എന്ന് ഏകദേശം ഒരു മാനനിയമം കാണിക്കുന്നതല്ലാതെ മലയാളത്തിലെ (ഹിന്ദുക്കളുടെ) അസംഖ്യങ്ങളായ പഴഞ്ചൊല്ലുകളിലും 'ചൊല്ലാൻ നാവിന്നു രണ്ടായിരമെഴുത്തുണ്ടാകിലൊരു ക്ലേശമുണ്ടോ' എന്ന മാതിരിയിലുള്ള പ്രയോഗംകൊണ്ടും, ദേശാചാരങ്ങളെക്കൊണ്ടു ഓരോ ശബ്ദങ്ങൾക്കും പല രൂപഭേദങ്ങൾ ഉണ്ടാവാനിടയുള്ളതാകകൊണ്ടും ആ വക പ്രയോഗങ്ങളെ എല്ലാം വിസ്തരിച്ചു കാണിക്കാൻ അസാദ്ധ്യമാകുന്നു.

എന്നാൽ ഈ ആചാരഭാഷ കേരളത്തിൽ തന്നെയുള്ളതോ തമിഴ്, തെലുങ്കു മുതലായ ഇതരദ്രാവിഡഭാഷകളിൽനിന്നു വന്നുചേർന്നതോ എന്നാണ് ഇനി ആലോചിപ്പാനുള്ളത്.

വിശിഷ്ടാദ്വൈതികളായ ആഴ്വാരന്മാരുടെ ഇടയിൽ 'തെങ്കല' എന്ന വർഗ്ഗക്കാർ പ്രത്യേകം ആദരിച്ചു വരുന്നതും 'ദ്രാവിഡഭാഷാവേദം' എന്നു പറയത്തക്ക പ്രാശസ്ത്യമുള്ളതും, അതിപ്രാചീനവുമായ 'തിരുവായ്മൊഴി' എന്ന തമിഴ് ഗ്രന്ഥത്തിൽ ആചാരഭാഷാപ്രയോഗം ധാരാളം കാണുന്നതുകൊണ്ടും, ചോളപാണ്ഡ്യദേശനിവാസികളായ ആഴ്വാരന്മാർ പൂജ്യപൂജകന്മാരെ അനുസരിച്ചു മലയാളികളെപ്പോലെ ഇന്നും ഈ ആചാരഭാഷാപദങ്ങൾ മിക്കതും ഉപയോഗിച്ചുവരുന്നതുകൊണ്ടും ഇവയുടെ ഉത്ഭവം തമിഴിൽനിന്നാണെന്നു പറവാൻ ന്യായമില്ലെന്നില്ല. ആഴ്വാരന്മാരുടെ മതാചാര്യന്മാരിൽ ഒരുവനായ കുലശേഖരാഴ്വാർ, എന്ന മഹാപുരുഷൻ കേരളം വാണിരുന്ന പെരുമാക്കന്മാരിൽ ഒന്നാമനായ 'കുലശേഖരപ്പെരുമാൾ' എന്ന മഹാരാജാവാകയാൽ അദ്ദേഹത്തിന്റെ വാഴ്ചക്കാലത്തു മലയാളത്തിലും ഈ ആചാരഭാഷ നടപ്പായിരിക്കാമെന്നും ഊഹിപ്പാൻ നല്ല മാർഗ്ഗം കാണുന്നു.

പഴയ അയ്യങ്കാരന്മാരുടെ ഇടയിലെന്നപോലെ മററുള്ള തമിഴരുടെ ഇടയിൽ ഈ ആചാരവാക്കുകൾക്കു പ്രചാരം കാണാത്തതുകൊണ്ടു് ഇതിന്റെ ഉത്ഭവം കേവലം തമിഴിൽ നിന്നാണെന്നു തീൎച്ചപ്പെടുത്തുവാൻ ആലോചിക്കേണ്ടിവന്നിരിക്കുന്നു. എന്നു തന്നെയല്ല 'തിരുവായ്മൊഴി' എന്ന തമിഴ്ഗ്രന്ഥത്തിൽ പല മൊഴികളുടെയും ഉത്ഭവസ്ഥാനം വഹിച്ചു മന്ത്രദ്രഷ്ടാവായ കുലശേഖരാഴ്വാർ (കുലശേഖരപ്പെരുമാൾ) മലയാളഭാഷയിൽ നിന്നെടുത്തു് അദ്ദേഹത്തിന്റെ തമിഴ് വേദഗ്രന്ഥത്തിലും പ്രയോഗിച്ചതായിരിക്കാമെന്നൂഹിപ്പാനെന്താണു വിരോധം? ഇങ്ങനെ ആണെങ്കിൽ കുലശേഖരാഴ്വാരുടെ. അനുഗാമികളായ അയ്യങ്കാരന്മാൎക്കു് ഈ ആചാരഭാഷയിൽ അധികപ്രതിപത്തി വരുവാനും, മററുള്ള തമിഴരുടെ ഇടയിൽ അതു നടപ്പാകാതിരിപ്പാനും സംഗതിയുമുണ്ടായി. അതുകൊണ്ടു് ഇനി മറെറാരു തെളിവു കിട്ടുന്നതുവരെ നമ്മുടെ ആചാരഭാഷ മലയാളത്തിൽതന്നെ ഉള്ളതാണെന്നും, തമിഴിൽ പ്രയോഗിച്ചു കാണുന്നുണ്ടെങ്കിൽ അതു മലയാളത്തിൽ നിന്നു 'കടം വാങ്ങിച്ചിട്ടുള്ള കച്ചോടം' എന്ന നിലയിലാണെന്നും നമുക്കു വിശ്വസിച്ചിരിക്കുക തന്നെ.

എന്നാൽ ദ്രാവിഡഭാഷകളിൽ എല്ലാംകൊണ്ടും പ്രാധാന്യമുള്ള തമിഴ്ഭാഷയ്ക്കു മലയാളഭാഷയോടു കടംവാങ്ങേണ്ടിവന്നു എന്നു പറയുന്നതു കേട്ടാൽ സ്വഭാഷാഭിമാനികളായ തമിഴർക്കു സഹിക്കയില്ലായിരിക്കാം. മലയാളഭാഷ തന്നെ തമിഴിൽനിന്നുണ്ടായതാണെന്നും മററുമാണല്ലോ അവരുടെ സിദ്ധാന്തം. ഈ സിദ്ധാന്തം പറഞ്ഞുമെരട്ടി മഹാന്മാരായ പല മലയാളികളെപ്പോലും അവർ ഭ്രമിപ്പിച്ചിട്ടുമുണ്ടു്. അങ്ങനെയൊക്കെയാണെങ്കിൽ ഇപ്പോഴും ദ്രാവിഡഭാഷയുടെ അനേകശാഖകളിൽ തെലുങ്കു്, കൎണ്ണാടകം, തമിഴ് എന്നിവയെപ്പോലെ ഒരു ശാഖ

യാണു മലയാളം എന്നുള്ള ഭാഷാശാസ്ത്രസിദ്ധാന്തം ബലപ്പെട്ടുവന്നപ്പോഴേക്കും മലയാളഭാഷ തമിഴിനെക്കാൾ കടം കൊടുത്തു എന്നു പറഞ്ഞാൽ വിശ്വസിപ്പാനും യുക്തിയുണ്ടാവുന്നു. അടുത്ത ദേശഭാഷയായ തമിഴ് മലയാളത്തിന്നായി അസംഖ്യം വാക്കുകളെ കടം എന്നല്ലാ സമ്മാനമായിട്ടുതന്നെയും കൊടുത്തിട്ടുണ്ടു്. സമ്മതിക്കാം. തമിഴിന്നതിൽ പ്രാബല്യമുണ്ടുതാനും. പക്ഷെ അയൽദേശത്തുള്ള ദരിദ്രകുടുംബക്കാർ ധനികകുടുംബക്കാർക്കു കാര്യവശാൽ സമ്പ്രദായത്തിൽ ചിലതൊക്കെ കൊടുത്തിട്ടുണ്ടു്. ആ ക്രമത്തിലുള്ളതാണു നമ്മുടെ ആ ഭാരഭാഷ തമിഴിൽ കാണുന്നതൊക്കെയും എന്നാണെന്റെ അഭിപ്രായം.

[illegible] പരമേശ്വരമേനോൻ.

൧. ലീലാതിലകം.

മലയാളത്തെക്കുറിച്ചു ശരിയായ ചരിത്രപുസ്തകങ്ങളൊന്നുമില്ലാതിരിക്കുന്നതു വലിയ പോരായ്മയാണെന്നും മറ്റും നവീനവിദ്യാഭ്യാസമുള്ളവർ ആവലാതിപറയുന്നതു് ഏറെക്കുറെ വാസ്തവമായ ഒരു സംഗതിതന്നെയാണു്. പക്ഷെ നമ്മുടെ പൂർവ്വന്മാർ നിർഭാഗ്യവശാൽ ഈ ഒരു വിഷയത്തിൽ അത്ര ദൃഷ്ടിവെക്കാതിരുന്നതിനാൽ ഇപ്പോഴത്തെ പുതിയ കൂട്ടർ പലതുംകൂടി പരിശ്രമിച്ചാലും മലയാളത്തിന്റെ പൂർവ്വചരിത്രം ഏതുവിധത്തിലെങ്കിലും ഒന്നുണ്ടാക്കിത്തീർപ്പാൻ അത്ര എളുപ്പത്തിലൊന്നും സാധിക്കയില്ലെന്നു തീർച്ചയായി പറയാം. എന്നാൽ അതുവിചാരിച്ചു നാം ഈ കാര്യത്തിൽ ഒന്നും പ്രവർത്തിക്കാതിരിക്കുന്നതും ഇപ്പോഴത്തെ പരിഷ്കൃതരീതിക്കു ചേർന്നതല്ല. അതുകൊണ്ടു നമ്മുടെ കവി[illegible]ന്മാർ പറഞ്ഞുവെച്ച ചില തെളിവുകളെ ശേഖരി

ച്ചിട്ടു, നമ്മെ വൃദ്ധന്മാരെന്നു പറയുവാൻ തക്കവണ്ണം ഇന്നുയുണ്ടാവുന്ന അനന്തിരവന്മാരായ നവീനപണ്ഡിതന്മാർ സൂക്ഷ്മാസൂക്ഷ്മവിവേചനം ചെയ്തു ശരിയായ ഒരു ചരിത്രപുസ്തകമുണ്ടാക്കിത്തീൎക്കുന്നതിന്നു വേണ്ട സാമഗ്രി സമ്പാദിച്ചുവെപ്പാൻ മാത്രമെങ്കിലും നാമിപ്പോൾ യഥാശക്തി ശ്രമിക്കാതെ കഴികയില്ലെന്നു വന്നിരിക്കുന്നു. ചുരുക്കിപ്പറയുന്നതായാൽ നമ്മുടെ മലയാളത്തിന്നു ചരിത്രകാലമായിട്ടില്ല; ഐതിഹ്യകാലമേ ആയിട്ടുള്ളു. എങ്കിലും 'കാലത്തിന്നൊത്ത കോലം' എന്ന പഴമൊഴിപ്രകാരം പഴമക്കാർ പറഞ്ഞുകേട്ടിട്ടുള്ള ഒരു വലിയ ഐതിഹ്യത്തെ നമ്മുടെ ചരിത്രത്തിന്നുള്ള ഒരു പ്രസ്താവനയായി ചേൎക്കുന്നതു് ഒട്ടുംതന്നെ അനാവശ്യമായിരിക്കയില്ലെന്നാണു് എന്റെ വിശ്വാസം.

പ്രാചീനകേരളത്തിൽ പരിഷ്കാരത്തിന്നു പരിപൂൎത്തി ഉണ്ടായിട്ടുള്ളതു പെരുമാക്കന്മാരുടെ വാഴ്ചക്കാലത്തായിരുന്നു എന്നു പ്രസിദ്ധമാണല്ലോ. അക്കാലത്തു കേരളത്തിന്റെ തലസ്ഥാനം കൊടുങ്ങല്ലൂരായിരുന്നു. ഈ പ്രധാനപട്ടണം കൊടുങ്ങല്ലൂർമുതൽ "തൃക്കണാമതിലകം" എന്നു പേർ വിളിക്കപ്പെട്ടിരുന്ന മഹാക്ഷേത്രത്തിന്റെ വടക്കേ അറ്റത്തുവരെ നീണ്ടുകിടന്നിരുന്നു എന്നുമാത്രം പറഞ്ഞാൽ ഇതിന്നു് അന്നുണ്ടായിരുന്ന വിസ്താരം എത്രയാണെന്നു വായനക്കാർ സാമാന്യേന ഊഹിക്കാമല്ലോ. ഈ മഹേശ്വരക്ഷേത്രമായിരുന്നു അക്കാലത്തു കേരളത്തിലുള്ള മറ്റെല്ലാക്ഷേത്രങ്ങളെക്കാൾ അധികം പ്രധാനപ്പെട്ടതും പന്നിയൂർ, ശുകപുരം (ചൊവ്വരം) മുതലായ പ്രധാനപ്പെട്ട ഗ്രാമക്ഷേത്രങ്ങൾപോലും അന്നു് ഈ ഒരു ക്ഷേത്രത്തിന്റെ കീഴിലായിരുന്നു എന്നുതന്നെ പറയണം. എന്തുകൊണ്ടെന്നാൽ അവയെല്ലാം പ്രത്യേകം ഓരോ ഗ്രാമക്കാരുടെ യോഗക്ഷേത്രങ്ങളായിരുന്നുള്ളു. 'തൃക്കണാമ

തിലകമായ കേരളത്തിലുള്ള അറുപത്തിനാലു ഗ്രാമക്കാൎക്കും പൊതുവിലുള്ള ഒരു ക്ഷേത്രമായിരുന്നു. എന്നു മാത്രമല്ല ധനപുഷ്ടി, പരിവാരവും വിശേഷിച്ചുമുള്ള ഓരോ അടിയന്തിരങ്ങൾ, ഉത്സവങ്ങൾ, ഉപാസനാക്രമങ്ങൾ, ഈശ്വരചൈതന്യം എന്നിവകൾകൊണ്ടും ഇക്ഷേത്രം മലയാളത്തി ലെന്നല്ല ഭാരത മറെറല്ലാ ക്ഷേത്രങ്ങളെക്കാളും അതിശയിച്ചുനിന്നിരുന്നതു്. അക്കാലങ്ങളിൽ 'ഈ മഹാക്ഷേത്രത്തിന്റെ അതിവിശാലമായ കളപ്പുരയിൽ കേരളത്തിലുള്ള സകല ബ്രാഹ്മണരുടെയും ഒരു മഹായോഗം (വലിയസഭ) നിത്യസന്നിഹിതമായിരുന്നു. അന്ന വേദശാസ്ത്രാദിപാഠങ്ങളുടെ പരിപൂൎത്തി വരുത്തുകമാത്രമല്ല, മതവിഷയങ്ങളായും ആചാരവിഷയങ്ങളായുമെന്നുവേണ്ട രാജ്യതന്ത്രങ്ങളെ സംബന്ധിച്ചും ജനസമുദായത്തിന്റെ യോഗക്ഷേമങ്ങളെ ഉദ്ദേശിച്ചും മററുമുള്ള സകലകാൎയ്യങ്ങളിലും വാദപ്രതിവാദംചെയ്തു സംശയനിവൃത്തിവരുത്തി ഒരു തീൎപ്പുവിധി കല്പിക്കുന്നതും ഈ മഹാബ്രാഹ്മണയോഗത്തിൽതന്നെയായിരുന്നു. കേരളചക്രവൎത്തികളായ പെരുമാക്കന്മാരുടെ ഒരു പാൎല്ലിമെന്റു സഭതന്നെയായിരുന്നു ഈ മഹാസമാജം എന്നുകൂടി പറഞ്ഞാൽ ഇതിന്റെ മാഹാത്മ്യാതിശയത്തെക്കുറിച്ചു ചുരുക്കത്തിലെല്ലാവിവരണവും കഴിഞ്ഞു.

പെരുമാക്കന്മാരുടെ വാഴ്ചക്കാലത്തിനുശേഷവും കുറെക്കാലത്തോളം ഈ മഹാക്ഷേത്രം വളരെ പുഷ്ടിയോടുകൂടിതന്നെ നിന്നിരുന്നു. മഹാബ്രാഹ്മണരുടെ എന്നുവച്ചാൽ കേരളത്തിലുള്ള ജനസമുദായപ്രതിനിധികളുടെ ആ മഹായോഗവും പിന്നീടു ചില ശതാബ്ദങ്ങളോളം അവിടെത്തന്നെയാണു കൂടിയിരുന്നതു്'. എന്നാൽ കൊല്ലവൎഷാരംഭത്തിനുമുമ്പായി കലിവൎഷം 3666-ാമാണ്ടു പന്നിയൂർ ഗ്രാമക്കാർ വരാഹമൂൎത്തിയെ ചുട്ടുപൊട്ടിച്ചതായി പറയുന്ന കാലത്തിനും, 'മേലൊഗ്ഗിരിയോഗിയാതിരിപ്പാട്' എന്നു

പ്രസിദ്ധനായ മഹാപുരുഷൻ 'തൃശ്ശിവപേരൂർമതിലകം പുഷ്ടിമത്തായി വരുന്ന കാലത്തിന്നും ഇക്കാണുന്ന 'തൃക്കണാമതിലകം' നശിച്ചുപോയതെന്നു ഊഹിക്കേണ്ടിയിരിക്കുന്നു. പന്നിയൂർഗ്രാമം ക്ഷയിച്ചതിൽപിന്നെയാണു് ഇരിങ്ങാലക്കുടഗ്രാമം ഉയർന്നതെന്നും തലൊദ്ദേരി യോഗിയാതിരിപ്പാടാണു തൃക്കണാമതിലകത്തുണ്ടായിരുന്ന മഹാബ്രാഹ്മണരുടെയോഗം തൃശ്ശിവപേരൂർ വടക്കുന്നക്ഷേത്രത്തിലേക്കു മാററിയതെന്നും പ്രസിദ്ധിയുണ്ടു്. തൃക്കണാമതിലകത്തിന്റെ താഴ്ചയും, ഇരിങ്ങാലക്കുടഗ്രാമത്തിന്റെ ഉയർച്ചയും തമ്മിൽ എന്തോ ഒരു ദൃഢമായ സംബന്ധമുണ്ടെന്നു തോന്നുന്നതിനാലാണു് ഈ തൃക്കണാമതിലകം നശിച്ചതു മുൻപറഞ്ഞ കാലത്തിലായിരിക്കാമെന്നു് ഊഹിക്കുവാനിടവന്നതു്.

ഒടുക്കത്തെ ചേരമാൻപെരുമാളായിരുന്ന ഭാസ്കരരവിവർമ്മകുലശേഖരപ്പെരുമാൾ രാജ്യാധികാരം വിട്ടൊഴിയുമ്പോൾ കൊടുങ്ങല്ലൂർ നാട്ടും മുഴുവൻ ഇരിങ്ങാലക്കുടഗ്രാമത്തിന്റെ സംരക്ഷകനായ പടിഞ്ഞാറേടത്തു ഭട്ടതിരിക്കു ദാനപ്രകാരം അധികാരപ്പെടുത്തിട്ടുള്ളതെങ്കിലും തൃക്കണാമതിലകം ക്ഷേത്രകാര്യം പണ്ടുതന്നെ ആലോചിച്ചുവന്നിരുന്നതു തെക്കേടത്തുനായരെന്നും വടക്കേടത്തുനായരെന്നും പറഞ്ഞുവരുന്ന രണ്ടു നായർ കുടുംബക്കാരായിരുന്നു. അതിനാൽ അങ്ങോട്ടു തന്റെ അധികാരകാലത്തു് അവരുടെമേൽ ഒരു രാജ്യാധികാരം മാത്രമേ വഹിച്ചിരുന്നുള്ളു. ക്ഷേത്രത്തിലെ ഉത്സവങ്ങളുടെ നിലയിൽ സങ്കേതകാര്യങ്ങളും അവർതന്നെയാണു നടത്തിപ്പോന്നിരുന്നതു്. ആ ക്ഷേത്രത്തിന്നു സകലവിധത്തിലും പുഷ്ടിവരുത്തുവാൻ ഇവർ സമർത്ഥന്മാരായിരുന്നു. ഇവരുടെ പ്രാബല്യത്തിന്നു യാതൊരുവിധം കുറവില്ലാതിരുന്നതിനാൽ ക്ഷേത്രത്തിനു ക്രമേണ അധികമായ പുഷ്ടി ഉണ്ടായിവന്നിരുന്നു. തൃപ്പേക്കുളം, ഗുരുവായൂർ മുതലായ മഹാക്ഷേത്രങ്ങൾ പലതും

ഈ ക്ഷേത്രത്തിന്റെ കീഴടങ്ങളായിരുന്നതിനാൽ അവയും ഇവർ കൈവശപ്പെടുത്തി പുഷ്ടിപ്പെടുത്തിക്കൊണ്ടിരുന്നു. ഈ മഹാക്ഷേത്രത്തിന്റെ 'മതിലകം' ഇപ്പോഴുള്ള തളിയും 'തെയ്വർണി'യമ്പലവും പുറത്തുള്ള ഒട്ടേറെയാളുകളുടെ ക്ഷേത്രങ്ങളും അടങ്ങിയിരുന്നതുകൊണ്ടു രണ്ടുനാഴികയോളം വിസ്താരമുള്ളതായിരുന്നു. ഈ മതിലകത്തിന്റെ വിസ്താരം നിമിത്തമാണ് ആ ദേശത്തിനുതന്നെ 'മതിലകം' എന്ന പേരു വന്നതു്. ഇപ്പോൾ ആ മഹാക്ഷേത്രവും മതിലുകളെല്ലാം നശിച്ചുപോയിട്ടും 'മതിലകം' എന്ന പേർ മാത്രം ശേഷിച്ചിരിക്കുന്നു. പൂർവ്വകാലത്തെ ആ ക്ഷേത്രത്തിന്റെ സൂചകമായി വലിയ കുളം ഒന്നുമാത്രമേ അവിടെ കാണുന്നുള്ളൂ. അക്കാലത്തു് അങ്ങനെയുള്ള മതിൽക്കെട്ടിനു പുറമെ ആറു മതിൽക്കെട്ടും കൂടിയുണ്ടാക്കി അതാതിനുള്ളിൽ അവനവനു വേണ്ട ജാതിക്കാരുടെ ഭവനങ്ങളും ക്രമത്തിൽ ഉണ്ടാക്കിച്ചു് ആ പ്രദേശം 'ശ്രീരംഗം' പോലെ ഭംഗിയാക്കിത്തീർക്കുന്നതിനുള്ള ഉദ്യമത്തോടുകൂടി ഏകശാസനക്കാരും കേരളകൂറ്റന്മാരുമായ നായന്മാർ ഉത്സാഹിച്ചു പുറപ്പെട്ടു. അവരുടെ ഈ ഉദ്യമത്തിനു് ഉടനെ വലിയ വിരോധക്കാരും ഉണ്ടായി. ഈ വിരോധകക്ഷിക്കാർ ഇരിങ്ങാലക്കുടക്കാരല്ലാതെ മറ്റാരുമായിരുന്നില്ല. അവർക്കതിൽ പ്രതിഷേധം തോന്നുവാൻ നല്ല കാരണവുമുണ്ടായിരുന്നു. ഒടുക്കത്തെ മതിൽക്കെട്ട് ഇരിങ്ങാലക്കുടയുടെ ഗ്രാമത്തിന്റെ അതിർത്തിയിൽ കടന്നു കെട്ടേണ്ടിവന്നതിനാൽ അവർക്കതിൽ കലശലായ വൈരാഗ്യം ജനിച്ചു. എന്നാൽ അതിപ്രബലന്മാരായ മതിലകത്തുകാരുടെ മുമ്പിൽ ദുർബ്ബലന്മാരും സാധുക്കളും ആയ ഇരിങ്ങാലക്കുടക്കാരുടെ വൈരാഗ്യം വകവയ്ക്കുമോ? ഇരിങ്ങാലക്കുടക്കാരുടെ ശൗര്യവും സങ്കടവും കണ്ടപ്പോൾ ഒടുവിലത്തെ മതിൽക്കെട്ട് ആദ്യംതന്നെ തീർത്തുകളയാമെന്നാണു നായന്മാരാലോചിച്ചതു്. അവർ മുറയ്ക്കു

കിടങ്ങുകുഴി പണിനടത്തിച്ചുതുടങ്ങി. അതിൽ മററ ക്കൂട്ടൎക്കു വളരെ സങ്കടമായി. ആ ഗ്രാമസങ്കേതവാസിക ളിൽ പ്രമാണികളായ നമ്പൂരിമാർ ഒന്നിച്ചുകൂടി ആ ലോചിച്ചു നായന്മാരോടു തെളിച്ചുതന്നെ വിരോധം പറഞ്ഞു നോക്കി. ബ്രാഹ്മണരെക്കാളും തങ്ങളുടെ ഇഷ്ടദേവനായ മാഹാത്മ്യം കൂടുന്നതിനെ വിചാരിച്ചുറച്ചിട്ടുള്ള മതിലകത്തു നായന്മാർ ആ മഹാബ്രാഹ്മണവാക്യം നിരാകരിച്ചുകളയു കയും. ഇങ്ങനെ ഈ സന്ദൎഭത്തിൽ മതിലകത്തു ദേശക്കാരായ മഹാബ്രാഹ്മണരുടെ ശാഠ്യബുദ്ധിപ്പാലം ഫലിച്ചില്ലെന്നുവന്നു. 'വിനാശകാലേ വിപരീതബുദ്ധിഃ' എന്ന പറയുന്നതുപോലെ അപകടത്തിലകപ്പെടുമ്പോൾ എ ന്തു സന്മാൎഗ്ഗം ചെയ്വാനും മനസ്സുതോന്നുവാൻ പ്രയാസമാ ണല്ലോ. ഇതുപോലെതന്നെയായിരുന്നു ഇരിങ്ങാലക്കുടക്കാരും ഒ ഴിച്ചുമാറിയില്ല. എന്നിട്ടെങ്കിൽ ഈ മുടക്കത്തെ നന്നായി അവർ നടത്തിച്ചു. ഇരിങ്ങാലക്കുടക്കാരുടെ വൈരാഗ്യം അന്നുമുതല്ക്കാണു പ്രസിദ്ധമായിത്തീൎന്നത്. ആ ഗ്രാമസങ്കേതത്തിൽപെട്ട സകലജനങ്ങളും അതുപോ ലെയുള്ളവരെല്ലാം മതിലുകെട്ടുന്ന സ്ഥലത്തു ചെന്നിട്ട് 'അ രുത അരുത! ഞങ്ങളുടെ ഗ്രാമസങ്കേതത്തിൽ കടന്നി ങ്ങനെ മതിലുകെട്ടരുതേ' എന്ന വിളിച്ചുനിലവിളിച്ചു. ഇ തുകൊണ്ട് അവരുടെ കണ്ഠത്തിനല്ലാതെ, മതിലകത്തുകാ രുടെ മനസ്സിന്നു യാതൊരുവിധവും ഇളക്കം തട്ടിയില്ല. ഒരു ഭാഗക്കാർ വന്ന നിലവിളിക്കുന്നു; മറേറവർ മതിലു കെട്ടുന്നു. ഇതുകൊണ്ടൊന്നും അവരവരുടെ സ്വഭാവ പ്രതിപത്തി വിട്ടില്ല. മതിലകത്തുകാർ നായന്മാരാ കയാൽ അവരോടു കയ്യൂക്കുപയോഗിച്ചു ജയിക്കാമെന്നുള്ള ധാരണ ഇരിങ്ങാലക്കുടക്കാർ വിചാരിച്ചതേയില്ല. അ വർ കൂട്ടംകൂടി ഒന്നായിനിന്നു നിലവിളിച്ചുപറകയും ഗ്രാമ പരദേവതയായ ഭരതസ്വാമിയെ ('സംഗമേശ'നെന്നും

'കുതൽമാണിക്യ'മെന്നും ഇവരുടെ പരദേവതയ്ക്കു പേർ സിദ്ധിച്ചു. പിന്നെയും കുറെക്കാലം കഴിഞ്ഞതിന്റെശേഷം പി ടിച്ചു ശപഥംചെയ്തും എതിർപക്ഷക്കാർ നശിക്കുവാൻ പ്രാർത്ഥിക്കയും ചെയ്യുന്നവരാണ്. ആളുകൊണ്ടൊന്നും യാ തൊരു ഫലവും ഉണ്ടായില്ല. ഒടുവിൽ അവർ മതിൽ കെട്ടു ന്ന സ്ഥലത്തു ചെന്നു കിടന്നു തങ്ങളുടെ ശരീരം കൊണ്ടു തടസ്ഥം ചെയ്യുവാനാരംഭിക്കും എന്നായി. അതിൽ മതി ലുകെട്ടുകാർക്കു വലിയ ധർമ്മസങ്കടമായിത്തീർന്നു. എങ്കിലും സ്ഥിരോത്സാഹന്മാരായ നായന്മാരുടെ ആൾക്കാർ ഇവരെ യെപ്പറ്റി ദീക്ഷകൂടാതെ അവർ മതിലുംപണിചെയ്തു തീർ ന്നു കഴിയും. ഇങ്ങനെ വലിയ ഒരു കോലാഹലമായിത്തീ ർന്നു. ഒരു കക്ഷിയിൽ രാജാവും ഉദ്യോഗസ്ഥവരികളും, ശ്രൗതസ്മാ ർത്തവിധിവിശാരദന്മാരും, ഷൾകർമ്മനിരതന്മാരും, വിജ്ഞാ നമതിവിദ്യുഷ്മവരും, മഹാതപസ്വികളായ 'തണ്ണനല്ലൂർ' ഗ്രാമക്കാർ മുതലായ അനേകം ഉത്തമബ്രാഹ്മണരും അവരു ടെ അധീനത്തിലുള്ള മററു പല ജാതിക്കാരുമായിരുന്നു. മറെ കക്ഷിയിൽ മഹാധീരന്മാരും, സ്ഥിരനിശ്ചയന്മാരും, ഏററ വും ജനസ്വാധീനമുള്ളവരും, മഹാധനികന്മാരും, ആയുധ പ്രയോഗത്തിൽ അതിവിദഗ്ദ്ധന്മാരും, ശൂരന്മാരും, അപരാ ജിതന്മാരുമായ നായന്മാരും അവരുടെ ആശ്രയത്തിൻകീ ഴിൽ നില്ക്കുന്ന അസംഖ്യം മററുജാതിക്കാരുമായിരുന്നു. ഇ രുപക്ഷക്കാരുടെയും ഉദ്യമം കേവലം വൈപരീത്യത്തിലുമാ യിരുന്നുതാനും. അവർ തമ്മിൽ നടന്ന ലഹളയിൽ മ ഹാബ്രാഹ്മണരെ മാത്രം ഉപദ്രവിക്കാതെ വളരെ കഴിവു ള്ള നായന്മാരുടെ കല്പനയ്ക്കനുസരിച്ച് അവരുടെ ഭടന്മാർ ബ്രാഹ്മണരെ എല്ലാം ബലാൽക്കാരേണ കൊണ്ടുപോയി ഒ രു വലിയ അറയിലിട്ടടച്ചു തടവിൽ പാർപ്പിക്കയും മ ററുള്ളവർ ആരെങ്കിലും മതിൽ കെട്ടുന്നേടത്തു വന്നു നിരന്നു കിടന്നാൽ അവരുടെ മേൽ കല്ലുപടുത്തു മതിലുകെട്ടുകയും

ച്ചെട്ടു. എന്തിനധികം വിസ്തരിക്കുന്നു? സാധനസംഹിതം അങ്ങനെയുള്ള ഒരു പുരത്തിലിന്റെ അസ്ഥിവാരം 'അസ്ഥിഭാര'മായിത്തീർന്നു എന്നു പറഞ്ഞാൽ കഴിഞ്ഞുവല്ലോ.

മലയാളത്തിലുള്ള മഹാബ്രാഹ്മണർ മുതലായ സകല ദ്വിജന്മാർക്കും സന്ധ്യാവന്ദനം തുടങ്ങിയുള്ള നിത്യകർമ്മങ്ങളിൽ നേരനീക്കം വരുത്തിക്കൂടാ എന്നു നിഷ്ഠയുണ്ടായിരുന്നാലും ആദ്യമായി തെററിത്തുടങ്ങിയതു് അന്നുമുതല്ക്കാണു്. തടവിൽപെട്ടുപോയതിനാൽ സന്ധ്യാവന്ദനം, ഔപാസനംമുതലായ നിത്യകർമ്മങ്ങൾക്കു മുടക്കംപെററിയ മഹാബ്രാഹ്മണർക്ക് അന്നുണ്ടായിരുന്ന മനോവ്യസനം ഇന്ന പ്രകാരത്തിലായിരുന്നു എന്നു പറഞ്ഞറിയിക്കുവാൻ തീരെ പ്രയാസംതന്നെ! അന്നു സംഭവിച്ചുപോയ ഒരു അത്യാപത്തിനെ സ്മരിപ്പിച്ചിട്ടുണ്ട് ഇന്നും ഇരിഞ്ഞാലക്കുടഗ്രാമത്തിൽപ്പെട്ട സകല ദ്വിജന്മാരും സന്ധ്യാവന്ദനത്തിന് ഏകാർഘ്യം (ഒരു ഊരുകല്ല) മാത്രമായി നടത്തിപ്പോരുന്നതു്. എന്നാൽ ഈ ഗ്രാമത്തിൽപ്പെട്ട മൂന്നില്ലക്കാർക്ക് ഇപ്പോഴും മൂന്നർഘ്യമായിട്ടു കണ്ടുവരുന്നുണ്ടു്. ഈ ആചാരഭേദത്തിനുള്ള കാരണം അന്നു മൂന്നില്ലക്കാർ ഈ യോഗത്തിൽ ചേരാതിരുന്നിട്ടോ അവർക്ക് വല്ലസംഗതിവശാലും സന്ധ്യാവന്ദനം മുടക്കുവാനിടവരാതിരുന്നിട്ടോ എന്താണെന്നു സൂക്ഷ്മമായി പറയുവാൻ സാധിക്കയില്ല. ശുകപുരം, പെരുവനം, ഐരാണിക്കുളം, ചെന്നനാട്ട് ഈ ഗ്രാമങ്ങളിലുള്ള നമ്പൂതിരിമാരിലും ചില്ലറ ചിലർ ഏകാർഘ്യക്കാരായിട്ടുണ്ടു്. അവരും ഇതുപോലെ വല്ല കാരണത്താലും നിയമഭംഗം വന്നുപോയവരുടെ വംശപരമ്പരയിൽ പെട്ടവരായിരിക്കാം. എന്തായാലും മേല്പറഞ്ഞ അപൂർവ്വസംഭവത്തിനുശേഷം ഇരിഞ്ഞാലക്കുടക്കാരെല്ലാവരും മതിലകത്തുനിന്നു പിൻവലിച്ചു. മതിലകത്തുകാരുടെ ഈ സാധനസമ്പ്രദായത്തിൽ മററുള്ള

മഹാബ്രാഹ്മണൎക്കും അവരുടെ മേൽ വൈരസ്യം ജനിക്കു വാനിടയായി. ഇങ്ങിനെ മതിലകത്തു കഴിച്ചുവന്നിരുന്ന കൂടി യിരുന്ന യോഗക്കാർ നമ്പൂരിമാരും ഓരോരുത്തരായി ഒഴിച്ചുപോകുവാൻ തുടങ്ങി. തങ്ങൾക്കധികാരിസ്ഥാനം വഹി ച്ചിരുന്ന പടിഞ്ഞാറേടത്തു പട്ടേരിയും ഈ നായന്മാൎക്കു ചില നിൎദ്ദയകല്പനകളയച്ചു. എന്നാലിതുകളൊക്കെയായിട്ടും സ്ഥിരനിശ്ചയന്മാരായ നായന്മാർ ഭ്രമിച്ചു കാൎയ്യത്തിൽ നി ന്ന് ഒരടിയെങ്കിലും പിന്നോക്കംവെച്ചതുമില്ല.

ഇരിങ്ങാലക്കുടക്കാർ കൂട്ടത്തോടെ ഒഴിഞ്ഞുപോന്നതി ന്റെശേഷം മഹാബ്രാഹ്മണരെല്ലാവരുംകൂടി "പട്ടണം" എ ന്ന ആഭിചാരകൎമ്മത്തിനാരംഭിച്ചു. ഈ അത്യാപത്തിൽ പെട്ട കേരളബ്രാഹ്മണർ ശത്രുക്കളുടെനേരെ പ്രയോഗി ക്കുന്നതിനുള്ള ഒരു ബ്രഹ്മാസ്ത്രമായിട്ടാണ പണ്ടുള്ളവർ ക രുതിപ്പോന്നിരുന്നതു. ഇരിങ്ങാലക്കുടക്കാൎക്ക് ഇതല്ലാതെ മറെറാരു ആയുധവും പ്രയോഗിപ്പാനില്ലാതെയായി ത്തീൎന്നതിനാൽ അവരെല്ലാവരും താവിടെ ക്ഷേത്രത്തിലൊ ന്നിച്ചുകൂടി മേല്പറഞ്ഞ ആഭിചാരകൎമ്മം ആരംഭിച്ചു. അഹസ്സു പകുന്നാൽ കുളിച്ചുനിത്യകൃത്യങ്ങളും കഴിച്ചതിന്റെശേഷം എല്ലാവരും ശത്രുസംഹാരകങ്ങളായ മന്ത്രങ്ങളെക്കൊണ്ടു തങ്ങളുടെ പരദേവതയെ സേവിച്ചുകൊണ്ടിരിക്കും. ഇ ങ്ങനെ ഉച്ചയാവോളം ജപംകഴിഞ്ഞാൽ വന്നുകൂടിയ ബ്രാഹ്മണൎക്കൊക്കെ ചതുൎവ്വിധവിഭവങ്ങളോടുകൂടിയ സദ്യയു ടെ വട്ടമായി. ദേശദേശങ്ങളിൽനിന്നും മററും വിശന്നുവന്ന അതിഥികളും വേറെയുള്ളവരും എല്ലാംകൂടി സദ്യക്കു പന്തിയിൽ നിരന്നു കഴിഞ്ഞാൽ സകലഭക്ഷണസാധനങ്ങളും വിളമ്പി "കുടിയ്ക്ക നീർവീഴ്ത്തും." ബ്രാഹ്മണർ ഊണു കഴി ക്കുന്നതിനു മുമ്പായി ആ യോഗത്തിൽപ്പെട്ട നാലു ബ്രാഹ്മ ണർ തങ്ങൾക്കു നേരിട്ട സങ്കടം ഇവരുടെ മുമ്പാകെ ചെന്നു "വിളിച്ചു ചൊല്ലിക്കേൾപ്പിച്ചിട്ട്" ഈ സങ്കടത്തിനു നി വൃത്തിവരുത്തിയതിന്നശേഷമേ നിങ്ങൾ ഉണ്ണാവൂ എന്നു പ്രാൎത്ഥിക്ക

കയായി. "ഞങ്ങളെന്തന്നെ" എന്ന് അവർ ശപഥം ചെയ്തു കൈകൂട്ടങ്ങളെത്തഴെമേററിട്ട് എല്ലാവരുംകൂടി ശത്രുഘ്നമായ ഒരു വലിയ അഗ്നിസംഘാതമാവും ജപവും മററുമായി ദിനം സന്ധ്യയാകും. സന്ധ്യാവന്ദനത്തിനുശേഷവും ഈ ക്രിയയുടെ അവശേഷം ഒരുമിച്ചു കൊടുക്കും. പ്രാണരക്ഷകമാത്രം പാകം ചെയ്യുന്ന വല്ല ഫലമൂലങ്ങളും പച്ചവെള്ളവും കഴിച്ചു കിടന്നുറങ്ങും. അഹസ്സു കഴിഞ്ഞാൽ പിന്നെ പിറേറദിവസവും കൃത്യം ഇതുതന്നെ. അങ്ങിനെ ഇവർ ഒരു മണ്ഡലം (നാല്പത്തൊന്നുദിവസം) ഈ ക്രിയ നടത്തിപ്പോന്നു. അപ്പോഴേക്ക മതിലകത്ത് ഉൾനാട്ടിലുള്ളവരായ തെക്കേടത്തു നായരും വടക്കേടത്തു നായരും തമ്മിൽ ഒരു നിസ്സാരമായ സംഗതിയിന്മേൽ വെച്ചു അന്തഃഛിദ്രം മുഴുത്തുവശായി. തെക്കേടത്തു നായന്മാരിൽ ഒരു ചെറുപ്പക്കാരൻ ഒരു പന്നിയെ നായാടി പിടിച്ചു വടക്കേടത്തു നായന്മാരുടെ സ്ഥലത്തുവെച്ചു എയ്തുകൊന്നു. വടക്കേടത്തു നായന്മാരിൽ ഒരുവൻ അതു കണ്ടിട്ട് ഈ പന്നി ഞങ്ങളുടെ സ്ഥലത്തുവെന്നു ചത്തതാകയാൽ ഞങ്ങൾക്കു കിട്ടേണ്ടതാണെന്നു തെക്കേടത്തുകാരോടു പറഞ്ഞു. മററെ ചെറുപ്പക്കാരൻ ഇതിന്നു കുറെ അധികപ്രസംഗവും അലക്ഷ്യവും ആയിട്ടാണു മറുപടി പറഞ്ഞതു. അതു ഇവർക്കു രസിച്ചില്ല. എന്തിനധികം പറയുന്നു? അവർ തമ്മിൽ വാക്കേററത്തിലെത്തിട്ടും ആയുധമെടുത്തു വെട്ടും കുത്തുമായി. കാരണവന്മാർ അതു കേട്ടുവന്നു ഇരുഭാഗത്തും സഹായിച്ചു കലഹം മുഴുപ്പിച്ചു ഇരുകക്ഷിക്കാരും ആൾശേഖരത്തോടുകൂടി വലിയ യുദ്ധത്തിന്നൊരുങ്ങി. ചെറുവാരണപ്പുറത്തുകാർ മുഴുവനും ഇരുതരം കക്ഷിയിൽ ചേർന്നു ലഹളയും വളരെ ഭയങ്കരമായിത്തുടങ്ങി. ചതിപ്രാമോപജീവികളായ ഇരിങ്ങാലക്കുട ഗ്രാമണികളും ആൾക്കാരോടുകൂടി ഇതിന്നിടയിൽ കടന്നു ഒരുഭാഗത്തും അസംഖ്യം

ആളുകളെക്കൊണ്ടൊടുക്കി. ഈ വലിയ കലശലിന്നിടയിൽ തെക്കെടത്തു നായരുടെയും വടക്കെടത്തു നായരുടെയും വംശം മുഴുവനും മുടിച്ചു വീടുകളും ചുട്ടുപൊട്ടിച്ചു. ഇതുകൊണ്ടും കഴിഞ്ഞില്ല, പിന്നത്തെ കലാപമാണ് ഇതിലും ഘോരതരമായിത്തീൎന്നതു്. തൃക്കണാമതിലകത്തെ മതിലുകളെ ഇടിച്ചു പൊളിച്ചു; ഗോപുരങ്ങളെ ചുട്ടെരിച്ചു. ഗ്രന്ഥശാലകൾക്കു തീവെച്ചു എന്നമാത്രമല്ല, ആ മഹാക്ഷേത്രം മുഴുവനും പൊടിഭസ്മമാക്കിത്തീൎത്തുകളഞ്ഞു. അതാണ്, എന്താണ്, എന്നൊന്നും "കേൾപ്പാനും കേൾവിയും" ഇല്ലാത്ത സ്ഥലത്തു് അത്യാവേശത്തോടുകൂടിയ പലതരം കൊള്ളക്കാർ കടന്നുകൂടിയാൽ എന്തൊക്കെ ഉണ്ടാകുമോ അതൊക്കെയും, അതിലധികവുംകൂടി അവിടെ സംഭവിച്ചു എന്നേ പറയേണ്ടതുള്ളു. യഥാശക്തി പണങ്ങളും പാത്രങ്ങളും ഓരോരുത്തന്മാർ അപഹരിച്ചു. ചിലർ സ്ഥാവരസ്വത്തുക്കളും കൈവശപ്പെടുത്തി. ഈ കൂട്ടത്തിലാണ് ഇരിങ്ങാലക്കുട, തിരുവഞ്ചിക്കുളം മുതലായ പല ക്ഷേത്രങ്ങൾക്കും സ്വതന്ത്രമായിട്ടുള്ളതു്. തൃക്കണാമതിലകത്തിന്റെ കീഴെയായിരുന്ന ഇരിപ്പുകളും, ചേറ്റിക്കോട്, ഇരവൂർ മുതലായ പല ക്ഷേത്രങ്ങൾക്കും സ്വാതന്ത്ര്യം ലഭിച്ചു. കാലത്തിന്റെ ശക്തികൊണ്ടോ, ഇരിങ്ങാലക്കുടക്കാരുടെ അഭിചാരകൎമ്മത്തിന്റെ ബലംകൊണ്ടോ, ഒന്നുകൊണ്ടെങ്കിലും "തൃക്കണാമതിലക"ത്തിന്റെ മഹിമയും ഇങ്ങനെ കലാശിച്ചു. മഹത്തായ പരമേശ്വരബിംബംമാത്രം അവിടെ നശിക്കാതെ ശേഷിച്ചു. അതിന്നും ക്രമേണ കഠിനമായ കഷ്ടത നേരിട്ടു. കാലാന്തരത്തിൽ മുഹമ്മദീയരും ക്രിസ്ത്യാനികളും ഈ ക്ഷേത്രസ്ഥാനത്തു പള്ളികയറി. ഇതിന്നുപുറമെ ദ്വീപാന്തരത്തിൽനിന്നു വന്നുകൂടിയ ചില ക്രിസ്ത്യാനികൾ ഈ മഹേശ്വരവിഗ്രഹം അവിടെനിന്നും ഇളക്കി പറിച്ചെടുത്തു കപ്പലിൽകയററി കൊച്ചിയിൽ

കൊണ്ടിറക്കി. പിന്നെ കൊച്ചിയിൽ കപ്പൽയാത്രക്കാൎക്കു കൊടികാട്ടുന്ന കൊടിമരം കെട്ടിയുറപ്പിക്കുന്ന കയർ വലിച്ചുകെട്ടിയിരുന്ന കല്ലായിട്ടു പലകാലം കിടന്നിരുന്നതും പ്രസിദ്ധപ്പെട്ട ഈ ശൈവബിംബം തന്നെയായിരുന്നു. ഇയ്യിടയിൽ അവിടെ കൊടിമരം സ്ഥലമാക്കിയതോടുകൂടി സദാശിവം ബന്ധനത്തിൽനിന്നു മോചനം കിട്ടി. ഇപ്പോൾ ആ വിഗ്രഹം തിരുമലദേവസ്വത്തിലേക്കു കൊങ്കണികൾ ലേലംകൊണ്ടു് അടുത്തൊരേടത്തു പ്രതിഷ്ഠിച്ചിട്ടുണ്ടു്.

ആ ബിംബത്തിന്മേൽ എണ്ണയാടീട്ടു തലവേദനയും മററും ക്ഷണത്തിൽ നശിച്ചതായി പലൎക്കും അനുഭവം വന്നിട്ടുണ്ടത്രെ. ഓരോ കാലത്തു് അഭിവൃദ്ധിയും, ക്ഷയവും, അപഹരണം മുതലായ ആപത്തുകളും, ചിലപ്പോൾ നാട്ടുകടത്തലും, ബന്ധനവും, മോചനവും, നമ്മെപ്പോലെതന്നെ ഈശ്വരന്മാൎക്കും അനുഭവിക്കേണ്ടിവരുമെന്നുള്ളതിന്നു ഇതാ ഒരു ലക്ഷ്യമായിരിക്കുന്നു.

കുഞ്ഞിക്കുട്ടൻതമ്പുരാൻ.

൬. ഭാഷാപരിഷ്കാരം.

ഭാഷാപോഷിണീ മാസിക പുസ്തകത്തിൽ പ്രവേശിക്കുന്നതിനെപ്പററിയുള്ള എന്റെ മനോരഥമെല്ലാം കുറച്ചുകാലമായി മനോരഥമാത്രമായിരിക്കുന്നതിനെപ്പററി ഞാൻ പലപ്പോഴും ക്ലേശപൂൎവ്വം ചിന്തിക്കാറുണ്ടു്. ഈ ഉപേക്ഷയ്ക്കു കാരണം കൃത്യാന്തരങ്ങളോ, അനവസരമോ, എന്നു് ഇവിടെ പ്രസ്താവിക്കുന്നില്ല. എന്നാൽ ഭാഷാപരിഷ്കാരത്തെ ലക്ഷ്യമാക്കി പ്രവൎത്തിക്കുന്ന ഈ മാസിക സൎവ്വോൽകൎഷേണ വൎത്തിക്കട്ടെ എന്നുള്ള എന്റെ പ്രാൎത്ഥന ഒരിക്കലെങ്കിലും ഭഗ്നതയെ പ്രാപിച്ചിട്ടില്ല എന്നുള്ള വാസ്തവം

ഒരു നാന്ദിയായി ഇവിടെ പ്രസ്താവിച്ചുകൊള്ളാം. സാഹിത്യസംബന്ധമായി പ്രവൎത്തിച്ചുകൊണ്ടിരിക്കുന്ന പലൎക്കും രസാവഹമായിരിക്കുമെന്നു കരുതിയാണ്, ഭാഷാപരിഷ്കാരസംബന്ധമായി ചില സംഗതികളെപ്പററി ഇവിടെ ചിലതെല്ലാം പറയാമെന്നുവച്ചതു്. പലതും തെററിദ്ധരിക്കാൻ സംഗതിയായിട്ടുള്ള ചില കേരളപാണിനീയസൂത്രങ്ങളെ വിശദീകരിക്കണമെന്നു കൂടെ ഒരുദ്ദേശം ഇല്ലെന്നുമില്ല.

൨. 'ഞാൻ അവനെ അടിച്ചു' എന്നിത്യാദികളിലെപ്പോലെ, ദീൎഘവും ഹ്രസ്വവും അല്ലാത്ത ഒരു "എ" കാരം മലയാളത്തിൽ ഉണ്ടെന്നും, അതിനെ കുറിക്കുന്നതിനായി ഒരു പ്രത്യേകലിപി ഉണ്ടാക്കേണ്ടതല്ലയോ എന്നും ചിലൎക്ക് ഒരു പക്ഷം ഉണ്ടു്. സാധാരണങ്ങളായ ഹ്രസ്വാക്ഷരങ്ങളെ അപേക്ഷിച്ച് "എ" കാരാന്ത്യത്തെ ചില സ്ഥലങ്ങളിൽ ചില ആളുകൾ ദീൎഘീകരിക്കുന്നുണ്ടെന്നു സമ്മതിച്ചേതീരു. എന്നാൽ ആ ദീൎഘീകരണം അനാവശ്യമാകുന്നു എന്നുമാത്രമല്ല, ഹ്രസ്വം ആകുന്നതിനാൽ ദോഷം യാതൊന്നും ഇല്ലെന്നും ദീൎഘീകരണപക്ഷക്കാരും അനുസരിക്കാതെ ഇരിക്കുകയില്ല. പിന്നെ ഉണ്ടാകുന്ന ഒരു ചോദ്യം, ഇങ്ങനെയുള്ള അക്ഷരങ്ങൾക്കു കവിതയിൽ ഒരു മാത്രയോ രണ്ടു മാത്രയോ സങ്കല്പിക്കപ്പെടേണ്ടതു് എന്നു് ആകുന്നു. ഈ "എ" കാരത്തിനു പിൻപു വരുന്ന ലിപി ദ്വിത്വമായിരുന്നാൽ (എന്നെക്കൂടെ) "എ" കാരം കവിതയിൽ സ്വയം ദീൎഘമായി ഭവിക്കുന്നുണ്ടു്. ആയതിനാൽ ദ്വിത്വാക്ഷരം പരമാകാത്ത ദിക്കിൽ മാത്രമായിരിക്കും, "എ" കാരം ഹ്രസ്വമോ ദീൎഘമോ എന്നുള്ള ചോദ്യം ഉണ്ടാകുന്നതു്. അങ്ങനെ ദ്വിത്വം പരമാകാത്ത സന്ദൎഭങ്ങൾ വളരെ ചുരുക്കമെന്നുള്ളതു് "ഉത്തരപദാദിയിൽ ദ്വന്ദ്വമിരട്ടിക്കും ശിഥിലാക്ഷരമായാൽ അങ്ങനെ വരികയില്ല" എന്നുള്ള കേരളപാണിനീയത്തിൽ നിൎദ്ദേശിച്ചിരിക്കുന്നതിൽനിന്നു് അ

നുമാനിക്കാം. ഇങ്ങനെ എത്രയും ചുരുക്കം സ്ഥലങ്ങളിലും കവിതയിലും മാത്രം കാണപ്പെടുന്ന ചില പദങ്ങളെ ഉദ്ദേശിച്ച്, നൂതനമായി ഒരു ലിപിയെ സൃഷ്ടിക്കുക അത്ര ആവശ്യമല്ലാത്തതാണ്. ഒരു മാത്രയുള്ള ഹ്രസ്വത്തെക്കാളുക്കി മുക്കാൽ മാത്രയിലോ അരെയ്ക്കാൽ മാത്രയിലോ ഹ്രസ്വതരമാക്കാൻ ആവശ്യം കാണുന്നില്ല. കേരളപാണിനീയത്തിൽപറഞ്ഞിട്ടുള്ളതുപോലെ, പദ്യത്തിൽ ദ്വിതീയയുടെ "എ" പ്രത്യയത്തിനു വികല്പേന ദീർഘം വരും എന്നുപറഞ്ഞാൽ ധാരാളം മതിയാകുമെന്നു തോന്നുന്നു. ഇതുപോലെതന്നെ കവികൾ തൃതീയയുടെ "ഓടു" എന്ന പ്രത്യയത്തിനു ഹ്രസ്വവും വികല്പന ചെയ്യാറുണ്ട്.

൯. സംവൃതോകാരത്തെക്കുറിച്ചു വാദങ്ങൾ രണ്ടാണ്. അതു സംവൃതോകാരമോ സംവൃതാകാരമോ എന്നാണ് ഒന്നാമത്തേത്. അതിന്റെ സങ്കേതം എങ്ങനെയാണ് വേണ്ടതെന്നു രണ്ടാമത്തേതും. 'വാക്ക്' എന്നിത്യാദി സംവൃതാന്തങ്ങളായ പദങ്ങൾ, ബഹുവചനത്തിൽ വിവൃതോകാരങ്ങളായിരിക്കുന്നതുകൊണ്ടും മറ്റുമാണ്, ഏകവചനം സംവൃതോകാരാന്തമായി ഞാൻ പാണിനീയത്തിൽ പ്രസ്താവിച്ചത്. എന്നാൽ വാക്കുകൾ എന്നിങ്ങനെ ബഹുവചനത്തിലും സംവൃതംതന്നെ ഉച്ചരിക്കുന്ന ആളുകൾ ഉണ്ടെന്നും, ആയതിനാൽ ഞാൻ മേൽകാണിച്ച ന്യായം സാധുവല്ലെന്നും ഒരു ആക്ഷേപം പുറപ്പെട്ടിരിക്കുന്നു. ഇരിക്കട്ടെ, ഏകവചനം "അത്, വാക്ക്" എന്നിങ്ങനെ സ്ഫുടാകാരാന്തമായി എഴുതുന്ന ആളുകളും "അതുകൾ" 'വാക്കുകൾ' എന്നിങ്ങനെ എഴുതിക്കാണുന്നില്ല. "അ"കാരസംബന്ധമായ ഒരു അബദ്ധാണ സന്ദിഗ്ദ്ധാവസ്ഥയിലിരിക്കുന്ന ഈ ലിപിയെങ്കിൽ, വിവൃതോകാരമായി ഉച്ചരിക്കുകയും എഴുതുകയും ചെയ്താലും അതു് അബദ്ധമല്ലെന്നു വന്നതെന്തുകൊണ്ട്? 'അതുകൾ' 'വാക്കുകൾ'

എന്നിങ്ങനെ തന്നെയാണ് ഉത്തമപക്ഷം എന്നതന്നെ വച്ചുകൊണ്ടാലും, മധ്യമപക്ഷമായി വിവൃതാകാരം ത്യാജ്യമായും വിവൃതാകാരം സ്വീകാര്യമായും പക്ഷാന്തരമില്ലാതെ വിധിക്കപ്പെടുവാൻ സംഗതിയായതു് എങ്ങനെയാണ്? സന്ദിഗ്ദ്ധാവസ്ഥയിലുള്ള ഈ ലിപി "അ" കാരത്തിന്റെ പ്രകാരഭേദമാണെന്നു വാദിക്കുന്നവർ, മേല്പറഞ്ഞ ചോദ്യങ്ങൾക്കു മറുപടി സൃഷ്ടിക്കേണ്ടതാണ്.

ഈ ലിപി സംവൃതാകാരമാണെന്നു കാണിപ്പാൻ ഇടവമാസത്തിലെ ഭാഷാപോഷിണിയിൽ ൯൧-ാം പൃഷ്ഠത്തിൽ ചില ന്യായങ്ങൾ കാണിച്ചിരിക്കുന്നു. അവയെ യഥാലിഖിതം താഴെ ചേർക്കുന്നു.

'ഇതിനുത്തരം i ഉകാരത്തിലവസാനിക്കുന്ന പദങ്ങളുടെ ബഹുവചനം വേറെ രൂപത്തിലുമാം. 'ഗുരുമാർ, കതകുകൾ' അകാരത്തിൽ അവസാനിപ്പിച്ചുകൂടുന്നവയല്ല' ഇതു പാടില്ലെന്നു മാത്രമല്ല അക്ഷരപരിജ്ഞാനമുള്ളവർ പോലും ചോറുകൾ ആളുകൾ എന്നു ബഹുവചനത്തിലും കൂടെ അകാരം തന്നെ പ്രയോഗിക്കാറുണ്ട്.

ii ഈ മൂന്നു സ്വരങ്ങളിലും അവസാനിക്കുന്ന പദങ്ങളുടെ വിഭക്തിരൂപങ്ങളിൽ ആഗമത്തിനു വ്യക്തമായ വ്യത്യാസം ഉണ്ട്.

ഉ-ം.	ചക്ക	ഷഷ്ഠി	ചക്കയുടെ
	ചക്ക്	ടി	ചക്കിന്റെ
	ചക്കു	ടി	ചക്കുവിന്റെ (ആളുടെ പേർ).

ഇതിൽ i നമ്പരായുള്ള ഖണ്ഡത്തിൽ രണ്ടു വാക്യങ്ങളാണല്ലോ ഉള്ളതു്. ആദ്യവാക്യത്തിൽ ഗുരു, കത, എന്ന പദങ്ങൾ എഴുതിയിരിക്കുന്നു. ഇവ സംവൃതോകാരാന്തങ്ങളാണ്. ബഹുവചനവും പ്രകാരാന്തരത്തിലായിരിക്കുന്നു. 'വേറെ രൂപത്തിലുമാവാം' എന്നു പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം എന്തെന്നറിയാ, ആ വാക്യം

പ്രസ്തുത സംവൃതലിപി അകാരാന്തമാണെന്നു കാണിക്കുന്നതെളിവെന്താണെന്നു ഇവിടെ മനസ്സിലാകുന്നില്ല. രണ്ടാമത്തെ വാക്യത്തിൽ അടങ്ങിയിരിക്കുന്ന വിഷയത്തെപ്പററി മേൽ വിവരിച്ചു കഴിഞ്ഞു. ii എന്ന അടയാളമുള്ള ഖണ്ഡത്തിലെ വിഷയം സർവ്വഥാ ആദരണീയമാണു്. പക്ഷേ, ഈ സംവൃതലിപി അകാരമാണെന്നു സാധിപ്പാൻ, അതു് എങ്ങനെ ഉപയോഗപ്പെടുമെന്നു ധരിപ്പാൻ ലേഖകന്നു് അല്ലാതെ ആർക്കും കഴിയുമെന്നു തോന്നുന്നില്ല.

സംവൃതോകാരസങ്കേതം എങ്ങനെ ആയിരിക്കണമെന്നാണു് ഇനി ചിന്തിപ്പാനുള്ളതു്. എങ്ങനെ വേണമെങ്കിലും ആവാം. ഇന്നതു ശരിയെന്നും മററതു് അബദ്ധമെന്നും വാദിക്കാനില്ല. ധാരാളം പ്രചാരമുള്ള പുസ്തകങ്ങളെ അടിച്ചിറക്കുന്ന രണ്ടുമൂന്നു പ്രസ്സുകാർ ഒത്തൊരുമിച്ചു ചേർന്നു സംവൃതോകാരത്തിന്നു് എന്തെങ്കിലും ഒരു സങ്കേതം കൊടുക്കാമെന്നു് ഉറച്ചുകൊണ്ടാൽ, അതു ക്രമേണ സ്വീകൃതമായി ഭവിച്ചുകൊള്ളുന്നതാണു്. അതുകൊണ്ടു യാതൊരു അബദ്ധവും ഉണ്ടാകുവാനുമില്ല. എന്നാൽ പാണിനീയവിധിപ്രകാരം ഉകാരത്തിനു മീതെ ചന്ദ്രക്കലയായിരുന്നാൽ, സംവൃതോകാരത്തെപ്പററി മേലാൽ ഒരു തർക്കം ഉണ്ടാകുവാൻ മാർഗ്ഗമില്ലായിരിക്കുമെന്നുള്ള വാസ്തവം സ്മരണീയമാകുന്നു എന്നു മാത്രം വിശേഷവിധിയായി ഒന്നു പറയാനുണ്ടു്.

൪ 'ചേന നനയ്ക്കു നാന്നാഴി' എന്ന വാക്യത്തിൽനിന്നു ധാരാളം സ്പഷ്ടമാവുന്നപ്രകാരം, രണ്ടു ശബ്ദങ്ങളെ കുറിക്കുന്നതിന്നു് ഒരു ലിപിമാത്രം ആകുന്നു, മലയാളത്തിൽ ഉള്ളതു് എന്ന ഇദംപ്രഥമമായി പാണിനീയത്തിൽ പ്രകടിപ്പിക്കപ്പെട്ട അഭിപ്രായം ഇപ്പോൾ സർവ്വത്ര ആദരിക്കപ്പെട്ടു പോരുന്നുണ്ടെന്നു തോന്നുന്നു. സവിശേഷം സ്ഥിതസ്ഥാപകന്മാരായ മലയാളികളും ഈ അഭിപ്രായത്തെ ഇതു

ക്ഷണത്തിൽ ആദരിച്ചുള്ള കൃതാൎത്ഥതാഹേതുവാണ്. ഇങ്ങനെ രണ്ടു ലിപികളം ആവശ്യകങ്ങളാണെന്നുള്ള അഭിപ്രായം സ്വീകരിക്കപ്പെട്ടാൽ, അതുകളിൽ ഓരോന്നിനെ സംബന്ധിച്ചും ആവശ്യപ്പെട്ട സംയോഗാക്ഷരങ്ങളം, വേറെ, വേറെ, തന്നെ രൂപപ്പെടുത്തണമെന്നുള്ളതു സ്വതസ്സിദ്ധവും അപരിഹാൎയ്യവും ആകുന്നു. എന്നാൽ 'നന്മ' എന്നതിലും മററും ഒരേ ലിപിയാൽ രണ്ടു ശബ്ദങ്ങൾ കുറിക്കപ്പെടുന്നതു്, ഭാഷയുടെ ഒരു ന്യൂനതയാണെന്നു സമ്മതിക്കുന്നതിനോടുകൂടെത്തന്നെ, ഇവയിൽ ഏതിന്റെ സംയോഗമായാലും ഒരേ ലിപിയിൽ കുറിക്കപ്പെടണമെന്നു വാദിക്കുന്ന ചിലരോട് എന്തു സമാധാനമാണു പറയേണ്ടതു് എന്ന് അറിഞ്ഞുകൂടാ. ഭാഷാപോഷിണിയിൽ കണ്ടില്ലായിരുന്നു എങ്കിൽ, ഇതു അസംഗമായ ഒരു അഭിപ്രായത്തെ ഞാൻ ഇവിടെ പരാമൎശിക്കുന്നതിനുതന്നെ സംഗതിയാവുകയില്ലായിരുന്നു.

'ഩ'കാരത്തിന് ഒരു പുതിയ ചിഹ്നം ഏൎപ്പെടുത്തുന്നതിനാൽ, മലയാളത്തിൽ ഒരു അക്ഷരപ്രളയം ഉണ്ടാകേണ്ട ആവശ്യമുണ്ടെന്നും തോന്നുന്നില്ല. വാക്കുകളിൽ 'ന'കാരവും 'ഩ' കാരവും വരുന്നതിന് ഒരു വിധം ചില നിയമങ്ങളൊക്കെയുണ്ട്. പദാദിയിൽ 'ന'കാരം മാത്രമേ ഉണ്ടായിരിക്കു. അതുപോലെതന്നെ ടിതപമൊഴിച്ചുള്ള കൂട്ടക്ഷരങ്ങളിൽ 'ന'കാരം കാണുകയില്ല. 'ന' കാരോച്ചാരണം പദാദിയിൽ മാത്രമെ ഉള്ളൂ എന്നുതന്നെ പറയാമെന്നു തോന്നുന്നു. പദമദ്ധ്യത്തിൽ ഇരട്ടിച്ച 'ന'കാരവും ചിലപ്പോൾ വന്നേക്കും. അന്യസ്ഥലങ്ങളിലൊക്കെയും 'ന'കാരശബ്ദമല്ല വരുന്നതു് എന്നുള്ളതിനു കുറെ പദങ്ങളെ എടുത്തു സൂക്ഷിച്ചു ശബ്ദിച്ചുനോക്കിയാൽ ആൎക്കും ബോധപ്പെടുന്നതാണ്. ആയതിനാൽ (ടിതപമൊഴിച്ചുള്ള) കൂട്ടക്ഷരങ്ങളിലൊക്കെയും (ന്ത്യ, ന്പ ഇത്യാദി) 'ന'കാരമല്ല, മറെറാ

ലിപിയാണു കാണേണ്ടതു് എന്നു് ഒരു വ്യവസ്ഥ ചെയ്തുകൊണ്ടാൽ, പിന്നെ വലിയ അക്ഷരപ്രളയമൊന്നും ആവശ്യപ്പെടുകയില്ല. പദമദ്ധ്യത്തിലെ കൂട്ടക്ഷരങ്ങൾക്ക (ക്ഷത്രിയൻ) ചിഹ്നം എഴുതാതെ തന്നെ മലയാളികൾ ഉച്ചരിക്കുന്നതുപോലെ, (പാണിനീയസൂത്രം ൪൯) 'ന' എന്ന രൂപം ചിഹ്നം ഒഴിച്ചുള്ള കൂട്ടക്ഷരങ്ങളിൽ, 'എനിക്കു' എന്നതിലെപ്പോലെ ഩകാരത്തെ കുറിക്കുന്നതായി വിചാരിക്കാവുന്നതാണ്. ഇങ്ങനെ ആലോചിച്ചു നോക്കിയാൽ

ഩ, ന്റ, ന്ന, ഞ്ഞ,

എന്നീ നാലക്ഷരങ്ങളെ ഒഴിച്ചു പുതിയ സൃഷ്ടികൾ ആവശ്യപ്പെടുകയില്ലെന്നു കാണാവുന്നതാണ്.

൯. 'ങ്ക' എന്ന സങ്കേതം ൻ+ക (പൊങ്കാരം) എന്നും, ം+ക (വലങ്കൈ) ഇങ്ങനെ രണ്ടു ശബ്ദങ്ങൾക്കു പകരമായിനിൽക്കുന്നു എന്നും, അതു പരിഹരണീയമായ ഒരു ന്യൂനതയാകുന്നു എന്നും, ഈയിടെ ഒരു അഭിപ്രായം ഉണ്ടായിവരുന്നു. 'ങ്ക', 'മ്പ' എന്നതുകൾക്ക ങ്ക, മ്പ എന്നിതുകളുടെ ചിഹ്നങ്ങളാണ്. അല്ലാതെ ന്ക, ന്പ എന്നിതുകളുടെ സങ്കേതങ്ങളല്ലെന്നുള്ള പാണിനീയപ്രതിപാദിതമായ (സൂ:വൃ.) മതത്തെ പരിവർത്തനം ചെയ്യുന്നതിനു ഞാൻ ഇന്നും ന്യായം കാണുന്നില്ല. പൊൻ+കാരം, പൊൻകാരം എന്നിങ്ങനെതന്നെയാണ് എഴുതേണ്ടതു്. അല്ലെങ്കിൽ പെൺ+കുട്ടി എന്നിങ്ങനെ കൈക്കുറ്റെയും എഴുതി 'ങ്ക' കാരത്തെ പലപ്രകാരങ്ങളിൽ സങ്കല്പിച്ചു വ്യവസ്ഥാവിഹീനമാക്കേണ്ടിവരും. 'ങ്ക' 'മ്പ' എന്നവ ങ്ക, മ്പ എന്നിവയ്ക്കുള്ള ഒരു അർത്ഥമില്ലാത്ത സങ്കേതമെന്നു വച്ചേച്ചാൽ മതി. ൻക, ൻപ എന്നുച്ചരിക്കേണമെങ്കിൽ ങ്ക, മ്പ എന്നു് എഴുതാതെ ൻക; ൻപ എന്നു തന്നെ എഴുതണം എന്നാണ് ഈ പറഞ്ഞതിന്റെ ചുരുക്കം.

ങ്ക, മ്പ എന്നിതുകളുടെ ആകൃതിയെ നല്ലവണ്ണം ഉറപ്പു

നോക്കുന്നതായാൽ അവ ന്ക, ന്പ എന്നിവകളുടെ സാങ്കേതങ്ങളല്ലയോ എന്നു സംശയിപ്പാൻ മാൎഗ്ഗമുണ്ടെന്നുള്ളതു വിചാരിക്കാതെയല്ല, വൃത്ത-സൂത്രത്തിന്റെ ഭാഷ്യം എഴുതപ്പെട്ടതു്. ന, സ എന്നിവകളിലെ ആദ്യത്തെ കുറിയാകുന്നുവല്ലൊ നകാരഭ്രമത്തെ ജനിപ്പിക്കുന്നതു്. എന്നാൽ ആ കുറി ദകാരത്തിന്റെ ആരംഭത്തിലുള്ള വൃത്താകൃതിയെ ഒഴിച്ചതിന്റെ ശേഷമുള്ള കുറിയാണെന്നു സങ്കല്പിച്ചുകൂടെ? ആരംഭത്തിലുള്ള വൃത്താകൃതിയെ കൂടാതെയാകുന്നുവല്ലൊ തമിഴിൽനിന്നു ഴകാരത്തെ നാം സ്വീകരിച്ചിരിക്കുന്നതു്. അല്ലെങ്കിൽ ആ കുറി നകാരാൎദ്ധരൂപകമായിരുന്നാൽ തന്നെയും, മകാരാൎദ്ധസങ്കേതമായിരിക്കണമെന്നു് ഒരു വ്യവസ്ഥ ചെയ്തുകൊള്ളുന്നതിൽ അസാംഗത്യം ഒന്നും ഇല്ല. തകാരാൎദ്ധം എന്നു പ്രത്യക്ഷമായിരിക്കുന്ന 'ൽ' എന്ന ചിഹ്നം ലകാരാൎദ്ധമായിട്ടല്ലയൊ മലയാളികളാൽ ഗണിക്കപ്പെടുന്നതു? 'പാൽ' എന്നുള്ളതു സയുക്തികമായി ആലോചിക്കുമ്പോൾ പാത് എന്നിരിക്കേണ്ടതാണെങ്കിലും പാല് എന്നു വായിക്കപ്പെടേണ്ടതാണെന്നുള്ള വിധി എല്ലാവരാലും ആദരിക്കപ്പെടുന്നുണ്ടല്ലൊ.

൬. 'ഇരട്ടിച്ച പ്രത്യയാദികകാരത്തിനു മുൻപും താലവ്യത്തിനു യകാരം' എന്ന സൂത്രമാണ പാണിനീയത്തിന്റെ ഗുണാഗുണനിരൂപണം ചെയ്വാൻ പുറപ്പെടുന്ന പലരെയും ഭ്രമിപ്പിക്കുന്നതു്. ത.. ല...ക്ക എന്നോ, ത..,ലെ ,..ക്ക എന്നോ, ത...ലയ്...ക്ക എന്നോ, എങ്ങനെയാണ് ആളുകൾ സാധാരണ ശബ്ദിക്കുന്നതു് എന്നു അറിയുന്നതിന്നു് ഈ പദത്തിലുള്ള അക്ഷരങ്ങളെ അല്പാല്പം നിറുത്തി സാവധാനത്തിൽ സൂക്ഷിച്ചു ശബ്ദിച്ചു നോക്കിയാൽ മാത്രം മതിയാകുന്നതാണ്. 'തെക്കരുടെ ഉച്ചാരണത്തിൽപോലും 'യ'കാരം അത്ര സ്പഷ്ടമായി കേൾക്കാറില്ല, എന്നാണ് ഒരു വടക്കൻ ഭാഷാപോഷിണിയിലേക്ക് എഴുതുന്നതു്. അല്

യകാരത്തിന്റെ സ്ഫുടതാപരിണാമമല്ല വാദവിഷയം. തെക്കൻദിക്കുകളിൽ 'എ' കാരത്തെ ഉപേക്ഷിച്ച 'യ' കാരം സ്ഫുടംതന്നെയാണ്. സംശയിതാക്കൾ മേൽകാണിച്ചതുപോലെ ത...ല...യ്...ക് എന്ന് ഒന്നു നിറുത്തിശബ്ദിച്ചു പരീക്ഷിച്ചുനോക്കിയാൽ മതി.

തെക്കൻപ്രദേശങ്ങളെ സംബന്ധിച്ച് അവാസ്തവമായ ഒരു സംഗതിയെ, വാസ്തവമാണെന്നു ബലമായി നിർബ്ബന്ധം ചെയ്യുന്ന ഒരുവൻ അതേ സംഗതി സംബന്ധിച്ചു വടക്കൻപ്രദേശങ്ങളെപ്പറ്റി പറയുന്ന മതവും ഗ്രാഹ്യമാണോ എന്നു സംശയിക്കേണ്ടിവരുന്നു. അതെങ്ങനെയും ഇരിക്കട്ടെ. 'എ' കാരവും 'യ' കാരവും ഒന്നുംവേണ്ടാ എന്നു സിദ്ധാന്തിക്കുന്നവരുടെ പക്ഷത്തിൽ 'മറക്കുന്നു' 'മറയ്ക്കുന്നു' എന്നിരണ്ടു പദങ്ങളെയും ഒരുപോലെത്തന്നെ ഉച്ചരിക്കുകയും എഴുതുകയും വേണമെന്നു തന്നെയാണോ? മദ്ധ്യമലയാളത്തിൽ പ്രസിദ്ധപ്പെടുത്തുന്ന മലയാളമനോരമ മുതലായ പത്രങ്ങൾ എന്റെ മതത്തെ സ്വീകരിച്ചിരിക്കുന്നതുകൊണ്ടുതന്നെ ഈ വിഷയത്തെപ്പറ്റി ജനബോധം എങ്ങനെയാണെന്നു വെളിപ്പെടുന്നുണ്ട്. 'ഗജം' എന്നെഴുതി 'ഗെജം' എന്നു വായിക്കുന്നതുപോലെ, 'തലക്ക' എന്നെഴുതി 'തലയ്ക്ക' എന്നു വായിച്ചുകൊള്ളാമെന്നും വിചാരിച്ചുകൂടാ. 'ഗജം' 'ഗെജം' എന്നിങ്ങനെ ഭിന്നാർത്ഥങ്ങളോടുകൂടി രണ്ടു പദങ്ങൾ നടപ്പില്ല. ആയതിനാൽ 'ഗജം' എന്നെഴുതുമ്പോഴൊക്കെയും 'ഗെജം' എന്നു വായിക്കേണ്ടതാണെന്ന് ഒരു വ്യവസ്ഥ സാധ്യമാകുന്നതാണ്. 'ഗജം' എന്നെഴുതി ചിലപ്പോൾ 'ഗജ'മെന്നും മറ്റു ചിലപ്പോൾ 'ഗെജ'മെന്നും വായിക്കേണ്ടതായിരുന്നെങ്കിൽ ആ വ്യത്യാസം തീർച്ചയായും എഴുത്തിലും കാണിക്കപ്പെട്ടേനെ. 'മറക്കുന്നു' എന്നെഴുതുകയും വായന എപ്പോഴും 'മറയ്ക്കുന്നു' എന്നായിരിക്കുകയും ആയിരുന്നെങ്കിൽ 'യ'കാരത്തെ

എഴുതേണ്ട ആവശ്യം ഇല്ലായിരുന്നു. എന്നാൽ ചിലപ്പോൾ 'മറക്കുന്നു' എന്നും മററു ചിലപ്പോൾ 'മറയ്ക്കുന്നു' എന്നും വായിക്കേണ്ടതായി വരുന്നുണ്ട്. ആയതിനാൽ ഈ രണ്ടും എഴുതിയാലും വേണമെന്ന മാത്രമെ പാണിനീയം സിദ്ധാന്തിക്കുന്നുള്ളു. മറക്കുക, മറയ്ക്കുക, എന്നിങ്ങനെ എന്ന ഉച്ചാരണഭേദം വേണമെങ്കിലും പറയാം.

൬. 'ചിരിയ്ക്ക' 'മരിയ്ക്ക' എന്നിങ്ങനെ ഇകാരത്തിനു പിറകെ 'യ'കാരത്തെ എഴുതണമെന്നുള്ള പക്ഷം ദുസ്സഹമാണെന്നു തോന്നുന്നു. മനോരമാപംക്തികളും, പ്രതിപക്ഷാവലംബികളായിട്ടാണ പ്രായേണ കണ്ടുവരുന്നത്. എന്നാൽ ഇവിടെയും മുൻപറഞ്ഞതുപോലെ ചിരിക്ക എന്ന നിരുത്തി ശബ്ദിച്ചുനോക്കിയാൽ 'രി' എന്നതിന്റെ പിറകെ ഘോഷം ഒരു 'ക്ക'യല്ല ശബ്ദിക്കപ്പെടുന്നത് എന്നു പ്രത്യക്ഷമാവും. ആയതിനാൽ യകാരശബ്ദം ഉണ്ടെന്നുള്ളതു നിഷേധിക്കപ്പെടാവുന്നതല്ല എന്ന നിർബ്ബന്ധമുള്ളപക്ഷം, ഇതിനെപ്പററി ഒന്നു പറവാനുണ്ട്. ചിരിയ്ക്ക, മരിയ്ക്ക, എന്നിങ്ങനെ ഇകാരത്തിന ശേഷം 'യ' കാരമില്ലാത്ത പാഠമില്ലായ്കയാൽ, ആ 'യ' കാരം എഴുതപ്പെടേണ്ട എന്ന വച്ചുകളയാം. ഗ, ജ, ഇത്യാദി അക്ഷരങ്ങളെ 'ഗെ' 'ജെ' എന്നുച്ചരിക്കുന്നതുപോലെ 'ഇക്ക' എപ്പോഴും 'ഇയ്ക്ക' എന്ന ശബ്ദിക്കപ്പെടേണ്ടതാണ് എന്ന് ഒരു സങ്കല്പത്തിന്മേൽ 'ഇക്ക' എന്നുതന്നെ എഴുതാം. അല്ലാതെ 'യ' കാരശബ്ദം ഇല്ല എന്നു പറഞ്ഞാൽ സാധുവാകുന്നതല്ല.

൭. ഈ പ്രമാണമനുസരിച്ചുതന്നെ, ഭരിക്കേണ്ടു എന്നു വേണമെന്ന പാണിനീയം വിധിച്ചിരിക്കുന്നു എന്നും പറഞ്ഞു ചിലർ ചില്ലറയല്ലാത്ത ബഹളം ഉണ്ടാക്കിയിരിക്കുന്നു. ൩൮-ാമദ്ധ്യായത്തിൽ 'ഭരിക്കേയ്ക്കു' എന്നെഴുതിക്കാണപ്പെടുന്നുള്ളതു വാസ്തവത്തിനായാണ്. 'ക'കാരത്തിന

മനവും താലവ്യത്തിനു യകാരം' എന്നാണ് ൮൭-ാം സൂത്രം വിധിക്കുന്നതു്. ആ വിധിക്കു തലക്ക=തലയ്ക്കു, ഹരിക്ക=ഹരിയ്ക്കു എന്നൊക്കെയും ദൃഷ്ടാന്തങ്ങളുണ്ട്. എങ്കിലും 'താലവ്യത്തിനു' പിൻപ് എന്നുള്ളതിനു ഹരികൾക്ക് എന്നുള്ളതു, എങ്ങനെ ദൃഷ്ടാന്തമാകുമെന്നു ഈ ഗ്രന്ഥകർത്താക്കന്മാർ ഒന്ന് ആലോചിക്കേണ്ടതായിരുന്നു. ഹരിക-ക്ക എന്നായിരുന്നെങ്കിൽ ഒരുവേള ഈ വിധിയിൽ പെടുകയും ഹരികയ്ക്കു (കോരികയ്ക്കു എന്നതല്ലോ താനും) എന്നാവുകയും ചെയ്യുന്നു. 'ൾ' എന്നതിനെക്കൂടെ ഈ വ്യാകരണപരിശോധകന്മാർ താലവ്യമായി ഗണിച്ചെങ്കിൽ, അതു കുറെ സാഹസമായിപ്പോയില്ലയോ എന്നു സംശയിക്കുന്നു. 'ഹരികൾയ്ക്കു' എന്നതിലെ യകാരം കേവലം അച്ചടിപ്പിഴയാണ്. താലവ്യത്തിനു പിൻപു 'യകാരം' എന്ന സൂത്രമിരിക്കുന്നതിനാൽ, ഇതു് അച്ചടിപ്പിഴ മാത്രമാണെന്നു പ്രത്യക്ഷവുമല്ലേ?

൯. 'പ്രാണിനപുംസകപ്രതിഗ്രാഹിക അർത്ഥസിദ്ധം' 'നപുംസക വിശേഷണങ്ങളിൽ ബഹുവിന്നും ഏകവചനം പോരും വ്യക്തിയില്ലാത്തപ്പോൾ' എന്നുള്ള സൂത്രങ്ങളും പലരുടെയും ദൃഷ്ടിയെ ആകർഷിച്ചിട്ടുള്ളവയാണ്. അനുകൂലാഭിപ്രായമാണ് അധികംപേർക്കും ഉള്ളതെന്നു തോന്നുന്നു. വിപരീതാഭിപ്രായമുള്ളപ്പോൾ പാണിനീയസൂത്രങ്ങളെന്നു പറഞ്ഞു ദോഷാരോപണം ചെയ്യുകയും, മററുള്ള സന്ദർഭങ്ങളിൽ പാണിനീയ പ്രതിപാദിതങ്ങളായ തത്വങ്ങളെത്തന്നെ സ്വകീയാഭിപ്രായങ്ങളെന്നതുപോലെ പ്രകടിപ്പിക്കുകയും ചിലർ ചെയ്തുവരുന്നതു വാക്യങ്ങളുടെ രചനാവൈചിത്ര്യത്തെ ഉദ്ദേശിച്ചുമാത്രമായിരിക്കണം എന്നല്ലാതെ വിചാരിച്ചുകൂടാത്തതാണല്ലോ.

൧൦. 'കൈവശം' 'കൈമാററം' 'കൈമോതിരം' മുതലായ സമാസങ്ങളിൽനിന്നു സ്പഷ്ടമാകുന്നപ്രകാരം കര

വാചകമായ മലയാളത്തിനു 'കൈ' എന്നാണു്, 'കയ്യ്' എന്ന 'യ്'കാരാന്തമല്ല എന്നു തീർച്ചപ്പെടുന്നു. അതിനാൽ 'കൈയെഴുത്തു്' 'കൈയാമം' മുതലായ സമാസങ്ങളെയും 'കൈയിൽ' 'കൈയുടെ' എന്ന വിഭക്തിരൂപങ്ങളെയും കയ്യെഴുത്തു്, കയ്യാമം, കയ്യിൽ, കയ്യുടെ എന്നു ചിലർ എഴുതുന്നതു് അബദ്ധമല്ലയോ? ഈ മാതിരി ഭ്രമം വരാനുള്ള കാരണം 'ഐ'യും 'അയ്' എന്നും ഉള്ള അക്ഷരയോഗങ്ങൾക്കു സാധാരണമായി ഉച്ചാരണത്തിൽ ഉണ്ടാകുന്ന സാമ്യമാണെന്നു തോന്നുന്നു. ഈ ഭ്രമം മൂലം 'വൈയാകരണൻ' എന്ന സംസ്കൃതശബ്ദത്തെപ്പോലും വയ്യാകരണൻ എന്നോ വൈയ്യാകരണൻ എന്നോ മലയാളികൾ എഴുതിക്കളയുന്നു.

൭൭. ഞാൻ എന്ന പ്രഥമൈകവചനമുള്ള 'എൻ' എന്ന ഉത്തമപുരുഷസർവ്വനാമത്തിന്റെ വിഭക്തിരൂപങ്ങളെ എഴുതുമ്പോൾ എന്നെ, എന്നാൽ, എന്നോടു്, എന്നിൽ എന്നു് എകാരം തന്നെ എഴുതുക പതിവായിരിക്കെ, ചതുർത്ഥിയിൽ മാത്രം ചിലർ ഇനിക്കു്, എന്നു് 'ഇകാര'മാക്കുന്നതെന്തിനാണാവോ? അവിടെയും എനിക്കു് എന്ന പ്രയോഗമോ എന്നു വടക്കരും തെക്കരും മധ്യമരും കൂടി ആലോചിച്ചു തീർച്ചപ്പെടുത്തിയാൽ കൊള്ളാം. പലേടത്തും 'ഇ' കാരം വേണ്ടിടത്തു് എകാരം ആളുകൾ തെറ്റി എഴുതാറുണ്ടു്. ഇതു് അതിനു വിപരീതമായ ഒരു തെറ്റായിരിക്കയില്ലേ എന്നു സംശയിക്കുന്നു.

൭൮. 'കായും പൂവും ഉള്ള മരം' എന്നും മറ്റും ഉള്ളിടത്തു് ആദ്യത്തെ രണ്ടു വാക്കുകൾ 'കായ്'-ഉം', 'പൂവ്'-ഉം' എന്നോ 'കാ-ഉം', 'പൂ-ഉം' എന്നോ? ഇവയിലെ യകാര'വകാരങ്ങൾ' പദാന്ത്യാക്ഷരമോ സന്ധികാര്യമോ? 'കാഫലം' 'പൂത്തട്ടം' ഇത്യാദിസമാസം നോക്കിയാൽ യകാരവകാരങ്ങൾ ശബ്ദാംഗമല്ലെന്നു തോന്നും. സന്ധിയിൽ

ലോപിച്ചു പോയി എന്നു പറയാം. എന്തായാലും 'തീൎന്നു-തന്നെ' എന്നും മറ്റും ചിലർ പ്രയോഗിച്ചു കാണുന്നതു് അഭംഗിയാണെന്നു് എനിക്കു തോന്നുന്നു. പാണിനീയത്തിൽ ഇവയെ ആഗമസന്ധിയാക്കിയാണു കല്പിച്ചിരിക്കുന്നതു്. (സൂ: ൭൪)

൬൩. 'പെട്ടെന്നു' 'അല്ലെങ്കിൽ' 'എന്നെല്ലാം' ഇത്യാദികളെ മറ്റും 'പെട്ടന്നു' 'അല്ലങ്കിൽ' 'എന്നല്ലാം' എന്നു് എകാരം കൂടാതെ എഴുതുന്നതു ശരിയല്ല. അല്ല+എങ്കിൽ=അല്ലെങ്കിൽ എന്നേ വരാൻ തരമുള്ളു. ഇതിനു വിപരീതമായി 'അതു് അങ്ങനെയാണല്ലൊ' എന്നിടത്തു് 'അതാണെല്ലൊ' എന്നു പുലമ്പിയിട്ടുള്ളതും തെറ്റാണെന്നു തോന്നുന്നു. 'അല്ലയൊ' എന്നതു ചുരുങ്ങി ഉണ്ടായ ശബ്ദം 'അല്ലൊ' എന്നാണെന്നു് എനിക്കു തോന്നുന്നു.

'എതിരാളി' 'എതിരേല്ക്കുന്നു' എന്നും മറ്റും ഉള്ള വാക്കുകളിലെ ആദ്യത്തെ എതിർ എന്നതു രേഫാന്തമായിരിക്കെ, എതൃത്തു, എതൃക്കുന്നു് എന്നെഴുതുന്നതു ശരിയോ?

൬൪. ഇതുപോലെ ഇനിയും പലതും സന്ദേഹാസ്പദങ്ങളായിട്ടുണ്ടു്. എല്ലാ നാട്ടുകാരും ചേൎന്നു നിഷ്പക്ഷപാതമായി തീൎമാനിച്ചാൽ, ശേഷമുള്ള സന്ദേഹങ്ങളെയും ഭാഷാപോഷിണി മുഖേന തീൎമാനിക്കാമെന്നു് ആഗ്രഹിക്കുന്നു.

എം. ആർ. രാജരാജവൎമ്മകോയിത്തമ്പുരാൻ,

എം. എ., എം. ആർ. എ. എസ്സ്.

൯. ഭൂകമ്പം.

മലയാളത്തിൽ ഭൂകമ്പം വളരെ അപൂൎവ്വവും വളരെ കാലത്തിനിടയ്ക്കു് ഉണ്ടായിട്ടുള്ള ഭൂകമ്പങ്ങൾ എല്ലായിടത്തും ഒരുപോലെ വ്യാപിക്കാത്തവയും ആകകൊണ്ടു്

അതിന്റെ സ്വഭാവം അനുഭവിച്ചറിഞ്ഞിട്ടുള്ളവർ മലയാളികളുടെ ഇടയിൽ വളരെ ചുരുക്കമായിരിക്കും. ൧൦൮൬-ൽ കോഴിക്കോട്ടും അതിന്റെ സമീപപ്രദേശങ്ങളിലും ഒരു ഭൂകമ്പമുണ്ടായി. ഞാൻ ഇതെഴുതുന്നയാൾ അവിടെയുണ്ടായിരുന്നു. രാവിലെ എഴുന്നേററു കിടക്കയിൽ ഇരുന്നു്, കണ്ണു തുറക്കുമ്പോൾ ശരീരവും ഇരിക്കുന്നിടവും മററുമെല്ലാം മന്ദമായി ചലിക്കുന്നതുപോലെ തോന്നി. ആ ചലനം രണ്ടു മിനിട്ടു നേരം നിലനിന്നു. തലതിരിച്ചൽ കൊണ്ടുണ്ടായ ഭ്രാന്തിയാണെന്നാകുന്നു ആദ്യം വിചാരിച്ചതു്. കുറച്ചു കഴിഞ്ഞപ്പോഴേ ഭൂകമ്പം എന്നുള്ള ജ്ഞാനം ഉണ്ടായുള്ളു.

സാധാരണ ഭൂകമ്പങ്ങളെല്ലാം ഇങ്ങനെ ഉപായത്തിൽ പോകുന്നവയല്ല. ചില ദിക്കുകളിൽ ഭൂകമ്പങ്ങൾ കൂടക്കൂടെ ഉണ്ടാകുമെന്നുതന്നെയല്ല, ഉണ്ടാകുന്നതെല്ലാം വളരെ ഉഗ്രമായും ഇരിക്കും. ഇവയുടെ ആധിക്യവും തീക്ഷ്ണതയും ജപ്പാൻ എന്ന രാജ്യത്തുള്ളതുപോലെ മററധികം സ്ഥലങ്ങളിലില്ല. ൧൮൮൯-ൽ അവിടെ പത്തൊമ്പതു പ്രാവശ്യം ഭൂകമ്പം ഉണ്ടായപ്പോൾ, അവ വളരെ നാശകരമായിരുന്നു എങ്കിലും ൯൧-ാമാണ്ടു് അക്ടോബർമാസത്തിൽ ഉണ്ടായതിനോടു ഒത്തു നോക്കുമ്പോൾ മററതെല്ലാം വളരെ നിസ്സാരമെന്നുതന്നെ പറയാം. ഇരുപത്തയ്യായിരം ചതുരശ്രമൈൽസു വിസ്താരത്തിനുള്ളിലെല്ലാം ഉറപ്പില്ലാത്ത ഭവനങ്ങൾ ഇടിഞ്ഞു വീഴത്തക്കവിധത്തിൽ ഇളക്കമുണ്ടായി. ഇതിന്റെ മദ്ധ്യഭാഗത്തിൽ ഏകദേശം നാലായിരം ചതുരശ്രമൈൽസു വിസ്താരമുള്ള ദിക്കുകളിലുണ്ടായ ചലനം വിശേഷിച്ചും ഭയങ്കരമായിരുന്നു. അധികം പൊക്കമുള്ള കെട്ടിടങ്ങൾ എല്ലാം, പൊക്കം കുറഞ്ഞവയിൽ ഉറപ്പില്ലാത്ത കെട്ടിടങ്ങൾ, പാലങ്ങൾ, അണകൾ മുതലായവ ഇടിഞ്ഞുപൊളിഞ്ഞു വീഴുകയും അതിനാൽ അസംഖ്യം ജനങ്ങൾ മരിക്കുകയും ചെയ്തു. ഏകദേശം തിരുവിതാംകൂർ

രാജ്യത്തോളം വലുതായ ഒരു ഭൂഭാഗത്തിലാണ് ഇത്രയും നാശമുണ്ടായത് എന്നുകൂടി ഓൎത്താൽ പ്രകൃതഭൂകമ്പത്തിന്റെ ഭയങ്കരസ്വഭാവം കുറെക്കൂടി സ്പഷ്ടമാകുന്നതാണ്.

ഈ ഭയങ്കരമായ സംഭവത്തിന്റെ കാരണമെന്താണെന്ന് അറിയുന്നതിൽ വായനക്കാൎക്കു രസമില്ലാതിരിക്കയില്ലെന്നു ഞങ്ങൾ വിശ്വസിക്കുന്നു. എന്നാൽ ഇതുണ്ടാകുന്നതു് എങ്ങിനെ എന്ന് അനുഭവംകൊണ്ടു തെളിയിപ്പാൻ മാൎഗ്ഗമില്ല. സാദൃശ്യംകൊണ്ടും യുക്തികൊണ്ടും അനുമിപ്പാനേ തരമുള്ളു. ഈ വിഷയം നല്ലവണ്ണം മനസ്സിലാകുന്നതിന്നു ഭൂമി നാരങ്ങപോലെ ഒരു ഗോളമാണെന്നും അതിന്റെ ചുററളവ് ഇരുപത്തയ്യായിരം നാഴികയും വ്യാസദൈൎഘ്യം എണ്ണായിരം നാഴികയും ആണെന്നും നന്നായി ഓൎമ്മവെയ്ക്കേണ്ടതാണ്.

ഭൂമിയുടെ മേൽഭാഗം മുഴുവൻ മണ്ണും വെള്ളവും ആണല്ലൊ. ഭൂമി ഒരു നാഴികയോളം മനുഷ്യർ കിളച്ചുതാഴ്ത്തിട്ടുണ്ട്. അതുവരെ ഈ ബഹിൎഭാഗത്തിൽ കാണുന്ന ഈ സ്വഭാവത്തിൽനിന്നും വളരെ വ്യത്യസ്തപ്പെട്ടു കണ്ടിട്ടില്ല. എന്നാൽ ഉള്ളിലേയ്ക്കു പോകുന്തോറും ചൂടു മാത്രം അധികമായി കാണുന്നുണ്ട്. അയ്യായിരത്തിലധികം കോൽ താഴ്ചയുള്ള കുഴൽക്കിണറുകളിൽനിന്നു വരുന്ന ജലം ഉഷ്ണമായി കാണുന്നു. അതുപോലെതന്നെ രണ്ടായിരം കോൽ താഴ്ത്തീട്ടുള്ള കല്ക്കരി എടുക്കുന്ന ആകരങ്ങളിൽ ബഹിൎഭാഗത്തിലുള്ളതിനേക്കാൾ ചൂടു വളരെ അധികമുണ്ടെന്ന് അനുഭവസിദ്ധമാണ്. ഇങ്ങനെ ഉള്ളിലേയ്ക്കു പോകുന്തോറും ചൂടു വൎദ്ധിച്ചുവരികയാണെങ്കിൽ ഭൂമിയുടെ സ്വഭാവത്തിന്നും വളരെ വ്യത്യാസം ഉണ്ടാകാതിരിപ്പാൻ പാടില്ല. മുപ്പതു നാല്പതു നാഴികയ്ക്കധികം ഉള്ളിലേയ്ക്കു പോയാൽ അവിടെയെല്ലാം അഗ്നിമയമായി കാണുമെന്നു വിചാരിപ്പാൻ മാൎഗ്ഗമുണ്ട്. ലോഹങ്ങളും മററും ഉരുകി കുഴമ്പായി

ജ്വലിച്ചു കിടക്കുകയാണെന്നാകുന്നു ശാസ്ത്രജ്ഞന്മാരുടെ ഊഹം.

എന്തെങ്കിലും ഒരു വസ്തുവിന്റെ അന്തർഭാഗത്തിൽ ചൂടുള്ള വല്ല സാധനവും ഉണ്ടെങ്കിൽ ആ ചൂട് എന്നെന്നും അവിടെ നില്ക്കുകയല്ലാ ചെയ്യുന്നതു്. അതു പുറത്തെയ്ക്കു പുറപ്പെടുകയും ക്രമേണ ബഹിർഭാഗത്തിലെല്ലാം വ്യാപിക്കുകയും ബഹിർഭാഗത്തുനിന്നു് അനന്തമായ ആകാശത്തിൽ പ്രസരിക്കുകയും ചെയ്തു്, സൂര്യരശ്മിയിൽ ലയിച്ചുപോകുന്നു. ഇങ്ങനെയുള്ള ഉഷ്ണപ്രസരത്തിൽ ആ സാധനത്തിന്റെ ബഹിർഭാഗത്തിൽ എല്ലാ സമയവും ചൂടുണ്ടായിരിക്കും. എന്നാൽ അന്തർഭാഗത്തിലെയ്ക്കു വരുന്തോറും ചൂടു വർദ്ധിച്ചും ഇരിക്കും. ഇതുപോലെതന്നെ എല്ലായ്പോഴും ഭൂമിയുടെ അന്തർഭാഗത്തുനിന്നു ബഹിർഭാഗത്തെയ്ക്കും ബഹിർഭാഗത്തുനിന്നു് ആകാശത്തിലെയ്ക്കും ഉഷ്ണം പ്രസരിച്ചുകൊണ്ടിരിക്കയാണു ചെയ്യുന്നതു്.

മേൽകാണിച്ച ഊഹങ്ങളും അനുമാനങ്ങളും ശരിയാണെങ്കിൽ ഭൂകമ്പത്തിന്റെ കാരണം സ്പഷ്ടമാണു്. സാധാരണയായി ഉഷ്ണം വസ്തുക്കളെ വലുതാക്കുകയും, ശീതം ചെറുതാക്കുകയും ചെയ്യുന്നതു് അനുഭവസിദ്ധമാണല്ലോ. ഒരു ദ്വാരത്തിൽക്കൂടി തിക്കിക്കടത്താവുന്ന ഒരു ഇരുമ്പുവടി നല്ലവണ്ണം ചൂടു പിടിപ്പിച്ചാൽ ആ ദ്വാരത്തിൽക്കൂടി കടത്തുവാൻ പാടില്ലാത്ത വിധത്തിൽ വണ്ണംവെയ്ക്കും. വണ്ടിച്ചക്രത്തിന്റെ പട്ട ഇറക്കുന്നതു വായനക്കാരിൽ പലരും കണ്ടിട്ടുണ്ടായിരിക്കാം. പട്ട നല്ലവണ്ണം പഴുപ്പിച്ചാണു് ഇറക്കുന്നതു്. പിന്നെ അതു തണുക്കുമ്പോൾ ഊരിപ്പോകാത്ത വിധത്തിൽ കുടുങ്ങിപ്പിടിക്കും. അതുപോലെതന്നെ ഭൂമിയുടെ ഉൾഭാഗത്തുനിന്നു് എല്ലായ്പോഴും ഉഷ്ണം പോയിക്കൊണ്ടിരിക്കുമ്പോൾ ചില ഭാഗങ്ങൾ ക്രമേണ തണുത്തുവരികയും അങ്ങനെ തണുക്കുമ്പോൾ ഒരു ദിവസം ആ ഭാഗങ്ങ

ളിൽ പെട്ടെന്നു സങ്കോചം ഉണ്ടാവുകയും ചെയ്യുന്നതാണ്. ഉൾഭാഗത്തിൽ ഒരേടത്തു സങ്കോചമുണ്ടാകുമ്പോൾ അതിന്നു നേരെമേലെയുള്ള ഭാഗങ്ങൾക്ക് ഒരു ചലനം ഉണ്ടാകുന്നതാണല്ലൊ. ആ ചലനം ആകുന്നു ഭൂകമ്പം എന്നു പറയപ്പെടുന്നതു്. സങ്കോചത്തിന്റെ അവസ്ഥപോലെ ഇരിക്കും ഭൂകമ്പത്തിന്റെ ഗൌരവം. കുറച്ചുഭാഗം മാത്രം ചുരുങ്ങിയാൽ ഭൂകമ്പം വളരെ ഉപായമായി കുറച്ചു ഭാഗത്തു മാത്രമെ ഉണ്ടാകയുള്ളു. സങ്കോചം അധികഭാഗത്തിൽ നല്ലവണ്ണം ഉണ്ടായാലാണ [illegible]-ൽ ജപ്പാനിൽ ഉണ്ടായതുപോലെയുള്ള ഭൂകമ്പം ഉണ്ടാകുന്നതു്. ഈ ചലനം എപ്പോൾ ഏതു ദിക്കിൽ ഉണ്ടാകുമെന്നു കാലെ അറിയുവാൻ ഒരു നിവൃത്തിയുമില്ല. ചില രാജ്യങ്ങളിൽ ഒരിക്കലും ഭൂകമ്പം ഇല്ലാതെ ഇരിക്കുകയും മറ്റു ചില രാജ്യങ്ങളിൽ അതു കൂടക്കൂടെ ഉണ്ടാകുകയും ചെയ്യുന്നതിനുള്ള കാരണം എന്തെന്നു ഊഹിപ്പാൻ വഴി ഇതുവരെ കണ്ടുപിടിച്ചിട്ടില്ല.

ഭൂമിയുടെ അന്തർഭാഗത്തുള്ള അഗ്നിജ്വലനം ബഹിർഭാഗത്തുണ്ടാകുന്ന മറ്റു ചില അത്ഭുതസംഭവങ്ങൾക്കും കാരണമാകുന്നുണ്ടു്. ചില ഭാഗങ്ങളെ സമുദ്രം വന്നു മൂടിയതായും ചില ദിക്കുകളിൽ സമുദ്രം പിൻവാങ്ങി ഭൂമി പൊങ്ങിയതായും കേട്ടിട്ടുണ്ടല്ലൊ. ഈ സംഭവങ്ങൾ ഭൂകമ്പംപോലെതന്നെ അന്തരഗ്നിജ്വലനംകൊണ്ടുണ്ടാകുന്നതാണെന്നു സ്പഷ്ടമായി ഊഹിപ്പാൻ വഴിയുള്ളതാണ്. സമുദ്രത്തിന്നു സമീപത്തിലുള്ള ഭൂമി ഇടിഞ്ഞുപോവുമ്പോൾ ആ ഭാഗത്തെ സമുദ്രം വന്നു ആക്രമിക്കുകയും ഉള്ളിലുള്ള അഗ്നിയുടെ ശക്തികൊണ്ടു സമുദ്രത്തിന്റെ അടിയിലുള്ള ഭൂമി എടുത്തു ജലവിതാനത്തിന്റെ മേലെ ആക്കുകയും ചെയ്യുന്നതിനാലാകുന്നു ഈ സംഭവം ഉണ്ടാകുന്നതു്. കേരളം സമുദ്രത്തിന്റെ കീഴിൽ കിടന്നിരുന്ന ഭൂമിയാണെന്നും അന്തരഗ്നിയുടെ ചേഷ്ടകൊണ്ടു ഉദ്ദേശം നാലായിരം കൊല്ലത്തിനുമുമ്പായി സമുദ്രം

പിൻവാങ്ങി കരയായതാകുന്നെന്നും സ്പഷ്ടമായി കാണ്മാനുണ്ടെന്നു ഭൂപ്രകൃതിവിജ്ഞന്മാർ പറയുന്നു. ഭൂമിയിൽ ചില ദിക്കുകളിൽ അഗ്നിപൎവ്വതങ്ങളുണ്ടെന്നു വായനക്കാർ കേട്ടിട്ടുണ്ടായിരിക്കാം. അഗ്നിപൎവ്വതമെന്നു പറയുന്നതു ബഹിർഭാഗത്തുള്ള വൃക്ഷങ്ങളും മറ്റും തീപിടിച്ചു കത്തുന്ന പൎവ്വതമല്ല. ഭൂമിയുടെ ഒരു ഭാഗം പെട്ടെന്നു പൊട്ടിത്തുറന്നു വളരെ മഹത്തായ ഒരു അഗ്നിജ്വാല പുറത്തു കാണുന്നതിനെയാകുന്നു അഗ്നിപൎവ്വതമെന്നു പറയുന്നതു്. അങ്ങിനെ പൊട്ടിത്തുറക്കുമ്പോളുണ്ടാകുന്ന ദ്വാരത്തിൽനിന്നു പുറപ്പെടുന്ന ദ്രവവും മറ്റും അഗ്നിപൎവ്വതത്തിന്റെ ചുറ്റുപുറത്തും വ്യാപിക്കുന്നതായാൽ വളരെ നാശം സംഭവിക്കാവുന്നതാണ്. യൂറോപ്പിൽ ഇറ്റലി എന്ന രാജ്യത്തു് ഇങ്ങിനെ ഒരു അഗ്നിപൎവ്വതത്തിന്റെ പൊട്ടൽ ഉണ്ടായതോടുകൂടി ചുറ്റുമുള്ള നാടെല്ലാം മണ്ണുകൊണ്ടും വെണ്ണീറുകൊണ്ടും മറ്റും മൂടി വലുതായ രണ്ടു പട്ടണങ്ങളും വളരെ ഗ്രാമങ്ങളും അതിലുള്ള ജനങ്ങളും തീരെ നശിച്ചുപോയി. ഭൂമിയുടെ അന്തൎഭാഗത്തുള്ള ചൂടുകൊണ്ടാണു് അഗ്നിപൎവ്വതമുണ്ടാകുന്നതെന്നു പറയേണ്ടതില്ലല്ലോ. ഇങ്ങിനെ പൊട്ടുന്നതിനെ അഗ്നിപൎവ്വതം പൊട്ടുന്നതു അന്തർഭാഗത്തിൽ മഹത്തായ ചൂടുണ്ടെന്നുള്ളതിനു ഒരു തെളിവാണ്. അഗ്നിജ്വാലയിൽകൂടി വരുന്ന പദാൎത്ഥങ്ങളെ പരിശോധിച്ചു നോക്കിയതിൽനിന്നാണു ഭൂമിയുടെ അന്തർഭാഗത്തിൽ ലോഹങ്ങളും മറ്റും ഉരുകി ദ്രവമായി ജ്വലിച്ചു കിടക്കുകയാണെന്നു് ഊഹിക്കുന്നതെന്നുള്ളതിനു വേറെ ഒരു തെളിവുകൂടിയുണ്ടു്. ഭൂമിയിൽ ചില ഭാഗങ്ങളിൽ ഉഷ്ണജലപ്രവാഹം കാണ്മാനുണ്ടു്. ഭൂമി പൊട്ടിത്തുറന്നു് അഗ്നിപൎവ്വതം പുറപ്പെടുന്നതുപോലെ ഉറവായി വെള്ളം വളരെ ഊക്കത്തിൽ പുറത്തേക്കു ചാടുന്നു. ആ വെള്ളം സാധാരണ തിളച്ചവെള്ളംപോലെ ചൂടുള്ളതായി കാണുന്നതു ഭൂമിയുടെ അന്തർഭാഗത്തിൽ ചൂടുണ്ടെന്നുള്ളതിനു വളരെ പ്രബലമായ തെളിവാണല്ലോ.

൨൦. അറിയുക.

(അല്ലെങ്കിൽ മനസ്സിലാവുക)

നാം നമ്മുടെ ജനനംമുതൽ മരണംവരെ ഓരോ ക്ഷണത്തിലും ലോകത്തിലുള്ള ഏതെങ്കിലും ഒരു വിഷയത്തെപ്പററി നമ്മുടെ ഇന്ദ്രിയങ്ങൾ വഴിയായി ഓരോ അറിവുകളെ സമ്പാദിച്ചുകൊണ്ടു തന്നെയിരിക്കുന്നു എന്നുള്ള സംഗതി പെട്ടെന്നു പറയുമ്പോൾ ചിലർ അത്ര വകവെയ്ക്കയില്ലായിരിക്കാമെങ്കിലും അല്പം ആലോചിച്ചാൽ എല്ലാവരും സമ്മതിക്കുന്നതായിരിക്കും.

നാം എന്തെങ്കിലും അറിയുന്നതു നമ്മുടെ ജ്ഞാനേന്ദ്രിയങ്ങൾ (കണ്ണ്, മൂക്ക്, ചെവി, നാവ്, തൊലി) വഴിയായിട്ടാണല്ലോ. എന്നാൽ പ്രതിബന്ധങ്ങൾ യാതൊന്നുമില്ലാത്ത പക്ഷം ഇന്ദ്രിയങ്ങൾക്കെല്ലാം തന്തവിഷയഗ്രഹണസാമർത്ഥ്യം തുല്യമായിരിക്കാമെങ്കിലും ഓരോ ഇന്ദ്രിയദ്വാരേണയും നമ്മുടെ മനസ്സിൽ പതിയുന്ന വിഷയസ്വഭാവാദികളിൽ പലപ്പോഴും സൂക്ഷ്മാസൂക്ഷ്മതാഭേദമോ താരതമ്യവിശേഷമോ ഗുണദോഷവ്യത്യാസമോ ഉണ്ടാകാറുണ്ടെന്നുള്ളതു് അനുഭവസിദ്ധമാകുന്നു.

നാം അമ്മയുടെ ഉദരത്തിൽ നിന്നു ഭൂമിയിൽ പിറക്കുമ്പോൾ തന്നെ നമുക്ക ചക്ഷുരാദിജ്ഞാനേന്ദ്രിയങ്ങൾ എല്ലാം ഉണ്ടായിരിക്കുന്നുണ്ടല്ലോ. എന്നാൽ ആദ്യമായി നമുക്കുണ്ടാകുന്ന ജ്ഞാനം ഏതു് ഇന്ദ്രിയമാർഗ്ഗേണ സിദ്ധിക്കുന്നതാകുന്നു? എന്നുള്ള ചോദ്യത്തിന്നുതന്നെ ശരിയായ ഒരു ഉത്തരം സാധാരണക്കാർക്കു് എളുപ്പത്തിൽ പറവാൻ കഴിയുന്നതാണെന്നു തോന്നുന്നില്ല. ജനനാനന്തരം ഒന്നോ രണ്ടോ മണിക്കൂറുകൊണ്ടോ, മൂന്നോ നാലോ ദിവസംകൊണ്ടോ, അഞ്ചോ ആറോ മാസംകൊണ്ടോ ഒരു കുട്ടി

തന്റെ അമ്മയുടെ സ്വരസ്വരൂപത്തിന്റെയോ അംഗസ്പർശത്തിന്റെയോ, ദേഹഗന്ധത്തിന്റെയോ, താലോല (താരാട്ടു) ശബ്ദത്തിന്റെയോ സൂക്ഷ്മമായ ഭേദത്തെ ഗ്രഹിക്കുകയും, ക്രമേണ അമ്മയപ്പന്മാരെ പ്രത്യേകം കണ്ടറിയുകയും അവർ കുട്ടിയുടെ നേരെ കാണിക്കുന്ന വല്ല മുഖവികാരാദികളെക്കണ്ടു കുട്ടി ചിരിച്ചുതുടങ്ങുകയും ചെയ്യുന്നു. മററുള്ളവർ എടുക്കുകയോ മുല കൊടുക്കുകയോ മററോ ചെയ്യുന്നതിൽ പരിചയഭേദംകൊണ്ടു കുട്ടിക്കു അസുഖം തോന്നുന്നതായാൽ തൽപ്രതികാര സൂചകമായി നിലവിളിക്കുകയോ നേരെ നോക്കാതിരിക്കുകയോ അവർ ബലമായി എടുക്കാൻ ശ്രമിച്ചാൽ പിന്തിരിച്ചു വൈമുഖ്യം നടിച്ചു് അകലെപ്പോവുകയോ ചെയ്യുന്നു. അതിനാൽ ഇന്ദ്രിയങ്ങളുടെ വിഷയഗ്രഹണശക്തി ശൈശവകാലത്തിൽതന്നെ തുല്യപരിമാണമായി ഉണ്ടാകുന്നില്ലെന്നും, ഓരോന്നും അനുക്രമമായും അഭ്യാസഭേദവശാൽ ഏററക്കുറവായി വർദ്ധിച്ചും ഉണ്ടാകുന്നതാണെന്നും അനുഭവസിദ്ധമാകുന്നു.

ഇതുകൊണ്ടുതന്നെ ഓരോ വിഷയങ്ങളെയും അതാതിന്ദ്രിയങ്ങൾക്കു ഗ്രഹിപ്പാനുള്ള ശക്തിയും അതിലുള്ള വേഗാധിക്യവും വർദ്ധിച്ചുവരുന്നതു പ്രതിക്ഷണാഭ്യാസം നിമിത്തമാണെന്നു സിദ്ധിക്കുന്നു. ഇങ്ങനെ ക്ഷണംപ്രതി ഇന്ദ്രിയാർത്ഥസന്നികർഷജന്യമായ ജ്ഞാനം നിത്യാഭ്യാസംകൊണ്ടു വർദ്ധിക്കുന്തോറും ഓരോവിഷയങ്ങളിലും അതിസൂക്ഷ്മങ്ങളായ അനേകം പ്രകാരഭേദങ്ങളെ അതിവേഗത്തിൽ ഗ്രഹിപ്പാനുള്ള ശക്തി അളവററ വിധം വർദ്ധിച്ചു വർദ്ധിച്ചു് ഇന്ദ്രിയങ്ങൾക്കു തദ്വിഷയഗ്രഹണത്തിനു വേണ്ടിവരുന്ന കാലദൈർഘ്യം കുറഞ്ഞു കുറഞ്ഞു വന്നു് അല്പക്ഷണംകൊണ്ടുതന്നെ പല ഇന്ദ്രിയങ്ങളെക്കൊണ്ടു ഗ്രഹിക്കേണ്ടവയായ പല വിഷയങ്ങളെയോ അല്ലെങ്കിൽ ഒരിന്ദ്രിയത്തിന്റെ വിഷയത്തിൽ തന്നെ അതിസൂക്ഷ്മങ്ങളായ വിവിധപ്രകാര

ഭേദങ്ങളെയൊ കൂട കലൎന്നു മാറി മാറി ഗ്രഹിക്കുക മുതലായ അനേക പരിചകളിൽ പൂൎണ്ണത്വം പ്രാപിക്കുന്നവരെന്നും തങ്ങളിൽ പലരും പാണ്ഡിത്യം സിദ്ധിച്ചിട്ടുണ്ടെന്ന് അല്ലാം ആലോചിച്ചാൽ ആരും സമ്മതിക്കാതിരിക്കുന്നതല്ല. എന്നാൽ എല്ലാവരിലും എല്ലാ വിഷയങ്ങളിലും ഈ ശക്തി ഒരുപോലെ പ്രവൃത്തിക്കുന്നില്ലെന്നും ഓരോരുത്തനിലും ഓരോ വിഷയങ്ങളിലും അഭ്യാസാദി ഉപാധിഭേദവശാൽ താരതമ്യഭേദമുള്ളതായി കണ്ടുവരുന്നുണ്ടെന്നും സമ്മതിക്കേണ്ടതുമാകുന്നു. എങ്കിലും അങ്ങിനെയുള്ളതിൽ പലതും ജന്മസിദ്ധമല്ലെന്നും അഭ്യാസഭേദവശാലുണ്ടാകുന്നതാകുന്നു എന്നും പറയാതിരിപ്പാൻ നിവൃത്തിയില്ല.

എന്തെന്നാൽ സംഗീതരസികന്മാരുടെ സൎവസന്താപഹരണകാരണമായ സപ്തസ്വരങ്ങൾ കേട്ടാൽ തദപരിചിതന്മാർ കേവലം ഒരു ശബ്ദമെന്നു മാത്രമല്ലാതെ അവയുടെ യാതൊരു വ്യത്യാസവും മനസ്സിലാക്കുന്നില്ലെങ്കിലും അവർ തങ്ങൾക്കു നിത്യപരിചയമുള്ള എട്ടോ പത്തോ സ്നേഹിതന്മാർ നേരിട്ടു കാണാതെ ഒരു മുറിക്കകത്തോ മറെറാ മറഞ്ഞു നിന്നു സംസാരിച്ചാൽ ഓരോന്നും ഇന്നിന്ന ആളുടെ ശബ്ദമാണെന്നു യാതൊരു താമസവും പ്രയാസവും കൂടാതെ അറിയുന്നു.

അതുപോലെതന്നെ ആയിരവും പതിനായിരവും വിലപിടിക്കുന്ന വൈരക്കല്ലുകളും കാൽക്കാശുപോലും വിലയില്ലാത്ത സ്ഫടികക്കഷണങ്ങളും തമ്മിൽ സാധാരണ നാട്ടുപുറത്തുള്ള കൃഷിക്കാരനായ ഒരുവന്നു യാതൊരു ഭേദവും കാഴ്ചയിൽ തോന്നുന്നില്ലെങ്കിലും, ഒരു നല്ല കല്ലുനോട്ടക്കാരന്റെ കയ്യിൽ കിട്ടുമ്പോൾ അവയുടെ വ്യത്യാസത്തെ അവൻ അരക്ഷണത്തിലും സൂക്ഷ്മമായും കണ്ടെത്തുന്നു.

നല്ല കണ്ണുള്ളവർ തങ്ങൾക്കു നിത്യപരിചയമുള്ള വഴിയിൽ കൂടി അന്ധനായും രാത്രികാലങ്ങളിൽ വെളിച്ചം കൂടാതെ ആളും സഞ്ചരിക്കേണ്ടി വന്നാൽ എത്ര കല്ലിലും

മുള്ളിലും കയറുന്നു? എത്ര കുണ്ടിലും കുഴിയിലും ചാടുന്നു? എന്നാൽ ഒരു അന്ധനാകട്ടെ, തന്റെ കയ്യിലുള്ള വല്ല കോലുകൊണ്ടും നിലത്തു കുത്തിക്കുത്തിക്കൊണ്ട് ആ വഴിയിൽ കൂടിത്തന്നെ യാതൊരപകടവും കൂടാതെ രാത്രിയും പകലും ഒരുപോലെയായി സഞ്ചരിക്കുന്നു. ഇതിനുള്ള കാരണം ആ കുരുടൻ തന്റെ കയ്യിലുള്ള കോലുകൊണ്ടും കാലുകൊണ്ടും വഴിയിലുള്ള വൈഷമ്യങ്ങളെ സ്പർശിച്ചറിയുന്നതിനാൽ നല്ലവണ്ണം അറിയുന്നതുകൊണ്ടല്ലാതെ വേറെ എന്തെങ്കിലുമുണ്ടോ? ഇങ്ങനെ ഓരോ വിഷയത്തിലും പ്രത്യേകം പ്രത്യേകം ഉദാഹരണം കാണിച്ചിട്ടാവശ്യമില്ലല്ലോ.

ഇതുവരെ പറഞ്ഞതു് ഇന്ദ്രിയങ്ങളുടെ വിഷയഗ്രഹണശക്തിയെയും, അതിന്നവലംബങ്ങളായിരിക്കുന്നവയെയും ആശ്രയിച്ചുണ്ടാകുന്ന വ്യത്യാസങ്ങളെയുമാണല്ലോ. ഇനി ഈ ഗ്രഹണശക്തി ഇന്ദ്രിയങ്ങൾക്കു മാത്രം അധീനമായിട്ടുള്ളതോ അല്ലയോ എന്നും, വേറെ വല്ലതിന്റെയും സഹായം ഇതിന്നുകൂടാതെ കഴിയുമോ എന്നും ആലോചിക്കേണ്ടിയിരിക്കുന്നു. ഇന്ദ്രിയങ്ങൾക്കുമാത്രം അധീനമായിരുന്നു എങ്കിൽ ഉറക്കത്തിലും ബോധക്ഷയത്തിലും കൂടി വിഷയജ്ഞാനം ഉണ്ടാകേണ്ടതായിരുന്നുവല്ലോ. അതില്ലാത്തതിനാൽ ഇന്ദ്രിയമാത്രാധീനമല്ലെന്നു് ഊഹിക്കേണ്ടിവരുന്നു. എന്നുമാത്രമല്ല ഇന്ദ്രിയങ്ങളെ എല്ലാറ്റിനെയും കൂടി സംഘടിപ്പിക്കാനായി വേറെ എന്തോ ഒന്നുണ്ടെന്നു കൂടി കല്പിക്കേണ്ടി വരുന്നു. ഇങ്ങനെ ഇന്ദ്രിയങ്ങൾക്കെല്ലാം കൂടി വിഷയഗ്രഹണത്തിൽ ഏകസഹായിയായി നില്ക്കുന്ന ഒരു അന്തഃകരണമാകുന്നു 'മനസ്സ്.' അതുകൊണ്ടു് ഇന്ദ്രിയങ്ങൾക്കു വിഷയസന്നികർഷമുണ്ടാകുമ്പോൾ മനസ്സിന്റെ സഹായവും കിട്ടിയാൽ മാത്രമേ ജ്ഞാനം (അറിവ്) ഉണ്ടാകയുള്ളൂ. അതില്ലാത്തതുകൊണ്ടാണു നിദ്രയിലും മോഹത്തിലും വിഷയജ്ഞാനമുണ്ടാകാത്തതു്. ജാഗ്രത്തിൽ തന്നെയും ചിലപ്പോൾ ഇന്ദ്രിയ

അവകളും അതാതിന്റെ വിഷയസന്നികർഷമുണ്ടാകുമ്പോൾ അതോടുകൂടി മനസ്സിന്റെ പ്രവൃത്തിയും സിദ്ധിച്ചാൽ മാത്രമേ ജ്ഞാനമുണ്ടാകുന്നുള്ളൂ. അതിനാൽ ഒരു സമയത്തിൽ ഒരിന്ദ്രിയത്തിന് അതിന്റെ വിഷയത്തോട് ആഭിമുഖ്യം ഉണ്ടാവുകയും മനസ്സും അതോടുകൂടി പ്രവർത്തിക്കുകയും ചെയ്തുകൊണ്ടിരിക്കുമ്പോൾ മറ്റിന്ദ്രിയങ്ങൾക്ക അവയുടെ വിഷയങ്ങളിൽ സംബന്ധമുണ്ടായാലും മനസ്സിന് അവയിൽ പ്രസക്തി ഉണ്ടാവാൻ കഴിയാതിരിക്കുന്നതുകൊണ്ട് ആ വിഷയങ്ങളിൽനിന്നുള്ള ജ്ഞാനം സിദ്ധിപ്പാനിടവരുന്നില്ല.

ഇതിനും പുറമെ മനസ്സിനെ ജ്ഞാനേന്ദ്രിയങ്ങളുടെ വ്യാപാരങ്ങളിൽ സഹായിക്കുക എന്ന പ്രവൃത്തി കൂടാതെ, മേൽ പറഞ്ഞതുപോലെ പ്രകാരത്തിൽ അറിയപ്പെട്ടിട്ടുള്ള പലവിധ വിഷയങ്ങളിലും തന്നെത്താൻ വ്യാപരിക്കുക എന്ന ഒരു പ്രവൃത്തികൂടി സ്വാതന്ത്ര്യമായി ചെയ്യാനുള്ളതിനാൽ മനസ്സു ചിലപ്പോൾ യാതൊരു ജ്ഞാനേന്ദ്രിയവ്യാപാരത്തിലും സഹായിക്കാതെ സ്വതന്ത്രമായി വ്യാപരിക്കുന്നതായാൽ ആ സമയത്തിൽ മനസ്സുള്ള ഇന്ദ്രിയങ്ങൾക്ക തങ്ങളുടെ മുമ്പിലുള്ള വിഷയങ്ങളെയും ഗ്രഹിപ്പാൻ ശക്തിയില്ലാതെയും വരുന്നു. ഇങ്ങനെയുള്ള മനഃപ്രവൃത്തിയെയാകുന്നു നാം 'മനോരാജ്യം' എന്നു പറയുന്നത്.

അതിനാൽ മനസ്സു സ്വതന്ത്രമായി പ്രവർത്തിച്ചുകൊണ്ടിരിക്കയാൽ ജ്ഞാനേന്ദ്രിയങ്ങളിൽ ഏതെങ്കിലും ഒന്നിന്റെ പ്രവൃത്തിയെ സഹായിച്ചുകൊണ്ടിരിക്കാതെ ചെയ്യുന്ന സമയത്തിൽ ജ്ഞാനേന്ദ്രിയങ്ങൾക്ക് അവയുടെ വിഷയങ്ങളോട് സംബന്ധമുണ്ടായാലും അവയിൽനിന്ന് യാതൊരു ജ്ഞാനവും സിദ്ധിപ്പാനിടവരാതിരിക്കുന്നതുകൊണ്ട് —ഞാൻ കണ്ടു അല്ലെങ്കിൽ കേട്ടു എന്നു മനസ്സിലായില്ല—എന്നു നാം പറയുന്നു. ഇങ്ങനെയുള്ള മനസ്സിന്റെ

ന്ദ്രിയവിഷയാദിനിവേശത്തെ പരിഹരിപ്പാൻ വേണ്ടിയാ ണ് 'മനസ്സിനെ പിടിക്കു' 'മനസ്സിനെ നോക്കു' എന്നൊക്കെ പറയുന്നത്.

ഇങ്ങനെ പറഞ്ഞതുകൊണ്ടു മനസ്സിന്റെ ഐകാഗ്ര്യത്തോടുകൂടി ഇന്ദ്രിയാർത്ഥസന്നികർഷവും കൂടി ഉണ്ടായാൽ മാത്രമേ വിഷയജ്ഞാനമുണ്ടാവാൻ കഴിയൂ എന്നു സിദ്ധമായല്ലോ.

അതിനാൽ ക്ഷണംപ്രതി വിവിധവിഷയേന്ദ്രിയസന്നികർഷങ്ങളുണ്ടാകുമ്പോഴൊക്കെയും മനസ്സിനെ അതാതു വിഷയങ്ങളിലേക്ക് അതിവേഗത്തിൽ മാറിമാറി പ്രവർത്തിപ്പാനുള്ള ശക്തിയുണ്ടാക്കുകയാകുന്നു അഭ്യാസത്തിന്റെ ഫലം എന്നു പറകൂടി.

ഈ ഘട്ടത്തിൽ തന്നെ മേൽപ്രകാരമുള്ള അഭ്യാസത്തെ കുറിച്ചുകൂടി അല്പം വിചാരിക്കേണ്ടത് ആവശ്യമായി വന്നിരിക്കുന്നു. എന്തെന്നാൽ—മനസ്സിന്റെ ഐകാഗ്ര്യത്തോടുകൂടി ഇന്ദ്രിയാർത്ഥസന്നികർഷമുണ്ടാകുമ്പോഴാണ് വിഷയഗ്രഹണമുണ്ടാകുന്നത് എന്നു പറഞ്ഞുവല്ലോ. അങ്ങനെ ഓരോ ഇന്ദ്രിയങ്ങളും അതാതിന്റെ വിഷയങ്ങളെ ഗ്രഹിക്കുന്നത് എല്ലായ്പ്പോഴും ഒരേപ്രകാരത്തിലായിരിക്കയില്ല. നമ്മുടെ കണ്ണ് ഒരു രൂപത്തെ ഗ്രഹിക്കുമ്പോൾ ആ രൂപത്തിന്റെ എല്ലാഭാഗങ്ങളെയും സാമാന്യമായി അറിയുന്നതു കൂടാതെ ചില ഭാഗങ്ങളെ സവിശേഷമായി പ്രത്യേകം ശ്രദ്ധിച്ചു ആ ഭാഗങ്ങളിലുള്ള അതിസൂക്ഷ്മങ്ങളായ പല വിഷയങ്ങളെയും കുറിച്ചു പ്രത്യേകമായ അറിവു സമ്പാദിക്കുന്നു. എങ്ങനെയെന്നാൽ, നാം ഒരു മനുഷ്യനെ ആദ്യമായി കണ്ടു പരിചയിച്ചതിനു ശേഷം പിന്നീട് എപ്പോഴെങ്കിലും അയാളെ കാണുന്നതായാൽ ഉടനെ ഇതു് ഇന്ന ആളാണെന്നു പ്രയാസം കൂടാതെ അറിയുന്നു. ഈ അറിവു നമുക്കുണ്ടാവാൻ കാരണം, അയാളെ ആദ്യം കണ്ടപ്പോഴും

തന്നെ നമ്മുടെ കണ്ണുകൾ വഴിയായി അയാളുടെ ആകൃതിവിശേഷത്തിന്റെ ചില പ്രത്യേക ഭേദങ്ങളോടുകൂടിയ വണ്ണം, പൊക്കം, നിറം മുതലായവയെയോ, കണ്ണ്, മൂക്ക്, കയ്യ്, കാല് മുതലായ അവയവങ്ങളുടെ സംസ്ഥാനഭേദത്തെയോ, സന്തോഷം, ദേഷ്യം മുതലായ മനോവികാരങ്ങളിൽ പ്രദർശിപ്പിക്കുന്ന മുഖവികാരഭേദങ്ങളെയോ കുറിച്ച് അതിസൂക്ഷ്മങ്ങളായ പല സംജ്ഞാഭേദങ്ങളും നമ്മുടെ മനസ്സിൽ ദൃഢമായി പതിഞ്ഞിട്ടുള്ളതാകുന്നു.

എന്നാൽ ആ മനുഷ്യനെത്തന്നെ മറ്റൊരവസരത്തിൽ മുഖമൊഴികെ ശരീരത്തിന്റെ മറ്റു സകല ഭാഗങ്ങളും കണ്ടാലും തീരെ അറിയുന്നില്ല. ഈ അറിവുകേടിനുള്ള കാരണം എന്താകുന്നു? അയാളെ കണ്ടപ്പോഴൊക്കെയും അയാളുടെ മുഖത്തെ മാത്രമേ മനസ്സിരുത്തി നോക്കി സൂക്ഷ്മം ഗ്രഹിച്ചിട്ടുള്ളു. ശരീരത്തിന്റെ മറ്റുള്ള ഭാഗങ്ങളെ എല്ലാം കണ്ടിട്ടുണ്ടെന്നു പറവാൻ മാത്രമല്ലാതെ മനസ്സിരുത്തി നോക്കി സൂക്ഷ്മസ്ഥിതി അറിഞ്ഞിട്ടില്ല എന്നുള്ളതുതന്നെ. ഇതാണ 'മുഖപരിചയം' എന്നു പറയുന്നതു്. പത്തുപേരെ അറിയാതിരിപ്പാൻവേണ്ടി കലപാതകികൾ മൃതശരീരത്തിന്റെ തല വെട്ടിക്കൊണ്ടു പോകുന്നതു പ്രസിദ്ധമാണല്ലോ.

ഇതുതന്നെയല്ല, ജീവികളിൽവെച്ചു മനുഷ്യരായ നാം നമ്മുടെ സ്വജാതീയരായ മറ്റു മനുഷ്യരെപ്പററി അറിയുന്നതുപോലെ അത്ര സൂക്ഷ്മത്തിലും വേഗത്തിലും എളുപ്പത്തിലും മറ്റു യാതൊന്നിനെയും അറിയുന്നില്ല. എങ്ങനെയെന്നാൽ അനേകായിരം ജനങ്ങൾ കൂടുന്ന കൊടുങ്ങല്ലൂർ ഭരണി, ആറാട്ടുപുഴ പൂരം, വൈക്കത്തഷ്ടമി മുതലായ സ്ഥലങ്ങളിൽവെച്ചു നാം മുമ്പിൽ കണ്ടിട്ടുള്ള ഒരു മനുഷ്യനെ യദൃച്ഛയായി കാണുകയും സംഭാഷണാദികളാൽ തമ്മിൽ പരിചയിക്കുകയും ചെയ്തു പിരിഞ്ഞതിന്റെ ശേഷം കുറെ

നാലം കഴിഞ്ഞിട്ടു പിന്നെ ഒരിക്കൽ മറെറാരു സ്ഥലത്തുവെ ച്ച് അയാളെ കാണ്മാൻ സംഗതിവന്നാൽ ഉടനെ അദ്ദേഹത്തെ യാതൊരു സംശയവും കൂടാതെ അറിയുന്നു.

എന്നാൽ വാണിയംകുളം, പൊള്ളാച്ചി മുതലായ ഏതെങ്കിലും ഒരു ചന്തയിൽനിന്ന് ഒരു കാളയെ വാങ്ങുവാനായി പ്രത്യേകം മനസ്സുവെച്ചു നോക്കി അതിന്റെ ലക്ഷണാദികളെക്കുറിച്ചും മററും വളരെ നേരം സൂക്ഷ്മപരിശോധന ചെയ്തറിഞ്ഞതിന്റെ ശേഷം വില കൊടുത്തു വാങ്ങി പോന്നുവെന്നിരിക്കട്ടെ. പിന്നെ ആ കാളയെത്തന്നെ വേറൊരവസരത്തിൽ അതുപോലെയുള്ള മറെറാരു ചന്തയിൽ വെച്ചോ, അല്ലെങ്കിൽ നാം സവാരിക്കായി കയറിയ വണ്ടിക്കു പൂട്ടിയോ കാണ്മാനിടവന്നാൽ നമുക്കതിനെ മററുള്ള കാളകളിൽനിന്നു വേർതിരിച്ചറിവാൻ തീരെ കഴിയുന്നില്ല. എങ്കിലും ആ കാളതന്നെ നാം ആദ്യം നോക്കിയ നാൾ മുതൽ നമ്മുടെ വീട്ടിൽ കെട്ടി രക്ഷിച്ചു കുറച്ചുകാലം നാം തന്നെ അതിനെ നിത്യം പെരുമാറിക്കൊണ്ടിരിക്കുന്ന പക്ഷം ഏതു കാളകളുടെ കൂട്ടത്തിൽ നിന്നും അതിനെ വേർതിരിച്ചറിവാൻ പിന്നീടു നമുക്കു കഴിവുണ്ടാകയും ചെയ്യുന്നു. അങ്ങിനെ വരുവാനുള്ള കാരണം, ആദ്യം കണ്ടപ്പോൾ അല്പസമയത്തിനുള്ളിൽ നമുക്കു കണ്ടറിവാൻ കഴിയാത്ത അനേകം സൂക്ഷ്മഭേദങ്ങളെ ക്രമേണ കണ്ടറിവാനിടവരുന്നതാകുന്നു. എന്നാൽ ആദ്യം ചന്തയിൽവെച്ച് ആ കാളയെ നോക്കി വിലപറഞ്ഞു വാങ്ങാതെ പോന്നിട്ട് ഒരു നല്ല വണ്ടിക്കാരനായിരുന്നാൽ പിന്നീട് ആ കാളയെ വേറൊരു കാളക്കൂട്ടത്തിൽവെച്ചു കണ്ടാലും അവൻ ക്ഷണത്തിൽ അറിഞ്ഞു എന്നു വന്നേക്കാം. അതിനുള്ള കാരണം, അവന്നു കാളജാതിയിലുള്ള അനേകം വ്യക്തികളുടെയും വളരെക്കാലമായിട്ടുള്ള സൂക്ഷ്മപരിചയം നിമിത്തം ഏതെങ്കിലും ഒരു കാളയെക്കണ്ടാൽ

അതിൻെറ ആകൃതി മുതലായവയിൽനിന്ന്, അനേകം വൃക്ഷസ്ഥിതിഭേദങ്ങളെ എളുപ്പത്തിലും വേഗത്തിലും ധരിപ്പാനുള്ള ശക്തി നിത്യാഭ്യാസംകൊണ്ടു വളരെ വർദ്ധിച്ചിട്ടുള്ളതാകുന്നു.

ഇതുപോലെ തന്നെ പത്തോ മുപ്പതോ ആശാരിമാർ പണിചെയ്യുന്ന ഒരു സ്ഥലത്തുനിന്നു സന്ധ്യയ്ക്കു പണിനിറുത്തുന്ന സമയം ഓരോ ആശാരിയും അവനവൻെറ പണിആയുധങ്ങളെ മാറിപ്പോകാതെ തിരിഞ്ഞെടുത്തു വെവ്വേറെ സൂക്ഷിക്കുന്നു. തട്ടാനും ഇതുപോലെതന്നെ ഒരേ മാതിരിയിലുള്ള വളരെ പണ്ടങ്ങളിൽനിന്നും താൻ പണിചെയ്തിട്ടുള്ള ഒരു പണ്ടത്തെ അനായാസേന കണ്ടുപിടിക്കുന്നു. ഒരു സ്കൂൾ കുട്ടി, സ്കൂൾ വിട്ടുപോകുമ്പോൾ തൻെറ ക്ലാസ്സിലുള്ള കുട്ടികളുടെ ഒരേതരത്തിലുള്ള പുസ്തകങ്ങളിൽനിന്നും, സ്ലേറ്റുകളിൽനിന്നും തൻെറ പുസ്തകങ്ങളെയും സ്ലേറ്റുകളെയും നിഷ്പ്രയാസമായി തിരഞ്ഞെടുക്കുന്നു.

എന്തിനേറെപ്പറയുന്നു? ഇതുപോലെ ആലോചിച്ചാൽ ഓരോ വിഷയങ്ങളിലും പ്രത്യേകാഭ്യാസംകൊണ്ടു നമ്മുടെ വിഷയഗ്രഹണശക്തി വർദ്ധിച്ചുവരുന്നതുകൂടാതെ പ്രത്യേകതരമായി തിരിയുകയും ചെയ്യുന്നതാണ്. പ്രസിദ്ധനായ 'കാക്കശ്ശേരി ഭട്ടതിരി' കുട്ടിയായിരിക്കുമ്പോൾ തൻെറ ഇല്ലത്തു് ഒരു നിത്യശ്രാദ്ധം നടന്നുവന്നിരുന്നതിനാൽ ദിവസേന പതിവായി പിണ്ഡം ഭക്ഷിപ്പാൻ വരുന്ന കാക്കകളെയും ചില ദിവസം മാത്രം വരുന്ന കാക്കകളെയും പ്രത്യേകം അടയാളത്തോടുകൂടി മറ്റുള്ളവരെ കാണിച്ചുകൊടുത്തിരുന്നു എന്നുള്ള പഴഞ്ചൊല്ല ഈ ഘട്ടത്തിൽ ഓർക്കേണ്ടതാണ്. അതിനാൽ ഇങ്ങനെ മനസ്സിരുത്തലോടുകൂടി വിഷയപരിശോധന ചെയ്യുന്നതായാൽ ഈ ലോകത്തിലുള്ള ഓരോ വിഷയങ്ങളിൽനിന്നും ജ്ഞാനപ്രാപ്തി പുതുതായി അസംഖ്യം അറിവുകൾ നമുക്കു സിദ്ധിപ്പാനിടവരുന്നതാണെന്നുള്ള ഉപദേശത്തോടുകൂടി ഈ വിഷയത്തെ ഉപസംഹരിക്കുന്നു.

കുന്നത്തു പരമേശ്വരമേനോൻ.

൨൮. തുഞ്ചത്തെഴുത്തച്ഛൻ.

"ശങ്കിച്ചീടേണ്ടാ സ്വർണ്ണത്തെ കൈക്കൊൾകേവേണ്ടു
പങ്കത്തിൽ കിടക്കുന്നതെങ്കിലുമതില്ലതം" — മ. ഭാ.

മലയാളഭാഷ സംസാരിക്കുന്നവരിലും, മലയാളസാഹിത്യത്തെക്കുറിച്ച് അല്പമെങ്കിലും അറിവുള്ളവരിലും തുഞ്ചത്തെഴുത്തച്ഛന്റെ പേര് കേൾക്കാത്തവർ വല്ലവരുമുണ്ടോ എന്നു സംശയമാണ്. മലയാളികൾക്ക്, ഇദ്ദേഹത്തിന്റെ പേർ ഇപ്പോഴും ശ്രുതിമധുരമായിട്ടാണിരിക്കുന്നത്. ഇദ്ദേഹം ഭൂവാസം വെടിഞ്ഞിട്ടു മൂന്നു ശതാബ്ദങ്ങൾ കഴിഞ്ഞിട്ടുണ്ടെങ്കിലും, ഇദ്ദേഹത്തിന്റെ മധുരസ്വരം ഇന്നും നമ്മുടെ കർണ്ണങ്ങളിൽ മുഴങ്ങിക്കൊണ്ടുതന്നെയിരിക്കുന്നു. ഇദ്ദേഹത്തിന്റെ കാലാനന്തരം മലയാളഭാഷയ്ക്കും സാഹിത്യത്തിനും വളരെ മാറ്റങ്ങൾ വന്നിട്ടുണ്ടെങ്കിലും, ഇദ്ദേഹത്തിന്റെ കൈവിരുതുകളുടെ പാട് ഇപ്പോഴും അവയിൽ തെളിഞ്ഞുകാണാനുണ്ട്. മലയാളഭാഷയുടെയും സാഹിത്യത്തിന്റെയും 'ജനകൻ' ഈ മഹാൻതന്നെയാണെന്നു സമ്മതിക്കാത്തവർ ആരുംതന്നെ ഉണ്ടായിരിക്കയില്ല. മലയാളഭാഷയ്ക്ക്, അതിന്റെ ജീവനും, ഗൌരവവും, സൌന്ദര്യവും ഇദ്ദേഹത്തിൽനിന്നു സിദ്ധിച്ചിട്ടുള്ളവയാണ്. സംസ്കൃതമലയാളപദങ്ങളെ എത്ര ഭംഗിയാകുംവണ്ണം കൂട്ടിച്ചേർക്കാൻ കഴിയുമെന്നും ഭാഷയ്ക്ക് എത്രമാത്രം കെല്പും, വൈഭവവുമുണ്ടെന്നും, മറ്റും അതിനെ എത്രമാത്രം പരിഷ്കരിക്കുകയും പോഷിപ്പിക്കുകയും ചെയ്യാമെന്നും, വിവിധമനോവികാരങ്ങളെ പ്രത്യക്ഷപ്പെടുത്തുവാൻ അതിന് എത്രമാത്രം ശക്തിയുണ്ടെന്നും ആദ്യമായി തെളിയിച്ചത് ഇദ്ദേഹംതന്നെയാണ്. താഴ്ന്ന വർഗ്ഗത്തിൽ ജനിക്കയും, ഒരു സാധാരണ ജീവിതവൃത്തിയെ മാത്രം അവലംബിച്ചു കാലക്ഷേപം ചെയ്കയും ചെയ്തിരുന്നുവെങ്കിലും, അദ്ദേഹ

തിന്റെ ബുദ്ധിയുടെയും, പരിശ്രമത്തിന്റെയും, ധൈര്യത്തിന്റെയും അസാധാരണശക്തികൊണ്ടു മാത്രം അദ്ദേഹം തന്റെ സ്വപക്ഷത്തിലേക്ക് അതിമാത്രം ജനം ചെയ്യുന്നവരെ ഒരു പക്ഷത്തെ പ്രാപിക്കുയും, ഇപ്രകാരം ഇതുവരെ ശിഥിലമായി ഖണ്ഡിക്കുവാൻ പാടില്ലാത്തതായ ഒരു പ്രേരണാശക്തിയെ ജനങ്ങളിലും, ഒരുപോലത്തെ ഭാഷയിലും, വ്യാപരിപ്പിക്കുയും ചെയ്യുന്നതിന്നു ശക്തനായിത്തീർന്നു. ഇദ്ദേഹത്തിന്റെ പ്രയത്നമില്ലായിരുന്നുവെങ്കിൽ മലയാളഭാഷയ്ക്കു ഇക്കാണുന്ന ഇൻഡ്യയിലുള്ള ഭാഷകളുടെ ഇടയിൽ ഇപ്പോഴുള്ള മാന്യസ്ഥാനം ഒരിക്കലും ലഭിക്കയില്ലായിരുന്നു. അതുകൊണ്ട് ഇദ്ദേഹത്തിന്റെ ആവിർഭാവം മലയാളസാഹിത്യചരിത്രത്തിന്റെ ഒരു പ്രധാനഘട്ടത്തെ ലക്ഷീകരിക്കുന്നു.

ഇപ്രകാരം നമ്മുടെ മാതൃഭാഷയ്ക്കു് അലങ്കാരവും, പുഷ്ടിയും നല്കിയും, നമ്മുടെ സാഹിത്യത്തിന്റെ മൂലധനം ആർജ്ജിച്ചും, നമ്മുടെ സ്വഭാവങ്ങളുടെ വ്യാപ്തിയെ വർദ്ധിപ്പിച്ചും, നമ്മുടെ വിചാരങ്ങളെ എന്നെന്നേക്കും ഉയർത്തി നിർമ്മലങ്ങളാക്കുന്നതിന്നു യത്നിച്ചും, നമ്മുടെ ഗൃഹങ്ങളിൽ ഒരു അഭിനവമായ പ്രദീപം ജ്വലിപ്പിച്ചും ആയ ഈ മഹാന്റെ ജീവിതരീതിയെയും സ്വഭാവഗുണങ്ങളെയും കുറിച്ചു നമുക്ക ജിജ്ഞാസ ജനിക്കുന്നതു സഹജമാണല്ലോ. എന്നാൽ, നിർഭാഗ്യവശാൽ, കേവലം ചില ഐതിഹ്യങ്ങളല്ലാതെ ഈ വിഷയത്തിൽ നമുക്ക രേഖാമൂലമായ അറിവുകൾ ലഭിക്കുന്നതിന്നു മാർഗ്ഗം ഒന്നും ഇല്ലാതെയാണിരിക്കുന്നതു്. പല മഹാകവികളുടെയും സ്ഥിതി ഇതുതന്നെയാണ്. അവർ പരാർത്ഥജീവികളായിരുന്നതിനാൽ തങ്ങളുടെ കാര്യത്തിൽ തീരെ ശ്രദ്ധയില്ലായിരുന്നു. അവരുടെ ജീവിതം ഒരുമാതിരി മങ്ങിയ ചട്ടിലായിരുന്നതുകൊണ്ട് അവരുടെ സമാനകാലീനന്മാരുടെ ശ്രദ്ധയെയും അവർ ആകർഷിച്ചില്ല. എന്നുതന്നെയുമല്ല, ഇങ്ങനെ

യുള്ളവരുടെ കൃതികളുടെ യഥാർത്ഥരൂപം അറിയുന്നതിന്നു കുറച്ചുകാലം വേണ്ടിവരും; അപ്പോഴേക്കും ഇവരെക്കുറിച്ചുണ്ടായിരുന്ന അറിവുകൾ തേഞ്ഞുമാഞ്ഞുപോകാനും ഇടയുണ്ട്. ഇതുനിമിത്തം ഒടുവിൽ ഐതിഹ്യങ്ങൾ ക്രമേണ അപ്രത്യക്ഷമായിപ്പോകുന്നു. ഒന്നുമില്ലാത്തതിനേക്കാൾ ഭേദം ഐതിഹ്യങ്ങളാണല്ലോ. ഇവയെയും രേഖപ്പെടുത്താതിരുന്നാൽ അവയും കാലാന്തരത്തിൽ നഷ്ടമായിത്തീരും. ഇതിനെപ്പറ്റി ഭാഷാചരിത്രത്തിൽനിന്നും ചില സംഗതികൾ മാത്രം ചുരുക്കിപ്പറയുന്നു.

എഴുത്തച്ഛന്റെ ജീവചരിത്രത്തിലുള്ള സംഗതികൾ മിക്കവയും സംശയാന്ധകാരത്തിൽ മറഞ്ഞുകിടക്കുന്നവയാണെങ്കിലും, ഒരു സംഗതിമാത്രം അവിതർക്കിതമായവിധത്തിൽ ഈ ഇരുട്ടിൽനിന്നും തെളിഞ്ഞുനില്ക്കുന്നുണ്ട്. ഇത് ആചാര്യന്റെ ജനനസ്ഥലത്തെ സംബന്ധിച്ചുള്ളതാണ്. "തുഞ്ചത്തെഴുത്തച്ഛ"നെന്നാണല്ലോ നാം ഇദ്ദേഹത്തെ പേരു പറഞ്ഞുവരുന്നത്. മലയാളസാഹിത്യാചാര്യരുടെ തുഞ്ചത്ത് (അഗ്രത്തിൽ) സ്ഥിതിചെയ്യുന്നതുകൊണ്ടു മാത്രമല്ല ആചാര്യന്ന് ഈ പേർ സിദ്ധിച്ചിട്ടുള്ളത്. ആചാര്യന്റെ വീട്ടുപേരും "തുഞ്ചത്ത്" എന്നായിരുന്നുവെന്നുള്ളത് ഇപ്പോൾ നിർവിവാദമായ ഒരു സംഗതിയാണ്. തെക്കേ മലയാളത്തിൽ പൊന്നാനിത്താലൂക്കിൽ വെട്ടത്തുപുതിയങ്ങാടി എന്ന സ്ഥലത്ത് 'തുഞ്ചൻപറമ്പ്' എന്നൊരു പുരയിടം ഇപ്പോഴും ഉണ്ട്. ഇവിടെയാണ് നമ്മുടെ എഴുത്തച്ഛൻ ജനിച്ചത്. ഈ സ്ഥലം ഇപ്പോൾ ഒരു വിഷ്ണുക്ഷേത്രമായിട്ടാണ് ഗണിക്കപ്പെട്ടിരിക്കുന്നത്. സമീപസ്ഥലങ്ങളിലുള്ളവർ കുട്ടികളെ എഴുത്തിനിരുത്തുന്നസമയം ഈ പറമ്പിലെ മണ്ണാണ് ഇന്നും ഉപയോഗിച്ചുവരുന്നതെന്നു കേൾവിയുണ്ട്. ഒരിക്കൽ ദിവ്യനായ ഇദ്ദേഹത്തിന്റെ കൊച്ചുകാലിന്റെ

സ്പർശം ലഭിപ്പാൻ ഇടയായ മണ്ണിന് എന്തോ ഒരു ദിവ്യശക്തിയുണ്ടെന്ന ജനങ്ങൾ ഇന്നും വിശ്വസിച്ചുവരുന്നു. ഇതിൽ അത്ഭുതപ്പെടുവാനൊന്നുമില്ല. "വീരപൂജനാരാധന" (Hero worship) മനുഷ്യർക്ക് സഹജമായിട്ടുള്ളതും, മനുഷ്യസ്വഭാവത്തിന്റെ ഏറ്റവും വിശിഷ്ടമായ ഒരു അംശവുമാണല്ലോ. അദ്ദേഹം ജനിച്ച ഗൃഹമോ, അദ്ദേഹത്തിന്റെ വംശക്കാരോ ഇപ്പോൾ ഉള്ളതായി കേൾവിയില്ല. എങ്കിലും, അദ്ദേഹത്തിന്റെ പാദസ്പർശംകൊണ്ടു പാവനമാക്കപ്പെട്ട ഒരു സ്ഥലം പ്രത്യക്ഷമായി കാണുമാറാകുന്നുള്ളതു മലയാളികൾക്ക് എത്രയോ ചാരിതാർത്ഥ്യജനകമായ ഒരു സംഗതിയാകുന്നു. തുഞ്ചൻപറമ്പു മലയാളത്തിലെ "സ്റ്റ്രാറ്റ്ഫോർഡ്" തന്നെയാണെന്നുള്ളതിനു സംശയമില്ല. പക്ഷേ, നാം അവിടെയുള്ള കീർത്തിസ്തംഭമോ ചൈത്യമോ, സ്മാരകമായി അവിടെനിന്നും വല്ലതുമൊന്നും കൊണ്ടുപോരികയോ ചെയ്യാത്തതു നമ്മുടെ കൃതഘ്നതകൊണ്ടുതന്നെയാണ്. ഈ സ്ഥലത്തെ വേണ്ടതുപോലെ സംരക്ഷിക്കുന്നതിനു കുറച്ചുമുമ്പു ചില ശ്രമങ്ങൾ ചെയ്തിട്ടുള്ളതായി അറിവുണ്ട്. എന്നാൽ, അവ എത്രമാത്രം സഫലമായിട്ടുണ്ടെന്നറിഞ്ഞുകൂട.

എഴുത്തച്ഛന്റെ ജനനസ്ഥലത്തെപ്പറ്റി നമുക്ക് എത്രമാത്രം നിശ്ചയം ഉണ്ടോ അദ്ദേഹത്തിന്റെ ജനനകാലത്തെപ്പറ്റി അത്രയും സംശയവുമുണ്ട്. അദ്ദേഹം ജീവിച്ചിരുന്നതു് ഏകദേശം കൊല്ലവർഷം ഏഴിനും എട്ടിനും മദ്ധ്യേ ആണെന്ന വിചാരിക്കപ്പെട്ടിരിക്കുന്നു. ഇദ്ദേഹവും മേല്പുത്തൂർ നാരായണഭട്ടതിരിയും സമാനകാലീനന്മാരായിരുന്നുവെന്നു വിശ്വസിച്ചുവരുന്നു. ഇതിനും പ്രാമുഖമായ അടിസ്ഥാനം ഉള്ളതായി അറിവില്ല. പഴയ കവികൾ, സാധാരണയായി അവർ ഗ്രന്ഥങ്ങൾ ഉണ്ടാക്കുകയോ എഴുതുകയി

ഷ്കയോ ചെയ്യുന്ന വൎഷം, മാസം, ദിവസം മുതലായത് അവസാനത്തിൽ ചേൎക്കാറുണ്ട്. എന്നാൽ, ഇദ്ദേഹത്തിന്റെ കൃതികളിൽ ഒന്നിലും ഇങ്ങനെ ഒരു സൂചകവും ചേൎത്തിട്ടുള്ളതായി കാണുന്നില്ല. * ഇദ്ദേഹത്തിന്റെ കൃതികൾ മിക്കവയും പുരാണങ്ങളെ സംബന്ധിച്ചുള്ളവയായതുകൊണ്ട് ഇദ്ദേഹത്തിന്റെ ജീവിതകാലത്തു നടന്നിട്ടുള്ള സംഗതികളെയോ, അന്നുള്ള ആചാരങ്ങളെയോ, നടപ്പുകളെയോ, സമുദായസ്ഥിതികളെയോ കുറിച്ച് അവയിൽ പ്രസ്താവിക്കാൻ ആവശ്യവും സൌകൎയ്യവും ഇല്ലായിരുന്നുവല്ലോ. ഇവ മൂലവും അദ്ദേഹത്തിന്റെ ജീവിതകാലത്തെ ഏകദേശമെങ്കിലും നിൎണ്ണയിക്കാമെന്നുവെച്ചാൽ അതിനും നിവൃത്തിയില്ലാതെയാണിരിക്കുന്നത്. ജീവചരിത്രം എഴുതുകയെന്നുള്ളത് അക്കാലത്തു പതിവില്ലായിരുന്നതിനാൽ അദ്ദേഹത്തിന്റെ ശിഷ്യന്മാരും അദ്ദേഹത്തെപ്പററി വല്ലതും രേഖപ്പെടുത്തിവെച്ചിട്ടുണ്ടെന്നു വിചാരിച്ചതായി കാണുന്നില്ല. ഈ വിഷയത്തിൽ ജാഗ്രതയോടുകൂടി ആരെങ്കിലും അന്വേഷണം നടത്തിയാൽ വല്ല മൂലയിലും മുക്കിലും നിന്നു തെളിവുകൾ കിട്ടിയെന്നു വരാം. എന്നാൽ, അങ്ങനെ ആരെങ്കിലും ശ്രമിച്ചിട്ടുണ്ടോ എന്നും സംശയമാണ്. സൂക്ഷ്മം ആലോചിച്ചുനോക്കിയാൽ, ഒരു മനുഷ്യൻ ഇന്നകാലത്ത്, ഇത്രകൊല്ലം ജീവിച്ചിരുന്നുവെന്നുള്ളതല്ല,

---

* അദ്ധ്യാത്മരാമായണം കിളിപ്പാട്ടിന്റെ ഒടുവിലത്തെ ഒരു ഫലശ്രുതിയിൽ കാണുന്ന 'ദിവ്യാത്മനഃ സ്വപ്രപഞ്ച [illegible]' എന്ന പദങ്ങളിൽ 'ചരിത്രം [illegible]' എന്നത്, ആ ഗ്രന്ഥം ഉണ്ടാക്കിയതിന്റെ [illegible] കലിദിനസംഖ്യയെ കുറിക്കുന്നതാണെന്ന് ഇതിനിടെ ചില സാഹിത്യപരിശോധകന്മാർ ഉദ്ധരിച്ചുകാണുന്നതായി അറിയുന്നു. അതു ശരിയാണെങ്കിൽ [illegible] 'ആയുരാരോഗ്യസൌഖ്യം' എന്ന കലിദിനങ്ങൾ കഴിഞ്ഞിട്ട് ഇതുപര്യന്തം [illegible] കൊല്ലവും എട്ടു മാസവും [illegible] ദിവസവും ചെല്ലുന്നതോടുകൂടി [illegible]ണം അവസാനിപ്പിച്ചതെന്നു വിചാരിക്കേണ്ടുന്നതാണ്.

ആ മനുഷ്യനെപ്പററി പ്രധാനമായി നമുക്കറിയേണ്ട സംഗതി. ഏതുവിധമായിരുന്നു അയാൾ ജീവിതം നയിച്ചുവന്നതു്, അയാളുടെ വിശിഷ്ടമായ ബുദ്ധി ഏതുപ്രകാരത്തിൽ വ്യാപരിച്ചുവന്നു, ലോകോപകാരാർത്ഥമായി എന്തെല്ലാം പ്രവർത്തിച്ചുവന്നു ജീവിതോദ്ദേശ്യം ഏതുമാതിരി സഫലമാക്കിത്തീർത്തു എന്നു നാം പ്രത്യേകം അന്വേഷിച്ചറിയേണ്ടതു്. ഇവയെല്ലാം അദ്ദേഹത്തിന്റെ കൃതികളിൽനിന്നും, നമുക്കറിവുള്ള മററു സംഗതികളിൽനിന്നും ഏറെക്കുറെ ഗ്രഹിപ്പാൻ സാധിക്കുന്നതാകുന്നു. മററൊന്നും നമുക്കറിഞ്ഞുകൂടാ എങ്കിലും ഇദ്ദേഹം,

"കാലവുമവസ്ഥയുമറിഞ്ഞുകൊണ്ടു പരോപകാരാർത്ഥം
പാലിച്ചുപുരുഷാർത്ഥം"

എന്നുള്ള ഈ നിശ്ചയം തന്നെയാണു്. ഇദ്ദേഹം ജാതിയിൽ 'ചക്കാലനായർ' ആയിരുന്നുവത്രെ. ഈ വർഗ്ഗക്കാരെ അവരുടെ തൊഴിലിന്റെ സംബന്ധം കൊണ്ടോ, എന്തോ, വളരെ നികൃഷ്ടന്മാരായിട്ടാണു ഗണിച്ചുവന്നിരുന്നതു്. ഇദ്ദേഹത്തിന്റെ ശത്രുക്കളുടെ ദൃഷ്ടിയിൽ ഇതു് ഒരു വലിയ ആക്ഷേപകാരണമായ്ഭവിച്ചിരുന്നു. പക്ഷേ,

"വ്യക്തിഹീനനാകിലക്ഷരപ്രമാണംപോൽ നല്ല
വൃത്തവാക്കതിലപൂർവ്വതരം തന്നതാണം"

എന്നുള്ള തത്വം ഇവർ അറിഞ്ഞിട്ടില്ലായിരിക്കാം. അജ്ഞന്മാരുടെ ദൃഷ്ടി പലപ്പോഴും അസ്ഥാനങ്ങളിൽ പതിക്കുന്നതു പതിവാണല്ലോ. അതുകൊണ്ടു് ഇവരെ കുററം പറഞ്ഞിട്ടാവശ്യമില്ല. ഇദ്ദേഹത്തിന്റെ പിതാവു ഒരു വിദ്വാനായ നമ്പൂരിയായിരുന്നുവെന്നു പറയപ്പെട്ടിരിക്കുന്നു. ഇദ്ദേഹത്തിൽനിന്നും എഴുത്തച്ഛന്നു ഒരു നല്ല വിദ്യാഭ്യാസം സിദ്ധിക്കുന്നതിനിടയായി. ചെറുപ്പത്തിൽ ഇദ്ദേഹം സമീപമുള്ള തൃക്കണ്ടിയൂർക്ഷേത്രത്തിൽ പോയി തൊഴുക പതിവായിരുന്നു. ഒരുദിവസം പോയപ്പോൾ

നമ്പൂരിമാർ ഓത്തുചൊല്ലുന്നതുകേട്ട്, "കാട്ട്, കാട്ട്" എന്നു ബാലനായ ഇദ്ദേഹം പറഞ്ഞുവത്രെ. ഇവർ ചൊല്ലിയ പാഠം തെറ്റിപ്പോയിരുന്നു എന്നായിരുന്നു ഇതിന്റെ അൎത്ഥം. ബ്രാഹ്മണർ ഇതു കേട്ട് അസൂയാലുക്കളായിട്ടു കുട്ടിയുടെ പ്രസാദത്തിന്റെ കൂടെ എന്തോ ജപിച്ചുകൊടുത്തു എന്നും, അന്നുമുതൽ ബാലൻ ഒന്നുംതന്നെ മിണ്ടാതെ മൌനം അവലംബിച്ചു ചൈതന്യഹീനനായിത്തീൎന്നുവെന്നും ഒരു ഐതിഹ്യം ഉണ്ട്. ഇദ്ദേഹത്തിന്റെ പിതാവ് ഈ വിവരം അറിഞ്ഞപ്പോൾ ഇതിനു പ്രത്യൌഷധമായി മദ്യം സേവിപ്പാൻ ആജ്ഞാപിച്ചു. അപ്രകാരം ചെയ്തപ്പോൾ ബാലന്റെ ബുദ്ധിതെളിഞ്ഞു പഴേപടി ഉത്സാഹശീലനായിത്തീൎന്നുവത്രെ. ഇതിന്റെ വാസ്തവാവസ്ഥയെപ്പറ്റി ഈ ദൂരകാലത്തിൽ ഒന്നുംതന്നെ തീൎച്ചയായിപ്പറവാൻ നിവൃത്തിയില്ല. എങ്കിലും, എല്ലാ ഐതിഹ്യങ്ങളിലും ഒരു സത്യാംശലേശം ഉള്ളതുകൊണ്ടു ഇതിലും ഇപ്രകാരം വല്ലതുമുണ്ടായിരിക്കാവുന്നതാണ്. എന്തായാലും എഴുത്തച്ഛൻ ഏതാണ്ടു നമ്പൂരിമാരുടെ വിരോധം സമ്പാദിച്ചുവെന്നുള്ളതിനു സംശയമില്ല. അവരുടെ ദൃഷ്ടിയിൽ ഇദ്ദേഹം പുരാണവേദാദികളെ നോക്കുകയോ വായിക്കുകയോ ചെയ്തു ഒരു ക്ഷന്തവ്യമല്ലാത്ത അപരാധമായിരുന്നു. എന്നാൽ, ലോകത്തിൽ, പലപ്പോഴും ദോഷങ്ങളെന്നു വിചാരിക്കപ്പെട്ടിരുന്നവ ഗുണങ്ങളായി പരിണമിക്കുന്നു. ഇതുനിമിത്തം എഴുത്തച്ഛൻ ഒരു നിശ്ചയം ചെയ്യുന്നതിനിടയായി. അക്ഷരജ്ഞാനംപോലുമില്ലാതെ അന്ധതയിൽ മുങ്ങിക്കിടക്കുന്ന തന്റെ സഹോദരികളുടെ സ്ഥിതി എത്രയും പരിതാപകരമായി അദ്ദേഹത്തിനു തോന്നി. ഇതിനെ പരിഹരിക്കുന്നതിനു വേണ്ട ശ്രമം ചെയ്വാൻ അദ്ദേഹം ഒരുങ്ങി. മലയാളഭാഷ അക്കാലത്തു വളരെ ശോചനീയസ്ഥിതിയിലായിരുന്നു. പുരാണങ്ങളും ഗ്രന്ഥങ്ങളും അതിനെ ബഹിഷ്കരി

ന്യമായി ബാധിച്ചിരുന്നു. അതിന്റെ ഒരു ഫലം, തമിഴിന്റെ തോളിൽ ആശ്രയിച്ചുകൂടുന്നു. അതിനെ പോഷിപ്പിക്കുന്നതിന്ന് തൽപ്പരരായവരായി ആരുംതന്നെ ഇല്ലാതെയായിരുന്നതു്. ചിലരുടെ ചാരിത്ര്യം തൊഴിലും ഏറെക്കെണ്ടിയും പ്ലുതന്നു. ഈ സ്ഥിതിയിൽ ആണു് എഴുത്തച്ഛൻ സ്വഭാഷയെ നോക്കിയതു്. ഭാഷയ്ക്കു വേണമല്ലോ ജനങ്ങളോടുകൂടി വളർന്നുകൊള്ളുവാൻ. ഈ സ്ഥിതിയിലിരിക്കുന്ന ഭാഷയെക്കൊണ്ടു് ഉദ്ദേശ്യം എത്രമാത്രം സാധിക്കാൻ കഴിയും?

അതുകൊണ്ടു ഭാഷയെ പരിഷ്കരിക്കയാണു് ആദ്യമായി ചെയ്യേണ്ടതെന്നു് അദ്ദേഹം തീർച്ചയാക്കി, അതിനായൊരുങ്ങിപ്പുറപ്പെട്ടു. അതിനുള്ള മാർഗ്ഗത്തെപ്പറ്റി അദ്ദേഹത്തിന്നു സംശയമുണ്ടായില്ല. സർവ്വപ്രകാരേണ പരിപൂർണ്ണതയെ പ്രാപിച്ചിരിക്കുന്ന സംസ്കൃതഭാഷയുടെ സഹായമാണു ക്ഷീണാവസ്ഥയായ മലയാളഭാഷയ്ക്കു ജീവധാതുവെന്നും, അതിന്റെ പോഷണത്തിന്നും, പരിഷ്കാരത്തിന്നും അത്യാവശ്യമായ മാർഗ്ഗമെന്നും അദ്ദേഹം തീർച്ചയാക്കി, തന്റെ ശ്രമത്തെയും പ്രയത്നത്തെയും സാഹിത്യസമ്പന്നമായ സംസ്കൃതഭാഷയിലേയ്ക്കു തന്നെ ആദ്യം തിരിച്ചുവിട്ടു.

ഇദ്ദേഹത്തിന്റെ പിതാവു്, ഒരു നല്ല വിദ്വാനും, ശാസ്ത്രജ്ഞനുമായിരുന്നതുകൊണ്ടു്, അദ്ദേഹം പുത്രനു്, സംസ്കൃതസാഹിത്യരുചിയിൽ പ്രവേശനം സമ്പാദിക്കുന്നതിനു്, സഹായിക്കുന്നതായ ഒരു വിദ്യാഭ്യാസം നല്കിയിരുന്നു. അല്പം സ്വാതന്ത്ര്യമുണ്ടായപ്പോൾ എഴുത്തച്ഛനു് ഭാഷയിൽ അഭിരുചി വർദ്ധിച്ചുവന്നു. അദ്ദേഹം ഈ അഭിരുചിയെ പോഷിപ്പിക്കുന്നതിൽ ഒട്ടുംതന്നെ ഉദാസീനനായിരുന്നില്ല. കിട്ടിയ അവസരങ്ങളൊന്നും അദ്ദേഹം നിഷ്ഫലമാക്കിക്കളഞ്ഞില്ല. അദ്ദേഹത്തിന്റെ ഉദ്ദേശ്യസിദ്ധിക്കു് ഏററവും ഉതകുന്നതായ ഒരു തൊഴിലും അദ്ദേഹം ഇക്കാലത്തു സ്വീകരിച്ചു.

ഒരു എഴുത്തുപള്ളി കെട്ടി അദ്ദേഹം സമീപത്തുള്ള ബാലന്മാരെയും ബാലികമാരെയും വിദ്യ അഭ്യസിപ്പിപ്പാൻ ആരംഭിച്ചു. ഇതുമുതൽക്കാണ് അദ്ദേഹത്തിന്, നമുക്കിപ്പോഴും ഏറ്റവും പരിചയമായിരിക്കുന്നതും, ഭക്ത്യാദരയുത, ആനന്ദപ്രദങ്ങളായ അനേകം സ്മരണകളെ ജനിപ്പിക്കുന്നതുമായ "എഴുത്തച്ഛൻ" എന്ന പേർ സിദ്ധിച്ചത്. അദ്ധ്യാപകവൃത്തിയിൽ ഇദ്ദേഹം പ്രശോഭിച്ചിരുന്നുവെന്നുള്ളതിന് ഇദ്ദേഹത്തിന്റെ ശിഷ്യന്മാർ തന്നെ ദൃഷ്ടാന്തങ്ങളായിരുന്നു. തന്റെ നാട്ടുകാരെ അജ്ഞാനാന്ധകാരത്തിൽനിന്നും ഉയർത്തുന്നതിനായി എഴുത്തച്ഛൻ ആദ്യമായി ചെയ്ത പ്രവൃത്തി ഇതായിരുന്നു. ആ കാലത്ത് എഴുത്തുപള്ളികളായിരുന്നു ഓരോ ഗ്രാമങ്ങളിലെയും പരിഷ്കാരകേന്ദ്രങ്ങൾ. ജനസമുദായത്തിന്റെ ഇടയിൽ എഴുത്തച്ഛന്മാർക്ക് ഒരു മാന്യസ്ഥാനം കല്പിക്കപ്പെട്ടിരുന്നു. എല്ലാ തർക്കവിഷയങ്ങളിലും ഇവരുടെ അഭിപ്രായം സർവ്വസമ്മതമായി സ്വീകരിച്ചുവന്നിരുന്നു. നമ്മുടെ എഴുത്തച്ഛൻ വിദ്വാൻകൂടി ആയിരുന്നതുകൊണ്ട് അദ്ദേഹം പ്രത്യേകം പൂജ്യനായി ഗണിക്കപ്പെട്ടിരുന്നുവെന്നുള്ളതിനു സംശയമില്ല. പക്ഷെ, അദ്ദേഹത്തിന്റെ ജാതിയെ അടിസ്ഥാനപ്പെടുത്തി അസൂയകരായ ചിലർ ചെയ്തുകൊണ്ടിരുന്ന ആക്ഷേപത്തിനു വലിയ ശമനം ഉണ്ടായതായിത്തോന്നുന്നില്ല. ഇക്കാലത്തു നമ്പൂരിമാരിൽ ചിലർ ആക്ഷേപസൂചകമായി "നിന്റെ ചക്കിൽ എത്ര ആട്ടും" എന്നു ചോദിച്ചതിന്, "എന്റെ ചക്കിൽ നാലും, ആറും ആട്ടു"മെന്ന് അദ്ദേഹം മറുപടി പറഞ്ഞു. നാലു വേദങ്ങളും ആറു ശാസ്ത്രങ്ങളും തനിക്കു നല്ല പാഠമാണെന്നു സൂചിപ്പിച്ച ഈ പ്രതിവാക്യം, പ്രഷ്ടാവിന് എങ്ങനെ രസിച്ചിരിക്കുമെന്നു വായനക്കാർ തന്നെ ഊഹിച്ചുകൊള്ളട്ടെ.

ഏറെ താമസിയാതെ, എഴുത്തച്ഛൻ തന്റെ ഉദ്ദേശ്യ

സിദ്ധിച്ചതിന്നു്, വിദേശസഞ്ചാരം ചെയ്യണമെന്നു തീർച്ചയാക്കി. വിദേശസഞ്ചാരം വിദ്യാഭ്യാസത്തിന്റെ ഒരു അപ്രധാനമല്ലാത്ത അംശമായിട്ടാണു് അന്നും ഗണിച്ചുപോന്നിരുന്നതു്. ജനങ്ങളുടെ വിശാലത വരുത്തുന്നതിനും സ്വഭാവത്തിന്റെ മുഷ്കും മുഴപ്പും തട്ടി നിരപ്പാക്കുന്നതിനും ഇത്രയും നല്ലതായ ഒരു മാർഗ്ഗം മറ്റൊന്നില്ല. സംസ്കൃതഭാഷാപരിജ്ഞാനസമ്പാദനത്തിന്ന് സ്വദേശത്തു നേരിട്ടിരുന്നപോലെയുള്ള പ്രതിബന്ധങ്ങൾ വിദേശങ്ങളിൽ ഉണ്ടായിരിപ്പാൻ തരമില്ലെന്നും എഴുത്തച്ഛന് അറിയാമായിരുന്നു. മലയാളഭാഷയുടെ പോഷണത്തിന്നു തമിഴിന്റെ സഹായവും അത്യാവശ്യമാകുന്നു എന്നും അദ്ദേഹത്തിന് അഭിപ്രായമുണ്ടായിരുന്നു. എന്നുതന്നെയുമല്ല, പ്രസിദ്ധ തമിഴ്കവികളും പണ്ഡിതന്മാരുമായിട്ടും അടുത്തു സംഭാഷണം ചെയ്തും, അവരുടെ ഗ്രന്ഥങ്ങൾ വായിച്ചും അറിവു സമ്പാദിക്കണമെന്നും അദ്ദേഹത്തിനു ആഗ്രഹം ഉണ്ടായിരുന്നു. ശത്രുക്കളുടെ വിദ്വേഷത്തിന്റെ കാഠിന്യം കുറയ്ക്കുന്നതിനും വിദേശഗമനത്തിന്നു ഏറെക്കുറെ ശക്തിയുണ്ടല്ലോ. അങ്ങനെയുള്ള സഞ്ചാരംകൊണ്ടു മററു വിധത്തിൽ ദുർഗ്രഹങ്ങളായ പല സംഗതികളും ഗ്രഹിപ്പാൻ സൌകര്യമുണ്ടായിരുന്നു. എന്നാൽ, ഇതിന്നെല്ലാം പണം അത്യാവശ്യമാണല്ലോ. നമ്മുടെ എഴുത്തച്ഛൻ ഒരു ധനവാനല്ലായിരുന്നുവെന്നു നമുക്കു് ഊഹിപ്പാൻ മാത്രമേ ഉള്ളൂ. പൂർവ്വകാലങ്ങളിൽ വിദ്വാന്മാരെയും, കവികളെയും മററു സാധാരണ സഹായിച്ചുവന്നിരുന്നതു പ്രഭുക്കന്മാരും രാജാക്കന്മാരുമായിരുന്നു. നമ്മുടെ എഴുത്തച്ഛനും ഇപ്രകാരം ഒരു സഹായം ലഭിക്കുന്നതിനിടയായി. വിദേശസഞ്ചാരത്തിന്നു വേണ്ട ധനം തെക്കൻ രാജാക്കന്മാരിൽ ഒരാൾ നൽകിയതായി ഒരു ഐതിഹ്യം ഉണ്ടു്. എഴുത്തച്ഛന്റെ ശിവപുരാണത്തിൽ

ഇദ്ദേഹത്തെക്കുറിച്ചു പ്രസ്താവിച്ചിട്ടുണ്ട്.* [illegible] തന്റെ ഒരു പ്രിയശിഷ്യനെ കൂട്ടിക്കൊണ്ട് ഇദ്ദേഹം യാത്രതിരിച്ചു. എഴുത്തച്ഛൻ ദ്രാവിഡപ്രദേശങ്ങളിൽ കുറെക്കാലം സഞ്ചരിച്ചും, തമിഴിലും തെലുങ്കിലും നല്ല പരിചയം സമ്പാദിച്ചും, തന്റെ അറിവിനെ വർദ്ധിപ്പിച്ചും, ബുദ്ധിയെ വികസിപ്പിച്ചും, തന്റെ ആശയങ്ങളെയും [illegible] പൂർവ്വാധികം ദൃഢീകരിച്ചും കൊണ്ടുതിരിച്ചതിന്റെ ശേഷം തന്റെ നാട്ടിലേയ്ക്കുതന്നെ മടങ്ങിവന്നു തന്റെ പഴയ ജോലിയിൽ പ്രവേശിച്ചു. തന്റെ ജോലിയുടെ സ്വഭാവത്തെക്കുറിച്ച് ഇദ്ദേഹത്തിനു നല്ല ബോധമുണ്ടായിരുന്നതിനാൽ, അതിൽ തന്റെ സമയവും, ശ്രദ്ധയും വേണ്ടതുപോലെ ഉപയോഗിച്ചുവന്നു. ഇദ്ദേഹത്തിന്റെ ശിഷ്യന്മാർ പലരും ഇദ്ദേഹത്തിന്റെ അനുയായികളായിത്തീർന്നുവന്നതിൽ ഇദ്ദേഹത്തിന്റെ [illegible] [illegible] എഴുത്തച്ഛന്മാരായിരുന്നു [illegible] എഴുത്തച്ഛന്റെ പാഠശാലകളിൽ [illegible] [illegible] സംശയമില്ല. നമുക്കിപ്പോൾ അന്വേഷിച്ചറിവാൻ നിവൃത്തിയില്ലല്ലോ.

എഴുത്തച്ഛനിപ്പോൾ പ്രസിദ്ധനായി. അദ്ദേഹം [illegible], [illegible] ആയിരുന്നു [illegible], തന്റെ [illegible] [illegible] കുറിച്ചു ചിന്തിച്ചു തുടങ്ങി. മനുഷ്യന്റെ ഇന്ദ്രിയങ്ങളെയും, [illegible] [illegible]; തന്റെ നാട്ടുകാരുടെ [illegible], [illegible] കൊണ്ട് [illegible] [illegible] [illegible]

---

* [illegible] [illegible] [illegible]

ളുടെ ശോച്യാവസ്ഥയും, സാഹിത്യദാരിദ്ര്യവും അദ്ദേഹത്തിന്റെ ശ്രദ്ധയ്ക്കു വിഷയീഭവിക്കാതിരുന്നില്ല. തന്റെ സഹസൃഷ്ടങ്ങളുടെ സന്മാർഗ്ഗസ്ഥിതിയെ ഉയർത്തുന്നതിനും, അവരുടെ ബുദ്ധിയെ വികസിപ്പിക്കുന്നതിനും ഉപയുക്തങ്ങളായ വിശിഷ്ടാശയങ്ങളും, ധർമ്മോപദേശങ്ങളും അടങ്ങിയ ഉത്തമം സാഹിത്യഗ്രന്ഥങ്ങളെ നിർമ്മിക്കുന്നത്യാവശ്യമാണെന്ന് അദ്ദേഹം ധരിച്ചു, അതിലേയ്ക്കു വേണ്ട യത്നങ്ങളും തുടങ്ങി. അദ്ദേഹത്തിന്റെ യത്നം എത്രമാത്രം സഫലമായി എന്നു മലയാളികൾക്കെല്ലാവർക്കും ഏറെ അറിയാവുന്നതാണല്ലോ. ഒരു കാലത്തു ഇദ്ദേഹത്തിന് അപ്രതിഹതമായ ശിഷ്യസഞ്ചയവും വലിയ സമ്മാനവും ലഭിക്കാൻ ഇടയായി. ആധുനികം എന്ന വിശിഷ്ടഗ്രന്ഥത്തിന്റെ കർത്താവായ കേരളവർമ്മ നാരായണക്കുറുപ്പ് പരമാനന്ദിതരായി. സ്വഭാവം, ശീലം, മിത്രസ്നേഹം ഇതുപോലെയുള്ള ഗുണങ്ങൾക്കും സാമ്യം ഉണ്ടായിരുന്നതുകൊണ്ട് അവരുടെ പരിചയം അചിരേണ ദൃഢമൈത്രിയായി പരിണമിച്ചു. മിത്രഭാവം അനുഭവിച്ച് അന്യോന്യം ഉപദേശങ്ങൾ നൽകുകയും, അന്യോന്യം ഒരു വിനോദം ചെയ്യുകയും ചെയ്യുന്നു. ഇവരെപ്പറ്റിയുള്ള ഒരു കഥയിതാ ഇവിടെ പ്രസ്താവിക്കുന്നു. ഒരിക്കൽ എങ്ങനെയോ ഒരു ഭരണി അവർക്കും ലഭിച്ചിട്ടുള്ള പരമാനന്ദമായി ഒരു മഞ്ചലിൽ കയറി ഇരിക്കുമ്പോൾ വഴിയിൽ എഴുത്തച്ഛൻ കൈയിൽ ഒരു ഭരണി കൊണ്ടിരിക്കുന്നതു കണ്ടു. അദ്ദേഹത്തിനോടു കയ്യിൽ ഉപദേശമായിട്ട് ഒരു ചാതുര്യം ഉണ്ടായിരുന്നല്ലോ. അങ്ങിനെ ഇവിടെ കണ്ടപ്പോൾ അദ്ദേഹം ചോദിക്കുകയായി. ഒരിക്കൽ ചിരിച്ചുകൊണ്ടു "ഇതു എന്താണ് ചെയ്യുന്നു?" എന്നു ഒരുനിമിഷം അവർ എഴുത്തച്ഛനോടു ചോദിച്ചു. ഇതിനു മറുപടിയായി അദ്ദേഹം ചെയ്ത പ്രയോഗ

ഭക്ഷ്യത്തെ കാണിച്ചുകൊണ്ടു, "ഹ്യസനിഷ്ഠന്മാരേ, ഇതാ ണൽ ഇടയിൽകൂടി പ്ലൂമം ശോഭയോടെ" എന്നു പറഞ്ഞു. ഈ ശ്ലോകാർത്ഥം മുതൽ ഭഗവദ്ഗീതവരെയുള്ളതാണെന്നാണ് ഇദ്ദേഹം വ്യാഖ്യാനിച്ചു. നാരായണീയം ഭഗവാന്റെ ദശാവതാരങ്ങളെക്കാണുന്നുള്ളൂ. ഭട്ടതിരി അമ്പലപ്പുഴ ചെമ്പകശ്ശേരിരാജാവിന്റെ സ്നേഹിതനായിരുന്നതുകൊണ്ട് അദ്ദേഹം കൂടെക്കൂടെ അവിടെ പോകാറുണ്ട്. ഒരിക്കൽ തന്റെ മിത്രമായ കുഞ്ചൻനമ്പ്യാരെ കൂട്ടിക്കൊണ്ടുപോയി രാജാവുമായി പരിചയപ്പെടുത്തി. ഇദ്ദേഹം ഒരു വിദ്വാനും, വിശേഷബുദ്ധിയും ആയിരുന്നതിനാൽ നമ്പ്യാരെത്തന്നെ സല്ക്കരിച്ചു കൊട്ടാരംവക രാജധാനിയിൽ പാർപ്പിച്ചു. ഇവിടെ വച്ചാണ് ഇദ്ദേഹം തുള്ളൽക്കഥകൾ മലയാളഭാഷയിലാക്കിത്തുടങ്ങിയത്. രാജാവ് ഇദ്ദേഹത്തിന്റെ തുള്ളൽ വായിച്ചുനോക്കി വളരെ സന്തോഷിക്കുകയും, എഴുന്നള്ളത്ത് അമ്പലപ്പുഴ ചെയ്യുകയും കൂടാതെ, ചെമ്പകശ്ശേരി നാട്ടിലുള്ള പണ്ഡിതന്മാർക്കെല്ലാവർക്കും ഒന്നു പാടിക്കേൾപ്പിക്കുന്നതിന് ആജ്ഞാപിക്കയും, അവരുടെ സമ്മതം വാങ്ങിച്ചു കളിക്കുകയും ചെയ്തു. ഇപ്രകാരം നമ്പ്യാരുടെ കവിതാശക്തി പ്രസിദ്ധമായതിനാൽ ഇദ്ദേഹത്തിന്നെ ഒരു വലിയ ബഹുമാനത്തിന് ഇടയായി. പലപ്പോഴും ഒരുകന്റെ സന്നിധാനം അതിന്റെ സമുദായത്തിലെ നാട്ടുകാർക്ക് ചെയ്യപ്പെട്ടതായി പ്രസിദ്ധമായിരുന്നതിന് ഇദ്ദേഹം ഉത്സാഹിച്ചിരുന്നു. ഇപ്രകാരമുള്ള ആനുകൂല്യങ്ങളും സാമൂതിരിപ്പാട്ടിൽനിന്നും, കൊച്ചിശ്ശീമയിൽനിന്നും, പെരുമ്പനാട്ടുരാജാവിൽനിന്നും ഇദ്ദേഹത്തിന് കിട്ടിയിട്ടുണ്ടായി. ഭാഗ്യം വരുമ്പോൾ പലവഴിയായും വരുന്നതു സാധാരണയാണല്ലോ. ഇദ്ദേഹം മരിക്കുന്നതിന്റെ ശേഷം ഇപ്പോഴും സുപ്രസിദ്ധങ്ങളായും, സ്വതന്ത്രങ്ങളുമായ മനോഹരങ്ങളും നിർമ്മിക്കുന്നതിന് ഉത്സാഹിച്ചു. ഈ കൃത്യം എത്രയും ഉത്തമ

മായ വിധത്തിൽ ഇദ്ദേഹം നിർവ്വഹിച്ചുവെന്നുള്ളതിനു സംശയമില്ല. ഇദ്ദേഹത്തിന്റെ പ്രധാനകൃതികൾ:— ശിവപുരാണം, ദേവീമാഹാത്മ്യം, ഹരിനാമകീർത്തനം, അദ്ധ്യാത്മരാമായണം, ഇരുപത്തിനാലുവൃത്തം, ഭാരതം, ഭാഗവതം, ചിന്താരത്നം, കേരളനാടകം ഇവകളാകുന്നു. ഇവകൂടാതെ ഇദ്ദേഹം അനേകം സ്തോത്രങ്ങളും, കീർത്തനങ്ങളും, പാട്ടുകളും ഉണ്ടാക്കീട്ടുള്ളതായും പറയപ്പെട്ടിരിയ്ക്കുന്നു. പുധയർക്ക് പാടുന്നതിനു രാമായണം പാട്ടാക്കി ഇദ്ദേഹം ഉണ്ടാക്കിക്കൊടുത്തിട്ടുള്ളതായി അറിയുന്നു. ഇവർ ഇന്നും ഈ പാട്ട പാടിവരുന്നുണ്ട്. അതിന്റെ രീതി കാണിക്കുന്നതിനായി രണ്ടുവരി താഴെ ചേർക്കുന്നു.

"ജനകന്റെ മകളല്ലോ ചീയതി (സീത) പെണ്ണു
അവർക്കെല്ലാ രാമനല്ലുനട്ടപ്പാനിട്ടു."

ഇദ്ദേഹം ഏകദേശം ൬൦ വയസ്സുവരെ ജീവിച്ചിരുന്നുവെന്നാണു വിശ്വസിച്ചുവരുന്നത്. പരോപകാരാസക്തിയായ ഇദ്ദേഹത്തിന് ഇതു ഒരു ദീർഘായുസ്സ് എന്നു വിചാരിപ്പാൻ പാടില്ല. എങ്കിലും, ഈ കാലത്തിനിടയ്ക്ക് അദ്ദേഹം തന്റെ ഉദ്ദേശ്യങ്ങളെ മിക്കതും സാധിച്ചു കൃതകൃത്യനായിത്തീർന്നുവെന്നുള്ളതിനു തർക്കമില്ല. തന്റെ ഉൽകൃഷ്ടപ്രയത്നങ്ങൾ സഫലങ്ങളായിത്തീർന്നതുകൊണ്ടുണ്ടാകാവുന്ന മനസ്സമാധാനത്തോടും, സ്വസ്ഥമായതിന്റെ കൃതജ്ഞതാപൂർവ്വമായ അനുഗ്രഹത്തോടും, സുദൃഢമായ ഭക്തിയോടുംകൂടി ചിറ്റൂർ സ്വഗ്രാമത്തിൽവച്ചുതന്നെ അദ്ദേഹം ചരമഗതിയെ പ്രാപിച്ചു. ഇദ്ദേഹം ഉപയോഗിച്ചിരുന്ന തന്റെ പാദുകവും, മുരൾക്കോലും, ഗ്രന്ഥപ്പെട്ടിയും തന്റെ പ്രിയശിഷ്യനായ സൂര്യനാരായണൻ എഴുത്തച്ഛനെ ഏല്പിച്ചു എന്നും അദ്ദേഹം ഇവയെ ഗുരുനാഥന്റെ ദൈവതുല്യാംശങ്ങളെന്നു സങ്കല്പിച്ചു വച്ചു പൂജിച്ചിരുന്നുവെന്നും പറയപ്പെട്ടിരിയ്ക്കുന്നു. ഇദ്ദേഹം വിവാഹം ചെയ്തിട്ടില്ലായിരുന്നുവെ

ന്നാണു് ഉദാഹരിയ്ക്കപ്പെട്ടിരിയ്ക്കുന്നതു്. ഇതു വാസ്തവമായിരിപ്പാനാണു് ഇടയുള്ളതു്. എന്തുകൊണ്ടെന്നാൽ, വിവാഹബന്ധം തന്റെ ഉദ്ദേശ്യസിദ്ധിക്കു് ഒരു പ്രതിബന്ധവും തന്റെ ജീവിതത്തിനു് ഒരു ഭാരവുമായിത്തീരുമെന്നു് അദ്ദേഹത്തിനു നല്ലപോലെ അറിയാമായിരുന്നു. താൻ മുമ്പിൽ സങ്കല്പിച്ചിട്ടുള്ള ഉദ്ദേശ്യത്തിന്റെ ഗൌരവം, തന്റെ ബുദ്ധിശക്തിയുടെയും, ഹൃദയവികാരങ്ങളുടെയും, യാതൊരംശത്തെയും മറ്റു വിഷയത്തിൽ പ്രവേശിയ്ക്കാൻ അനുവദിച്ചില്ല. ലോകത്തിൽ മഹൽകാൎയ്യങ്ങൾ സാധിയ്ക്കുന്നതിനു സ്വസുഖപരിത്യാഗം അത്യാവശ്യമായിട്ടുള്ളതാണല്ലോ. കളത്രപുത്രാദികളുടെ ബലവത്തായ ആകൎഷണം ഇതരകാൎയ്യങ്ങളെക്കാൾ പലപ്പോഴും വിഘ്നം വരുത്തുന്നതിനു് ഇടയുള്ളതാണല്ലോ. അതുകൊണ്ടു് അദ്ദേഹം നിത്യബ്രഹ്മചാരിത്വം തന്നെ അവലംബിച്ചിരുന്നുവെന്നുള്ളതു് അസംഭാവ്യമല്ല. ഈ മഹാന്റെ ജീവചരിത്രത്തിന്റെ അവ്യക്തമായ ഒരു ബാഹ്യരേഖമാത്രമേ ഇവിടെ നൽകാൻ കഴിയുന്നുള്ളു എന്നു വ്യസനപൂൎവ്വം പ്രസ്താവിയ്ക്കേണ്ടിയിരിയ്ക്കുന്നു. ഇദ്ദേഹത്തിന്റെ ജീവിതം ഗുണകരങ്ങളായ അനേകം സംഗതികൾകൊണ്ടു നിബിഡമായിരുന്നുവെന്നുള്ളതിനു സംശയമില്ല. മഹാന്മാരുടെ പ്രാരംഭങ്ങൾ, പലതരങ്ങളാണല്ലോ. എന്നാൽ, അവയിൽ മിക്കവയും കാലപ്പഴക്കംകൊണ്ടു ചരിത്രകാരന്റെ ദൃഷ്ടിക്കു് അഗോചരങ്ങളായിത്തീൎന്നിരിയ്ക്കുന്നു. ഇദ്ദേഹത്തിന്റെ ആകൃതിയെയോ, ഗാൎഹ്യജീവിതത്തെയോ, സ്വഭാവത്തെയോപറ്റി നമുക്കു വിശദമായ യാതൊരറിവും ലഭിയ്ക്കാൻ മാൎഗ്ഗമില്ലാതെയാണിരിയ്ക്കുന്നതു്. അദ്ദേഹത്തിന്റെ കൃതികളാകുന്ന ദൎപ്പണങ്ങളിൽ അദ്ദേഹത്തിന്റെ ബുദ്ധിയുടെ ഏകദേശമായ ഒരു ഛായ പ്രതിബിംബിച്ചു കാണാവുന്നതാണു്. മറ്റുവിഷയങ്ങളിൽ നമ്മുടെ ജിജ്ഞാസയെ തല്ക്കാലം അടക്കിവെയ്ക്കാനേ നിവൃത്തി

കാണന്നുള്ളു. ഇദ്ദേഹം ഒരു നമ്പൂരിയുടെ പുത്രനായി ജനിച്ചതുകൊണ്ടും, ഇദ്ദേഹം ഗന്ധർവാംശജനാണെന്ന് ഒരു ഐതിഹ്യമുള്ളതുകൊണ്ടും, ഇദ്ദേഹം സ്വഭാവേന, കോമളഗാത്രനായിരുന്നുവെന്ന വിചാരിക്കുന്നതിന്ന കാരണമുണ്ട്. അദ്ദേഹത്തിന്ന "രാമൻ" എന്നപേരായ ഒരു ജ്യേഷ്ഠനും, ഒരു മരുമകളും ഉണ്ടായിരുന്നതായി പറയപ്പെട്ടിരിക്കുന്നു. "രാമനാമാചാര്യനം" എന്ന രാമായണത്തിന്റെ ആരംഭത്തിൽ പറഞ്ഞിരിക്കുന്നതു് ഇദ്ദേഹത്തെ സംബന്ധിച്ചാണ്. മരുമകളുടെ കല്യാണത്തിൽ ആണു ഭാഗവതഗ്രന്ഥം ആദ്യം എഴുതപ്പെട്ടിരുന്നതെന്നും കേൾവിയുണ്ട്.

എഴുത്തച്ഛന്റെ ആദ്യഗുരു അദ്ദേഹത്തിന്റെ അഗ്രജൻതന്നെ ആയിരുന്നുവെന്ന വിചാരിക്കുന്നതിന്ന തക്ക കാരണം ഉണ്ട്. ഇദ്ദേഹവും അദ്ധ്യാപകവൃത്തിതന്നെയാണ് അവലംബിച്ചിരുന്നതെന്നുള്ളതിനും തർക്കമില്ല. രാമായണത്തിന്റെ ആരംഭത്തിൽ ഇദ്ദേഹത്തെപ്പററി എഴുത്തച്ഛൻ ഇപ്രകാരം പറഞ്ഞിരിക്കുന്നു:—

"അഗ്രജൻ മമ സതാംവിദ്വജ്ജനാഗ്രേസരൻ,
സൽഗുരുനാഥനനേകാന്തേവാസികളോടും,
ഉൾക്കനിവോടുവാഴ്ക രാമനാമാചാര്യനും,
മുഖ്യരായോരു ഗുരുഭൂതന്മാർ മററുള്ളോരും."

"രാമനാമാചാര്യനം" എന്ന് ഇവിടെ പറഞ്ഞിട്ടുള്ളതു്, തന്റെ അഗ്രജനെസ്സംബന്ധിച്ചാണെന്നു വിചാരിക്കപ്പെട്ടിരിക്കുന്നു എങ്കിലും, "ആചാര്യ"ശബ്ദം പ്രയോഗിച്ചിരിക്കുന്നതുകൊണ്ടു രാമാനുജാചാര്യരെയോ മററാരെക്കൂടി സൂചിപ്പിക്കുന്നില്ലയോ എന്ന സംശയമുണ്ട്. ഇദ്ദേഹത്തെത്തന്നെയാണു ഉദ്ദേശിച്ചിരിക്കുന്നതെങ്കിൽ "മൽഗുരുനാഥൻ" എന്ന പറഞ്ഞിട്ടുള്ള സ്ഥിതിക്കു "ആചാര്യൻ" എന്നുകൂടി പറയേണ്ട ആവശ്യം ഉണ്ടെന്നു തോന്നു

ന്നില്ല. ഒരാളെ മാത്രമല്ല ഉദ്ദേശിച്ചിരിയ്ക്കുന്നതെന്നുള്ളതു "ഗ്രന്ഥന്മാർ മറവുകളാകും" എന്നു പറഞ്ഞിരിയ്ക്കുന്നതുകൊണ്ടുതന്നെ സ്പഷ്ടമാകുന്നു. ഏതായാലും, വിദ്വത്തമശ്രേഷ്ഠനായ തന്റെ ജ്യേഷ്ഠന്റെ കളരിയിലും, ശാസനയിലും ദൃഷ്ടിയിലും വളൎന്നിരിയ്ക്കുന്ന ഇദ്ദേഹം സാഹിത്യധുരീണനായിത്തീൎന്നു. മേൽ ഉദ്ധരിയ്ക്കപ്പെട്ട പദ്യത്തിൽ പ്രകാശിപ്പിക്കുന്ന ഭക്തി, സ്നേഹം, ബഹുമാനം ഇവകൾ വേറെ അനുമാനത്തിന്ന് അവകാശം നൽകുന്നില്ല. പിന്നീട്, തന്റെ പിതാവിൽനിന്നും ശാസ്ത്രസംബന്ധമായും മറ്റുമുള്ള വിദ്യാഭ്യാസം എഴുത്തച്ഛൻ ഏറക്കുറെ സമ്പാദിച്ചിരിയ്ക്കാനും ഇടയുണ്ട്. ഇദ്ദേഹത്തിന്റെ മക്കളെക്കൊണ്ടാണു ഭാഗവതം എഴുതിച്ചതെന്നും ഒരു ഐതിഹ്യം ഉണ്ട്. ഈ സ്ഥിതിയ്ക്ക് ഇദ്ദേഹത്തിന്റെ മാതാവു മാത്രം അക്ഷരജ്ഞാനമോ, വിദ്യാഭ്യാസമോ ഇല്ലാത്ത ഒരു സ്ത്രീയായിരിപ്പാൻ തീരെ സംഗതിയില്ല. എഴുത്തച്ഛനിൽ പുരുഷപ്രായത്തിൽ വികസിച്ചു ശോഭിച്ചിരുന്ന സൽഗുണങ്ങളും തന്റെ മാതാവിന്റെ ശാസന, ഉപദേശം, ദൃഷ്ടാന്തം ഇവകളുടെ ഫലങ്ങളായിരിയ്ക്കാനേ മാൎഗ്ഗമുള്ളൂ. മാതാക്കന്മാൎക്കു പുത്രന്മാരിലുള്ള പ്രേരണാശക്തി തല്ക്കാലം അഗോചരമായിരുന്നെങ്കിലും, കാലാന്തരത്തിൽ അതു ഫലപ്പെടുന്നതു പ്രത്യക്ഷീഭവിയ്ക്കുന്നു. ഈ തത്വം പലപ്പോഴും നാം വിസ്മരിക്കാറുണ്ട്. പിതാവു ഗൃഹത്തിൽ സ്ഥിരവാസിയല്ലാതിരുന്നതുകൊണ്ടു മാതാവിന്റെയും അഗ്രജന്റെയും ദൃഷ്ടിയിൽതന്നെയാണു് ഇദ്ദേഹത്തിന്റെ ബാല്യകാലം മുഴുവനും നയിക്കപ്പെട്ടതു്. ഒരു മനുഷ്യനെ യോഗ്യനാക്കിത്തീൎക്കുന്നതിൽ സഹായിയ്ക്കുന്നതായ പല ശക്തികളും ഉണ്ട്. അവയിൽ എല്ലാറ്റിലുംവെച്ച് ഉൽകൃഷ്ടമായതു മാതാവിന്റെ പ്രേരണാശക്തി ഒന്നുതന്നെ

യാണ്. എഴുത്തച്ഛൻ വിദ്വാനായിരുന്നതിനാൽ അദ്ദേഹം വിനയവാനും ആയിരുന്നു.

"ബ്രഹ്മപാദജനാകുന്നിന്നാമാദ്യനായുള്ളൊരു ഞാൻ" എന്നാണ് അദ്ദേഹം തന്നെക്കുറിച്ചു പ്രസ്താവിച്ചിരിക്കുന്നതു്. പിന്നൊരു ദിക്കിൽ "അഗതിയായൊരടിയനനുഗ്രഹിക്കേണ"മെന്നും പറഞ്ഞിരിക്കുന്നു. ഇദ്ദേഹം വലിയ ബ്രാഹ്മണഭക്തനും ആയിരുന്നു. അവരുടെ "ചരണാരുണാംബുജപാംസുസംഗമം" അദ്ദേഹത്തിന്റെ "ചേതോദർപ്പണത്തിന്റെ മാലിന്യം" തീർക്കുന്നതായി അദ്ദേഹം പ്രസ്താവിച്ചിട്ടുള്ളതും കാണുന്നു. ഇതു കൂടാതെയും,

"വേദശാസ്ത്രങ്ങൾക്കധികാരിയല്ലെന്നതോർത്തു
ചേതസി സർവ്വം ക്ഷമിച്ചീടുവിൻ കൃപയാലെ".

എന്നും മറ്റും ഇദ്ദേഹം അപേക്ഷിച്ചിരിക്കുന്നു. ബ്രാഹ്മണരിൽനിന്നും അദ്ദേഹത്തിനു പല ഉപദ്രവങ്ങൾ നേരിട്ടിരുന്നുവെങ്കിലും, ഇതൊന്നും അദ്ദേഹത്തിന്റെ ഭക്തിയ്ക്കു് ഭംഗം വരുത്തുന്നതിനു ബാധകമായിത്തീർന്നില്ല. ഇവരുടെ അപ്രീതി സമ്പാദിക്കേണ്ടിവന്നതു് അദ്ദേഹത്തിനു താല്പര്യമില്ലായിരുന്നെങ്കിലും, തന്റെ ഉൽകൃഷ്ടമായ ഉദ്ദേശ്യങ്ങളെ ഇതിലേയ്ക്കായി ബലികഴിയ്ക്കാൻ അദ്ദേഹം ഒട്ടുംതന്നെ സന്നദ്ധനല്ലായിരുന്നു. "അല്പസത്വന്മാരായുള്ള ദുർവിദഗ്ദ്ധൻ. വിദ്വാന്മാരേ!" എന്നാണല്ലോ ആദ്യവാക്യം. കഥാപ്രകൃതിസ്വഭാവത്തിൽ ഉണ്ടായിരുന്ന ഒരാൾക്ക് ഇപ്രകാരമുള്ള പ്രതിബന്ധങ്ങൾ കേവലം നിസ്സാരങ്ങളാണല്ലോ. "ബോധഹീനന്മാരായ" തന്റെ നാട്ടുകാരെ ഉദ്ധരിയ്ക്കാൻ, അപരിഷ്കൃതാവസ്ഥയിൽ ഇരിയ്ക്കുന്ന ഭാഷയുടെ സംസ്കാരത്തിനും മറ്റും ഉപയോഗപ്പെടേണ്ട ഉദ്യമത്, ഇതൊക്കെയും കാലിൽ തടഞ്ഞ പുല്ലുപോലെ മാത്രമേ ആയിരുന്നുള്ളൂ.

എഴുത്തച്ഛന്റെ കൃതികൾ പലതും പുരാണങ്ങളെ സംബന്ധിച്ചുള്ളവയാണല്ലോ. മിക്കവയും അവയുടെ

തൎജ്ജമയോ, അല്ലെങ്കിൽ, സംക്ഷേപമോ ആയിട്ടാണു കാണുന്നതു്. അദ്ദേഹത്തിനു വേറെ വിഷയങ്ങൾ ലഭിയ്ക്കാഞ്ഞിട്ടോ അവയിൽ തനിയ്ക്കു പാടവം ഇല്ലാഞ്ഞിട്ടോ ആണെന്നു വിചാരിച്ചുകൂടാ; അദ്ദേഹം ഇപ്രകാരം നിരഞ്ഞെടുത്തിട്ടുള്ളതു ബുദ്ധിപൂൎവ്വമായ ഒരു പ്രവൃത്തിയാണു്. എഴുത്തച്ഛൻ ഒരു വലിയ ദൈവഭക്തനായിരുന്നതുകൊണ്ടു് അദ്ദേഹത്തിനു പുരാണാദികളിൽ അസാമാന്യമായ അഭിരുചിയുണ്ടായിരുന്നു. ഇതു കൂടാതെ അദ്ദേഹത്തിന്റെ പ്രധാന ഉദ്ദേശ്യങ്ങളിൽ ഒന്നു്, തന്റെ നാട്ടുകാരുടെ അജ്ഞതയെ ദൂരീകരിച്ചു്, അവരുടെ മുമ്പിൽ ഉൽകൃഷ്ടങ്ങളായ ആദൎശങ്ങളെ സമൎപ്പിയ്ക്കുകയും, അവൎക്കു് ഈശ്വരഭക്തി, സന്മാൎഗ്ഗബോധം ഇവകളെ ജനിപ്പിയ്ക്കുകയും ചെയ്യണമെന്നായിരുന്നു. ഇതിനു പുറമെ, ദാരിദ്ര്യം ബാധിച്ചും, നികൃഷ്ടാവസ്ഥയെ അവലംബിച്ചും, അരക്ഷിതമായും കിടന്നിരുന്ന മലയാളഭാഷയ്ക്കു്, ഉത്തമങ്ങളായ സംസ്കൃതഗ്രന്ഥങ്ങളിൽ അടങ്ങിയിരിയ്ക്കുന്ന പ്രൌഢങ്ങളായ ആശയങ്ങൾകൊണ്ടും, സരസങ്ങളായ അലങ്കാരപ്രയോഗങ്ങൾകൊണ്ടും, അലങ്കാരവും, പുഷ്ടിയും, ഗൌരവവും നൽകി അതിനെ ഒരു മാന്യസ്ഥാനത്തിൽ വയ്ക്കണമെന്നും അദ്ദേഹത്തിനു് ആഗ്രഹമുണ്ടായിരുന്നു. ഈ ഉദ്ദേശ്യങ്ങളെ നിറവേറ്റുന്നതിനു് അദ്ദേഹം ആലോചിച്ചു തീൎച്ചയാക്കിയ മാൎഗ്ഗം എത്രയും ഉചിതമായിട്ടുള്ളതാണെന്നുള്ളതിനു ലേശംപോലും സംശയമില്ല. ഇപ്രകാരം കേരളീയകുടുംബങ്ങളിൽ ആദ്യമായി ജ്ഞാനപ്രദീപം കൊളുത്തിയതും, മലയാളസാഹിത്യത്തിന്റെ അടിസ്ഥാനമിട്ടതും നമ്മുടെ എഴുത്തച്ഛനാണെന്നുതന്നെ പറയാം. അദ്ദേഹത്തിന്റെ കൃതികൾ ഉത്ഭവിച്ചകാലം മുതല്ക്കു കേരളീയരുടെ ദൃഷ്ടിയിൽ മലയാളഭാഷയ്ക്കു് ഏറെക്കുറെ ഗൌരവം സിദ്ധിച്ചു തുടങ്ങിയതായി വിചാരിയ്ക്കേണ്ടിയിരിയ്ക്കുന്നു. എല്ലാംകൊണ്ടും "മണിപ്രവാളകൃതികളുടെ

മാസ്റ്റർപീസ്"യായ തുഞ്ചന്റെ ആവിർഭാവം മലയാളസാഹിത്യ
ത്തിന്റെ അരുണോദയമായിട്ട ഗണിക്കാവുന്നതാണ്. മല
യാളം മാതൃഭാഷയായിട്ടുള്ള കേരളീയർ എല്ലാവരും ഈമ
ഹാത്മാവിനെ എന്നെന്നേയ്ക്കും കൃതജ്ഞതയോടുകൂടി സ്മരിക്കേ
ണ്ടതാണെന്നുള്ളതിനു സംശയമില്ല. ഇദ്ദേഹത്തിന്റെ
കൃതികൾ മിക്കവയും സംസ്കൃതത്തിൽനിന്നു ഭാഷാന്തരം
ചെയ്യപ്പെട്ടവയും, ചിലതു സംസ്കൃതകൃതികളുടെ സംക്ഷേ
പങ്ങളുമാകുന്നു എന്നാക്ഷേപം പറഞ്ഞുകേട്ടിട്ടുണ്ട്. ഇ
തിൽനിന്നും ഇദ്ദേഹത്തിനു സ്വയമായി കവിതയുണ്ടാക്കു
വാൻ ശക്തിയില്ലായിരുന്നുവെന്ന് അനുമാനിക്കുന്നത്
അനുചിതമായിരിക്കും. ഹരിനാമകീർത്തനംതന്നെ ഇപ്ര
കാരമുള്ള ശങ്കയെ നിരസനം ചെയ്യുന്നു. ആഗ്രഹ
ത്തിന്റെ ഉദ്ദേശ്യസിദ്ധിക്കു് ഇദ്ദേഹം വരിച്ച പന്ഥാവ്
എത്രയും ഉചിതമായിട്ടുള്ളതാണ്. ശ്രുതിപ്രസിദ്ധങ്ങളും ഇ
തരന്മാരാൽ ആരാധിതങ്ങളും, വേദാന്തപരമന്ത്രങ്ങ
ളും, അദ്ധ്യാത്മതത്വങ്ങൾ ഇടചേർന്നവയും, അ
പ്രാപ്യങ്ങളും ആയിരുന്ന പുരാണാദികളുടെ സാരം അല്പ
മെങ്കിലും ഗ്രഹിക്കുന്നതിനു "ത്രൈവർണ്ണികേതരന്മാർ"ക്കുമാ
യിരുന്ന തന്റെ നാട്ടുകാർക്ക് ഭക്തിയുണ്ടാകണമെന്നും,
തന്മൂലം അവരിൽ ജ്ഞാനം, ധർമ്മബുദ്ധി, സദാചാരതല്പര
ത, ഈശ്വരഭക്തി മുതലായ ഗുണങ്ങളെ ജനിപ്പിക്കണമെ
ന്നുള്ള ഉദ്ദേശ്യങ്ങളോടുകൂടിയാണ് എഴുത്തച്ഛൻ മുഖ്യമായി
പ്രയത്നിച്ചത്. ഭാഷയ്ക്കു് അന്യാദൃശമായ ഗൌരവം നൽ
കുന്നതിനും ഈ മാർഗ്ഗംതന്നെയാണ് അധികം ഉപയോഗ
പ്പെടുന്നതെന്നും അദ്ദേഹത്തിന് ബോധമുണ്ടായിരുന്നു.
പ്രൌഢങ്ങളായ കവിതകളെ അർത്ഥഭേദവും രസഭംഗവും
കൂടാതെ ഭാഷാന്തരം ചെയ്യുന്നതിനു വാസനാബലമുണ്ടാകണം
ഉള്ള ഒരു കവിക്കല്ലാതെ സാധിക്കുന്നതു പ്രയാസമാ
ണ്. എഴുത്തച്ഛൻ കവിയായിരുന്നുവെങ്കിലും, കവിയ
ശഃപ്രാർത്ഥിയായിരുന്നില്ല. തന്റെ ശ്രേയസ്സിനേക്കാൾ അ
ധികം നാട്ടുകാരുടെ അഭ്യുദയമാണ് അദ്ദേഹം കാം
ക്ഷിച്ചിരുന്നത്. ഭാഷാന്തരം ചെയ്യുന്നതിൽ എഴുത്തച്ഛന്

അസാമാന്യവൈഭവങ്ങൾ ഉണ്ടായിരുന്നുവെന്നുള്ളതും ലക്ഷിക്കേണ്ടതാണ്. മലയാളഭാഷ തന്നെ അക്കാലത്തു ശൈശവാവസ്ഥയിലായിരുന്നു. ഇതു് അസ്പഷ്ടാവയവവും, അസമഗ്രവും, അപരിഷ്കൃതവുമായിരുന്നു. പദദാരിദ്ര്യവും, ഗ്രന്ഥദാരിദ്ര്യവും അതിനെ അധികമായി ബാധിച്ചിരുന്നു. ഈവക ന്യൂനതകളെ പരിഹരിക്കുന്നതിനു മൂലഗ്രന്ഥങ്ങളിൽ അടങ്ങിയിരിക്കുന്ന അഭിപ്രായവിശേഷങ്ങളെയും, ഭാവങ്ങളെയും മനോധർമ്മങ്ങളെയും അന്നത്തെ നാട്ടുഭാഷയിൽ പ്രതിഫലിക്കുന്നതിന് എഴുത്തച്ഛന് അസാധാരണമായ ശ്രമം ചെയ്യേണ്ടിയിരുന്നു. ഇതിലേക്കായി സംസ്കൃതത്തിൽനിന്നും, തമിഴിൽനിന്നും ധാരാളം ശബ്ദങ്ങളെ എടുത്തു സന്ദർഭങ്ങളിൽ പ്രയോഗിക്കയല്ലാതെ നിവൃത്തിയില്ലായിരുന്നു. ഇപ്രകാരം എഴുത്തച്ഛൻ തിരഞ്ഞെടുത്തു ചേർത്ത "പദസമ്പത്ത്" ഇന്നത്തെ മലയാളഭാഷയ്ക്കു ഒരു വിശേഷപുഷ്ടിയും, ചൈതന്യവും, അലങ്കാരവും സിദ്ധിക്കുന്നതിനിടയായി. ഇദ്ദേഹത്തിന്റെ കൃതികൾ തന്നെയാണ് മലയാളഭാഷയ്ക്കു ലഭിച്ച 'മൂലധനം.' എഴുത്തച്ഛന്റെ പാണ്ഡിത്യവും, സൂക്ഷ്മദൃക്കുമായിരുന്ന സംസ്കൃതസാഹിത്യത്തിൽ പ്രവേശിക്കുന്നതിന് ആദ്യം അന്നും മടയുണ്ടായിരുന്നുവെന്ന് അദ്ദേഹംതന്നെ സമ്മതിക്കുന്നുണ്ട്. എന്നാൽ, പല ശക്തങ്ങളും സഹിച്ചു് അതിൽ പ്രവേശിച്ചുകഴിഞ്ഞതിൽപിന്നെ, നിസ്സാരമായ വല്ലതുംകൊണ്ടു മടങ്ങിപ്പോരുന്നതു യുക്തമല്ലെന്നു് അദ്ദേഹത്തിന്നറിയാം. അതിനാലാണ്, "നാനാരത്നാ" കരമായ രാമായണാദി വിശിഷ്ടവസ്തുക്കളിൽ അമൂല്യമായി കൈ വച്ചതു്. ഇപ്രകാരം ബുദ്ധിമുട്ടി സമ്പാദിച്ച അനർഘസമ്പത്ത് അദ്ദേഹം മലയാളികളായ നമുക്ക് എന്നെന്നേക്കും അനുഭവിക്കുന്നതിനായിട്ടു നൽകുകയാണു ചെയ്തതു്.

"ആദാനം ഹരിനീലസ്യ
സതാം വാരിനിധാവിവ."

എഴുത്തച്ഛന്റെ കൃതികളെപ്പറ്റി ഒരു ഗുണദോഷനിരൂപണം ചെയ്യുന്നതിനു ഞാൻ ഇപ്പോൾ ഒരുങ്ങുന്നില്ല.

പദ്യം

൫ വിദുരവാക്യം.

പൗരന്മാരുടെ വിത്തരൂപവിദ്യാഭിജാത്യ-
ങ്ങളുമാരോഗ്യസുഖസൽക്കാരാദികൾകണ്ടാൽ
ചിത്തത്തിലസൂയവെച്ചീടും പുരുഷനു
നിത്യവുമാധിയൊഴിഞ്ഞില്ലെന്നു ധരിക്കണം.

ഉത്തമാശനം മാംസസഹിതമെന്നറിയണം,
മദ്ധ്യമാശനമല്ലോ ഗോരസോത്തരം നൂനം
അധമാശനം ലവണോത്തരം, ഏവം മൂന്നു
വിധമായുള്ളൂ ഭുവി ഭോജനം നരപതേ!.

അത്യന്തമധമന്മാർക്കശനാൽ ഭയം, പിന്നെ
മദ്ധ്യമന്മാർക്കു മരണത്തിങ്കൽനിന്നു ഭയം
ഉത്തമന്മാർക്കു ഭയമവമാനത്തിങ്കലും.

കാര്യങ്ങൾ ചെയ്യുന്നതിലുമകാര്യങ്ങ-
ളാര്യന്മാർ ഭയപ്പെട്ടീടുമെപ്പോഴും ശങ്കിതരും.

മാനസമേകമായുള്ള ജനങ്ങളെ
ഭേദവും ചെയ്തിടുമാറില്ലല്ലോ ശത്രുക്കൾ.
അതിമാഭിജാത്യവിദ്യാദികളാലുള്ള മദ-
മെത്രയും വിരവിൽപ്പോം സജ്ജനസംഗത്തിനാൽ.

സത്തുക്കളസത്തുക്കളോടുചേരാതാനവമാ-
ന്നതിരിച്ചുവസജ്ജനസൽസ്വഭാവം നടിച്ചീടും.

വശ്യവാനായുള്ളവനാൽ ജിതമല്ലോ സർവ്വം,
സത്യമതിമതാൽ ജിതമഘജാതങ്ങൾ,
ഭോഗതാജിതമശനാഗ്രഹം, ശീലവതാ
ശ്രീമതാ സർവ്വം ജിതം മുക്തിശക്തിഭാമിനേ!

ശീലമെത്രയും പ്രധാനം പുരുഷന്മാൎക്കും,
ശീലമില്ലായ്കിൽ മിത്രാൎത്ഥങ്ങൾകൊണ്ടെന്തു ഫലം?

ഐശ്വൎയ്യമത്തൻ പാപിയത്രേ മദ്യമത്തനിലും
ഐശ്വൎയ്യമത്തനുൾപ്പരിബോധമില്ലയല്ലോ.

ധൎമ്മാൎത്ഥങ്ങളെ ത്യജിച്ചിന്ദ്രിയവശഗനായ്
ദുൎമ്മദത്തൊടുവർത്തിച്ചീടിനപുരുഷന്
വിത്തവും ധാന്യങ്ങളും ജീവനം നശിച്ചുപോം—
ഉത്തമനാകുന്നവനിന്ദ്രിയജയം വേണം,
അജിതേന്ദ്രിയനെങ്കിലവനെല്ലാ—
മൎത്ഥവും നശിച്ചുപോം ക്ഷിപ്രമെന്നറിഞ്ഞാലും.

സത്യമാശുചിയേതു പറയാതൊഴിഞ്ഞന്യായ
ചിത്തശാന്ത്യാദയാസുപ്രിയവാക്യങ്ങളും
ഉണ്ടാകയില്ലതെല്ലാനിസ്സംശയമൊരുത്തനാ—
ക്കുണ്ടാകിലതുപരപീഡയ്ക്കായിത്തന്നെതാനും.

ഭൂതദയാധൎമ്മനിത്യതപം വഴിപോലിപ്തി, ദാന—
മത്മാനവും, മനശ്ശൗചവും, തിതിക്ഷയും,
ബുദ്ധിയും, മഹിംസയും, മശോകത്വാദികളും
ദുഷ്ടനാകുമത്താനവന്നുണ്ടാകയില്ലയല്ലോ.

ശ്രീപതേ! ഹിംസാബലം കേവലമസാധുക്കൾക്കാം
ഭൂപന്മാൎക്കുബലം ദണ്ഡവിധിയെന്നറിഞ്ഞാലും
സ്ത്രീണാം ശുശ്രൂഷാബലം, ഗുണിനാം ക്ഷമാബലം
പ്രാണിനാം ബലം ജലംപോലതിവ കമലാപതേ!

അടവി മഴുകൊണ്ടുവെട്ടിയാലുകച്ചീടും
കഠിനവാചാവെട്ടിമുറിച്ചാലുകച്ചീടാ;
നാരാചശല്യം ദേഹത്തിങ്കൽനിന്നെടുത്തീടാം
ക്രൂരവാക്‌ശല്യമെടുക്കാം ചികിത്സകനില്ല.

സർവ്വവേദങ്ങളെക്കാളുൽകൃഷ്ടനാകുന്നു
സർവ്വഭൂതങ്ങളിലുമാർജ്ജവമുള്ള പുമാൻ
ആകയാൽപുത്രന്മാരിലാർജ്ജവം പ്രതിപാദി-
ച്ചുകാതെസൌഖ്യംവന്നാൽ സ്വർഗ്ഗപ്രാപ്തിയുംവരും
എത്രനാളെല്ലാംകീർത്തിനില്ക്കുന്നിതവനിയി-
ലത്രനാളെല്ലാംസ്വർഗ്ഗവാസസൗഖ്യവുമോർത്താൽ.

രൂപത്തിൻഗുണമപഹരിച്ചീടുന്നു ജര,
കോപംശ്രീതന്നെയെല്ലാംപ്രത്യപഹരിക്കുന്നു,
ശീലത്തെയപഹരിച്ചീടുന്നു ഖലസേവ;
കാലൻപ്രാണനെയപഹരിച്ചീടുന്നുവല്ലോ,
ആശതാനപഹരിച്ചീടുന്നു ധൈര്യത്തെയും,
ലജ്ജകാമംപുനരപഹരിച്ചീടുന്നതും
ധർമ്മത്തെയുമപഹരിക്കുമസൂയയും,
നിർമ്മലമതേ!സർവ്വമപഹരിക്കുമഭിമാനം.

ക്രോധികൾക്കൊന്നുമില്ല, ശാന്തിയുമില്ല,
ക്രൂരനാമിവനില്ല,സ്വധർമ്മനിഷ്ഠയില്ല,
കാമികൾക്കൊന്നുമില്ല, കോപിക്കില്ലപ്രസാദം,
സർവ്വവുമില്ലതന്നമനവസ്ഥിതനോർത്താൽ.

കൃതജ്ഞതാഭാവം,പരാക്രമവും,വിനയവും,
മിതഭാഷണം,ദാനം,മനഃപ്രവിശുദ്ധിയും,
ശ്രുതവും,സൽപ്രജ്ഞതയുമുള്ളവൻശോഭിക്കുന്നു,
ഇച്ചൊന്നഗുണമെട്ടുമില്ലാതപുരുഷനെ
സജ്ജനങ്ങൾബന്ധുവാക്കയില്ലവല്ലോ.

സ്വർഗ്ഗത്തിന്നിശ്രേണങ്ങളായിട്ടുള്ള
ചൊല്ലുന്നേനെട്ടുള്ളതാകർണ്ണയഭൂപതേ!
അനപായമാമിജ്യ,തപം,ദാനാദ്ധ്യയനങ്ങളും,
മന്നവ!ക്ഷമയല്ലിട്ടിവർകട്ടാലുംയഥാർത്ഥസത്യം.

ഭഗവാനോടായുധമന്തപാനം തിന്നാലും
വിജയം നിജമാനപ്രാണങ്ങളെല്ലാമെ ചൊല്ലാം,
സത്യം, ദാക്ഷിണ്യം, ശമം, മാർഗ്ഗം സന്ധ്യാദിവ
ചൊല്ലിനൃപന്മാരുപായങ്ങളെന്ന്.

വ്യഭിചാരിപ്പാരെ തന്നെ സമയം സമല്ല,
വ്യഭിചാരല്ലയൊർക്കണം കൂട്ടാളിയാരാവതും,
സത്യമല്ലാത്തധർമ്മം ധർമ്മമല്ലയല്ലൊ,
സത്യവും സത്യമല്ലമായാമായാൽ.

വാസന്തത്തിങ്കൽ പ്രവൃത്തികളിലൊരാത്രയിങ്കിന്ന
വാസരം ദൃഷ്ടിയാലിതു മാനവന്മാരെ
ഒട്ടുമാസത്തെ പ്രവൃത്തികൾ ചെയ്യണമതി-
ന്നിഷ്ടമാസമൊരുമിച്ചു സുഖമാസ്വദിക്കാവൂ
യൗവനത്തിങ്കൽ പ്രവൃത്തിച്ചു വാർദ്ധക്യകാലെ
ചൊന്നവണ്ണം വാർദ്ധക്യത്തിൽ സുഖമാസ്വദിക്കാവൂ
ജീവചരിത്രം പ്രവൃത്തികളിഹലോകമിലാകിലും
മേലുലോകങ്ങളിൽ സുഖമാസ്വദിക്കാവൂ.

* * * * * *

താപസന്മാരെയും വാഹിനിമാരെയും
ശോഭതേടീടും മഹാത്മാക്കളം വംശത്തിന്റെയും
ഉത്ഭവസ്ഥാനമന്വേഷിക്കേണ്ട, ദിവ്യന്മാർക്കി-
ല്ലുൽപത്തിമൂലമൊന്നുതാനും നോക്കേണ്ടതേ!.

വ്യാഘ്രത്തെക്കാൾ ശ്രേയസ്സാകുന്നതു വ്യാഘ്രത്തെ
വ്യാഘ്രമെന്നമാത്രം സത്യത്തെ വധിക്കണം
വ്യാഘ്രം തന്നെപ്പിന്നെപ്പോൾ വെടിക്കുന്നോരളവും
വ്യവസ്ഥാധർമ്മം വെടികെന്നുള്ളൊരളവും.

ഉത്തമന്മാരെ വേണം സേവിച്ചുകൊള്ളുവാനും
മദ്ധ്യമന്മാരെ ആപത്കാലത്തു സേവിക്കവേണ്ടൂ,
സേവിച്ചീടരുതധമന്മാരെ ഒരിക്കലും
ഭാവിച്ചീടരുതവരോടു മിത്രഭാവം പോലും.

മാനസതാപംകൊണ്ടുബലവുംശരീരവും
ജ്ഞാനവുംക്ഷയിച്ചുപോം,വ്യാധിയുംവർദ്ധിച്ചീടും.

പെരികെവിശ്വസ്തൻറെപത്നിയെപ്രാപിപ്പവൻ,
ഗുരുതല്പഗൻ,വൃഷലീപതിയാകുംദ്വിജൻ,
ശരണാഗതഘാതി,മദ്യപന്മാരെല്ലാം
കരുതീടണംബ്രഹ്മഹന്താവിനൊക്കുമല്ലോ

എപ്പോഴുംപ്രിയംപറഞ്ഞീടുവാൻപലരുമു-
ണ്ടപ്രിയമെന്നാകിലുംപത്ഥ്യത്തെച്ചൊല്ലീടുവാൻ
സൽപുരുഷന്മാരില്ല,കേൾപ്പാനുമാരുമില്ല;
ഔദാൎയ്യമുള്ളജനമെന്നിയില്ലൊരിടത്തും.
ഭർത്താവിൻപ്രിയാപ്രിയമെന്നപേക്ഷിയാതെധൎമ്മ-
തത്വമറിഞ്ഞുകൊണ്ടപ്രിയമെന്നാകിലും
പത്ഥ്യത്തെച്ചൊല്ലുമമാത്യൻവേണംരാജാവായവർ
എത്രയുംവന്നുകൂടുമൈശ്വൎയ്യമെന്നാൽ.

സൎവ്വവുമുപേക്ഷിച്ചുമാത്മാവെരക്ഷിക്കേണം,.
ഉൎവ്വിയെയുമുപേക്ഷിച്ചുംമിത്രത്തെരക്ഷിക്കേണം
ഗ്രാമത്തെയുമുപേക്ഷിച്ചുംരാജ്യത്തെരക്ഷിക്കേണം
ഗ്രാമത്തെയൊരുഗൃഹംകളഞ്ഞുരക്ഷിക്കേണം
ഒരുവൻതന്നെക്കളഞ്ഞൊരിടംരക്ഷിക്കേണം
കരുതീടുകമന്ത്രാരതിലിവയെല്ലാം;
പുത്രനെയുമുപേക്ഷിച്ചുംവംശത്തെരക്ഷിക്കേണം
ഉത്തമന്മാരായുള്ളവരിങ്ങനെചെയ്യുന്നായം.

അൎത്ഥത്തെരക്ഷിക്കേണമാപത്തുവരുമ്പോഴെ-
ക്കൎത്ഥത്തെക്കാളും ധൎമ്മദാരങ്ങൾരക്ഷിക്കേണം
ദാരാൎത്ഥങ്ങളെക്കാളുമാത്മാവെരക്ഷിക്കേണം
ധീരന്മാരായുള്ളവരിങ്ങനെചെയ്യുന്നായം.

ഭർത്താവിന്നഭിമതമറിഞ്ഞുകാൎയ്യങ്ങളെ
നിത്യവുമവക്രബുദ്ധ്യാസഹായംചെയ്യുകിൽ,

പാത്ര്യങ്ങളറിഞ്ഞുചിത്തശുദ്ധനായ് നീതിജ്ഞനാം
ഭൃത്യൻതന്നോടുതന്നെതുല്യനായതുമന്യൻ.

ഭർത്താവിൻനിയോഗത്തെയാളറിയാതെയതിൻ
പ്രത്യുക്തിപറഞ്ഞെതിരാമാത്താളിമാനത്തോടെ
ചിത്തത്തിൽപ്രതിക്രിയമാത്സര്യത്തീടുന്നോരു
ഭൃത്യനെത്യജിക്കണംബുദ്ധിമാനായനൃപൻ.

ബുദ്ധിയുംപ്രഭാവവുംതേജസ്സുമഭിമാനവും
സത്യവുമേറെവ്യവസായവുമുള്ളവന്നു
വൃത്തികളയുമൊരുനാളുമുണ്ടാകയില്ല
വൃത്തികളയുമായാൽനിഷ്ഫലങ്ങളെല്ലാം.

നാരിമാരെയുംദുഷ്പ്രഭാവരെയുംസർപ്പത്തെയും
വൈരിപക്ഷികളെയുംസ്വാധ്യായത്തെയുംനിജ-
ഭോഗാനുഭവത്തെയുംജീവിതകാലത്തെയും
ഭാഗധേയത്തെയുംവിശ്വാസമുണ്ടാകൊലാ.

സപ്താംഗനിസ്സിദ്ധികളുകെപ്പുത്രനാമുള്ളിൽ
സാമർത്ഥ്യവുമവരെയവരാരല്ലെന്നറിയണം
വിദ്യാഭിജനവയോവൃത്തശീലങ്ങളാൽ
വൃദ്ധന്മാരവമാന്യന്മാരല്ലൊരിക്കലും:

ഭാരതം കിളിപ്പാട്ട്. എഴുത്തച്ഛൻ.

---

൨. ഹേമന്തം.

ശീതംതഴച്ചുള്ളഹേമന്തകാലവു-
മാമന്ദംപോന്നിങ്ങുവന്നതിപ്പോൾ
പാലൊഴിഞ്ഞുവെള്ളത്തുകന്നപോലെനൽ-
പ്രാലേയംതൂകിത്തുടങ്ങീതെങ്ങും
ചണ്ഡനായുള്ളൊരുപങ്കജനാഥൻതൻ
മണ്ഡലംമങ്ങിച്ചമഞ്ഞുകൂടി;

കെട്ടില്ലയാതവൎക്കാപ്പുണ്യമായ് മേവുകിൽ
അട്ടഹാസ്സിന്നിടമെന്നേയുള്ളൂ.

വാടററകാന്തികലൎന്നുള്ള വാരിജ-
മോരോന്നേ മഞ്ജിമയററിതപ്പോൾ,
കാന്തന്തകാന്തികുറഞ്ഞതുകാണുമ്പോൾ
കാന്തമാർകാന്തിയും മങ്ങുമല്ലോ;

ചീൎത്തുനിന്നുള്ളോരു ശീതത്തെപ്പൂണ്ടുനി-
നാഥന്മാരായിട്ടുമങ്ങെല്ലാരും
കൈതവംകൈക്കൊണ്ടുതാൻമാറത്തുനന്നായി
സ്വസ്തികബന്ധംതുടങ്ങീതെങ്ങും.

വാട്ടാൻനിന്നുള്ള കാൎപ്പാസംകൊണ്ടുള്ള
കൂൎപ്പാസംമേനിയിൽ ചേൎത്തപ്പോഴും
ആദിത്യസേവയും പാവകസേവയു-
മായിട്ടുതുടങ്ങിപലൎക്കപ്പോൾ;

ഉദ്യാനംതന്നിൽകളിപ്പതിനാൎക്കു-
മുദ്യോഗമേതുമെഴുന്നീലപ്പോൾ;
വാതായനങ്ങളും വീതങ്ങളായിതേ
വാരിവിഹാരവുമല്ലന്നമേ;
ചന്ദനലേപവും മന്ദമായ് വന്നതേ,
ചന്ദ്രികാസേവാഘോഷം പിന്നയല്ലോ;

സുന്ദരമായുള്ള ചന്ദ്രശാലാതല-
മൊന്നുമേവേണ്ടീതില്ലാൎക്കുമപ്പോൾ;
മേദിനിതന്നിൽനിറഞ്ഞുവഴിഞ്ഞൊരു
ശീതംപൊറുക്കരുതാഞ്ഞപോലെ
ആശകളെല്ലാമേനീഹാരമായൊരു
നീശാരംപൂണ്ടുനിന്നിതെങ്ങും;
ഉഷ്ണകംപൂകിനവൎക്കൊന്നുമേ
ശോകന്നതില്ലാപ്പുലൎന്നതെന്നാൽ;

ശീതത്തെയുൾക്കൊണ്ടഹേമന്തകാലമാം
ഭൂതത്തിൻ കോമരമെന്നപോലെ
ഭൂതലംതന്നിലെ മാമരമൊക്കെയുമെല്ലാം
മാലൊടുവിറച്ചുതുടങ്ങീതപ്പോൾ
ഉന്നതങ്ങളാംശാഖാകരംപിടിച്ചിട്ട്
സന്ധ്യയെവന്ദിച്ചാരന്തണരും;

* * *
* * *

വെള്ളമെന്നിങ്ങനെ ചൊല്ലിത്തുടങ്ങുമ്പോൾ
തുള്ളിത്തുടങ്ങിവിറച്ചെല്ലാരും;
തീയ്യന്തന്നുള്ളിലോതോന്നിത്തുടങ്ങിതേ
തീക്കായവേണമെനിക്കെന്ന്;
തള്ളിയെഴുന്നൊരുശീതത്തെയുള്ളത്തിൽ
വിള്ളലുള്ളംകൊള്ളുന്നവരുള്ളിലെങ്ങും
വെള്ളത്തിൽനിന്നുജപിച്ചുതുടങ്ങിനാ-
രുള്ളംതെളിഞ്ഞുള്ള മാമുനിമാർ.

ഉണ്ണായ. ചെറുള്ളിനമ്പൂരി.

---

൩. ഒരു പരിദേവനം.

[ദമയന്തിയെ വനത്തിൽ ഉപേക്ഷിച്ചതിന്റെശേഷം നളൻ അയോധ്യാധിപനായ ഋതുപർണ്ണനെ ആശ്രയിച്ച് അദ്ദേഹത്തിന്റെ സൂതനായി പാർത്തു. അപ്പുറം ഒരു രാത്രി വ്യസനാക്രാന്തനായ ആ മഹാരാജാവു തന്റെ ഭാര്യയുടെ അവസ്ഥയെ വിചാരിച്ച് ഇപ്രകാരം വിലപിച്ചു].

പദ്യം.

വിജനേബതമഹതി
വിപിനേനീയുണർന്നിദ്ദ-
വഴനോ!വീണെന്തുചെയ്‌വു
കളനേ.
അവനേക ചിന്തായാബന്ധു-
ഭവനേ ചെന്നായോളീയ?

എന്തുകാരണമനിന്ദ്യസൗമ്യരുചിമുഖ-
മെന്നപൂർണ്ണമനിന്ദ്യകാമ്യമുടലഹം.
(2) ദയിതേലളിപ്പതെന്ത-
ന്നയിതവിശങ്കനേരം?
മയിദേവി!മായാമോഹ—
ശയിതേ,
അമരേശിവശിവ!സു—
ചരിതേ!നിന്നെനിനപ്പാൻ
കീരവാണി!ഭൈരവാണിസാരവ—
ഘോരവാണിഘോരകാനനാനിച.
(3) വ്യസനേ / പിതവല്ലരു-
ജഘനേ:കുശലംനില—
നയനേ!മദമന്ഥര—
ഗമനേ!
ഗഹനേസന്താപങ്ങളംക
സഹനേശിഷ്യരല്ലയോ
ഹരിണപാളികരിവരാളി? ഇവർതവ
തരുവരഷ്ഠതരുവരേഷുപൃജകം.
(4) ഉരഗാഭരണനെന്നി—
ലൊരുകാരുണ്യമുണ്ടെങ്കിൽ
നരകാതിഭയമില്ലെ—
ന്നറികഃ
തെരിയാതെ ജ്ഞാതോന്നം നിന്നെ
ബ്ലൂരിയാതെന്തു? നിനക്കില്ലേ
വ്യത്യയബുദ്ധി,വിഷ്ണുഭക്തി,മറ്റൊരു
തത്ത്വബുദ്ധി, കൃത്യസക്തിയും തുണ?

ന. മൂ. ചരിതം ആട്ടക്കഥ. ഉള്ളൂരിയൊഴുക്ക്.

൪. കേരളത്തിലെ പഴയ വിദ്യാഭ്യാസം.*

കാമമെന്നമിതുപോലെ നാട്ടിലാ-
ശാസ്ത്യയുള്ള ചിലർ ബാലപാഠനം
ക്ഷേമമാംപടി നടത്തിവന്നു, മേൽ-
ക്കോയ്മയുള്ളവർ കുറിച്ചരീതിയിൽ.

അന്തണക്ക് സവിശേഷമാത്തിദം
സ്വന്തമായ കുലവിദ്യകൾക്കമെ
അന്തരായമണവാനയസ്സുതി-
ല്ലെന്നവസ്ഥയിലുമെന്ന വീഴ്ച്ചയാം.

ബ്രഹ്മചാരി ഗുരുഗേഹമാണ്ടു സ-
ബ്രഹ്മചാരികളുമൊത്തു ബാലകൻ
കർമ്മനിഷ്ഠയൊടുമോത്തുചൊല്ലണം
ധർമ്മശാസ്ത്രവുമതിന്നു ശേഷമേ.

വൃത്തിഭേദമെഴുമുണ്ണിയാകിലോ
വൃത്തിയാം 'മുതൽമുറ'യ്ക്കു നിഷ്ഠയാം
സത്തിതാണു, കുലവൃത്തിപോലെ മേ-
ലൊത്തിരിക്കണമതിന്റെ ശാസ്ത്രവും †

---

* ഇവരെ 'മരക്കൊത്താശാൻ' എന്നു പറയും. ഇവർക്കു മുൻപറഞ്ഞ പോലെതന്നെ ചില അവകാശങ്ങളുണ്ട്. അതാതുകുലത്തെ മനോനിയമമനുസരിച്ചും കുലവൃത്തി അനുസരിച്ചും സകല ജനങ്ങളും വിദ്യാഭ്യാസം ചെയ്യേണമെന്നായിരുന്നു നിയമം.

† ബ്രാഹ്മണരുടെ ശോധിപത്ര്യമോ വൈശ്യരുടെ കുലവൃത്തിയാണല്ലോ മന്നാൾക്കു സ്വാഭാവികയിലുള്ള വേദം മുതൽക്കു (ആദ്യം ഒരു മുറ) എങ്കിലും ചൊല്ലിയേ കഴിയൂ. കുലവൃത്തിക്കുള്ള വിദ്യ നല്ലവണ്ണം പഠിക്കണമെന്നു നിർബന്ധം എന്നായിരുന്നു അവരുടെ നിയമം. കിഴച്ചപ്പുറങ്ങൾകൊണ്ട് ഇവർക്ക് കുലവിദ്യ പഠിച്ചിട്ടില്ലെങ്കിലും വേദം മുതൽക്കുറേ പറ്റുകയുള്ളു എന്നായി കലാശിച്ചു.

മറവുജാതി ജനവും കുലക്രമ-
ത്തെറവു ചെറവുമെന്നയാതിരിക്കുവാൻ
മുറവുമാത്തൊഴിലിനൊത്ത ശാസ്ത്രവും
മറവുമാത്തരസമഭ്യസിക്കണം.

ധികൃതാനപായജർ ശൂദ്രർ ചെയ്യൊലാ
സംസ്കൃതാദ്ധ്യയനമെന്ന നിശ്ചയം
സൽക്രുതാഖ്യമലയാളനാട്ടിലി-
ല്ലീദൃശക്രമമഹോ പുരാതനം.

വിപ്രർ ശൂദ്രരൊടു കർമ്മവേളയിൽ
സുപ്രമാണമരുളുന്ന വാക്കുകൾ
സുപ്രസിദ്ധമിഹ സംസ്കൃതത്തിലാ-
ണിപ്രകാരമൊരിടത്തുമില്ലപോൽ.

സാന്ധ്യമാഹാത്മ്യ ശൂദ്രവീട്ടില-
ത്യന്തപാഠവിധികൾക്കു സൂചകം
ബന്ധമുള്ളപലതുണ്ടു സംസ്കൃത-
ഗ്രന്ഥസഞ്ചയവിശേഷമിപ്പൊഴും.

തച്ചുശാസ്ത്രമിഹ തച്ചർ മിക്കതും,
ജ്യോതിഷം കണിശർ, വേലർ വൈദ്യവും,
മെച്ചമാംപടി പഠിച്ചു വന്നിടും
രീതിയുള്ളതുമഹോ പുരാതനം.

സ്വപ്രവൃത്തി പഠനങ്ങൾ സംസ്കൃതം
സപ്രമാണമതുപോലെ ഭാഷയും
വിപ്രർ സമ്മതിയൊടൊപ്പെട്ടതി പ-
ണ്ടിപ്രകാരമിതു ദീർഘനിശ്ചയം.

സ്വസ്വവൃത്തിവിധിശാസ്ത്രശീലന-
ത്തു സ്വതന്ത്രതയൊരാൾക്കുമില്ലിഹ
ഇസ്വത്വമറിയാതെ പൂർവ്വരെ-
ദ്ദുസ്സ്വഭാവികൾ പഴിപ്പതത്ഭുതം.

ബാലകർമ്മരക്കോശപാഠവും
ചാലവേ ഗണിതവാക്യപാഠവും
ശീലമാണതിനു ജാതിഭേദമി-
ല്ലാലയങ്ങളിലടുത്തു ചട്ടമാം.

ആദിപാഠമഖിലർക്കുമൊപ്പമേ
ജാതിഭേദനില വിട്ടറിയ്ക്കുവാൻ
ആദിമൈജനമതസൽഗുണഗ്രഹ-
പ്രീതിയാസ്സരണമേകകാരണം.

ജ്ഞാനമാർഗ്ഗമൊരുപോലെ നേടിടാം
ധ്യാനമെന്നു ജിനബൌദ്ധരേവരും
സ്ഥാനകർമ്മഗുണമാർഗ്ഗമാത്മവി-
ജ്ഞാനമട്ടിനു തരം തിരിക്കുമേ.

ഇസ്ഥിതിക്കകലവൃത്തി; വിശ്വകർ-
ക്കസ്ഥിവാരമൊരുപോലെയാകിലും
വൃത്തിഭേദനിലപോലെ മേല്ക്കുമേൽ
നിൎത്തിവന്നളുമവർക്കു സമ്മതം.

കോവിലകം. കുഞ്ഞിക്കുട്ടൻതമ്പുരാൻ

൩. കൊല്ലം

തോട്ടിൽക്കൂടിതപരിതരമഞ്ഞോണിപോവുമ്പോഴൊഴുക്കിൻ-
പാട്ടിൽക്കൂടീട്ടഴകൊടൊഴുകിക്കായലിൽച്ചെന്നുചേർന്നാൽ
ബോട്ടിൽക്കേറിപ്പ്രഹസനസമായ് പാട്ടുപാടിച്ചുപോകും
നാട്ടിൽക്കേൾപ്പുള്ളവർചിലർനിനക്കക്കിലക്ഷീദപിക്കും.

വീണയ്ക്കൊക്കുംസ്വരമൊടു വിനോദങ്ങളോരോന്നുമായ്ക്കും
പ്രാണപ്രേഷ്ഠപ്രണയിനികളോടൊത്തുബോട്ടിന്റെതട്ടിൽ
വാണക്കായൽക്കരകളിലെഴും കാഴ്ചകണ്ടുല്ലസിക്കാം
ഊണന്മാരെക്ഷ്മിതിലക! തേ കണ്ടൊരാനന്ദമുണ്ടാം.

മാനാതീതപ്രഥിമകലരുംബോട്ടുതണ്ടുംപിടിച്ചു-
ന്നൂനാടോപംതന്നൊടുവിപുലമാംകായൽതാണ്ടുന്നകണ്ടാൽ
മൈനാകം തൻചിറകുകൾവിരിച്ചാശുവാരാശിമധ്യ-
സ്ഥാനാദുർവ്വീമണവതിനൊരുമ്പെട്ടിട്ടെന്നോന്നു തോന്നും.

പിന്നിൽക്കൂടിപ്പരിചൊടതിനെയുംമറ്റു ബോട്ടൊന്നുകണ്ടാൽ
മുന്നിൽപ്പോകുന്നതിനുമുറുകിത്തണ്ടുചാണ്ടിത്തുടങ്ങും
തെന്നിച്ചുംതസ്സുതിലതിരയംബോട്ടുചായിക്കുമുള്ളം
തന്നിൽതിങ്ങുന്നഹമഹമികയ്ക്കൊത്തു കൈവർത്തരപ്പാറം.

കള്ളം കൈവിട്ടരയരവരുള്ള കൈയ്യൂക്കുകൈക്കൊ-
ണ്ടുള്ളംതന്നിൽസ്സ്വയമമിതരായ്മത്സരിക്കുംമശായാം
വെള്ളംതള്ളിത്തകൃതിയിൽവരുംബോട്ടുതാൻകൂട്ടമാളും
വള്ളംമുക്കുന്നതിനുമതിയാമോയതോർത്തിടേണം നീ.

... ...

ചാരത്തോടിച്ചകിതശഫരപോതങ്ങൾചാടുന്നകായൽ-
ത്തീരത്തോടേസമധരണിയിൽസ്സഞ്ചരംചെയ്തിറങ്ങി
കേരത്തോട്ടംപനസവനവുംപുക്കുനാലഞ്ചുനാലം
ദൂരത്തോളംനടതുടരുകിൽദൃശ്യമാംകൊല്ലമഗ്രേ.

തത്രാനല്പംമഹിമകലരുംമന്ദിരേഷൂന്നവർണ്ണ്യൻ
സത്രാമിത്രങ്ങളൊടുസരസംവാണിടുന്നാകിലപ്പോൾ
ചിത്രാകാരംകൊടിമരമതിൽക്കൂറൊടക്കൂറകാണാം
സൂത്രാമാവിൻസുഷമതമമാംവില്ലുതൻതെല്ലുപോലെ.

മധ്യാഹ്നംതദ്രുമമരുഖരാരാമരമ്യത്തിലുള്ളാ-
മധ്വാവിൽപ്പുക്കനവഹിതനായങ്ങുമിങ്ങുംനടന്നാൽ
വധ്വാരച്ചന്നിട്ടുവഴിവരുംവല്യസായിപ്പുനിന്നെ
ബ്ബദ്ധ്വാപാപ്പിച്ചിടുമരയമായജൈസ്സാപ്പഞ്ജരത്തിൽ.

തോക്കുംതാങ്ങിത്തടമുചരരാംഗ്രൂന്നരൊന്നിച്ചുനേരം-
പോക്കുംതീരാറിക്കൊരുചകയുമാമെന്നുവെട്ടുള്ളതക്കം
നോക്കുന്നേരംതകലെയുമിമന്നീടൊലാനീയകാലേ
ചാക്കണ്ടാകാരമൊരുശകലവുംലാക്കുതെറ്റില്ലവക്ക്.

ഹൃദ്യാനന്ദം നിരുപമതമം നേർകമറ്റില്ലമായോ-
ദ്യാനത്തിൽ സ്വൈരമനുഭവിക്കേണമെന്നുണ്ടുമെന്നിൽ
ഹൃദ്യാകാര! സ്ഥിതിയൊരു നികുഞ്ജത്തിലാക്കീടണം നീ
പദ്യാപാംസുസ്ഥലികളിലിറങ്ങാതെയന്തഃസ്ഥിതാത്മാ.

മല്ലീജാതിപ്രഭൃതികുസുമസ്മേരമായുല്ലസിക്കും
സല്ലീലാളികിസലയകരംകൊണ്ടു നിന്നെത്തലോടും
വല്ലീനാം നീ പരിചയരസം പൂണ്ടു കൌതൂഹലത്താ-
ലുല്ലീലാത്മാ ചിരതരമിരുന്നങ്ങമാന്തിച്ചിടൊല്ലാ.

തഞ്ചം നോക്കിപ്പുനരഥ പുറപ്പെട്ടു താൻ തേൻ കുടിച്ചും
ചഞ്ചൽപത്രാവലിപതിതമാം ചാരുപക്വം ഭുജിച്ചും
അഞ്ചന്നഞ്ചിക്കണമിഹ 'ലാഗ്രാമ'ധാമത്തിലെത്തി-
ട്ടഞ്ചവൻ തന്റെ ജനകനാമച്യുതാക്ഷൻ സമക്ഷം.

... ...

നന്ദനാനാസുജനനയനാനന്ദിയായ് പിന്നെയും സ്വ-
ച്ഛന്ദം നാഗാശനവര! പറന്നക്കരെച്ചെന്നവശ്യം
മന്ദസ്മേരാനനകമലയാം മാതുരാനന്ദവല്ല്യാം
വന്ദസ്വാത്വം ചരണയുഗളം ചന്ദ്രചൂഡാമണേശ്ച.

... ...

സച്ചേലത്തെസ്സുരസമരയിൽ ച്ചുറ്റുറ്റത്തിട്ടുടപ്പി-
ട്ടുച്ചലൊത്തെളളാരുകുടയുമായത്തലക്കെട്ടുമായി
കച്ചേരിക്കായ് പരിചൊടു ചരിപ്പിട്ടുപോകുന്നലോകം
തച്ചേതസ്സിൽ കുതുകമുളവാക്കിടുമപ്പട്ടണത്തിൽ.

'കൊല്ലംകണ്ടാലൊരുവനവിടെത്തന്നെ പാർക്കാൻ കൊതി
ട്ടില്ലംവേണ്ടെന്നതുകരുതു'മെന്നുള്ള ചൊല്ലുള്ളതത്രെ (ച്ചി-
ക്കൊല്ലം തോറും പലപലപരിഷ്കാരമേറെപ്പുതുക്കെ-
ളുല്ലംഘിക്കും നഗര! വിഭവം കൊണ്ടുതാം രാജധാനീം.

പള്ളിക്കൂടംപലതു, വലുതാംപൊളയം, പള്ളി, കള്ള-
പ്പള്ളിക്കാരെത്തടവിലിട്ടുവാനുള്ള ജേലും, പത്തി
ത്തള്ളിക്കേറിടിവിജനങ്ങളുമായുദ്ധമപ്പെട്ടണത്തി-
ങ്ങളിൽക്കാണാമൊരുകറിപ്പാറന്നൊക്കനിരൊക്കിയാലും.

പാകന്നേരറെഞ്ജനമഹികളാലസ്ഥലെമത്തന്നരകം പ്പു-
ണ്ടാകുന്നോടത്തകൃതിയതിനാലായവററയ്ക്കു ചെയ്യ
ദ്ദ്വേകന്നോവൻ ബഹുജനഹിതംമെറുകാട്ടുന്നതിനായി-
പ്പോകുന്നോരംനിയതമവനെബുദ്ധിമാനിലോകന്യാം.

മയൂരസന്ദേശം; കേരളവർമ്മവലിയകോയിത്തമ്പുരാൻ സി. എസ്. ഐ.

൩൭. ദമയന്തീപരിത്യാഗം.

[കലിപ്രേരിതനായ നളൻ കാട്ടിൽ സഞ്ചരിച്ചു തളർന്നുറങ്ങുന്ന ദമയന്തിയെ ഉപേക്ഷിച്ചുപോകുന്നതു്.]

ഉറങ്ങുന്നേരം തൻപ്രണയിനിയെവിട്ടേച്ചുവിപിനാ-
ന്തരയോത്തുകൊണ്ടാം ഗതവതിതമോ നൈഷധസ്യാപ
കരംഗാക്ഷ്യാവസ്ത്രം നിജവസനമാക്ലേശമുറി-
ച്ചൊന്നാട്ടുംകെട്ടിപ്പോൻകലിരവനമാരോതിലതികാം.

അട്ടത്തകംബെസ്ത്രം നിപതിതമുടൻ കണ്ടുകള്ളകാ-
ലെടുത്താൻ, ചിരേറ്റു തചരിതമെത്തുകൊണ്ടമേവസനം
കിടന്നിങ്ങാന്കാന്താമവനിയിലുറക്കിട്ടുസഹസാ (ദ്രു-
തുടർന്നേഹഗ്രന്ഥിഃ ക്ഷിതിപതിരഗാൽ ഘോരഗഹ

അന്നേരംകലിവൈദേവനവിപിനേ
പ്രാജ്ഞൻ കരഞ്ഞാനണ-
ഞ്ഞന്യൂനംനയനാംബുവാർത്തുവിവശാം
പശ്യന്നിജാംപ്രേയസീം

ഖിന്നാംയാതിമുഹുർവ്വിഹായദയിതാ,
മായാതിപോനാന്തികെ
നിന്നീട്ടംവദനംവിലോക്യനിഷധാധീ-
ശോവിഷണ്ണാത്മവാൻ.

ഉത്സാഹവും ബതകലേൎന്നൃപതേഃപ്രിയായാ-
മസ്നേഹവും പൊരുവതിന്നു തുനിഞ്ഞ നേരം
ഉത്സാഹമേവ ഹി കലേൎജ്ജയതിസ്മ ഹിതാ
തത്സൌഹൃദം ദ്രുതമഗാദവനീവിനേതാ.

(ഉണൎന്നപ്പോൾ നളനെ കാണാഞ്ഞിട്ടു ദമയന്തിയുടെ വിലാപം).

കാന്താരേഹന്ത!മാംബന്ധുരവിപുലമഹാ
സിന്ധുരേന്ദ്രാതിഘോരേ
കാന്താരേ!പേൎത്തുമിട്ടേച്ചിഹസപദിഭവാ-
നെങ്ങുപോയീ?ഗുണാബ്ധേ!
താന്താനന്ത്യൂരുവട്ടംനിജഗമനവിധൌ
യാത്രയുംചൊല്ലിയന്നു-
താന്താമെന്നെപ്പിരിഞ്ഞിട്ടൊരുപദമിളകൂ
പണ്ടുനീപുണ്യരാശേ!.

ഖിന്നാമേരാജ്യവുംഭോഗവുമഖിലമുപേ-
ക്ഷിച്ചുനിന്നോടുകൂടെ-
പ്പിന്നാലേഹന്ത!പോന്നതിരുവൃതവകാ-
ണ്മാൻകൊതിച്ചില്ലയോഞാൻ;
എന്നാലിട്ടേച്ചുകാട്ടിൽപുനരഗതിയെമാം
നാഥ!പൊയ്ക്കൊണ്ടതിന്നീ
മുന്നംകേളാവയോസ്സൌഹൃദസരണികളെ-
ല്ലാംമറന്നോ?ഗുണാബ്ധേ!.

"നാഥേ! നീഖേദിയാതെ, വരിക, വരിക, നിൻ
ഉദ്ദ്രശാംനീക്കി, നിന്റെ
പാദമൌസംവഹേയാമി, പ്രണയിനി!നയനേ
മാകൃഥാബാഷ്പപൂരം."

ചേതോതാരസ്യാമിവണ്ണം തവ വചനസുധാ
മാധുരീമെന്തകർണ്ണ
ജാതാനന്ദനകേറംകന്നിതു? ധരണീഭുഷാം
പുണ്യമേ! നൈവജാനേ.

ഗദ്യം

ചിത്തമെന്നുമൊരാരാൽ വശാ-
ഭിതമാക്കിക്കപിവില്ലപ്പുവിലപ്പ
“ഏഷീനാഞ്ജാന്മടനിവിടെത്തന്നെ
ഭിന്നാധാനപാഠത്തുകരഞ്ഞാൽ
ഇതുകൊണ്ടിഹപൂനരെന്താണകാര്യം?
നാഥനെനമ്മെന്നു ഹനേവിപിന്നെ
മടിയാതേ ചന്ദ്രാരായ്വൃത്താൻ”
എന്നാളുകയതിലെ പത്രമുഖത്താൽ പേശലഗാത്രി.

ഭാഷാനൈഷധചമ്പു. മഴമംഗലം നമ്പൂരി.

൧. ഉമയും കപടവടുവും.

ഉരച്ചു വിപ്രൻ പ്രതികൂലമായിതാ-
ന്നരച്ചതിൽപ്പൂണ്ട വിരാഗ്യകൊണ്ടവൾ
സ്ഫുരിച്ച കോപാൽപ്പുരികം ചുളിച്ചുടൻ
തിരിച്ചിതാറാരം ഇടഞ്ഞ കണ്ണുകൾ.

പറഞ്ഞു പിന്നെ:—“ശിവനെശ്ശരിയ്ക്കു നീ-
യറിഞ്ഞിടാതൊന്നാടിയോതിനിന്നയം
പറഞ്ഞിടാനാതിന് വേറു പാത്തിടാ-
തെന്നാലാമഹത്പ്രാക പഴിച്ചു മൂഢർതാൻ.

വരാത്മസിദ്ധിക്ക, ജനം, വിപത്തു കൈ-
വരാതിരിന്നും തുടങ്ങും മംഗളം
നിരീഹനാ ലോകശരണ്യനാ,രതാൽ
കരംകൾ കേടേകിടുവോരതെന്തിനോ?.

ദരിദ്രനത്രേ പ്രഭവൻ, ശ്മശാനമാ-
മിരിപ്പിടം ചൊന്നാൽ ലോകനായകൻ
ഭയോഗ്രരൂപൻ ശിവനെന്നുമോതു,മി-
ല്ലാരുതന്നീശനധിതി നേക്കറിഞ്ഞവൻ.

വിഭൂഷ ചേർന്നാം, ഫണി ചുററിയുള്ളതാ-
മിഭാജിനം പട്ടിതിലൊന്നുടുത്തതാം,
കപാലമേന്തുന്നതാം ശശിചൂഡമിട്ടമാം,
വപുസ്സു വിശ്വാത്മകനെന്തു മട്ടമാം.

ഹരൻ തൊടുമ്പോൾച്ചിത ചേർന്ന ഭസ്മവും
പരം വിശുദ്ധിപ്രദമായിടും ധ്രുവം
വിളഞ്ഞതല്ലാം നടനത്തിൽ വീഴുമ
ശിരസ്സു ചേർക്കുന്നു ശയിച്ചു വാനവർ.

ദരിദ്രനാണെങ്കിലുമേറ്റിലേറുവോനു, ദി-
ക്കരിക്കഴുത്തേറി വരുന്ന വാസവൻ
ശിരസ്സുണർപ്പൂപ്പൊടിയാൽ, നമിച്ചു കാൽ-
വിരല്ക്കു ചോപ്പേറെ വരുത്തിടുന്നതേ.

മതിക്ക കേടേറിയ നീ കഥിച്ചു സ-
മതിക്കുമാറൊന്നു പഴിച്ചിടുമ്പൊഴും
വിധിക്കുമേ കാരണമെന്നു സജ്ജനം
വിധിക്കുവോൻ തൻ കുലമാർക്കറിഞ്ഞിടാം.

വിവാദമെല്ലാം മതി, തൽസ്വഭാവമി-
ങ്ങവൻ ധരിച്ചുള്ളതുപോലെയാകിലും
അവങ്കലിങ്ങുറംകൊതി; കാമചാരിയാ-
യവൻ ഗണിക്കില്ലപവാദമേതുമേ.

പൊടുന്നനെത്തോഴി തടുക്ക, ചുണ്ടന-
ക്കിടുന്നു വീണ്ടും പറവാനിതാ വടു,
പെടുന്നു പാപം സുജനാപവാദമോ-
തിടുന്നവർക്കല്ലതു കേൾപ്പവർക്കുമേ.

വിട്ടീന്നു യോനിസ്ഥലമല്ലയെന്നി”ലെ-
ന്നുടൻ ചലിച്ചാളവൾ ഭിന്നവല്ലിയായ്;
അടുത്തു നേരാമുടയോൻ സസ്മിതം
തടുത്തിതപ്പോഴവളെ വൃഷധ്വജൻ.

ആയീശദർശനവശാൽ വിറയാർന്നു വെറ്റു
പോയീടുവാൻ പദമുയർത്തിന ഗൌരിയപ്പോൾ
പായുന്നൊരാറു മലയാൽ തടഞ്ഞു പതുങ്ങുമാറുപോ-
ലായങ്ങുറച്ചുമതുവീല നടന്നുമില്ല.

“ഇന്നുമുതൽക്കവനതാംഗി! തപസ്സിനാൽക്കൈ-
വന്നോരു ദാസനിവ”നെന്നു ശിവൻ കഥിക്കേ
ഒന്നായുടൻ നിയമജക്ലമമറ്റു വിട്ടാൾ
നന്നായ് ഫലിക്കിലഴൽ നൂതനസൗഖ്യമല്ലോ.

കുമാരസംഭവം
അഞ്ചാം സർഗ്ഗം

കവിതിലകൻ
കണ്ടൂർ നാരായണമേനോൻ. ബി. ഏ.

---

൨ ഹിമവാൻ

ഉണ്ടുത്തരാശയതിലങ്ങൊരു ദേവതാംശ-
മാണ്ടുള്ള മാമലഹിമാലയനാമധേയൻ;
ആഴികളരണ്ടിനുമിടക്കിറങ്ങിനിൽക്കയാലി-
ഊഴിക്കളവ്വുളവുകോലു പതിച്ചപോലെ.

കന്നായ് ചമച്ചിവനെയപ്പൃഥു, ചക്രവർത്തി
ചെന്നിട്ടു ഗോവടിവിൽ നിന്നൊരു ഭൂവിൽനിന്നും
നന്നായ്ക്കറന്നിടുവതിന്നു സുമേരുനിൽക്കെ
രത്നം മരുന്നുകളുമാർന്നിതു പർവ്വതങ്ങൾ.

മഞ്ജുത്വമാർന്നമണിരാശി പെറും മലയ്ക്കു
മഞ്ഞതിന്റെ ബാധയഴകിന്നൊരു ഹാനിയല്ല;
മങ്ങുന്നപോൽ ഗുണഗണത്തിലൊരൊറ്റയായ
മായംകളങ്കമതുപോലെ നിലാവുതന്നിൽ.

വിശങ്കമാൎക്കളിവേഷമതിന്നൊരുക്കം
നൽകുന്നനല്ലമനയോലനിറങ്ങളത്ര
ചൊന്തായമാൎന്ന ചമയം മുകിൽ മാലചൂടി-
ട്ടുച്ചുമതിസമയപ്രപൂർണ്ണമിടുന്നു.

വൎഷിച്ചു കംഭിവരകൊണ്ടോലചെയ്യുവാവൂ
മിന്നുംശ്രീഗന്ധരുടെ നഖങ്ങളിൽനിന്നു തൂകും
നന്മുത്തുചിതറിവഴിക്കിഹ രോടവർഗ്ഗം
ചേടുന്നമഞ്ഞിലടിമുദ്രകർമാഞ്ഞുപോലും.

മെൽസ്ഥാനംവോളമുയരും മുകിൽമാലകൊണ്ടു
മേൽകെട്ടി ചാൎത്തുമടിവാരമതിൽകളിച്ചു,
മെല്ലെന്നൗരിമചാരിയും ചൊഴ്തിങ്ങുസിദ്ധർ
മേവുന്നഹോ! വെയിൽ കലൎന്നുകടിപ്പുറപ്പിൽ.

കൊമ്പന്റെ നൽപതാസമികൈതിരാംനിറത്തിൽ
ജ്വലിച്ചുഗ്രജ്ജനയച്ചിപരകാമിതത്തിൽ
മുത്തിൽ കഴിച്ചുമനയോലമഷിക്കഴമ്പാൽ
സന്ധ്യാമിമാരെഴുതിടുന്നിഹ കാമലേഖം.

വ്യാമതോരഗംഹപരമുഖങ്ങളിൽനിന്നു വീഴും
നൽമത്തനൽവേണു സുഷിരങ്ങളിലൂതിടുമ്പോൾ
ഗാനത്തിനൊത്തു തുനിയുന്നൊരു കിന്നരർക്ക്
താനം പിടിച്ചു മരവുന്നിവണേന്നതൊന്നും.

മേചകണ്ഡചീരിഹ ഗന്ധതടത്തിരിച്ചു
തീപ്പാനനങ്ങളിലൂന്നസ്ഥലത്തിൽനിന്നു
സാരം കലൎന്ന കറയുരുവതേകിടുന്നു
സൌരഭ്യമത്യധികമെന്നുമടിപ്പുറപ്പിൽ.

കാക്കണിച്ചൻ കതിരവന്റെ കരപ്രഹാരം
പേടിച്ചൊളിച്ചു ഗുഹയേറിടുമന്ധകാരം;
സ്നേഹിച്ചിടുന്നിഹ മഹത്തുക്കളാശ്രയിച്ചാൽ
ക്ഷുദ്രൎക്കുമുന്നതിലുമന്തർ ഏകമൊന്നുപോലെ.

നാലാട്ടി വെട്ടുമളവിൽ പുള്ളുപൂനിലാവിൽ
ലോലാലകത്തെയുന്ന മലയമാരുതാധിരാമരത്താൽ
പോന്നൂഞ്ഞാടിടും മരതിമാർ സിരിരാജനന്ന
പൊതിന്നിരിക്ക പരമാഹ്ലാദമതാകലിട്ടതും.

ഭാഗീരഥീജലകണങ്ങളും കവർന്നുകൊണ്ടു
നൽ ചന്ദ്രനാരതമശോകയിളക്കിമെല്ലെ
രമ്യ ച്ഛാത്രച്ചീലികളും വിട്ടന്നയുന്നിളക്കൊ-
ണ്ടോരൽഷണ്ട വേടരികൾവട്ടകളാടിട്ടപോലും.

കുമാരനല്ലൂര്. എ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ.
എം. എ., എം. ആർ. എ. എസ്സ്.

---

൩൫ പരിത്യക്തയായ സീത.

രാവണഗൃഹത്തിൽ വാസം ചെയ്തതിനെ ശ്രീരാമൻ പരിഗ്രഹിച്ചു എന്നു ജനങ്ങളും അപവദിക്കയാൽ സീതയെ കാട്ടിൽ കൊണ്ടുപോയി കളയേണമെന്നു ശ്രീരാമൻ ലക്ഷ്മണനോടു കല്പിച്ചു. ലക്ഷ്മണൻ അപ്രകാരം സീതയെ കാട്ടിൽ കൊണ്ടുപോയി വിട്ടതിന്റെ ശേഷമുണ്ടായ വൃത്താന്തം.

ചരണപല്ലവം കമ്പിട്ടു ലക്ഷ്മണൻ
ശരമരികെപോയ് മെല്ലെ മറഞ്ഞപ്പോൾ
അരിയസീതയ്ക്കുണ്ടായ ദുഃഖത്തെ-
പ്പറയാമോ ശിവ, നാരായണനുമഹോ.

പിടകലങ്ങളും വേറിട്ടുള്ളതാം
പിടമാനെപ്പോലെകണ്ണുമിഴിച്ചിട്ട്,
അടവിയിൽനിന്നു വീണധരിത്രിയി-
ലുടനെ മോഹിച്ചു, ...

ഉടനന്നിങ്ങിടയിടെ മോഹിച്ചും
പുടമുടനെടുവീഴ്ത്തിട്ടു ജാനകി,
കുടിലകുന്തളം ഭൂമിയിലിട്ടവൾ
ജടിലമാക്കിയും......

ഒരു ദോഷംകൂടാതെതന്നെ ക്ഷോണീശനി-
ഷ്ഠൂരിയ വൻകാട്ടിലിട്ടേച്ചുടൻ പോകാൻ
ഒരു പൂരുഷന്നും തോന്നുമോ ദൈവമേ!
ദുരിതം നമ്മുടെ, ...

ഉടയവർ വെടിഞ്ഞാലവളെപ്പിന്നെ-
ത്തൊരാശ്രയമില്ലാത്ത നാരും കിനാവിലും
ധാരണിയിൽ വീണുദുഃഖിക്കുമെന്നുടൻ
കരുതായ്മതോരാ; ......

പുറമിട്ടുകിടന്നിക്കാട്ടുംകാനനേ
വിരഹതാപവ്യഗ്രമതി വശംകെട്ട്
മരുകിത്തന്നെ കിടന്നിട്ടു നമ്മുടെ
മരണമാകുന്നു;

“അവനിപുത്രിയോളം ഭാഗ്യമുണ്ടായി-
ട്ടവനിയിലൊരുപെണ്ണില്ലെ”ന്നിങ്ങനെ
സകലലോകർ പുകഴ്ത്തുന്നതുമിന്ന
വിപരീതമായി; ......

കരളകെട്ടുകളഞ്ഞതിന്നേതുമേ
പരുഷമില്ലാനമുക്കനിരൂപിച്ചാൽ;
നരപതിക്കവർണ്ണാശ്രമപാലനം
വിഹിതമാകുന്നു; ......

തരുനികരമതിന്നുമലർനിര,
മൃഗഗണങ്ങളും വെടിഞ്ഞാഹാരനികരം,
നടനംചെയ്യില്ലാകേകികൾ, സീതതൻ
രുദിതംകേട്ടു;......

കരിപ്പോതപോലെകരയുന്ന സീതതൻ
രുദിതംകേട്ടിട്ടു വാല്മീകിമാമുനി
അരികിൽവന്നവളെക്കൂട്ടിക്കൊണ്ടുപോ-
യുടജസീമനി;......

പരമാനന്ദമയമാക്കൊണ്ടമരെല്ലാ-
മൂരിതരമൗഷധികളിലാക്കംപോലെ
മുനിവരനർപ്പിച്ചു സീതാദേവിയെ
മുനിപത്നിമാരിൽ; .. ...

ഉടനെ പെറവുണ്ടായിരണ്ടും പുത്രന്മാർ
മിടുമിടുക്കന്മാരെത്രയും പാർക്കുമ്പോൾ
കുശലവന്മാരെന്നു പേരിട്ടാമുനി;
കുശലംകണ്ടിട്ടു, ...

അപവാദാഗ്നിമഹിതം ദേവികളെ
ശീതംകൊണ്ടുതണുപ്പിച്ചു ബാലന്മാർ,
മുലകുടി വ്യാജംകൊണ്ടുഹരിച്ചുതേ
ജനനിയുടെ താപം, ...

രഘുവരാകൃതിപൂണ്ട സുതാനനം
കമലലോചനാ കണ്ടു സുഖിക്കയാൽ
വിരഹസന്താപംകിഞ്ചനശാന്തമാ-
യവനിപുത്രിക്കു നാരായണ നമോ.

രാമായണം ഉത്തരകാണ്ഡം ഇരുപത്തിനാലുവൃത്തം എഴുത്തച്ഛൻ

— :o: —

൧൫. കദളീവനം.

കല്പമരങ്ങളും തല്പിതകത്തുകൊ-
ണ്ടുല്ലാസമോടങ്ങു ചെല്ലുന്നനേരത്തു
വല്ലീഗൃഹങ്ങളിൽ സല്ലീലയാടുന്ന
നല്ലോരു ഗന്ധർവ്വമല്ലാക്ഷിമാരുടെ
സല്ലാപസാരസ്യഹല്ലോഹലങ്ങളാൽ

* * * * *

* * * * *

പാടിക്കുന്നതും ചിലരാടുന്നതും
അന്തികേ കണ്ണാലെ കാഴ്ചകൾ കാണ്മാൻ
സന്തുഷ്ടനായ് നിന്നതെല്ലാമതുപോലെ
പന്നഗസ്ത്രീകളും യക്ഷസ്ത്രീകളും
കിന്നരസ്ത്രീസമൂഹവുമൊത്തുചേർന്ന്;
വിദ്യാധരികളുമൊന്നിച്ചുചേർന്ന്
സിദ്ധനാരികളും ചാരണസ്ത്രീകളും
വീണാപ്രയോഗങ്ങളും നാനാരാഗങ്ങളും
ഗാനാദിഗീതഗാനങ്ങളുമൊത്തുചേർന്ന്;
നൃത്തഭേദാദിവാദ്യാദികളുത്തമ–
മൻപാടനേകപ്രയോഗങ്ങളിങ്ങനെ.
പാട്ടുംകളികളും ചെയ്താരനന്തരം
കേട്ടുവിലോകനം ചെയ്തുരസിക്കുന്ന
ഭീമസേനൻ ഗന്ധമാദനാധിത്യകാ
ഭൂമിതന്നിൽ തദാനേകം മനോഹര
ശ്യാമളംവല്ലികളും മഹാവനം
കോമളശ്രീപുഷ്പമാല്യം കണ്ടീടിനാൻ;
രാമദാസൻ മഹാവീരൻ കപീശ്വരൻ
ശ്രീമഹാദേവന്റെ ബീജജനജാതനാം
ശ്രീഹനുമാൻ മൂലമാവാസമുള്ളീടുന്ന
ശ്രീമഹാപുണ്യപ്രദേശം മനോഹരം.
പച്ചക്കല്ലിലക്കുകൾ കൊണ്ടിട്ടീടെ
മെച്ചത്തിൽ നന്നായ് പഴുത്തപഴങ്ങളും
ഉച്ചത്തിലങ്ങിനെ കണ്ടാൽ പവിഴവും
പച്ചരത്നങ്ങളുമൊന്നിച്ചുകോർത്തുള്ള
മാലകൾ കൊണ്ടു വിതാനിച്ചിരിക്കുന്ന
മാലോകരൊക്കെയും ശോഭിക്കുമാറുള്ള
ലീലാവിലാസനനിൽക്കുന്ന വാഴകൾ
നാലുഭാഗങ്ങളിൽ തിങ്ങിവിങ്ങിത്തദാ.
ബാലാർക്കനിലൻ വന്നതട്ടുന്നനേരത്തു
കോലാഹലമായ് തണ്ടാട്ടംപലങ്ങളും

ആലോകനം ചെയ്തു വിസ്മയിച്ചീടിനാൻ
കാലാന്തരങ്ങളനുജനാമീടുന്ന വൃകോദരൻ.

താഴത്തു ഭാഗത്തു വീണുകിടക്കുന്ന
വാഴപ്പഴംകൊണ്ടു മൂടീമഹീതലം

പാഴറപെട്ടു വിരിപ്പുകണക്കിനെ
വാഴയ്ക്കു പുറമപ്പു കലപേ പ്പാഴം.

വാവലുകൾ കണ്ടും പാ പുഷ്പിതിലുള്ള
പൂവും പറത്തും പറന്നു നടക്കുന്ന

പക്ഷികൾവന്നിപ്പഴത്താഴ്കളെ
ഭക്ഷിക്കമാറില്ല പേടികൊണ്ടാരുമെ.

രക്ഷിച്ചുപോരുന്നതാരിവനാരെന്നു
സൂക്ഷിച്ചുനോക്കിത്തുടങ്ങി വൃകോദരൻ.

അതുകണ്ടു ഹനൂമാനതുലപ്രീതികൈക്കൊണ്ടു
മതിമാൻ മാരുതി തന്റെ മതികൊണ്ടു നിരൂപിച്ചു;
“മതിമുഖിമണിതന്റെ മതിമോദംവളർത്തുവാൻ
അതിവീരനിവൻ ഭീമനതിവേഗം ഗമിക്കുന്നു;
മനുജനാനിവനെന്റെയനുജൻ മാരുതപുത്രൻ
മനുജന്മാരക്കൊരു കാലൻ മനുജാതൻ ക്ഷിതിതന്നിൽ.
മരുത്തിന്നു പിറന്നോരു കരുത്തുള്ള സഹജന്റെ
കരുത്തിന്റെ ബലമിന്നു തരത്തിലങ്ങറിയേണം
അടുത്താശുഗതിക്കാതെ തടുത്തു നിറുത്തുവൻ കിഞ്ചിൽ
പടുതപറഞ്ഞുമിഴിപ്പിച്ചാൽ കൊടുക്കാമാശ്ലേഷം പിന്നെ”
മനംകൊണ്ടിങ്ങനെ ചിന്തിച്ചനന്തരമൊരുവൃദ്ധ
കപിവരന്റെ വടിവായിച്ചമഞ്ഞു, കൈകളും കാലും
കുഴഞ്ഞു ചാവുമാറായും മെലിഞ്ഞകൈകളെക്കൊണ്ടു
ചെവിയറിഞ്ഞു, രോമമെല്ലാം മെലിഞ്ഞു, തെന്നിയും ചുക്കി-
ച്ചുളിഞ്ഞു, കണ്ണിനുകാഴ്ച കുറഞ്ഞു പീളയുമൊന്നു
നിറഞ്ഞു, താൻ വഴിയിൽ കെട്ടുന്നിറച്ചുനേരവും ചിത്തി-
ച്ചൂണ്ടിച്ചു, രൂപമേകമങ്ങിനെ ജയിച്ചുള്ള മഹാവീരൻ.

കല്യാണസൗഗന്ധികം മുഴുവൻ. ശുഭമസ്തു